# വിശ്വാസസംരക്ഷകൻ

**യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം**

Vol. 3 | Issue 76 | October 1 - 31 2009 | www.viswasasamrakshakan.org


# പ. മോർ അത്താനാസിയോസിന്റെ നാമം തുബ്ദേനിൽ ചേർക്കപ്പെട്ടു






**Mrs. & Mr. T. K. Abraham, Thazhathedathu, Manarcadu & Shaji, Sherly, Sherin, Shalin & Angel Houston Texas**


**SYRIAN ORTHODOX PATRIARCHATE**
OF ANTIOCH & ALL THE EAST
BAB TOUMA, P.O, BOX 22260
DAMASCUS - SYRIA

باب توما – ص ب ٢٢٢٦٠
دمشق – سورية

**BY THE GRACE OF GOD**
**Ignatius Zakka I Iwas**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

No. E 152/09 — 18 - September - 2009

Apostolic Benediction to our beloved Brother - in - Christ, His Beatitude Catholicos Mor Baselios Thomas - I and their Graces all our beloved Metropolitans in charge of our Malankara Syrian Churches in India and Abroad.

Inquiring your welfare we inform you the following. During the visit of our beloved Brother - in - Christ His Beatitude Catholicos Mor Baselios Thomas -I to us on 22nd August -2009, we were informed about the request of our Holy Regional Episcopal Synod of India, held from 25th to 27th May - 2009, for our sanction, to include the name of Saint Athanasius Paulose of Aluva,in the fifth Thubden of the Order of the Holy Qurbono, in all our Malankara Syrian Churches. Earlier, through our Apostolie bull No. E 218/04, dated 19-August -2004, we had declared Mor Athanasius Paulose - also know as 'Valiya Thirumeni' a saint and had permitted you to recite the 'Kukliyon' for the saints - 'Sadiko' whenever you remember him and beseech his intercession. Now we are pleased to sanction the request of our holy regional synod and hereby permit you to include the name of Mor Athanasius Paulose in the Fifth Thubden (diuftheke), after the names of Mor Gregorios Abdul Jaleel and Mor Osthatheos Sleeba, in all our Malankara Syrian Churches all over the world. Accordingly, His Beatitude may inform all our diocesan churches in India, Australia and New Zealand, and the others by the respective Metropolitans. We extend our Apostolic blessings to you. May the grace of God be with you all.



പ. വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്തുകൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന ശ്രേഷ്ഠ ബാവായുടെ സാന്നിധ്യത്തിൽ പ.എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പൊലിത്ത വായിക്കുന്നു.

## സഭാ മക്കളുടെ ആത്മസാക്ഷാത്കാരം

യാക്കോബായ സുറിയാനി സഭ മക്കൾക്ക് ആഹ്ളാദവും, അഭിമാനവും പകർന്നുകൊണ്ടാണ് പ. ആലുവായിലെ വലിയ തിരുമേനിയെന്ന അപരാഭിനാമത്താൽ അറിയപ്പെടുന്ന പ. പൌലോസ് മോർ അത്താനാസിയോസിന്റെ നാമം 5-ാം തുബ്ദേനിൽ ചേർക്കാനുള്ള പ. പാത്രിയർക്കിസ് ബാവ തിരുമനസ്സിലെ പ്രഖ്യാപനം ശ്രവിച്ചത്. സഭാ മക്കളുടെ ദീർഘനാളത്തെ ആഗ്രഹത്തിന് അനുമതി നൽകിയ ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പ. പാത്രിയർക്കിസ് ബാവാ തിരുമേനിയോടും, ആയതിന് വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമനസ്സിനോടും, തീരുമാനങ്ങൾ രൂപപ്പെടുത്തിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസിനോടും സഭാ മക്കളുടെ ഭക്തി ബഹുമാന ആദരവ് രേഖപ്പെടുത്തുകയാണ്.

പ. സഭയുടെ എളിയ പ്രസിദ്ധീകരണമായ വിശ്വാസ സംരക്ഷകന് ഇത് പുണ്യ നിമിഷമാണ്. ഈ പ്രസിദ്ധീകരണത്തിന്റെ പേര് തന്നെ പ. പിതാവിന് പ. പാത്രിയർക്കിസ് ബാവ അനുഗ്രഹിച്ച നൽകിയ സ്ഥാനമായ "വിശ്വാസ സംരക്ഷകൻ" എന്നുള്ളത് നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. പ. പിതാവിന്റെ നാമം തുബ്ദേനിൽ ചേർക്കണമെന്ന വിശ്വാസികളുടെ ആഗ്രഹം വിശ്വാസസംരക്ഷകനിലൂടെ പല പ്രാവശ്യം പ്രസിദ്ധീകരിച്ചിരുന്നു. പ. പിതാവിന്റെ നാമം സഭയിലെ എല്ലാ പള്ളികളിലും വി. കുർബ്ബാനകളിലൂടെ സ്മരിക്കപ്പെടുന്ന ഈ അവസരം വിശ്വാസസംരക്ഷകനും സഭാ മക്കളോടൊപ്പം ദൈവത്തെ സ്തുതിക്കുന്നു.

സുറിയാനി സഭാ മക്കളുടെ ഇടയിൽ കഴിഞ്ഞ 100-ൽ പരം വർഷങ്ങളിലായി ആഴമേറിയ സ്വാധീനം ചൊലുത്തിയ പിതാക്കൻമാരിൽ പ്രധാനിയാണ് പ. മോർ അത്താനാസിയോസ് വലിയ തിരുമേനി. ഭക്തികൊണ്ടും പ്രാർത്ഥനകൊണ്ടും കണ്ണീരുകൊണ്ടുമാണ് പ. പിതാവ് ഈ സമൂഹത്തെ നയിച്ചത്. ചിലർ രഥങ്ങളിലും കുതുരകളിലും ആശ്രയിച്ചപ്പോൾ ഈ പുണ്യ പിതാവ് പ്രാർത്ഥനയിലും നോമ്പിലുമാണ് അഭയപ്പെട്ടത്. എല്ലാം നഷ്ടപ്പെടാവുന്ന പല പ്രതിസന്ധികളിലും പ. പിതാവ് ദൈവത്തെ മുറുകെ പിടിച്ചു. ആ കണ്ണുനീരോടെയുള്ള പ്രാർത്ഥനയാണ് ഇന്നും പ. സഭയ്ക്ക് താങ്ങും തണലും.

ലോകം മുഴുവൻ വിശുദ്ധനായിട്ടാണ് ഈ പ. പിതാവിനെ കാണുന്നത് പ. പിതാവിനെ എതിർത്തവർ പോലും ആ ജീവിത വിശുദ്ധിയെ അംഗീകരിച്ചിരുന്നു. പ. അന്ത്യോഖ്യാ വിശ്വാസത്തിന്റെ കാവൽ ഭടനായിരുന്ന തിരുമേനി, ഒരിക്കലും ആ പൂർവ്വിക സത്യ വിശ്വാസത്തിൽ നിന്ന് പ. പിതാവ് വ്യതിചലിച്ചിട്ടില്ല. പ. പിതാവ് ഒരിക്കലും അന്ത്യോഖ്യായിലേക്ക് പോയിട്ടില്ല എങ്കിലും ആ സിംഹാസനത്തോട് എന്നും ബഹുമാനവും കൂറുമുള്ളവനായിരുന്നു.

അന്ത്യോഖ്യ സിംഹാസനം ഏറ്റവും കരുതിയിരുന്ന ഇടയശ്രേഷ്ഠനായിരുന്നു പ. പിതാവ്. പ. അപ്രേം പ്രഥമൻ പാത്രിയർക്കിസ് ബാവായുടെ വാക്കുകൾ തന്നെ ഇതിന് ഉദാഹരണമാണ്. "മോർ അത്താനാസിയോസ് ഹോംസിൽ വരുന്ന പക്ഷം നമ്മുടെ അവകാശത്തിൽ പകുതി നാം അവന് ദാനം ചെയ്യാൻ തയ്യാറാണ്." കൂടാതെ പ. പാത്രിയർക്കിസ് ബാവയുടെ സ്വകാര്യ മുറിയിൽ യേശുക്രിസ്തുവിന്റേയും വി.വലിയ തിരുമേനിയുടെ ഛായാചിത്രങ്ങൾ സൂക്ഷിച്ചിരുന്നത്. ഇത് മോർ അത്താനാസിയോസിന് പ. പാത്രിയർക്കീസ് ബാവ നൽകിയിരുന്ന മഹത്വത്തിന്റെ പ്രതീകമാണ്. പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കിസ് ബാവ ആലുവായിലെ തന്റെ താമസ വേളയിൽ കല്പിക്കാറുണ്ടായിരുന്നു. "ഇതു നമ്മുടെ സ്വന്തഭവനം, നമ്മുടെ വിശ്രമകേന്ദ്രം, ഇതു നമ്മുടെ ആശ്വാസം, ഇത് നമ്മുടെ അമ്മവീട്" പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിലുള്ള പിതാക്കന്മാരുടെ ഗണത്തിലെ പ്രഥമ സ്ഥാനമാണ് മോർ അത്താനാസിയോസിന് ഉണ്ടായിരുന്നത് ഈ സംഭവം വിളിച്ചറിയിക്കന്നത്.

തന്റെ ഗുരുക്കൻമാരുടെ വാത്സല്യം ഏറെ അനുഭവിക്കാൻ പ. പിതാവിന് സാധിച്ചു. പ.ചാത്തുരുത്തിൽ തിരുമേനി ഏറെ സ്നേഹിച്ച ശിഷ്യനായിരുന്നു വന്ദ്യ പിതാവ്. അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രപ്പൊലികത്തയായിരുന്ന അമ്പാട്ട് മോർ കൂറിലോസ് തിരുമേനി വി. മോർ അത്തനാസിയോസ് തിരുമേനിയെ അത്യധികം സ്നേഹിച്ചിരുന്നു.

പരുമല സെമിനാരിയുടെയും ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെയും നിർമ്മാണത്തിനായി പ. പിതാവ് ഏറെ അദ്ധ്വാനിച്ചു. പ. പരുമല തിരുമേനി തന്റെ ശീലമുടിയും പത്രാസീനും, പട്ടം കൊട പുസ്തകവും തന്റെ ഒരേഒരു ശിഷ്യനേ നൽകിയിട്ടുള്ളൂ അത് ആലുവായിലെ കൊച്ചുപൌലോസ് റമ്പാൻ എന്ന പ. പിതാവിനാണ്. ദിവ്യപ്രഭാവവാനായ തിരുമേനിയുടെ തേജസ്സിനു മുമ്പിൽ തലകുനിക്കാത്തവർ അധികമാരുമുണ്ടായിരുന്നില്ല. മഹാവിശുദ്ധനായിരുന്ന പ. പിതാവിന്റെ ജീവിതം തലമുറകൾക്ക് മാതൃകയാണ്.

പ. പിതാവിന്റെ ജീവിതവിശുദ്ധി നോമ്പിലും സമയനിഷ്ഠയോടു കൂടിയ പ്രാർത്ഥന, വ്രതാനുഷ്ഠാനങ്ങൾ, ജീവിതലാളിത്വം, ആതിഥ്യമര്യാദ, വൈദികരെ കുറിച്ചുള്ള കരുതൽ, ഗുരുഭക്തി, സഭാസ്നേഹം, എന്നിവ തലമുറകളോളം ഓർമ്മിയ്ക്കപ്പെടുന്ന കാര്യങ്ങളിൽ ചിലത് മാത്രമാണ്. മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ തുടക്കക്കാരൻ പ. പിതാവാണ്. സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ തുടക്കം പ. പിതാവിന് സഭയുടെ ഭാവിയെ കുറിച്ചുള്ള കരുതലിന്റെ തെളിവാണ്.

യാക്കോബായ സുറിയാനി സഭയെ 35 വർഷക്കാലം മേയിച്ചു ഭരിച്ച ഈ പ്രധാന ആചാര്യനെ വിസ്മരിച്ചുകൊണ്ടുള്ള ചരിത്രം നമ്മുടെ സഭയ്ക്കില്ല. എല്ല സുറിയാനി സഭാ മക്കൾക്കും പരിശുദ്ധ പിതാവ് ദൈവസന്നിധിയിലുള്ള മദ്ധ്യസ്ഥനാണ്. ആ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് എല്ല വി.കുർബ്ബാകളിലും നമുക്ക് പ. പിതാവിനെ ഓർക്കാം. പ. പിതാവിന്റെ കബറും പള്ളിയും തന്റെ പിൻഗാമികൾക്ക് പ്രാർത്ഥിക്കാനും ആരാധന നടത്തുവാനും ആ പുണ്യവാൻ പിൻതുടർന്ന വഴികളിൽ നടക്കുവാനും അവകാശങ്ങൾ സംരക്ഷിക്കുവാനും ദൈവസന്നിധിയിൽ നമുക്ക് അഭയപ്പെടാം.

*ചീഫ് എഡിറ്റർ : **ബിബി എബ്രഹാം,** കടവുംഭാഗം*

# ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനെന്ന് ജനം ഉദ്ഘോഷിച്ച പ്രധാനാചാര്യൻ

## ഈ തലമുറ കണ്ട മഹാ പരിശുദ്ധൻ

**ശ്രേഷ്ഠ കാതോലിക്കായും അങ്കമാലി ഭദ്രാസന മെത്രപ്പോലിത്തയുമായ ബസോലിയോസ് തോമസ് പ്രഥമൻ**

മലങ്കര യാക്കോബായ സുറിയാനിസഭയുടെ ഇന്നത്തെ തലമുറകണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പരിശുദ്ധനായി അറിയപ്പെടുന്ന പിതാവാണ് ആലുവായിലെ പ.പൌലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനി "സത്യവിശ്വാസസംരക്ഷകൻ" എന്ന അപരനാമത്താൽ അറിയപ്പെടുന്ന വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥത സഭാമക്കൾക്ക് എന്നും അനുഗ്രഹവും കോട്ടയുമാണ്. പതിനാറു വർഷം പുരോഹിതനായിട്ടും, പിന്നീടു 28 വർഷം പ്രധാനാചാര്യനായിട്ടും, 7 വർഷം കാതോലിക്കാ ആയിട്ടും ശുശ്രൂഷ നിർവ്വഹിച്ചു വന്നകാലയളവിൽ അനേക ദൈവമക്കളിൽ നിന്നും പരി. വലിയ തിരുമേനിയുടെ മദ്ധ്യസ്ഥത മുഖാന്തിരം നടന്നിട്ടുള്ള അനുഭവങ്ങളെക്കുറിച്ചും,അനുഗ്രഹങ്ങളെക്കുറിച്ചും, അടയാളങ്ങളെക്കുറിച്ചും മറ്റും ഞാൻ കേട്ടിട്ടുള്ള അനുഭവസാക്ഷ്യങ്ങൾ ഒട്ടേറെയാണ്. അങ്കമാലി ഭദ്രാസനത്തിൽ നിന്നു മാത്രമല്ല, പരി. സഭയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള ദൈവമക്കളിൽ നിന്നും പരി. പിതാവിനെകുറിച്ചുള്ള അനുഭവ സാക്ഷ്യങ്ങൽ കേൾക്കുവാൻ എനിക്കിടയായിട്ടുണ്ട്.

പരി. വലിയതിരുമേനിയുടെ കൈകൾകൊണ്ട് നട്ടിട്ടുള്ള പള്ളികളും ഇതരസ്ഥാപനങ്ങളും സ്മാരകങ്ങളും തഴച്ചു വളർന്ന് അവയുടെ നിഴലിൽ അനേകർ ആശ്വസിക്കുകയും ദൈവകൃപ പ്രാപിച്ചു വരികയും ചെയ്യുന്നു. ഹോശായ പ്രവചനം 14-5 മുതലുള്ള വാക്യങ്ങൽ ദീർഘദർശി പറയുന്നത് പരി. പിതാവിന്റെ മദ്ധ്യസ്ഥത മുഖാന്തിരം നിറവേറിക്കൊണ്ടിരിക്കുകയാണ്.

പരി.പത്രോസിന്റെ ശ്ലൈഹിക സിംഹാസനമായ പരി. അന്ത്യോഖ്യാ സിംഹാസനത്തോട് മലങ്കരയിലെ സുറിയാനിസഭയും ഭദ്രാസനങ്ങളും, ഇടവകകളും എപ്രകാരം ബന്ധപ്പെട്ടിരിക്കണമെന്നും, വിധേയപ്പെട്ടിരിക്കണമെന്നും, അനുസരിച്ച് പോകണമെന്നും, വരുന്ന തലമുറകൾക്ക് പഠിക്കുവാൻ തക്കവണ്ണം പരി. പിതാവിന്റെ കല്പനകളും പ്രസംഗങ്ങളും പ്രത്യേകിച്ച് പരി. പിതാവിന്റെ ജീവിതവും മറ്റെന്തിനേക്കാളും ഉപകരിച്ചിട്ടുള്ളത് ഓർത്തുപോകുന്നു. അങ്കമാലിഭദ്രാസനം ലോകത്തിൽ ഉള്ള സുറിയാനി സഭയിലെ ഏറ്റവും വലിയ ഭദ്രാസനമായി വളർത്തിയിട്ടുള്ളതിന്റെ പിന്നിൽ പരി. വലിയ തിരുമേനിയിൽക്കൂടി ദൈവം പ്രവർത്തിച്ച മഹാശക്തിയാണുള്ളത്, എന്നതിന് രണ്ടു പക്ഷമില്ല.



## അകപ്പറമ്പ് പള്ളിക്ക് അഭിമാന നിമിഷം

**പി.പി. തങ്കച്ചൻ, യു.ഡി.എഫ് കൺവീനർ**

പൗരാണികത്വം കൊണ്ടും ചരിത്രപ്രാധാന്യം കൊണ്ടും അങ്കമാലി - അകപ്പറമ്പിടവക മലങ്കരയിലെ സുപ്രശസ്തമായ ഒരു ഇടവകയാണെന്ന് പറയാം. അങ്കമാലി ഭദ്രാസന ഭരണകർത്താക്കളിൽ നാലുപേർക്ക് ജന്മം നൽകുവാനും ഈ ഇടവക മാതാവിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അതിൽ തിലകച്ചാർത്തായി വിളങ്ങുന്നത് "സത്യവിശ്വാസ സംരക്ഷകനെ"ന്നറിയപ്പെടുന്ന ആലുവയിലെ വലിയ തിരുമേനി തന്നെയാണ്. ജീവിച്ചിരിക്കുമ്പോൾ തന്നെ സത്യവിശ്വാസികളേവരും തിരുമേനിയെ ഒരു പരിശുദ്ധനായി അംഗീകരിച്ചു കഴിഞ്ഞിരുന്നു. അതിന് ഇന്ന് സാർവ്വത്രികമായ ഒരംഗീകാരം തന്നെ ലഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്.

എന്റെ വന്ദ്യപിതാവായ പൈനാടത്ത് പൌലോസ് കശ്ശീശ്ശയ്ക്ക് എല്ലാ വൈദികസ്ഥാനങ്ങളും നൽകിയത് ആ വന്ദ്യതിരുമേനിയുടെ തൃക്കരങ്ങളാൾ തന്നെ കുടുംബാംഗമായ എനിക്ക് അതിൽ അഭിമാനമുണ്ട്. വലിയ തിരുമേനിക്ക് എന്റെ പിതാവിനോട് ഒരു പ്രത്യേക വാത്സല്യവും കരുതലും തന്റെ ജീവിതാന്ത്യം വരെ ഉണ്ടായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

## വലിയ തിരുമേനിയുടെ മഹത്തായ ഉപദേശങ്ങളിൽ അനുസ്മരിക്കേണ്ട തിരുവചനങ്ങൾ

1. പ്രയോജനമുള്ള ധനം ലഭിക്കുന്നതിനു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കണം
2. ഒരുത്തന്റെ മുതൽ മോഷ്ടിക്കുന്നതിലും വലിയ പാപമാണ് പൊതുമുതൽ ദുർവിനിയോഗം ചെയ്യുന്നത്.
3. തീയും വെള്ളവും പരസ്പരം കൊണ്ടു പോകുവാൻ പറ്റുന്ന വീടുകൾ തമ്മിൽ വിവാഹബന്ധം അരുത്.
4. നിങ്ങൾ മുഖേന മറ്റുള്ളവർക്ക് ഇടർച്ച വരരുത്. (വലിയ തിരുമേനിയുടെ ആയുഷ്ക്കാലത്തിൽ വലിയ പങ്കും കേസ്സായിരുന്നു. എങ്കിൽപോലും തിരുമേനി മേൽ പറഞ്ഞ കർതൃ കൽപന അക്ഷരംപ്രതി പാലിച്ചു.)
5. തുടങ്ങൊലാ വല്ലതുമാവതോളെ തുടങ്ങിയാലതു കൈവിടൊല്ലാ.

## തിരുമേനിയുടെ മഹാമനസ്ക്കത

ആലുവായിലെ ഒരു ഹൈന്ദവ കുടുംബ നായകന് ഒരു പ്രത്യേക സാഹചര്യത്തിൽ തന്റെ കൃഷി സ്ഥലം മുഴുവൻ ലേലത്തിൽ വിൽക്കേണ്ടി വന്നു. അത് ലേലത്തിനു വാങ്ങിയത് ആലുവ സെമിനാരിയ്ക്കുവേണ്ടി വന്ദ്യനായ വലിയ തിരുമേനി ആയിരുന്നു. വസ്തു കൈവിട്ടുപോയ മേൽപ്പറഞ്ഞ വ്യക്തിക്ക് പിന്നീട് ജീവിക്കുവാൻ തന്നെ ബുദ്ധിമുട്ടിലായി. (ദാരിദ്ര്യത്തിൽ ആയി). ഈ വസ്തുത തിരുമേനി അറിഞ്ഞ ഉടനേ അയാളെ വിളിപ്പിച്ചു. ലേലത്തിൽ പിടിച്ച കൃഷിഭൂമിയുടെ ഒരു ഭാഗം അയാൾക്ക് സൗജന്യമായി വിട്ടു കൊടുത്തു. അപ്രതീക്ഷിതമായി അയാൾക്ക് ലഭിച്ച ഈ സൗജന്യത്തിൽ ഏറെ സന്തുഷ്ഠനായ അയാൾ തിരുമേനിയുടെ കാൽക്കൽ വീണ് നന്ദി പറഞ്ഞു പിരിഞ്ഞു. ക്രമേണ കൃഷി ചെയ്തും മറ്റും അയാൾ കഷ്ടപ്പാടിൽ നിന്നും രക്ഷപ്പെട്ടു. അങ്ങനെ ആ കുടുംബത്തിന് ഒരു ആശ്വാസം ലഭിച്ചു. തിരുമേനിയുടെ മഹാമനസ്ക്കതയ്ക്കിതൊരുദാഹരണമാണ്.

# ജീവിത വിശുദ്ധിയുടെ പ്രതീകം

### ക്നാനായ ഭദ്രാസന ഇടവകയുടെ കാലം ചെയ്ത എബ്രഹാം മോർ ക്ലീമിസ് വലിയ മെത്രപ്പൊലിത്തായാൽ എഴുതപ്പെട്ടത്

ആലുവ തൃക്കുന്നത്തു സെമിനാരി - അതെ ആ ആശ്രമം - അവിടെ ഭാഗ്യമോടെ ജീവിച്ചുപോന്ന യോഗീവര്യനായ വലിയ തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യംകൊണ്ട് ആരേയും ആവേശം കൊള്ളിക്കുന്ന ഒരു അപൂർവ്വ ദൃശ്യമായിരുന്നു. അവിടം സന്ദർശിച്ച് പുണ്യശ്ലോകനായ തിരുമേനിയെ കാണുവാനോ, തിരുമേനിയിൽ നിന്ന് കേൾക്കുവാനോ ലഭിക്കുന്ന അവസരം മലങ്കരസഭാമക്കൾക്ക് ഒരു സായൂജ്യം തന്നെയായിരുന്നു. ഒരു കാലത്ത് മലങ്കര സുറിയാനി സഭ, തിരുമേനിയേയും തിരുമേനി, വി. സഭയേയും മുഴുവനായി ഉൾക്കൊണ്ടിരുന്നുവെന്നു പറയാം. തിരുമേനിയുടെ പാണ്ഡിത്യമോ, പ്രസംഗധോരണിയൊ ബുദ്ധി സാമർത്ഥ്യമോ ഇവമാത്രമല്ലായിരുന്നു അതിന് കാരണം. അതിലെല്ലാമുപരിയായി തിരുമേനിയിൽ ജനം ദർശിച്ച ദിവ്യത്വം, തിരുമേനിയിൽ ഉളവായ വിശ്വാസസ്ഥിരത, തിരുമേനിയിൽ ഉൾക്കൊണ്ടിരുന്ന നിഷ്ക്കളങ്കത, തിരുമേനിയുടെ ഉദാത്തമായ അന്ത്യോക്യാസിംഹാസനഭക്തി, തിരുമേനിയുടെ ആരാധനകളിലെ സ്വർഗ്ഗീയാനുഭൂതി, തിരുമുഖശോഭ, സംസാര സ്ഫുടത - ഇവയെല്ലാം തിരുമേനിക്ക് ജനഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്ത സ്വഭാവസവിശേഷളായിരുന്നു. തിരുമേനിയെ അടുത്തറിയുന്നവർ ആരും ഒരിക്കലും വിസ്മരിക്കുവാനാത്തവിധത്തിലുള്ള ഒരു ബന്ധത്തിൽ വരുമായിരുന്നു.

ഞാൻ റാന്നി സ്വദേശിയാണ്. പരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ ഞാൻ വിദ്യാർത്ഥിയായിരിക്കെതന്നെ A.D. 1932 ൽ ബലഹീനനായ എനിക്ക് 'കോറൂയോ' പട്ടം തന്നു. ഞാൻ തേർഡ്ഫാറം വരെ റാന്നിയിലാണ് പഠിച്ചത്. അവിടെ ഹൈസ്ക്കുൾ ഇല്ലായിരുന്നു. കടുത്ത അന്ത്യോഖ്യാഭക്തനായിരുന്ന എന്റെ പിതാവ് ഉപരിപഠനത്തിനായി എന്നെ ആലുവ തൃക്കുന്നത് സെമിനാരിയിൽ താമസിച്ച് ആലുവ സെന്റ് മേരീസ് ഹൈസ്കൂളിൽ പഠിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു. എന്റെ പിതാവിന്റെ പ്രധാന ലക്ഷ്യം, എന്നെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനോടൊപ്പം അഭിവന്ദ്യനായ വലിയ തിരുമേനിയുടെ അരമനയിൽ താമസിച്ചു നേരായ വിശ്വാസവും ഭക്തി ജീവിതവും തിരുമേനിയിൽ നിന്നും വേണ്ട വിധം മനസ്സിലാക്കി പഠിക്കണമെന്നതിനും കൂടിയായിരുന്നു.

മൂന്നുവർഷം ഞാൻ ആലുവ സെമിനാരിയിൽ താമസിച്ച് പഠിച്ചു. അക്കാലത്ത് എനിക്ക് വന്ദ്യ തിരുമേനിയിൽ നിന്ന് അസുലഭമായ ഒട്ടനേകം അനുഭവങ്ങളാണുണ്ടായിട്ടുള്ളത്. തിരുമേനിയുടെ കൂടെയുള്ള എന്റെ മൂന്നു വർഷത്തെ താമസം എനിക്കു ലഭിച്ച ഒരു മഹാഭാഗ്യമായി ഞാൻ ഇന്നും വിശ്വസിച്ചു പോരുന്നു. കൊച്ചു 'ശെമ്മാശ്ശൻ' എന്നു വിളിക്കപ്പെട്ടുപോന്ന എന്റെ നേർക്ക് വന്ദ്യതിരുമേനിക്ക് അതിരറ്റ വാത്സ്യല്യമാണുണ്ടായിരുന്നത്. പിതൃനിർവ്വിശേഷമായ കൊച്ചു "ശെമ്മാശ്ശാ" എന്ന ആ വിളി കേൾക്കുവാൻ ഞാൻ പലപ്പോഴും കാതോർത്ത് ഇരിക്കുമായിരുന്നു.

പ്രാർത്ഥനയിൽ ഇത്രമാത്രം തീക്ഷണതയുള്ള മറ്റൊരു പ്രധാനാചാര്യനെ കാണുവാൻ സാദ്ധ്യമല്ല. അവിടത്തെ പ്രാർത്ഥനകൾ ഭക്തിനിർഭരവും ഹൃദയം നൊന്തുകൊണ്ടുള്ളതുമായിരുന്നു. കോതമംഗലം ബ: ഇട്ടീരമൽപ്പാനച്ചന്റെ കീഴിൽ അനേകം ശെമ്മാശ്ശന്മാർ സെമിനാരിയിൽ സുറിയാനി പഠിച്ചിരുന്നു. അവിടെ താമസിച്ച് വൈദികപഠനം നടത്തിയിട്ടുള്ളവരെയെല്ലാം തന്നെ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളോടും അന്ത്യോഖ്യാ സിംഹാസനത്തോടും പരിശുദ്ധ യാക്കോബായ സഭയോടും വലിയ തിരുമേനിയോടും നിഷ്ക്കളങ്കത കൂറ് പുലർത്തി അകമഴിഞ്ഞ ഭക്തി ജീവിതം ജീവിതകാലം മുഴുവൻ നിലനിർത്തിപ്പോന്നവരായിരുന്നു. ബലഹീനനായ എനിക്കും ആ ഭാഗ്യം കുറെയൊക്കെ അനുഭവിക്കുവാനുള്ള അവസരം ആലുവായിലെ താമസക്കാലത്ത് ലഭിച്ചുവെന്നതു പ്രസ്താവയോഗ്യമാണ്.

ആലുവ സെന്റ് മേരീസ് ഹൈസ്ക്കൂളിലെ വിദ്യാഭ്യാസം പൂർത്തിയാക്കി ഞാൻ അഭിവന്ദ്യ തിരുമേനിയോട് യാത്ര പറഞ്ഞു പോന്നപ്പോൾ തിരുമേനി കല്പിച്ചത് "താനൊരു മെത്രാൻ ആകും" എന്നാണ്.

പിന്നീട് എന്നെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തപ്പോൾ ഈ പഴയകാര്യങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു വന്ദ്യതിരുമേനി ഒരു ആശീർവാദ കല്പന സസ്നേഹം അയച്ചിരുന്നതും ഞാൻ ഇന്നും ഓർക്കുന്നു.

ബലഹീനനായ എനിക്ക് മെത്രാൻ സ്ഥാനം കല്പിച്ചു





നൽകിയ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കിസ് ബാവ വന്ദ്യനായ വലിയ തിരുമേനിയോട് അങ്ങേയറ്റം താൽപര്യവും ബഹുമാനവുമുള്ള ഒരു പിതാവായിരുന്നു. ആലുവായിലെ എന്റെ താമസകാലത്തെപ്പറ്റിയെല്ലാം പരി. പിതാവ് എന്നോട്, കല്പിച്ചു ചോദിക്കുകയുണ്ടായി. 1951 ൽ ഞാൻ മെത്രാൻ സ്ഥാനമേറ്റ് മലങ്കരയിലേക്ക് തിരുച്ചുവന്നപ്പോൾ ആദ്യമായി ആലുവ സെമിനാരിയിൽ എത്തി അഭിവന്ദ്യനായ തിരുമേനിയെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചതിനുശേഷമാണ് ചിങ്ങവനത്ത് വന്നെത്തിയത്. ക്നാനായ ഭദ്രാസനം എനിക്ക് നൽകിയ അതിവിപുലമായ സ്വീകരണ സമ്മേളനത്തിൽ അഭിവന്ദ്യ വലിയ തിരുമേനിയാണ് അദ്ധ്യക്ഷത വഹിച്ചത്. പ്രവചനരൂപത്തിൽ അന്ന് വന്ദ്യപിതാവ് കല്പിച്ചരുളിയ വാക്കുകൾ ക്നാനായ ഭദ്രാസനം ഇന്നും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ആലുവായിലെ താമസക്കാലത്ത് മറക്കാനാവാത്ത പല അനുഭവങ്ങളും പഠിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ക്രൈസ്തവരുംഅക്രൈസ്ത്രവരുമായി അനേകം സന്ദർശകർ സെമിനാരിയാൽ സദാ വന്നുപോകുമായിരുന്നു. ആരുമായും എന്തിനെപ്പറ്റിയെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണെങ്കിലും യാമപ്രാർത്തനകൾക്ക് മണിയടിച്ചാലുടൻ സംസാരം നിർത്തി പ്രാർത്ഥനക്ക് ഒരുങ്ങുന്ന കാഴ്ചൊ ഇന്നെന്നപോലെ എന്റെ ഓർമ്മയിൽ നിലനിൽക്കുന്നു.

ഒരിക്കൽ അഭിവന്ദ്യനായ പുത്തൻകാവ് പീലക്സിനോസ് തിരുമേനി (ഓർത്തഡോക്സ് മെത്രാൻ) ആലുവ സെമിനാരിയിൽ വന്ന സംഭവം ഓർക്കുന്നു. ആ തിരുമേനി വരുന്നവിവരം നേരകത്തെ അറിയിച്ചിരുന്നു. വലിയ തിരുമേനി എന്നെ വിളിച്ച് ആ തിരുമേനിയെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ചു. ഞാൻ നല്ല അഭിപ്രായമാണ് പറഞ്ഞത്. പക്ഷേ തിരുമേനിയിൽ നിന്നും ഒരു പ്രതികരണവുമുണ്ടായില്ല. നിശ്ചിത സമയത്തു തന്നെ അദ്ദേഹം വന്നു. വിശാലമായ സെമിനാരി ഹാളിന്റെ മദ്ധ്യത്തിൽ ഒരുക്കിയിട്ടിരുന്ന സ്ഥാനത്ത് അദ്ദേഹമിരുന്നു. സമീപത്തു തന്നെ വലിയ തിരുമേനിയും ഇരുന്നു. സഭാ വിഭാഗങ്ങൽ തമ്മിൽ യോജിക്കുന്നതിനെപ്പറ്റി മാർ പീലക്സിനോസ് തിരുമേനി ദീർഘമായി സംസാരിച്ചു. വളരെ ആകർഷകവും, ബോദ്ധ്യം വരുത്തുന്ന രൂപത്തിലുള്ളതുമായിരുന്നു സംസാരം.

അന്നവിടെ സന്നിഹിതരായിരുന്ന പ്രമുഖരും പ്രശസ്തരുമായിരുന്നവരെല്ലാം വലിയ തിരുമേനിയുടെ മറുപടി കേൾക്കുവാൻ ശ്രദ്ധാലുക്കളായിരുന്നു.

തിരുമേനി ഒറ്റ വാക്യത്തിൽ തന്റെ സംഭാഷണമാവസാനിപ്പിച്ചു. ഞാൻ ഈ മലങ്കര യാക്കോബായ സഭയിലെ ഒരു മെത്രപ്പൊലിത്താ മാത്രമാണെന്നും, പരമോന്നതമായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് എന്തെങ്കിലും വാദിക്കുന്നതിന് ഞാൻ ഒരുകാലത്തും ശക്തനല്ലെന്നും, പരി. സിംഹാസനത്തിൽ നിന്നുള്ള അപ്പോസ്തോലിക കല്പനകൾ അനുസരിക്കുന്നവൻ മാത്രമാണെന്നും തന്നോട് പറഞ്ഞ കാര്യങ്ങളെല്ലാം അവിടെ അറിയിച്ച് അനുവാദകല്പന കിട്ടിയാൽ താൻ അതു അനുസരിച്ചു കൊള്ളാമെന്നുമായിരുന്നു മറുപടി.

വിഭവ സമൃദ്ധമായ ഒരു കാപ്പി സൽക്കാരവും നടക്കുകയുണ്ടായി. അതിഥി യാത്ര പറഞ്ഞു സ്ഥലം വിട്ടു. വലിയ തിരുമേനി പ്രാർത്ഥിക്കുവാൻ പള്ളിയിലേക്കും പോയി.

വന്ദ്യതിരുമേനിയുടെ കൂടെ ചിലപ്പോഴൊക്കെ പള്ളിസന്ദർശനത്തിന് ഞാനും പോകുമായിരുന്നു. ആ സന്ദർഭങ്ങളിലൊക്കെ വി. സഭയിലെ ശുശ്രൂഷകളുടെ മഹത്തരമായ ഭക്തി എന്നിൽ അവശേഷിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ എന്റെ പിതാവിന്റെ ഹിതമനുസരിച്ച് തന്നെ ആലുവ സെമിനാരിവാസം എന്നെ ഒരു ഉറച്ച അന്ത്യോഖ്യാ ഭക്തനാക്കിത്തീർത്തു എന്നു തുറന്നു പറയുവാൻ എനിക്കൊരു മടിയുമില്ല. ഞാനതു പലപ്പോഴും പ്രസംഗങ്ങളിൽ എടുത്തു പറയാറുമുണ്ട്. വന്ദ്യതിരുമേനി പ്രസംഗത്തിലും, സംസാരത്തിലും മറ്റും പലപ്പോഴും പറയാറുണ്ട്, "മക്കളേ, ഞാൻ ഈ അന്ത്യോഖ്യാ വിശ്വാസത്തിൽ ജനിച്ചു വളർന്നവനാണ്, അതിൽത്തന്നെ ഞാൻ മരിക്കുകയും ചെയ്യും "

മലങ്കര മെത്രപ്പൊലിത്തയായി നിയോഗിക്കപ്പെട്ടതു മുതൽ തിരുമേനിക്ക് സമുദായ കേസുകാര്യങ്ങളിൽ പ്രമുഖമായ പങ്കു വഹിക്കേണ്ടതായി വന്നു. അതങ്ങു നീണ്ടു പോകുകയും ചെയ്തു.

ഒരിക്കൽ കേസിന്റെ ആവശ്യത്തിന് പണത്തിന്റെ ബുദ്ധിമുട്ട് തിരുമേനിയെ വല്ലാതെ വിഷമിപ്പിച്ചു. ഏതായാലും കോട്ടയത്തുകാർ എന്തെങ്കിലും തരുമെന്ന പ്രതീക്ഷയിൽ മുന്നറിയിപ്പ് നൽകി ഒരു ദിവസം കോട്ടയം സിംഹാസനപ്പള്ളിയിൽ എഴുന്നള്ളി തിരുമേനി വരുന്നുവെന്നറിഞ്ഞ് വളരെയധികം ആളുകൾ അന്ന് പള്ളിയിൽ വന്നിട്ടുണ്ടായിരുന്നു. വി. കുർബാന മദ്ധ്യേ നടത്തിയ പ്രസംഗത്തിനിടയിൽ തിരുമേനി പണത്തെപ്പറ്റി സൂചിപ്പിച്ചത്, ഇത്ര മാത്രമാണ്. "മക്കളേ നമ്മുടെ സമുദായകേസിന് കുരെ പണം വേണം" തിരുമേനിയുടെ കണ്ണുകൾ നനഞ്ഞു; തൊണ്ടയിടറി പ്രസംഗമവസാനിച്ചു. എന്തുണ്ടായിയെന്നോ? തിരുമേനി പ്രതീക്ഷിച്ചതിലും ഉപരിയായ തുകയാണ് അന്ന് അവിടെനിന്നും തിരുമേനിക്ക് ലഭിച്ചത്. തിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ ആ ഭക്തരുടെ മേൽ വർഷിച്ച് തിരുമേനി മടങ്ങിപ്പോന്നു.

ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനുഭവങ്ങളും സംഭവങ്ങളും അഭിവന്ദ്യനായ വലിയ തിരുമേനിയെപ്പറ്റി പറയുവാൻ സാധിക്കും. വിസ്താര ഭയത്താൽ ചുരുക്കുന്നു.

# സത്യവിശ്വാസ സംരക്ഷകനായ പ്രധാനാചാര്യൻ

### ഡോ. ഡി. ബാബു പോൾ ഐ. എ. എസ്,ബാറീത്തോ ബ്രീറോ

വിശ്വാസ സംരക്ഷകനായിരുന്ന മലങ്കരയുടെ പൌലോസ് മോർ അത്താനാസ്യോസ് തിരുമേനി എനിക്ക് സ്വർഗ്ഗീയ മദ്ധ്യസ്ഥമാണ്. ആ തിരുമേനിയോടും തിരുമേനിക്ക് വേണ്ടിയും ഞാൻ എന്നും പ്രാർത്ഥിക്കാറുണ്ട്. എന്റെ പിതാവിന് എല്ലാ പട്ടങ്ങളും നൽകിയത് വലിയ തിരുമേനിയാണ്. ഒരു ചെറിയ ഇടവേളയിൽ ചില ഉപജാപകരുടെ കുത്സിത തന്ത്രങ്ങൾ അവരെ അകറ്റി എങ്കിലും ഇരുവർക്കും ദുഃഖകരമായിരുന്ന ആ ദുരാനുഭവം വളരെ ഹ്രസ്വമായിരുന്നു. 1946-ൽ എന്റെ പിതാവിന്റെ കനിഷ്ഠ സഹോദരന് കത്തനാരു പട്ടം നൽകിയ സന്ദർഭത്തിൽ തിരുമേനി തന്നെ മുൻകൈയെടുത്ത് ആ അദ്ധ്യായത്തിന് തിരശ്ശീല ഇടുകയും ചെയ്തു. എന്റെ പിതാവിന്റെ ജീവചരിത്ര ഗ്രന്ഥത്തിൽ നിന്ന് ഉദ്ധരിച്ച് കൊണ്ട് ആ രംഗം അവതരിപ്പിക്കട്ടെ.

"1946-ൽ സ്വസഹോദരന്റെ പട്ടകൊടയുടെ നാളിലാണ് പിന്നെ കണ്ടുമുട്ടിയത്. അന്നു മദ്ബഹായിൽ വച്ചു കൈമുത്തിയപ്പോൾ 'താൻ എന്നെ കാണാതെ പോകരുത്' എന്നു കല്പിച്ചു. മനസ്സില്ലാമനസ്സോടെയും തിരുമേനി എന്താണ് പറയാൻ പോകുന്നത് എന്ന ശങ്കയോടെയുമാണ് അച്ചൻ ചെന്നത് ചെന്നപ്പോഴാണ് വലിയ തിരുമേനിയുടെ വലിയ ഹൃദയം കണ്ടത്.

"മറിയം വന്നിട്ടില്ലേ?"

അത് അച്ചന്റെ അമ്മയെക്കുറിച്ചാണ്. പഴയകാലത്ത് തിരുമേനിമാരും മറ്റു കുറുപ്പംപടി പള്ളിയിൽ വന്നാൽ ആദ്യത്തെ ഭക്ഷണം മരങ്ങാട്ടു നിന്നാണ് കൊടുത്തയച്ചിരുന്നത്. പള്ളിയോടു തൊട്ടുള്ള വീട്. പള്ളിയിലാണെങ്കിൽ ഇന്നത്തെപ്പോലെ കൃത്യമായി പ്രവർത്തിക്കുന്ന ഓഫീസും മറ്റും ഇല്ല. നാട്ടിൽ ഇന്നത്തേപ്പോലെ ഹോട്ടലുകളുമില്ല. തിരുമേനി മാർക്കു കാറില്ല. അതുകൊണ്ടൊക്കെ വരുന്ന സമയം കൃത്യമാകാറില്ല. വന്നുകഴിഞ്ഞാണ് ഭക്ഷണം ഒരുക്കുന്നത്. അങ്ങനെയാണ് മരങ്ങാട്ടുകാർക്ക് തിരുമേനിമാരെ സൽക്കരിക്കാൻ അവസരം ലഭിച്ചു വന്നത്. പോരെങ്കിൽ മരങ്ങാട്ടച്ചന്റെ സഹോദരിയുമാണല്ലോ.

" ഉവ്വ്"

"തന്റെ ബസ്കിയാമ്മയോ"

"എല്ലാവരും ഉണ്ട്"

" അവരെ വിളിക്ക് എനിക്കു പറയാനുള്ളത് അവരോടും കൂടെയാണ്"

അമ്മയും മറ്റേമ്മയും വന്നു കൈമുത്തി തിരുമേനി അവരോട് നിലത്ത് പായിൽ ഇരിക്കാൻ പറഞ്ഞു. അച്ചനോട് തിരുമേനിയുടെ അടുത്ത് സ്റ്റൂളിൽ ഇരിക്കാനും. അച്ചൻ ഇരുന്നില്ല; അന്നൊക്കെ അത് അചിന്ത്യമാണല്ലോ. നിർബന്ധിച്ച് തിരുമേനി പറഞ്ഞു. എന്നാൽ താൻ പായിൽ ഇരിക്ക്. അച്ചൻ പായിൽ ഇരുന്നു. സ്ത്രീകൾ തലയിൽ മുണ്ടിട്ടു നിന്നു അല്പനേരത്തെ മൗനത്തിനുശേഷം തിരുമേനി കല്പിച്ചു.

" മറിയേ, നിന്റെ മോനെ ഞാൻ തെറ്റിദ്ധരിച്ചു. എന്നിട്ടും അയാൾ എന്നോടും വഴക്കിനൊന്നും വന്നില്ല. നീ എനിക്കു വേണ്ടി പ്രാർത്ഥിക്കണം. ബസ്കിയാമ്മ കേൾക്കുന്നുണ്ടോ? എടോ ചീരതോട്ടത്തിലച്ചാ, തന്നെയും തന്റെ കുടുംബത്തേയും ദൈവം അനുഗ്രഹിക്കും. തനിക്ക് ഒരു ദോഷവും വരികയില്ല. അബ്രഹാം ഇസഹാക്കിനെയും ഇസഹാക്ക് യാക്കോബിനേയും യാക്കോബ് യൗസേഫിനേയും അനുഗ്രഹിച്ചതു പോലെ നാം തന്നെ അനുഗ്രഹിക്കുന്നു. പോയതൊക്കെ പോകട്ടെ."

എനിക്ക് അന്ന് അഞ്ചു വയസ്സുണ്ട്. എന്റെ ഓർമ്മയിൽ ഈ വാക്കുകളൊന്നും ഇല്ല. ഓർമ്മയിലുള്ളത് തിരുമേനിയും അച്ചനും അമ്മയും മറ്റേമ്മയും ഒക്കെ കരയുന്ന രംഗമാണ്. തിരുമേനി അന്നു കല്പിച്ചതനുസരിച്ചാണ് ഞാൻ മദ്ബഹായിൽ ശുശ്രൂഷകനായത്; അതേ വർഷം





മോർ യൂലിയോസ് ബാവ, ആലുവായിലെ പ. വലിയ തിരുമേനി, പ. ഏലിയാസ് തൃതിയൻ പാത്രിയർക്കിസ് ബാവ, യൂഹാനോൻ മോർ ക്ലിമിസ് ബാവ, കുര്യാക്കോസ് റമ്പാൻ, യേശു ശമുവേൽ റമ്പാൻ വായ്ത്ര പുന്നൂസ് കോർഎപ്പിസ്കോപ്പ എന്നിവരെ ചിത്രത്തിൽ കാണാം

വലിയ തിരുമേനിയുടെ അനുഗ്രഹം അച്ചന് നിർലോഭം ലഭിച്ചു.1946 മുതൽ വീണ്ടും അച്ചൻ 'അകത്തെ ആൾ' ആയി .നഗരികാണിക്കലിനു തിരുമേനിയുടെ മൃതദേഹം ജീപ്പിൽ വച്ചപ്പോൾ അച്ചനും മങ്ങാട്ടമ്പള്ളിൽ അലക്സാണ്ടർ കോർ എപ്പിസ്കോപ്പയും ഇരുവശത്തുമായി ഇരുന്നത് എനിക്ക് ഓർമ്മയുണ്ട്. എന്നും തിരുമേനിയോടും തിരുമേനിക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നുള്ള പിതൃകല്പന പാലിച്ചുകൊണ്ടാണിരിക്കുന്നത് എന്നും ഞാൻ രേഖപ്പെടുത്തട്ടെ.

വലിയ തിരുമേനി എന്നെ കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല; കാരണം എന്റെ ഓർമ്മയിലുള്ള വലിയ തിരുമേനി അന്ധനായിരുന്നു. എന്നാൽ വലിയ തിരുമേനി മദ്ബഹായിലുള്ളപ്പോൾ വി. കുർബാനയിൽ ശുശ്രൂഷകനാകാൻ എനിയ്ക്ക് അരവ്യാഴവട്ടക്കാലം സന്ദർഭം ഉണ്ടായിട്ടുണ്ട്; 5-ാം വയസ്സിൽ ശുശ്രൂഷകനായ എനിക്ക് 11 വയസ് ഉള്ളപ്പോഴാണ് തിരുമേനി കാലം ചെയ്യുന്നത്. അച്ചൻ അരമനയിലെ അടുപ്പക്കാരനായിരുന്നതു കൊണ്ട് കൂടെക്കൂടെ അവിടെ പോകുമായിരുന്നു. കുറുപ്പംപടി പള്ളിയിൽ ഇപ്പോൾ ഓഫീസായി പ്രവർത്തിക്കുന്ന മുറിയിൽ തിരുമേനി കൂടെക്കൂടെ താമസിക്കുകയും ചെയ്യുമായിരുന്നു. ചെന്നാൽ ഉടനെ ആരാണെന്ന് അന്വേഷിക്കും "മാത്തൂ, എടാ മാത്തൂ, ഈ ചീരത്തോട്ടത്തിലച്ചന്റെ പിള്ളയ്ക്ക് എന്നാടാ കൊടുക്കണെ" എന്ന ആമുഖത്തോടുകൂടിയല്ലാതെ തിരുമേനി ഒരിക്കലും എന്നെ മുറിയാൽ സ്വീകരിച്ചിട്ടില്ല. മറ്റമന അച്ചന്റെ മകൻ പ്രൊഫ. ഏലിയാസ് വർഗ്ഗീസിനും, മോശയച്ചന്റെ മകൻ ഡോ. എബ്രഹാം മോസസിനുമൊക്കെ ഇതുപോലെ ഉള്ള ഓർമ്മകൾ ഉണ്ടായിരിക്കും എന്ന് ഞാൻ കരുതുന്നു.

അന്നൊക്കെ തിരുമേനിമാർ ഇടവകയിൽ വന്നാൽ ഇന്നത്തെ മന്ത്രിമാർ വരുന്നതുപോലെ ആയിരുന്നില്ല. വാഹന സൗകര്യങ്ങളുടെയും മറ്റും കുറവായിരിക്കാം കാരണം. ഏതായാലും വന്നാൽ ഒരാഴ്ചയെങ്കിലും താമസിക്കും. ഇടവകയിലെ കൊള്ളാവുന്ന വീടുകളിൽ നിന്നൊക്കെ പലഹാരങ്ങളും പഴവർഗ്ഗങ്ങളുമൊക്കെയായി ചെന്ന് മുഖം കാണിക്കും. ആദ്യം ചെല്ലുന്ന വീട്ടുകാർ കൊടുക്കുന്നത് രണ്ടാമത് ചെല്ലുന്ന വീട്ടുകാർക്ക് കിട്ടും. പള്ളിയുടെ പരിസരങ്ങളിലുള്ള വീടുകളിലെ ആളുകൾ തിരുമേനി ഉള്ളപ്പോൾ സന്ധ്യാപ്രാർത്ഥനയ്ക്ക് വന്നുകൂടും. അവിടെ പള്ളി പരിസരങ്ങളിൽ പതിവായി കളിച്ചു നടക്കുന്ന കുട്ടികൾക്ക് അത് ഉത്സവകാലം. ജീവിതത്തിന്റെ വർദ്ധമാനമായ ഗതിവേഗം, ഇതൊക്കെ ഇന്നത്തെ തലമുറയ്ക്ക് അന്യമാക്കിയിരിക്കുന്നു. കുറുപ്പംപടി പള്ളിയുടെ തെക്കേ മുറ്റത്ത് ഒരു വലിയ ചാരുകസേരയിൽ കുടുംബകാരണവരെപ്പോലെ കാൽ ഉയർത്തിവച്ച് ഊഷ്മള സ്നേഹം ഏറ്റുവാങ്ങിയും ആർദ്രവാത്സല്യം തിരിച്ച് നൽകിയും സായാഹ്നങ്ങൾ ചെലവഴിച്ച തിരുമേനിയുടെ ആ ദിവ്യസാന്നിദ്ധ്യം അസ്മാദൃശ്യന്മാർക്ക് ഗൃഹാതുരുത്വത്തോടുകൂടി മാത്രമേ അനുസ്മരിക്കുവാൻ കഴിയൂ.

വലിയ തിരുമേനിയുടെ വ്യക്തിത്വത്തിൽ തെളിഞ്ഞു കാണുന്ന ചില സംഗതികൾ എടുത്തു പറയാതെ വയ്യ. ഒന്നാമത് അന്ത്യോഖ്യാ സിംഹാസനത്തോടുള്ള വിധേയത്വം. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ഭക്തിയും വിധേയത്വവും താൻ നടത്തിയ വിശ്വാസ പ്രഖ്യാപനത്തിന്റെ ഭാഗമാണെന്ന ഉത്തമബോദ്ധ്യം തന്റെ വ്യക്തിപരമായ ഭാഗമാണെന്ന ഇഷ്ടാനിഷ്ടങ്ങളെ പിൻനിരയിൽ മാറ്റി നിറുത്തുവാൻ തിരുമേനിയ്ക്ക് ശക്തി നൽകി. രണ്ടാമതായി തിരുമേനിയ്ക്ക് പാരമ്പര്യത്തോടുണ്ടായിരുന്ന പ്രതിബദ്ധത ഓർമ്മിക്കേണ്ടതുണ്ട്. സഭയുടെ ആചാരനുഷ്ഠാനങ്ങൾ, മാർഗ്ഗങ്ങളും മാദ്ധ്യമങ്ങളും മാത്രമാണ് എന്ന് അറിഞ്ഞുകൊണ്ടുതന്നെ അവ കർശനമായി പാലിക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിക്കുകയും ആ കാര്യത്തിൽ മാതൃക കാണിക്കുകയും ചെയ്തു തിരുമേനി. തിരുമേനിയുടെ അമ്മ മരണാസന്നയായി കിടന്ന നാളുകളിൽ തിരുമേനി വീട്ടിൽ പോയി താമസിച്ച് അമ്മയെ ശുശ്രൂഷിച്ച കഥ കേട്ടിട്ടുണ്ടോ? മുറ്റത്ത് ഒരു കുടിൽ - പർണ്ണാശ്രമം- കെട്ടി ആയിരുന്നു താമസിച്ചത്. അമ്മയെ ശുശ്രൂഷിക്കാനും അമ്മയോടൊത്ത് പ്രാർത്ഥിക്കാനും അകത്ത് പോകും; ഭക്ഷണവും കിടപ്പും പുറത്തെ പന്തലിൽ. മൂന്നാമതായി തിരുമേനിയുടെ അതിഥിസൽക്കാരം. അതിനെക്കുറിച്ച് ഇത് വായിക്കുന്ന എല്ലാവരും നേരത്തെ തന്നെ കേട്ടറിഞ്ഞിരിക്കുമെന്ന് വിചാരിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. എന്നാൽ അതിന്റെ ഭാഗമായി പറയേണ്ട മറ്റൊരു സംഗതി പറയാതെ വയ്യ. മെത്രാൻ കക്ഷിയിലെ മെത്രാൻന്മാരും അച്ചന്മാരും മറ്റു പലപ്പോഴും തൃക്കുന്നത്തു സെമിനാരി സന്ദർശിക്കുകയും തിരുമേനിയുടെ ആതിഥ്യം സ്വീകരിക്കുകയുമുണ്ടായിട്ടുണ്ട്. പുത്തൻകാവിലെ മോർ പീലക്സിനോസ് ആയിരുന്നു ഈ കൂട്ടത്തിൽ പ്രമുഖൻ കേസ് വാശിയായി നടക്കുന്ന കാലത്തും ആലുവ വഴി കടന്നുപോകുമ്പോൾ ഒരു അനിവാര്യത കണക്കെ വലിയ തിരുമേനിയുടെ സന്നിധാനത്തിലേയ്ക്ക് പുത്തൻകാവിലെ തിരുമേനി കടന്നു ചെല്ലുമായിരുന്നു. വലിയ തിരുമേനി കാലം ചെയ്തപ്പോൾ കേസിൽ എതിർകക്ഷിയായി പയറ്റിയിരുന്ന ഗീവർഗീസ് ദ്വിതീയൻകാതോലിക്ക ആലുവയിൽ വന്ന് തന്റെ പഴയ സഹപാഠിയ്ക്ക് അന്ത്യോപചാരം അർപ്പിച്ചതും വ്യക്തിബന്ധത്തിന്റെ ഊഷ്മളത തന്നെയാണ് കാണിക്കുന്നത്.

സന്തുലിതമായ വ്യക്തിത്വമായിരുന്ന വലിയ തിരുമേനിയുടേത്. പരിശുദ്ധാത്മാവിന്റെ തേജസ് ആയിരുന്നു ആ മുഖത്ത്. എല്ലാം ഈശ്വരനിൽ ഭരമേല്പിച്ച് ജീവിച്ച തിരുമേനി കാലം ചെയ്തപ്പോൾ സഭയുടെ ചരിത്രത്തിലെ ഒരു അദ്ധ്യായത്തിന് അന്ത്യം കുറിക്കപ്പെട്ടു.

തിരുമേനിയുടെ പ്രാർത്ഥന സഭയ്ക്കും പൊതുവേ സഭാംഗങ്ങൾക്കും കോട്ടയായിരിക്കട്ടെ. തിരുമേനിയുടെ മാതൃക ആധുനികതയുടെ ആന്ദോളനങ്ങളിൽ ആടിയുലയാതിരിക്കാൻ ആധുനികരായ - ആചാര്യന്മാർക്ക് ആലംബമായിരിക്കട്ടെ.

# ജനഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധൻ

## വലിയ തിരുമേനിയുടെ ഒരു ദിവസം

**ഞാർത്താങ്കൽ കോരുതു കത്തനാർ (സഭാ ചന്ദ്രികയോട് കടപ്പാട്)**

വെളുപ്പിന് നാലരമണിക്ക് തിരുമേനിയുടെ ദിവസം ആരംഭിക്കുകയായി. അലാറം കേട്ടുണരുന്ന ശെമ്മാശൻ തിരുമേനിക്ക് പ്രാർത്ഥനക്കായി മുറിയിൽ നിന്നും പള്ളിയിലേക്ക് പോകുവാൻ ആവശ്യമായ സഹായം എല്ലാം ചെയ്തുകൊടുത്തു. ശെമ്മാശന്റെ വലതുകൈയ്യിൽ പിടിച്ചുകൊണ്ടാണ് തിരുമേനി നടക്കുന്നത്. ശുശ്രൂഷകൻ മാത്തു ഒരു വിളക്ക് കാണിച്ചുകൊണ്ട് മുമ്പിൽ നടക്കും. (അന്ന് വൈദ്യുതി ഇല്ലായിരുന്നു) മഴക്കാലത്തും ഈ പതിവിന് മാറ്റം ഒന്നും ഇല്ല. പ്രത്യേകമായി ഉണ്ടാക്കിച്ചിട്ടുള്ള വലിയ കാലോടുകൂടിയതും സാമാന്യം വലിപ്പമുളളതുമായ ഒരു ഓലക്കുട ശെമ്മാശ്ശൻ ചൂടിക്കുന്നുണ്ടാകുമെന്ന് മാത്രം.

പള്ളിയകത്ത് നമസ്ക്കാരമേശയുടെ സമീപത്ത് താഴെ ഒരു പുൽപ്പായത്തടുക്കിൽ കാലുകൾ പിന്നോക്കം മടക്കിവെച്ചിരുന്ന് പ്രാർത്ഥന തുടങ്ങും. ഇപ്രകാരം ഇരുന്ന് പ്രാർത്ഥിപ്പാൻ പ്രയാസമായി വന്നപ്പോൾ ഹൈക്കലായുടെ പാർശ്വത്തിൽ തെക്കുഭാഗത്തുള്ള മുറിയിൽ ഒരുക്കിയിരിക്കുന്ന കട്ടിലിൽ കിടന്നുകൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു പതിവ് "ഇത്രയും പ്രായമുള്ള തിരുമേനി ഈ മഴയത്തു പ്രയാസപ്പെട്ട് പള്ളിയകത്ത് പോയിത്തന്നെ പ്രാർത്ഥിക്കണമോ? മുറിക്കകത്തിരുന്ന് പ്രാർത്ഥിച്ചാലും ദൈവം കേൾക്കുകയില്ലെ? ശെമ്മാശ്ശന്മാരും മറ്റും ഉള്ളിൽ ഇങ്ങനെ പറഞ്ഞ് പോകാറുണ്ട്. "ആര് എന്ത് ചിന്തിച്ചാലും കഴിയുന്നിടത്തോളം കാലം, പ്രാർത്ഥിക്കുന്നത് പള്ളിയിൽത്തന്നെ വേണം" എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു.

പ്രാർത്ഥന കഴിഞ്ഞ് മുറിയിൽ വന്നാലുടൻ തത്സമയത്തേക്കുള്ള യാമ പ്രാർത്ഥനയും മോർ പീലക്സിനോസ് ബാവായുടെ ബോവൂസയും ശെമ്മാശ്ശനെക്കൊണ്ട് വായിപ്പിച്ച്, തിരുമേനി അത്കേട്ട് ധ്യാനനിരതനാകുമായിരുന്നു.

പിന്നീടു പ്രഭാതചര്യകളാണ്. പ്രിയങ്കരനായ ശുശ്രൂഷകൻ മാത്തുവാണ് അതിനെല്ലാം ഉറ്റ സഹായി. അതിന് കുറച്ച് സമയമെടുക്കും.

രാവിലെ 8.30 നാണ് പ്രാതൽ. മുറിക്കകത്ത് താഴെ പായ്ത്തടുക്കിൽ ഒരു കുഷ്യനിട്ട് അതിലിരുന്നാണ് ഭക്ഷണം കഴിക്കുക. തത്സമയത്തായിരിക്കും അടുക്കളക്കാര്യങ്ങളുടെ വിവരങ്ങൾ മാത്തുവിനോട് തിരക്കുക. ആ കൂട്ടത്തിൽ ഭക്ഷണ ചെലവുകൾ അധികരിക്കാതെ നിയന്ത്രിച്ചുകൊള്ളണമെന്ന നിർദേശം നൽകുകയും പതിവാണ്.

സെമിനാരിക്കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പോർട്ടിക്കോയിൽ ഉയരം കുറഞ്ഞ ഒരു കട്ടിലിൽ കിടന്നാണ് തിരുമേനി പകൽ സമയം മിക്കവാറും ചെലവഴിച്ച് കൊണ്ടിരുന്നത്. (അന്ന്സെമിനാരി കെട്ടിടം ഒറ്റനിലയായിരുന്നു.

കൃത്യം ഒൻപതുമണിക്ക് ശെമ്മാശ്ശന് വരും. മൂന്നാം മണി നരത്തെ പ്രാർത്ഥനയും യാമപ്രാർത്ഥനയും, തുടർന്ന് ക്രമപ്രകാരം ഏഴ് സങ്കീർത്തനവും ശെമ്മാശ്ശനെക്കൊണ്ട് വായിപ്പിക്കും; തിരുമേനി ധ്യാനപൂർവ്വം അത് കേട്ട് കിടക്കും. അതിനുശേഷമാണ് പത്രവായന, മലയാളമനോരമ തുടങ്ങിയ പത്രങ്ങൾ ശെമ്മാശൻ വായിച്ചുകേൾപ്പിക്കും. പത്രവാർത്തകളൊന്നും വിട്ടുകളയാടെ വിയിക്കണമെന്നത് നിർബന്ധമായിരുന്നു.

പന്ത്രണ്ടു മണിക്ക് മദ്ധ്യാഹ്ന പ്രാർത്ഥന, നോമ്പുകാലത്ത് അത് പള്ളിയിൽ വച്ചേ നടത്താറുള്ളൂ.അതു കഴിഞ്ഞ് ഉച്ചഭക്ഷണം മുൻ പറഞ്ഞതുപോലെ താഴെ തടുക്കിൽ ഇരുന്നുതന്നെയാണ് ഭക്ഷണം കഴിച്ചിരുന്നത്. കണ്ണുകൾക്ക് കാഴ്ടക്കുറവുണ്ടായിരുന്നതിനാൽ മാത്തു തന്നെയാണ് സ്പൂണിലൂടെ ഭക്ഷണം കൊടുത്തുകൊണ്ടിരുന്നത്

ഉച്ചഭക്ഷണം കഴിഞ്ഞ് കുറച്ചു സമയം കിടന്ന് വിശ്രമിക്കുക പതിവാണ്. എന്നാൽ മൂന്നു മണിക്ക് തന്നെ ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയും യാമപ്രാർത്ഥനയും നടത്തണമെന്നത് നിർബന്ധമായിരുന്നു. മൂന്നാം മണി നേരത്തേതുപോലെ ശെമ്മാശ്ശൻ വന്ന് പ്രാർത്ഥന ചെല്ലി കേൾപ്പിക്കുകയാണ് പതിവ് കൂട്ടത്തിൽ സങ്കീർത്തനവായനയും നടക്കും.

അഞ്ചു മണി സെമിനാരിയിലെ വലിയ മണി മുഴങ്ങുന്ന സമയമാണത്. അന്തേവാസികളെല്ലാം പ്രാർത്ഥനക്ക് ഒരുങ്ങും.പ്രഭാതത്തിലെന്നപൊലെതന്നെ പള്ളിയിൽപോയി സന്ധ്യാപ്രാർത്ഥന നടത്തണമെന്നത് നിർബന്ധമാണ്. സെമിനാരിയിലെ അച്ചൻമാരും ശെമ്മാശൻമാരും അതിൽ സംബന്ധിച്ചേ മതിയാകൂ.

പ്രാർത്ഥന കഴിഞ്ഞ് വന്ന് ലഘുവായ രീതിയിലുള്ള അത്താഴം കഴിക്കും പാൽ, പഴം തുടങ്ങിയവയാണ് സാധാരണ കഴിക്കാറുള്ളത്.

രാത്രി ഒമ്പതുമണിക്ക് സൂത്താറ പ്രാർത്ഥന ശെമ്മാശൻ വായിക്കും. തിരുമേനി അതുകേട്ട് ധ്യാനിക്കും ആ പ്രാർത്ഥന കഴിഞ്ഞാൽ അധിക താമസം കൂടാതെ ഉറങ്ങാൻ തുടങ്ങും.

പാതിരാ പ്രാർത്ഥനയാണ് അടുത്തത്. പന്ത്രണ്ടുമണിക്ക് അലാറം മുഴങ്ങും. മുറിയിൽ താഴെകിടക്കുന്ന ശെമ്മാശ്ശൻ ഉടൻ എഴുന്നേൽക്കും.തിരുമേനി മുകം കഴുകി ശെമ്മാശ്ശൻ ചെല്ലുന്ന പ്രാർത്ഥനയിൽ ലയിച്ച് ഉദ്ദേശം നാല്പതു മിനിറ്റ് അങ്ങനെ രാത്രിയുടെ ഏകാന്തതയിൽ പ്രാർത്ഥനയിൽ കഴിക്കും. പാതിരാത്രി നമസ്ക്കാരത്തൊടൊപ്പം ഭരണകർത്താക്കൾക്കാവശ്യമായ ജനരജ്ഞന, വിവേകം, ആത്മശക്തി, ദൈവനടത്തിപ്പ് എന്നിവയെല്ലാം അവർക്ക് ലഭിക്കുവാൻ പ്രത്യേക പ്രാർത്ഥന ചെല്ലുമായിരുന്നു. അതിനെത്തുടർന്ന് മാർ അപ്രേമിന്റെ മെമ്രാ രീതിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരനുതാപഗീതവും ചെല്ലുക പതിവായിരുന്നു.

ഇങ്ങനെയുള്ള നിരന്തരമായ പ്രാർത്ഥനാ ജീവിതത്തിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ആത്മിയ ചൈതന്യവും ശക്തിയുമാണ് തിരുമേനിയെ ഒരു "വലിയ തിരുമേനി"യാക്കിയത് എന്നതിന് സംശയമില്ല. എത്ര സുപ്രധാന വിഷയങ്ങളെപ്പറ്റിയുള്ള ആലോചനകൾക്കിടയിലായാലും പ്രാർത്ഥനക്ക് സമയമായിയെന്ന് ശെമ്മാശ്ശൻ അറിയിച്ചാൽ ഉടനെ മക്കളെ നമുക്ക് പോയി പ്രാർത്ഥിക്കാം ആലോചന അതിനു ശേഷം തുടരാം. എന്ന് കല്പിച്ച് പ്രാർത്ഥനക്ക് തയ്യാറാകും. പ്രാർത്ഥനയിലുള്ള ഈ സാധാരണ നിഷ്ഠ, അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമായിരുന്നു. ജീവിതത്തിൽ പ്രാർത്ഥനക്ക് തിരുമേനി നൽകി വന്നിരുന്ന പ്രാധാന്യം ഏവർക്കും എന്നും ഒരു ഉത്തമ മാതൃകതന്നെയാണ്.

ആലുവായിലെ മോർ അത്താനാസ്യോസ് തിരുമേനി ഒരു " വലിയ തിരുമേനി" തന്നെയായിരുന്നു വെഞ്ചാമരംപോലെ തിളങ്ങുന്ന താടിമീശയും ദീർഘമായ നാസികയും വാർദ്ധക്യംമൂലം കാഴ്ചക്ക് മങ്ങലുണ്ടെങ്കിലും ദിവ്യത്വം തിളങ്ങുന്ന നയനങ്ങളും വിശാലമായ നെറ്റിത്തടവും എല്ലാം ഒത്തിണങ്ങുന്ന ആ മുഖകമലം കണ്ടിട്ടുള്ളവരുടെ ഹൃദയത്തിൽ ആ ദിവ്യരൂപം ഇപ്പോഴും പച്ചപിടിച്ച്നിൽക്കുന്നുണ്ടാവും. മനുഷ്യമനസ്സുകളിൽ ചലനം സൃഷ്ടിക്കുവാൻ പോരുന്നതായ -തിരുമേനിയുടെ ശുശ്രൂഷകളിൽ സംബന്ധിച്ചിടത്തോളം കാതുകളിൽ ഉച്ചാരണ ശുദ്ധിയുള്ള വായനകളുടേയും കീർത്തനങ്ങളുടേയും ശബ്ദമാധുരി ഇപ്പോഴും മാറ്റൊലിക്കൊള്ളഉന്നുണ്ടാവും. തിരുമേനിയുടെ ദിവ്യരാധാനകളിൽ പങ്കുകൊണ്ടിട്ടുള്ളവർ സ്വർഗ്ഗീയാനുഭൂതിയിൽ ആമഗ്നരായിത്തീരുന്ന അനുഭവം ആസ്വദിച്ചതായി അവകാശപ്പെടുമായിരുന്നു.

വന്ദ്യതിരുമേനി സെമിനാരിപ്പള്ളിയിൽ വി.കുർബാന അർപ്പിക്കുന്ന ദിവസം നിർണ്ണയമായാൽ തലേന്നു സെമിനാരി മുഴുവനും ഓഫീസ് മുതൽ അടുക്കളവരെയുള്ള അന്തേവാസികൾക്കെല്ലാം തത്സംബന്ധമായ തങ്ങളുടെ ചുമതലകളെപ്പറ്റിയുള്ള ജാഗ്രത മനസ്സിൽ ഉദിക്കുകയുണ്ടായി. കൃത്യവിലോപമുണ്ടായാൽ തിരുമേനിയിൽ നിന്നും കേൾക്കേണ്ടി വരുന്ന ശാസനകളുടേയും ശകാരത്തിന്റേയും ഭയം ഓർമ്മയിൽ ഓടിയെത്തും. എന്നാൽ സ്നേഹവൃതമായ ഈ കോപവും ശകാരങ്ങളും തിരുമേനിയോടുള്ള ഭക്ത്യാദരവുകൾ മനസ്സിൽ വർദ്ധിപ്പിക്കുകയേ ചെയ്യാറുള്ളു. തിരുമേനി വി. ബലി അർപ്പിക്കുന്നതിന്റെ തലേ രാത്രി ഒമ്പതു മണിക്കുള്ള ശയന പ്രാർത്ഥനയ്ക്കു ശേഷം വായ് ശുദ്ധമാക്കി ഉറങ്ങാൻ തുടങ്ങും. വി. ബലിയർപ്പണം കഴിയുന്നതു വരെ പരിപൂർണ്ണ വിശുദ്ധിയോടെ ഓരോ നിമിഷവും വിനിയോഗിച്ച് വന്നിരുന്നു.

വി. കുർബാനയർപ്പിക്കുമ്പോൾ തിരുമേനി പലപ്പോഴും നിരുദ്ധകണ്ഠനായിത്തീരുകയും കണ്ണീർ കണങ്ങൾ പൊഴിക്കുകയും ചെയ്യുമായിരുന്നു. ജീവൻ സ്ഫുരിക്കുന്ന ആ പ്രാർത്ഥനയുടെ ദിവ്യവീചികൾ കേൾവിക്കാരുടെ ഹൃദയങ്ങളിൽ ഭക്തിയുടേയും, ആദരവിന്റേയും ദൈവസാക്ഷാൽക്കാരത്തിന്റേയുംഅലകളുയർത്താൻ മതിയായവയായിരുന്നു. ദ്രുതഗതി തിരുമേനിയുടെ ശുശ്രൂഷകളിൽ കാണുകയില്ല. എന്നാൽ അനാവശ്യമായ "നീട്ടലുകൾ" തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. "യഹോവയ്ക്കു ഒരു ആലയം കണ്ടെത്തുന്നതുവരെ ഞാൻ എന്റെ കണ്ണുകൾക്ക് ഉറക്കവും കൺപോളകൾക്ക് മയക്കവും കൊടുക്കുകയില്ല" എന്ന സങ്കീർത്തനഭാഗം ഉദ്ധരിച്ചുകൊണ്ടുള്ള തിരുമേനിയുടെ പ്രസംഗം തന്റെ ആത്മിയ മക്കൾക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകിയിരുന്നു.

പട്ടം കൊട ശുശ്രൂഷ നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അതിനുവേണ്ടി തിരുമേനി നടത്തുന്ന ഒരുക്കങ്ങളും, പ്രാർത്ഥനകളും കാണുന്നവരുടെ ഹൃദയങ്ങൾ ആ ശുശ്രൂഷക്ക് അദ്ദേഹം നൽകുന്ന പ്രാധാന്യം മഹത്ത്വം എത്രമാത്രമെന്ന് വിസ്മയപൂർവ്വം ചിന്തിച്ചു പോകും.

പള്ളികളിൽ ഉണ്ടാകാറുള്ള വഴക്കുകളും പ്രശ്നങ്ങളും മറ്റും തീർക്കുവാൻ തിരുമേനിയുടെ സാന്നിദ്ധ്യവും വചനശക്തിയും മതിയായവയായിരുന്നു. കല്പനയ്ക്ക് എതിര് നിൽക്കുവാൻ ജനം ഭയപ്പെട്ടിരുന്നു. മുഖം നോക്കാതെ, വലുപ്പചെറുപ്പം പരിഗണിക്കാതെ, ഉള്ളത് തുറന്ന് പറയണതായിരുന്നു അവിടത്തെ സ്വഭാവം. സന്ദർശകരായി വരുന്നവരിൽ ഭക്ഷണം വേണ്ടവർക്കെല്ലാം ഭക്ഷണം കൊടുക്കുവാൻ കുശിനിക്കാർക്കു നിർദേശം നൽകും.ചിലപ്പോൾ ഒരു നേരത്തേക്ക് രണ്ടു മൂന്നു പ്രവശ്യം ഭക്ഷണം തയ്യാറാക്കുവാൻ കുശിനിക്കാർ നിർബന്ധിതരാകും. അപ്പോൾ അവർക്കുണ്ടാകുന്ന പിറുപിറുപ്പ് തിരുമേനി അറിയാതിരിക്കുകയില്ല. എന്നാൽ ആ പിതൃഹൃദയത്തിൽ മക്കളുടെ നേർക്കുള്ള സ്നേഹത്തിനും പരിഗണനക്കും ഒരു ഭംഗവും വരാറില്ല.

സന്ദർശകരോട് കുടുംബകാര്യങ്ങൾ, കുടുംബാംഗങ്ങളുടെ വിശേഷങ്ങൾ ഏർപ്പെടുന്ന ജോലികളുടെ സ്വഭാവം, ആരോഗ്യസ്ഥിതി തുടങ്ങിയവ ഒരു പിതാവ് മക്കളോടെന്നപ്പോലെ വാത്സല്യപൂർവ്വം തിരക്കുമായിരുന്നു. ആവർ തിരിച്ചുപോകുമ്പോൾ തിരുമേനിയുടെ സ്നേഹാന്വേഷണങ്ങളുടെ കുളിർമ ഹൃദയങ്ങളിൽ സന്തോഷവീചികൾ ഉയർത്തുമായിരുന്നു. അവ മറക്കാനാവാത്ത അനുഭവമായി നിലകൊള്ളുകയും ചെയ്യുമായിരുന്നു. പുറത്തു നിന്നും വരുന്നവർ സെമിനാരി ഗെറ്റ് കടക്കുമ്പോഴേ ഹൃദയം തുടിച്ചു തുടങ്ങുമെന്ന് പലപ്പോഴും പറയാറുണ്ട്. വലിയ തിരുമേനിയുടെ സാന്നിദ്ധ്യം പ്രചോദിപ്പിക്കുന്ന ദിവ്യസ്വാധിനശക്തി അത്രയ്ക്കുണ്ട്

കൃത്യനിഷ്ഠ തിരുമേനിയുടെ ജീവിതവ്രതമായിരുന്നു. കല്പനകൾ യഥാസമയം അയയ്ക്കുക, കത്തുകൾക്ക് ഉടനെ മറുപടി അയക്കുക, പണമിടപാടുകളിൽ കാർക്കശ്യം പാലിക്കുക, സഹായമർഹിക്കുന്നവരോട് ദയാവായ്പ് കാണിക്കുക, പ്രത്യേകിച്ച് അന്തേവാസികളായ ശുശ്രൂഷകരോട് ഹൃദയം കവരുന്ന സ്നേഹവാത്സല്യങ്ങൾ പ്രകടമാക്കുക ഇതെല്ലാം മറക്കാനാവാത്ത സ്മരണകളാണ്.

ആലുവ പട്ടണത്തിൽ ഓരോരോ കാര്യത്തിന് വരുന്നവർക്ക് അന്നുതന്നെ തിരിച്ച് പോകുവാൻ തരപ്പെടാതെ വന്നാൽ (വാഹനസൗകര്യം കുറവായിരുന്ന കാലം) രാത്രിസമയം കഴിച്ച് കൂട്ടുവാൻ അവർ സെമിനാരിയിൽ വന്നെത്താറുണ്ട്. അങ്ങനെവരുന്നവർക്ക് കിടന്നുറങ്ങുവാൻവേണ്ടി പായും തലയിണയും പ്രത്യേകം കരുതിവെക്കുമായിരുന്നു. സെക്രട്ടറി അച്ചനോ ശെമ്മാശ്ശനോ അതെടുത്ത് കൊടുത്ത് വരുന്നവരെ തിരുമേനിയുടെ മുറിക്കടുത്തുള്ള ഹാളിൽ കിടത്തുകയാണ് പതിവ്. തിരുമേനിയുടെയും മറ്റും മധുരമായ പാതിരാഗാനം അവർക്ക് സ്വർഗ്ഗീയാനുഭൂതി വളർത്തിയിരുന്നതായി അവരിൽ പലരും പറയുമായിരുന്നു. ആ മധുരസ്മരണകൾ അയവിറക്കുന്നവർ പലരും ഇന്നും കാണും.

## പ. പിതാവ് അനുഭവങ്ങളും സാക്ഷ്യങ്ങളും

### അന്ത്യോഖ്യാ സിംഹാസനത്തിന് പ. വലിയ തിരുമേനിയോടുള്ള പരിഗണന

പരിശുദ്ധനായ വലിയ തിരുമേനി അന്ത്യോഖ്യായിലേക്ക് പോയിട്ടില്ല; എന്നു വരികലും തന്റെ ഉൾക്കണ്ണുകൾ കൊണ്ട് പരി. സിംഹാസനത്തെ അദ്ദേഹം കണ്ടുകൊണ്ടിരുന്നു. ബന്ധപ്പെട്ടുമിരുന്നു. നേരിൽ കാണാതിരുന്നിട്ടുപോലും പരി. അന്ത്യോഖ്യാ പാത്രിയർക്കിസ് അപ്രേം പ്രഥമൻ ബാവ വലിയ തിരുമേനിയ്ക്ക് നൽകിയ പരിഗണന ശ്രദ്ധേയമാണ്. പ.ബാവ തിരുമേനി ഒരിക്കൽ കൽപ്പിക്കുകയുണ്ടായി. മോർ അത്താനാസ്യോസ് ഹോംസിൽ വരുന്ന പക്ഷം നമ്മുടെ അവകാശത്തിൽ പകുതി നാം അവന് ദാനം ചെയ്യും പരി. ബാവാ തന്റെ സ്വകാര്യ മുറിയിൽ വലിയ തിരുമേനിയുടെ ഒരു ഛായാപടം മാത്രമാണ് മെത്രപ്പൊലിത്താന്മാരുടെ ഗണത്തിൽ വച്ചിരുന്നത്. ഇതിൽ നിന്നും വലിയ തിരുമേനിക്ക് അന്ത്യോഖ്യാ സിംഹാസനാസ്ഥാനാത്തുണ്ടായിരുന്ന പരിഗണന എത്ര വലിയതാണെന്ന് ഊഹിക്കാമല്ലോ. അന്ത്യോഖ്യാ പാത്രിയർക്കീസായ പ.അപ്രേം പ്രഥമൻ ബാവ തന്നെയാണ് വലിയ തിരുമേനിയ്ക്ക് "വിശ്വാസ സംരക്ഷകൻ" എന്ന പേര് നൽകിയത്

### വലിയ തിരുമേനിയുടെ ഗുരുഭക്തി

കോതമംഗലം മോർ അത്തനേഷ്യസ് കോളജുകൾക്ക് (മോർ അത്തനേഷ്യസ് കോളജ് ഓഫ് എൻജിനീയറിങ്ങ്, മോർ അത്തനേഷ്യസ് ആർട്സ് ആന്റ് സയൻസ് കോളജ്) ആ പേരു നൽകിയത് സംബന്ധിച്ച് അറിയാൻ കഴിഞ്ഞത് ഇപ്രകാരമാണ്. കോളജ് അസോസിയേഷൻ ഭാരവാഹികൾ വലിയ തിരുമേനിയെ സമീപിച്ച് യുവജനങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കലാലയം ഉണ്ടാകേണ്ട ആവശ്യകത അറിയിച്ചു. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കൂടിയ യോഗതീരുമാനം അനുസരിച്ച് അന്നത്തെ തിരുവിതാംകൂർ സർവ്വകലാശാലയിൽ ഒരു ഗ്രേഡ് കോളേജിന് അപേക്ഷ സമർപ്പിച്ചു. ആ കോളജിന് വലിയ തിരുമേനിയുടെ പേർ കൊടുക്കണമെന്ന് ആഗ്രഹമുണ്ടെന്ന് തിരുമേനിയെ അറിയച്ചു. അപ്പോൾ തിരുമേനി കല്പിച്ചത്, " അതു വേണ്ട എന്റെ ശ്രേഷ്ഠ ഗുരുവായ പരുമലതിരുമേനിയുടെ പേർ മതി" എന്നായിരുന്നു. എന്നാൽ അപേക്ഷകർ വീണ്ടും "പരി. പരുമലതിരുമേനിയുടെ നാമത്തിൽ വേറെ അനവധി സ്മാരകങ്ങൾ ഉണ്ടല്ലോ; അതിനാൽ ഈ കോളജിന് തിരുമേനിയുടെ പേർ തന്നെ ഇടുവാൻ അനുവദിക്കണം" എന്ന് നിർബന്ധിച്ചു പറഞ്ഞു. അങ്ങനെ ആ കോളജുകൾ വന്ദ്യ തിരുമേനിയുടെ പേരിൽ സ്മാരകമായി ഇപ്പോഴും നില കൊള്ളുന്നു. A.D1953 ജൂൺ 21-ാം തിയതി ആലുവായിൽ കൂടിയ കോളജ് അസോസിയേഷൻ യോഗമാണ് തിരുമേനിയുടെ നാമം കോളേജിന് നൽകുകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

### നേർച്ച (കാണിയ്ക്ക) അർപ്പിക്കേണ്ടതിന്റെ ആവശ്യകത

ഒരിക്കൽ വലിയ തിരുമേനിയുടെ സഹോദരനായ കുഞ്ഞവരയുടെ പുത്രിയും കുറച്ച ബന്ധുക്കളും കൂടി തെക്കൻ പ്രദേശത്തെ ചില പള്ളികളിലേയ്ക്ക് തീർത്ഥ യാത്ര പോയി. അവർ മടങ്ങി വന്ന് യാത്രവിശേഷങ്ങൾ തിരുമേനിയെ അറിയിക്കുന്നതിടയിൽ "ഞങ്ങൾ പരുമല പള്ളിയിൽ പോയില്ല" എന്ന് അറിയിച്ചു. തിരുമേനി ഉടനെ കാരണം അന്വേഷിച്ചു. പരുമല പള്ളി മറുകക്ഷിയുടെ കൈവശം ആയിരുന്നതിനാൽ അവിടെ പോയി നേർച്ച ഇടരുതെന്ന് സഭയിൽ സ്ഥാനമുള്ള ഒരാൾ തങ്ങളോട് പറഞ്ഞതുകൊണ്ടാണ് അവിടേയ്ക്ക് പോകാതിരുന്നതെന്ന് മറുപടി പറഞ്ഞു. അപ്പോൾ തിരുമേനി കല്പിച്ചു, "മക്കളെ അത് ശരിയായില്ല, പരുമല തിരുമേനി പരിശുദ്ധനാണ്. പരിശുദ്ധൻമാരുടെ കബറിടം സന്ദർശിക്കുകയും, മെഴുകുതിരി കത്തിക്കുകയും, പ്രാർത്ഥിക്കുകയും, വഴിപാടിടുകയും ചെയ്യേണ്ടത് വിശ്വാസികൾ എല്ലാവരുടേയും കടമയാണ്. വി. സ്ഥലങ്ങൾ ആരുടെ കൈവശം ആയാലും പരിശുദ്ധന്മാരോട് മദ്ധ്യസ്ഥത യാചിക്കുന്ന വിശ്വാസികൾക്ക് അത് അനുഗ്രഹമായിരിക്കും; സംശയമില്ല. വഴിപാട് പണം ആരെങ്കിലും ദുർവിനിയോഗം ചെയ്താൽ അതിന്റേതായ ശാപം അവർക്കായിരിക്കും; വിശ്വാസികൾക്ക് അത് ഒരു ദോഷവും ചെയ്യില്ല." എത്ര ശ്രദ്ധേയമായ ഉപദേശം.

### തിരുമേനിയുടെ ശ്രദ്ധേയമായ അനുകമ്പ

പണ്ടു വലിയ തറവാടുകളിൽ മക്കൾക്ക് സ്വത്ത് വീതിക്കുമ്പോൾ സ്ഥിരമായുള്ള വേലക്കാരേയും പങ്കുവയ്ക്കുന്ന ഒരു പതിവ് നടപ്പിലുണ്ടായിരുന്നു അതിന്റെ അടിസ്ഥാനത്തിൽ വന്ദ്യ തിരുമേനിയുടെ കുടുംബത്തിൽ സ്വത്ത് വീതം വെച്ചപ്പോൾ 'പാൽക്കാടി' (പുലയസ്ത്രീ) എന്നൊരു വേലക്കാരിയെ തിരുമേനിയുടെ വീതത്തിലേക്ക് പങ്കുവച്ചു. പണിയെടുക്കുന്ന കുടുംബത്തോട് കറയറ്റ കൂറ് പുലർത്തിവന്ന ആ സത്രീ ചിലപ്പോഴൊക്കെ ആലുവ സെമിനാരിയിൽ വരാറുണ്ടായിരുന്നു. തിരുമേനി ആ സ്ത്രീക്ക് ഭക്ഷണം, വസ്ത്രം, യാത്രച്ചെലവിനുള്ള പണം എന്നിവ കൊടുക്കുമായിരുന്നു. പള്ളിത്തമ്പുരാനിൽ നിന്നും ഇവയെല്ലാം കിട്ടുന്നത് ഒരു മഹാഭാഗ്യമായി ആ പുലയസ്ത്രീ കണക്കാക്കുകയും ചെയ്തിരുന്നു.എന്നാൽ തിരുമേനി ആർക്കും സൗജന്യമായി യാതൊന്നും സാധാരണ കൊടുക്കാറില്ലായിരുന്നു. 'പാൽക്കാടി' വന്നിട്ടുണ്ടെന്നറിഞ്ഞാൽ ശുശ്രൂഷക്കാരൻ 'മാത്തുവിനെ' വിളിച്ച് സെമിനാരി പറമ്പിലെ കരിയില അടിയ്ക്കുക മുതലായ പണികൾ ആ സ്ത്രീയെക്കൊണ്ട് ചെയ്യിക്കുവാൻ കൽപ്പിക്കാറുണ്ടായിരുന്നു. അങ്ങനെ ചെറിയ ചെറിയ ജോലികൾ ചെയ്യിക്കുന്നതോടൊപ്പം പ്രത്യേകമായ അനുകമ്പാഭാവവും തന്റെ തറവാട്ടു വേലക്കാരിയോട് വന്ദ്യതിരുമേനി പ്രകടിപ്പിച്ചിരുന്നു. അവർക്കാണെങ്കിൽ തിരുമേനിയുടെ നേർക്ക് പറഞ്ഞറിയിക്കാനാവാത്ത ഭക്ത്യാദരവുകളും!

വന്ദ്യ തിരുമേനി തന്റെ സ്വന്തം ബന്ധുക്കൾക്കായാലും, വേലക്കാർക്കായാലും ഒരിക്കലും 'തമ്പുരാനെപ്പെറ്റ അമ്മയുടെ സ്വത്ത്' (ദേവാലയം വക പണം) വെറുതെ കൊടുത്തിരുന്നില്ല.

### മഹാരാജാവിന്റെ പരിഗണന

ഒരിക്കൽ സമുദായക്കേസിനോടനുബന്ധിച്ച് കൊച്ചി രാജ്യത്തെ പളളികളിൽ വലിയ തിരുമേനി പ്രവേശിക്കരുതെന്ന് ഒരു കോടതി വിധി ഉണ്ടായി. ആ വർഷം കഷ്ടാനുഭവാഴ്ച (ഹാശ ആഴ്ച) കൊച്ചി പ്രദേശത്തെ ഒരു പള്ളിയിൽ താമസിച്ച് ശുശ്രൂഷകൾ നടത്തുവാൻ തിരുമേനി നേരത്തെ തീരുമാനിച്ചിരുന്നു. മേൽപ്പറഞ്ഞ വിധി അതിനു തടസ്സമായി വന്നു. പള്ളി ഭരണാധികാരികൾ തിരുമേനി എഴുന്നള്ളി താമസിക്കുന്നതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഒരുക്കിക്കഴിഞ്ഞിരുന്നു. ഇടവകാംഗങ്ങൾ മഹാരാജാവിനെ മുഖം കാണിച്ച് വിവരമെല്ലാം ഉണർത്തിച്ചു. വലിയ തിരുമേനിയുടെ ആവശ്യമാണെന്ന് മനസ്സിലാക്കിയ കൊച്ചി രാജാവ് ഒരു വിളംബരം വഴി കുറച്ച് ദിവസത്തേക്ക് ആ കോടതി വിധി അസ്ഥിരപ്പെടുത്തി. അങ്ങിനെ മുൻ പരിപാടിയനുസരിച്ച് തിരുമേനി ആ പള്ളിയിൽ തന്നെ കഷ്ടാനുഭവാഴ്ച ശുശ്രൂഷകൾ നടത്തി. ഈ സംഭവത്തിൽ നിന്ന് കൊട്ടാരത്തിൽപ്പോലും വലിയ തിരുമേനിക്ക് പ്രത്യേക പരിഗണന ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം.

### വലിയ തിരുമേനിയും സർ സി. പി. രാമസ്വാമി അയ്യരും

സമുദായക്കേസ് സംബന്ധിച്ച് പാത്രിയർക്കിസ് കക്ഷിക്കുവേണ്ടി വാദം നടത്തുന്നതിനായിട്ട് വലിയ തിരുമേനി മദ്രാസിൽ നിന്ന് വരുത്തിയ പ്രസിദ്ധ വക്കീലാണ് സർ സി.പി രാമസ്വാമി അയ്യർ. ഇങ്ങനെ ആദ്യമായി തിരുവിതാംകൂറിൽ ആഗതനായ ഈ വ്യക്തിയാണ് പിൽക്കാലത്ത് തിരുവിതാംകൂർ ദിവാനായി പ്രസിദ്ധിയാർജ്ജിച്ച സർ സി.പി.

### മലങ്കരയിലെ സൺഡേസ്കൂൾ പ്രസ്ഥാനവും വലിയ തിരുമേനിയും

A.D 1920 ധനു മാസത്തിൽ പിറവം സെമിനാരിയിൽ വച്ചാണ് മലങ്ക ര സൺഡേസ്കൂൾ അസോസിയേഷൻ രൂപം പ്രാപിച്ചത്. അതിന്റെ ജനയിതാവ് അഭിവന്ദ്യനായ വലിയ തിരുമേനിയായിരുന്നു.

A.D 1940 മേടമാസത്തിൽ നടക്കേണ്ടിയിരുന്ന ഒരു വാർഷികം നടക്കാതെ വന്നപ്പോൾ അഭിവന്ദ്യതിരുമേനി തന്നെ മുൻകൈയ്യെടുത്ത് A.D1940 ധനു 19-20 തിയതികളിൽ ആലുവ സെമിനാരിയിൽ യോഗം വിളിച്ചു കൂട്ടുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു.

പിറവം സെമിനാരിയിലെ താമസക്കാരായ വൈദികരുടെ ഉത്സാഹത്താൽ അവിടെയും, അടുത്ത പല സ്ഥലങ്ങളിലും സൺഡേസ്കൂളുകൾ സ്ഥാപിച്ചു. നടത്തിക്കൊണ്ടിരുന്നു ഈ സ്ക്കൂളുകൾ യാതൊരു ഏകീഭാവവും പരസ്പര ബന്ധവുമില്ലാതെയത്രേ നടന്നുകൊണ്ടിരുന്നത്. ഇവ യോജിച്ചു നടത്തിയാൽ ഐക്യമത്യ പരിണാമം അനുസരിച്ച് പല ഗുണങ്ങളും ഉണ്ടാകുമെന്നുള്ള ആശയോടുകൂടി അതിനെ സംബന്ധിച്ച് വേണ്ട ആലോചനകൾ നടത്തുന്നതായി 1920 ധനു 12 നു പിറവം സെമിനാരിയിൽ വച്ച് മലങ്കരയുടെ പൌലോസ് മോർ അത്താനാസ്യോസ് മെത്രപ്പൊലിത്താ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ആ യോഗത്തിലെ നിശ്ചയമനുസരിച്ച് ഈ സൺഡോസ്കൂളുകൾ യോജിപ്പിച്ചു "സൺഡേസ്കൂൾ അസോസിയേഷൻ" എന്ന പേരോടുകൂടി ഒരു സ്ഥാപനമുണ്ടാക്കി.

### വലിയ തിരുമേനിയുടെ കട്ടിൽ




ഏതാനും വർഷങ്ങൾക്കു മുമ്പ് അവിചാരിതമായി ആലുവായിലെ വലിയ തിരുമേനിയുടെ ഇടവകപ്പള്ളിയായ അകപ്പറമ്പ് മോർ ശാബോർ- അഫ്രോത്ത് ദേവാലയത്തിൽ വന്നു കിട്ടിയ സംപൂജ്യവിശിഷ്ട സ്മാരകമാണ് ഈ കട്ടിൽ. പുരാതന കേരളീയ ശിൽപ്പകലയുടെ ഒരു മനോഹരദൃശ്യം കൂടിയാണ് പ്രസ്തുത കട്ടിൽ. അകപ്പറമ്പ് പള്ളിയുടെ വടക്കേ വരാന്തയുടെ കിഴക്കു ഭാഗത്ത് പ്രത്യേകം തയ്യാറാക്കിയ ഒരു "കട്ടിൽ മുറി"യിൽ മേൽപ്പറഞ്ഞ കട്ടിൽ ആത്മിയ പ്രാധാന്യമുള്ള ഒരു അമൂല്യവസ്തുവായി സൂക്ഷിച്ചിട്ടുണ്ട്.

A.D 1993 ഡിസംബർ 1-ാം തിയതി അഭിവന്ദ്യ ഇടവക മെത്രപ്പൊലിത്ത തോമസ് മോർ ദീവന്നാസ്യോസ് തിരുമേനി ശുദ്ധീകരണത്തിന്റെ പ്രത്യേക ശുശ്രൂഷകൾ നടത്തി കട്ടിൽ പാവന സ്മാരകമാക്കുകയുണ്ടായി. അന്നു മുതൽ വിശ്വാസികൾ ഇവിടം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരുന്നു.

'പുണ്യശ്ലോകനായ മോർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ പേരിൽ - താൻ മാമോദിസ മുങ്ങിയതും, താൻ മെത്രാൻ സ്ഥാനാഭിഷേകം ചെയ്യപ്പെട്ടതും, താൻ എപ്പോഴും ശരണപ്പെടുന്ന കാദീശങ്ങളുടെ നാമത്തിലുളളതും, തന്റെ ഇടവകപ്പള്ളിയുമായ മോർ ശാബോർ അഫ്രോത്ത് ദൈവാലയത്തിൽ - എന്നെന്നേക്കും നിലനിൽക്കുന്ന ഒരു സ്മാരകം ഇതുവഴി ഉണ്ടായി എന്നുള്ളതാണ് സത്യം.

### സൗജന്യത്തിനുമുണ്ട് ഒരതിര്

സഭ വകയോ, ഭദ്രാസനം വകയോ, പള്ളി വകയോ ആയ പണമോ, വസ്തുക്കളോ ന്യായരഹിതമായി മറ്റൊരാൾക്കും - തന്റെ കുടുംബാംഗങ്ങൾക്കുപോലും സൗജന്യമായി നൽകുവാൻ തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല; അങ്ങനെ കൊടുക്കയില്ലെന്നുള്ളത് നിർബന്ധവുമായിരുന്നു.

ഒരിക്കൽ തന്റെസഹോദരപുത്രിമാരിൽ ഒരവൾ സാമ്പത്തിക പരാധീനത മൂലം സ്വന്തം വീട്ടിലെ കൃഷി നടത്തുന്നതിന് രണ്ടു കാളകളെ വാങ്ങുവാൻ തിരുമേനിയോട് സഹായം അപേക്ഷിച്ചു. ഈ അപേക്ഷ തിരുമേനി ആദ്യം നിഷേധിച്ചുവെങ്കിലും, അവൾ വീണ്ടും വീണ്ടും കേണപേക്ഷിച്ചപ്പോൾ തിരുമേനി മനസ്സില്ലാമനസ്സോടെ തനിക്കു കിട്ടിയ കൈമുത്തിൽ നിന്ന് കുറച്ചു പണംനൽകിക്കൊണ്ട് പറഞ്ഞു. "മോളെ ഇത് തീ മുതലാണ്" അവൾ അതുകൊണ്ട് രണ്ടു കാളകളെ വാങ്ങി, നിലമൊരുക്കി, കൃഷിയിറക്കി, വിളവെടുപ്പും നടന്നു. അധികം വൈകാതെ ആ കാളകൾ രണ്ടും രോഗം പിടിപെട്ട് ചത്തു പോയി. തീ മുതലിന്റെ അന്ത്യം

തിരുമേനിയുടെ സഹോദരന്റെ തന്നെ വേറൊരു പുത്രി ഇടയ്ക്കിടക്ക് സെമിനാരിയിൽ വന്ന് തന്റെ സങ്കടങ്ങൾ ഉയർത്തിക്കാറുണ്ടായിരുന്നു. ചട്ടയ്ക്കും മുണ്ടിനുമുള്ള ചെറിയ സഹായങ്ങൾ ചിലപ്പോഴൊക്കെ തിരുമേനി കൊടുത്തിരുന്നു. പക്ഷെ കൂടെ ഒരു കാര്യം നിർബന്ധമായി ചെയ്യിച്ചിരുന്നു. സെമിനാരിയിലെ കീറലുള്ള കാപ്പകൾ, ഉപകരണങ്ങളുടെ, ഉടുപ്പുകൾ മുതലായവയുടെ അറ്റകുറ്റപ്പണികൽ ആ കുടുംബാംഗത്തെക്കൊണ്ട് ചെയ്യിച്ചിരുന്നു. സെമിനാരിയിൽ എന്തെങ്കിലും ജോലി എടുപ്പിച്ചുകൊണ്ടല്ലാതെ അവരെ തിരിച്ചയക്കാറില്ല.

### അനുകരണീയമായ ആതിഥ്യമര്യാദ

സമൃദ്ധമായിട്ടൊന്നുമല്ലെങ്കിലും ആലുവ സെമിനാരിയിൽ വരുന്നവർക്കെല്ലാം - ഭക്ഷണ സമയത്ത് വരുന്നവർക്ക് പ്രത്യേകിച്ച് - എന്തെങ്കിലും ഭക്ഷണം നൽകാതെ വന്ദ്യതിരുമേനി പറഞ്ഞയയ്ക്കുമായിരുന്നില്ല. വിശക്കുന്ന വയറുമായി സെമിനാരിയിൽ നിന്നും ആരും പോകരുതെന്നായിരുന്നു തിരുമേനിയുടെ ചിന്താഗതി. തിരുമേനിയുടെ സ്മാരകമായി നല്ലൊരു 'അഗതി മന്ദിര'മാണ് ഉണ്ടാകേണ്ടിയിരുന്നതെന്ന് തോന്നിപ്പോകുന്നു. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" എന്ന വാക്യം വലിയ തിരുമേനിയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്.

### വന്ദ്യതിരുമേനിയുടെ വ്രതനിഷ്ഠ

കഥാനായകൻ ശെമ്മാശ്ശ പദവിയിലേക്ക് ഉയർത്തപ്പെട്ടശേഷം, പ്രിയപ്പെട്ട മാതാവിനെ അല്ലാതെ മറ്റൊരു സ്ത്രീക്കും തന്റെ മുറിയിൽ തനിച്ച് പ്രവേശനം അനുവദിച്ചിരുന്നില്ല. ശെമ്മാശ്ശ പദവി മുതൽ തന്റെ ജീവിതാന്ത്യം വരെ സ്ത്രീകൾക്ക് തന്നെ കാണണമെന്നുണ്ടെങ്കിൽ ഒരേ സമയം രണ്ടുപേരിൽ കുറയാതെയുള്ള സ്ത്രീകൾ ഒരുമിച്ചു മാത്രമേ തന്റെ സമീപത്തു വരുവാൻ നിർബന്ധമായും അനുവദിച്ചിരുന്നുള്ളൂ. " സീസറിന്റെ ഭാര്യ വിവാദത്തിന് അതീതയായിരിക്കണം"മെന്ന ആംഗലേയ വാക്യം ഇതുവഴി തിരുമേനിയുടെ ജീവിതത്തിൽ അന്വർത്ഥമാകുന്നു.

### മെത്രാനായിരിക്കുമ്പോഴും അൽമായക്കാരന്റെ ചുമതലാനിർവ്വഹണം

വന്ദ്യനായ വലിയ തിരുമേനി തന്റെ മാതാപിതാക്കളുടെ ഓർമ്മ ദിവസം താൻ കുർബാനയിൽ ഓർക്കുന്നതു കൂടാതെ ഏതെങ്കിലും ഒരു വൈദികനെ കൊണ്ടു കൂടി അവരുടെ നാമത്തിൽ വിശുദ്ധ കുർബാന ചെല്ലിക്കുക നിർബന്ധമായിരുന്നു. അന്നത്തെ പതിവനുസരിച്ചുള്ളതിനേക്കാൾ വളരെ കൂടിയ പ്രതിഫലം (കുർബാനപ്പണം) ആ വൈദികനു നിർബന്ധമായി കൊടുക്കുകയും ചെയ്യുമായിരുന്നു. മൺമറഞ്ഞ മാതാപിതാക്കളേയും, ബന്ധുക്കളേയും സംബന്ധിച്ച് നമുക്ക് ഒരോരുത്തർക്കുമുള്ള ചുമതല എന്താണെന്നാണ് വലിയ തിരുമേനി ഈ നടപടിയിലൂടെ എല്ലാവരെയും ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത്.

### വൈദികരെപ്പറ്റിയുള്ള കരുതൽ

ഒരു വൈദികസ്ഥാനാർത്ഥി വിദ്യാഭ്യാസം, സ്വഭാവം, കുടുംബസ്വത്ത് തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക നിബന്ധനകൾ പാലിക്കണമെന്ന് വലിയ തിരുമേനിയ്ക്ക് നിർബന്ധമുളളകാര്യമായിരുന്നു. എത്ര അടുത്ത ബന്ധുവാണെങ്കിലും, ഉന്നതസ്ഥാനിയർ ശുപാർശ ചെയ്താൽ പോലും താൻ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എല്ലാവർക്കും ഒരുപോലെ ബാധകമായിരുന്നു. 26 വയസ്സെങ്കിലും പൂർത്തിയാക്കണം, 10-ാം ക്ലാസ്സ് എങ്കിലും ജയിച്ചിരിക്കണം, ജീവിക്കുവാൻ ആവശ്യമായ കുടുംബസ്വത്ത് സ്വന്തം പേരിൽ ഉണ്ടായിരിക്കണം എന്നീ മൂന്ന് വ്യവസ്ഥകൾ നിറവേറ്റിയതിനുശേഷം മാത്രമെ ആർക്കും വലിയ തിരുമേനി പട്ടം കൊടുക്കാറുണ്ടായിരുന്നുള്ളൂ. മേൽപ്പറഞ്ഞ വ്യവസ്ഥകൾ സാധുവാകുവാൻ പ്രമാണം രജിസ്റ്റർ ചെയ്യണമെന്നായിരുന്നു അന്നത്തെ സമ്പ്രദായം.

### വലിയ തിരുമേനിയും മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനവും

മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം മലങ്കരയിൽ ആരംഭിച്ചത് വലിയ തിരുമേനിയാണ്. അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട ചെറുതോട്ടുകുന്നേൽ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളിയിൽ വച്ച് A.D1922 മേയ് 6 ന് ആണ് ആരംഭിച്ചത്.

### കടപ്പാട്

**ഈ പ്രത്യേക പതിപ്പിൽ മൺമറഞ്ഞ് പോയ പിതാക്കന്മാർ എഴുതിയ ലേഖനങ്ങൾ എടുത്തിരിക്കുന്നത് വന്ദ്യ ഡോ. കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പ രചിച്ച ആലുവായിലെ വലിയ തിരുമേനി എന്ന ഗ്രന്ഥത്തിൽ നിന്നും ഷെവ. കെ വി പൗലോസ് എഴുതിയ സത്യവിശ്വാസ സംരക്ഷകൻ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി എന്ന ഗ്രന്ഥത്തിൽ നിന്നുംമാണ്.**

# ഗുരുഭൂതന്മാരുടെ ദിവ്യദൃഷ്ടി



തിരുമേനി ഉപയോഗിച്ചിരുന്ന മസ്നപ്സ

തിരുമേനിക്ക് പത്തുവയസ്സുള്ളപ്പോൾ ശെമ്മാശ്ശ പട്ടം നൽകിയ 'അമ്പാട്ടു മോർ കൂറിലോസ്' തിരുമേനി ഒരു ദിവസം ആ ശെമ്മാശന്റെ തലയിൽ ഒരു പുതിയ മസ്നപ്സ ഇട്ടു പലപ്രാവശ്യം തന്റെ മുമ്പിൽ അങ്ങോട്ടും ഇങ്ങോട്ടും നടത്തിച്ചു. ആ ഗുരുശ്രേഷ്ഠൻ തന്റെ വത്സല ശിഷ്യന്റെ ഭാവി മെത്രപ്പൊലിത്ത സ്ഥാനം ഉൾക്കണ്ണു കൊണ്ട് കണ്ടു കാണണം, അതു കൊണ്ടിയിരിക്കണമല്ലോ അദ്ദേഹത്തിന് അങ്ങനെയൊരു ഉൾപ്രേരണ ഉണ്ടായത്.

അതുപോലെ തന്നെ കഥാനായകന് കശീശപ്പട്ടവും, റമ്പാൻ സ്ഥാനവും നൽകിയ പരി. പരുമലതിരുമേനി റമ്പാച്ചന് ഒരു പത്രസീനും, ശീലമുടിയും, ഒരു പട്ടം കൊടപുസ്തകവും കൊടുത്തതും തന്റെ കാലശേഷം റമ്പാച്ചന് മെത്രപ്പൊലിത്തയാകുവാനുള്ള ദൈവവിളിയുണ്ടാകുമെന്നതിന്റെ മുൻകുറിയായിരുന്നിരിക്കാം. പ. പരുമലതിരുമേനി A.D1902 -ൽ കാലം ചെയ്തല്ലോ. A.D1910 -ൽ ആണ് വലിയ തിരുമേനി മെത്രപ്പൊലിത്ത സ്ഥാനത്തേക്ക് വിളിക്കപ്പെട്ടത്.

# സത്യവിശ്വാസത്തിന്റെ കാവൽഭടൻ

**ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രപ്പൊലിത്ത**

ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ് പരിശുദ്ധാത്മ പ്രചോദിതനായി കർത്തൃ സന്നിധിയിൽ ഏറ്റു പറഞ്ഞ വിശ്വാസമാകുന്ന 'പാറമേൽ' മശിഹാ സ്ഥാപിച്ച സഭയുടെ വിശ്വാസ സത്യങ്ങളേയും ശ്ലൈഹിക പാരമ്പര്യങ്ങളേയും രക്ഷാകരമായ വി. കൂദാശകളുടെ അനുഷ്ഠാനങ്ങളേയും വിശുദ്ധ പിതാക്കന്മാർ അപ്പോസ്തോലിക കാലം മുതൽ നിലനിർത്തി വരുന്ന നമ്മുടെ പരിശുദ്ധ പൈതൃക പാരമ്പര്യങ്ങളേയും അണുവിട വ്യത്യാസപ്പെടുത്താതെ കാത്തു പരിരക്ഷിച്ച്, തന്നെ ഭരമേല്പിച്ച മശിഹായുടെ അജഗണത്തെ സംശുദ്ധിയോടും അതിലേറെ ഉത്തരവാദിത്വത്തോടും പരിപാലിച്ച് സത്യമാർഗ്ഗത്തിലും സത്യവിശ്വാസത്തിലും നിലനിർത്തിയ കർമ്മ ധീരനും പുണ്യധനനുമായ 'സത്യവിശ്വാസസംരക്ഷക'നായിരുന്നു ആലുവായിലെ വലിയ തിരുമേനി.

അതിലളിതമായ ജീവിതവും പരിപാവനമായ ജീവിത നിഷ്ഠയും കൊണ്ട് ധന്യമാക്കപ്പെട്ട ആ പുണ്യ ജീവിതം ആചാരത്വത്തിനും പ്രധാനചാര്യത്വത്തിനും മഹാ മാതൃക തന്നെ. പുണ്യചരിത്രമായ വലിയ തിരുമേനിയുടെ കാലഘട്ടത്തിൽ ജീവിച്ചവരുടെ പിൻ തലമുറകളായി ജീവിച്ചിരിക്കുന്നവരുമായ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ആദരവിന്റെയും അതിലേറെ ഭക്തിയുടേയും അനുഭൂതികൾ അലയടിക്കുന്നു.

പുണ്യപിതാവിന്റെ ആരാധനകളും കർമ്മാനുഷ്ഠാനങ്ങളും സ്വർഗ്ഗീയാനുഭൂതിയും മാലാഖമാർക്കടുത്ത ശബ്ദമാധുരിയും കിന്നര സദൃശമായ ഗാനസൗഭഗതയും ആ തലമുറയിലെ സമസ്ത ആരാധനകരുടേയും അന്തരാളത്തിൽ കോൾമയിർ ഉയിർക്കുന്നവയായിരുന്നു.

ജീവിച്ചിരിന്നപ്പോഴും മരണാനന്തരവും അവിടുത്തെ ദിവ്യമദ്ധ്യസ്ഥ വഴിയായി അനേകായിരങ്ങൾ അനഗ്രഹീതരായി തീർന്നിരുന്നു.തീർന്നുകൊണ്ടിരുന്നു. തിരുവായ്മൊഴിഞ്ഞും തൃക്കൈവച്ചും, സഭാ മക്കളേയും അന്യജാതി മതസ്ഥരേയും അവിടുന്നു അനുഗ്രഹിച്ച് അത്ഭുതകരമായ കൃപാദാനങ്ങളാൽ സംതൃപ്തരാക്കുന്നു.

സഭാന്തരീക്ഷം കൊടുങ്കാറ്റും കൊള്ളിയാൻ മിന്നലുകളും ഇടിമുഴക്കവും കൊണ്ട് പ്രക്ഷുബ്ധമായിരുന്ന കാലഘട്ടത്തിൽ വി. സഭാനൗകയെ കണ്ണീരോടെ പ്രാർത്ഥിച്ചും ഉപവസിച്ചും അതിലേറെ ദൈവാശ്രയത്തിൽ ശരണപ്പെട്ടും ഏകനായി നയിച്ചു. പ്രതിസന്ധികളും ഗുരുതരമായ മനഃക്ലേശങ്ങളും അവിടുത്തെ ജീവിത സരണികളെ വലയം ചെയ്യുമ്പോഴെല്ലാം സമചിത്തതയോടും ദൈവാശ്രയത്തോടും കൂടി ആ പുണ്യവാൻ അവയെല്ലാം അതിജീവിച്ചു.

അവിടുത്തെ സന്നിധിയിൽ തിരുമനസ്സിന് പ്രയാസമുളവാക്കിയിട്ടുള്ളവർക്ക് ലഭിച്ച കടുത്ത ശിക്ഷകൾ അസംഖ്യമാണ്. വിശ്വാസപൂർവ്വം ആദരവോടെ തിരുസന്നിധിയിൽ അഭയപ്പെടുന്നവർക്ക് കൃപാദാനങ്ങളും നൽവരങ്ങളും ലഭിച്ചതും അസംഖ്യമാണ്.

ബലഹീനനായ എന്നെ ഏഴുവയസ്സിൽ ദൈവവേലയ്ക്കായി കൈപിടിച്ചു കയറ്റിയത് ആ പുണ്യവാനാണെന്ന്. എനിക്ക് അഭിമാനപൂർവ്വം ആദരവോടെ സ്മരിക്കാം. തൃക്കോതമംഗലം ശർബീൽ ദയറാപള്ളിയിൽ എന്റെ പുണ്യപിതാവായ 'മീഖായേൽ മോർ ദിവന്നാസ്യോസ്' തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ദൈവിക ശുശ്രൂഷയ്ക്കായി കൈവച്ച് അനുഗ്രഹിച്ചു. 'മ്സമ്രോനോ' സ്ഥാനം നൽകി അനുഗ്രഹിച്ചു.

പുണ്യവാനായ തിരുമേനിയുടെ 'സുസ്താത്തിക്കോൻ' മുൻ സഭാ ട്രസ്റ്റിയും വന്ദ്യ തിരുമേനിയുടെ ആരാധകനും വിശ്വസ്ത സേവകനുമായിരുന്ന പുല്ലാട്ടു തുകലൻ പൈലോ അവിര, കുഴിയേലിലെ വല്ല്യപ്പൻ, സ്നേഹപൂർവ്വം എനിക്ക് നൽകുകയുണ്ടായി. അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

കാലാകാലങ്ങളിലെ തലമുറകളിൽ ആ പുണ്യനാമം ആദരവോടെ സ്മരിക്കപ്പെടട്ടെ.

# പ. വലിയതിരുമേനിയെപ്പറ്റി മലയാളമനോരമ യുടെ ഇന്നത്തെ തലമുറ അറിയുവാൻ

## പ. വലിയ തിരുമേനിയും മാർ തെയോഫിലോസും മലയാളമനോരമയും

കേരളത്തിലെ പ്രമുഖ മലയാളപത്രവും യാക്കോബായ സഭാ വിശ്വാസികൾ ഏറ്റവും കൂടുതൽ വരിക്കാരായിരിക്കുന്ന പത്രവുമായ മലയാളമനോരമ എന്ന പത്ര മുത്തശ്ശിയുടെ പക്ഷപാതിത്വവും ധാർമ്മികതയും സഭാ മക്കളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണീ ചെറിയ കുറിപ്പ്. ജനലക്ഷങ്ങൾ ആദരവോടെ കാണുകയും, ഹൃദയത്തിൽ പ്രാർത്ഥനാപൂർവ്വം സ്മരിക്കുകയും ദൈവമുൻപാകെ തങ്ങളുടെ മദ്ധ്യസ്ഥനായി കരുതുകയും ചെയ്യുന്ന ആലുവായിലെ മഹാ പരിശുദ്ധനായ മോർ അത്താനാസിയോസ് തിരുമേനിയെ പരിശുദ്ധൻ എന്ന നിലയിൽ അംഗീകരിക്കാൻ മനോരമക്ക് സാധിക്കുന്നില്ല. വലിയ തിരുമേനിയെ കുറിച്ചുള്ള ഏതു വാർത്തയും പ്രാദേശിക തലത്തിൽ മാത്രം ഒതുക്കുവാൻ ഇവർ ശ്രമിക്കുന്നു. വി. പിതാവിന്റെ നാമം പ. പാത്രിയർക്കിസ് ബാവ തിരുമനസ്സുകൊണ്ട് വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ ഉൾപ്പെടുത്തിയ സന്തോഷ വാർത്ത കൊച്ചിക്ക് അപ്പുറം എത്തിക്കാൻ മനോരമയ്ക്ക് വൈമനസ്യം. ആദ്യ ദിവസം വാർത്ത കൊച്ചിയിൽ ഒതുങ്ങി പിറ്റേ ദിവസം ആരുടേയോ സമ്മർദ്ധത്തെ തുടർന്ന് കോട്ടയം ഭാഗത്തും വന്നു. അപ്പോൾ വാർത്തയുടെ തലകെട്ട് മാറി. ചിത്രം എങ്ങോ പോയിമറഞ്ഞു.

അതിന്റെ അടുത്ത ദിവസങ്ങളിൽ ആലുവായിൽ മറ്റൊരു സംഭവം നടന്നു. മാർ തെയോഫിലോസിന്റെ ഓർമ്മദിവസം. അപ്പോഴാണ് മനോരമയുടെ ധാർമ്മികത ഒരിക്കൽകൂടി തെളിഞ്ഞത്. ആദ്യ ദിവസം കേരളം മുഴുവൻ മാർ തെയോഫിലോസിന്റെ ഓർമ്മ ദിവസത്തിന്റെ വാർത്ത കൊടുത്തു. അടുത്ത ദിവസം നിയുക്ത കാതോലിക്ക ധൂപം വയ്ക്കുന്ന ചിത്രം അടക്കം വാർത്ത മനോരമ കേരളം മുഴുവൻ എത്തിച്ചു. ഓർമ്മദിവസം എത്രപേർ പങ്കെടുത്തു എന്ന് ആലുവായിൽ പോയി തിരക്കിയാൽ അറിയാം. നൂറിൽ താഴെ മാത്രം ആൾക്കാർ. അങ്കമാലി ഭദ്രാസനത്തിൽ രണ്ടായിരത്തിൽ താഴെ ജനങ്ങൾ മാത്രമുള്ള മെത്രാൻ കക്ഷിക്കാരുടെ വാർത്തയ്ക്ക് ലോകം മുഴുവൻ പ്രചാരണം. ജനലക്ഷങ്ങൾ സ്നേഹിക്കുന്ന പ. വലിയ തിരുമേനിയുടെ സ്ഥാനം ആലുവായിലും പരിസരത്തും മാത്രം.

ആലുവായിൽ ഒരു പുതിയ മെത്രപ്പൊലിത്ത എത്തിയിരിക്കുന്നു. എല്ലാവിധ അഭ്യാസങ്ങളും ഈ മെത്രാൻ പയറ്റുകയാണ്. അദ്ദേഹത്തിന്റെ ചെറിയ മുറിയിലോ മെത്രാൻ കക്ഷികളുടെ ചാപ്പലിൽ വെച്ചോ ചെറിയ യോഗങ്ങൾ സംഘടിപ്പിക്കും അതിന്റെ ചിത്രങ്ങൾ എടുത്ത് മനോരമയിൽ കൊടുക്കും. മനോരമ ഉടനെ ലോകം മുഴുവൻ അറിയുന്ന വാർത്തയായി കൊടുക്കും. വലിയ തിരുമേനിയുടെ പൗരോഹിത്യ ശതാബ്ദി ഉദ്ഘാടനം ചെയ്തു തുടങ്ങി പല പല വാർത്തകൾ. ആലുവായിലെ പുതിയ കുടികിടപ്പുകാരാനായ ഈ മെത്രാൻ ഒരുക്കുന്ന തന്ത്രങ്ങൾളുടെ പ്രചാരണം മലയാളമനോരമ എറ്റെടുത്തിരിക്കുകയാണ്.

കോതമംഗലത്ത് പ. യൽദോ മോർ ബസേലിയോസ് ബാവയുടെ പെരുന്നാൾ നടന്നു. ജനലക്ഷങ്ങൾ പെരുന്നാളിലും തീർത്ഥയാത്രയിലും പങ്കെടുത്തു. പക്ഷെ വാർത്ത എറണാകുളം ജില്ലയ്ക്ക് പുറത്തേയ്ക്കില്ല. ഇനിയും തെക്കോട്ട് വാർത്ത വന്നാൽ ആ പ. കബറുങ്കൽ പോയി വല്ലവരും അനുഗ്രഹം പ്രാപിക്കുമോ എന്നാണ് ഇവരുടെ ഭയം. അടുത്ത കാലത്ത് മർത്തമറിയം സമാജം അഖില മലങ്കര വാർഷികം കുമരകം ആറ്റാമംഗലം പള്ളിയിൽ നടന്നു. മെത്രാൻകക്ഷികളുടെ സമാജ വാർഷികം ഡൽഹിയിൽ നടന്നു. യാക്കോബായക്കാരുടെ വാർഷികത്തിന്റെ വാർത്ത കുമരകത്ത് ഒതുങ്ങി. പക്ഷെ മെത്രാൻകക്ഷിക്കാരുടെ വാർത്ത ചിത്രം സഹിതം ജനറൽ പേജിൽ അങ്ങനെ എത്രയെത്ര സംഭവങ്ങൾ. ഇന്ന് ലോകത്തിൽ വിവിധ സ്ഥലങ്ങളിൽ സഭാ മക്കൾ ജോലിക്കായി കുടിയേറുന്നു. സ്വന്തം എന്ന് അവർ കരുന്ന മനോരമ വായിച്ചാൽ യാക്കോബായ വിശ്വാസികളുടെ ഒരു വാർത്തയും ലോകത്തിന്റെ ഒരു ഭാഗത്തും അറിയാൻ സാധിക്കില്ല. മനോരമ പൊതുവായ ഒരു തീരുമാനം എടുത്തിരിക്കുകയാണെന്ന് തോന്നും യാക്കോബായ സഭയുടെ വാർത്തകൾ ഇന്റർനെറ്റിൽ തമസ്കരിക്കുകയെന്ന്.

## പ. വലിയ തിരുമേനിയും മാമ്മൻ മാപ്പിളയും

കോട്ടയത്ത് കണ്ടത്തിൽ മാമ്മൻ മാപ്പിളയും വലിയ തിരുമേനിയും സ്കൂളിൽ സഹപാഠികളായിരുന്നു. സമുദായ കേസിൽ അവരിരുവരും ഇരു ചേരികളിലെ ഉന്നത നായകന്മാരായിരുന്നു. പഴയ സുഹൃത്ബന്ധം അവരിരുവരും കൈവെടിഞ്ഞിരുന്നില്ല. ആ കാര്യത്തിൽ മാമ്മൻ മാപ്പിള പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. തിരുമേനിക്ക് ഹിതകരമല്ലാത്ത വിഷയമൊന്നും അദ്ദേഹത്തോട് നേരിട്ട് പറയുമായിരുന്നില്ല. എന്നാൽ അത്തരത്തിലുള്ള എന്തെങ്കിലും കാര്യം തിരുമേനിയെ അറിയിക്കേണ്ടതുണ്ടെങ്കിൽ അത് മറ്റേതെങ്കിലും മദ്ധ്യസ്ഥൻ വഴിക്ക് നിർവ്വഹിക്കപ്പെട്ടിരുന്നു. തിരുമേനിയുടെ അഹിതം നേരിട്ട് സമ്പാദിക്കുവാൻ മാമ്മൻ മാപ്പിള തയ്യാറായിരുന്നില്ല എന്നതാണ് സത്യം.

## പ. പിതാവ് കാലം ചെയ്ത ദിവസത്തെ മലയാളമനോരമ എഡിറ്റോറിയൽ നിന്ന്

ഒരു രാഷ്ട്രീയ നേതാവിന്റെ നയതന്ത്ര ചാതുര്യമോ ഒരു നിയമജ്ഞന്റെ യുക്തിവാദമോ അല്ലായിരുന്നു, തിരുമേനിയുടെ വ്യക്തിത്വത്തെ മഹാത്മ്യമുള്ളതാക്കിത്തീർത്തത്. ആചാര്യന്മാർക്കു യോജിച്ച നിഷ്ക്കളങ്കമായ ഭക്തിയും സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു തിരുമേനിയുടെ പ്രാധാന ഗുണങ്ങൾ, ഗ്രാമത്തിൽ നിന്നോ നഗരത്തിൽ നിന്നോ വരുന്ന ജനങ്ങളോട് ഒരുപോലെ സ്നേഹനിർഭരമായി കുശലപ്രശ്നം നടത്തുകയും അവരുടെയെല്ലാം ഭക്ത്യാദരങ്ങൾക്ക് തിരുമേനി പാത്രീഭൂതനാകുകയും ചെയ്തു. അത്താനാസ്യോസ് തിരുമേനിയെന്ന നാമധേയം സഭാംഗങ്ങൾ ഭക്തിപുരസ്സരം എന്നും സ്മരിക്കുന്നതാണ്. ജനഹൃദയങ്ങളിൽ തിരുമേനിയോടുള്ള ഭക്തി മുദ്രിതമായിരിക്കയാണ്. പാവനചരിതനായ തിരുമേനിയുടെ സ്മരണ സഭയിൽ ചിരകാലം നിലനിൽക്കട്ടെയെന്നു പ്രാർത്ഥിച്ചു കൊള്ളുന്നു.

# പ്രാർത്ഥനയുടെയും കണ്ണീരിന്റെയും വലിയതിരുമേനി

**രാമചന്ദ്രൻ മുൻ ഡപ്യൂട്ടി എഡിറ്റർ, മംഗളം**

പരുമല തിരുമേനിയെ എല്ലാവരും ഓർക്കുന്നത്, പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും ഈശ്വര സാക്ഷാത്ക്കാരം സിദ്ധിച്ച യോഗിയായിട്ടാണ്. എല്ലാ അർത്ഥത്തിലും ഭാരതീയ പാരമ്പര്യത്തിനിണങ്ങുന്ന ഒരു യോഗി. പരുമല തിരുമേനിയുടെ ശിക്ഷണത്തിൽ തന്നെ ശ്ലൈഹികവൃത്തിയിൽ എത്തിപ്പെട്ട ആലുവയിലെ വലിയ തിരുമേനി പൌലോസ് മോർ അത്താനാസിയോസിന്റെ ജീവിതം പഠിക്കുമ്പോഴും നാം കാണുന്നത് പ്രാർത്ഥനകളുടെ ഒരു വലിയ തിരുമേനിയെ തന്നെയാണ്.

പ്രാർത്ഥനയിൽ ഇത്രമാത്രം തീക്ഷണതയുള്ള ഒരാചാര്യനെ താൻ കണ്ടിട്ടില്ലെന്നാണ് ക്നാനായ ഭദ്രാസന ഇടവകയുടെ കാലം ചെയ്ത വലിയ മെത്രപ്പൊലിത്ത ഏബ്രഹാം മോർ ക്ലീമിസ് ഓർമിച്ചിട്ടുള്ളത്. കുറുപ്പുംപടി പള്ളിയുടെ തെക്കേമുറ്റത്ത് വലിയ ചാരുകസേരയിൽ കാരണവരെപ്പോലെ കാൽ ഉയർത്തിവച്ച് ഊഷ്മള സ്നേഹം ഏറ്റു വാങ്ങിയും ആർദ്രവാത്സല്യം തിരിച്ചുകൊടുത്തും സായാഹ്നങ്ങൾ ചെലവിട്ട ആ ദിവ്യസാന്നിധ്യം അദ്ദേഹത്തെ അടുത്തു കണ്ടിട്ടുള്ള മറ്റു പലരുടെയും ഓർമയിൽ വന്നു നിറയുന്നു.

തിരുമേനിയുടെ അമ്മ മരണാസന്നയായി കിടന്നപ്പോൾ അദ്ദേഹം അവരെപ്പോയി ശുശ്രൂഷിച്ച കഥ ഈശ്വരസാക്ഷാൽക്കാരം സിദ്ധിച്ച സംന്യാസിവര്യനു മാത്രം ചേർന്ന ഒന്നാണ്- വീട്ടുമുറ്റത്ത് ഒരു കുടിൽ അഥവാ പർണാശ്രമം കെട്ടിയാണ് തിരുമേനി താമസിച്ചത്. അമ്മയെ ശുശ്രൂഷിക്കാനും അമ്മയോടൊത്തു പ്രാർത്ഥിക്കാനും അകത്തുപോകും. ഭക്ഷണവും കിടപ്പും പുറത്തെ കുടിലിൽ.

ഇടവകയിൽ തിരുമേനി താമസിക്കാൻ ചെല്ലുന്ന കാലം, ഇടവകയിലെ ഉത്സവകാലമായിരുന്നു. ഇടവകയിൽ ചെന്നാൽ ഒരാഴ്ചയെങ്കിലും താമസിക്കും. ഇടവകാംഗങ്ങൾ പലഹാരങ്ങളും പഴങ്ങളുമായി ചെന്ന് അദ്ദേഹത്തെ മുഖം കാണിക്കും. എന്നാൽ, ആദ്യം ചെല്ലുന്ന വീട്ടുകാർ കൊടുക്കുന്നത് രണ്ടാമതു ചെല്ലുന്ന വീട്ടുകാർക്കു കിട്ടും. ആളുകളെല്ലാം അവിടെ സന്ധ്യാപ്രാർത്ഥനയ്ക്ക് എത്തും. പള്ളി പരിസരങ്ങളിൽ കളിച്ചു നടക്കുന്ന കുട്ടികൾക്ക് അത് ആഘോഷകാലമാകും.

'അതിഥി ദേവോ ഭവഃ' എന്ന ഉപനിഷത് ചിന്ത അങ്ങനെതന്നെ ജീവിതത്തിൽ അദ്ദേഹം സാംശീകരിച്ചു.

മെത്രാൻകക്ഷിയിലെ മെത്രാന്മാരും അച്ചന്മാരും പോലും തൃക്കുന്നത്തു സെമിനാരിയിലെത്തി ആ അതിഥിസൽക്കാരം പലവട്ടം സ്വീകരിച്ചതായാണ് ചരിത്രം. കേസ് വാശിയായി നടക്കുന്ന കാലത്തും പുത്തൻകാവിലെ മാർ പീലക്സിനോസ് അവിടെ കയറിച്ചെല്ലുമായിരുന്നു. വലിയ തിരുമേനി കാലം ചെയ്തപ്പോഴാകട്ടെ, എതിർ കക്ഷിയായി പയറ്റിയിരുന്ന ഗീവർഗീസ് ദ്വിതിയൻ കാതോലിക്ക ആലുവായിലെത്തി പഴയ സഹപാഠിക്ക് അന്ത്യോപചാരം അർപ്പിക്കുകയും ചെയ്തു.

തൃക്കുന്നത്തു സെമിനാരിയിൽ തിരുമേനിയുള്ളപ്പോൾ അക്രൈസ്തവരും അവിടെ വന്ന് ആ സാന്നിധ്യം അനുഭവിച്ചിരുന്നു, പക്ഷെ, എത്ര തീവ്രമായ, സംസാരമായിരുന്നാലും, യാമപ്രാർത്ഥനകൾക്കു മണിയടിച്ചാലുടൻ അദ്ദേഹം സംസാരം നിർത്തുമായിരുന്നു.

ഇടപ്പള്ളിയിൽ നിന്ന് അയ്യമ്പിള്ളിയിലേക്കു കുടിയേറിയ തെക്കേക്കര മത്തായിയുടെയും അകപ്പറമ്പ് പൈനാടത്ത് അന്നയുടെയും മകനായി പിറന്ന കൊച്ചുപൌലോസിനെ കണ്ടെടുത്തത് ഗീവർഗീസ് മോർ കൂറിലോസ് (അമ്പാട്ട്) മെത്രപ്പൊലിത്തയായിരുന്നു.1869 ജനുവരി 23-ന് പിറന്ന കൊച്ചു പൌലോസ് 1879 ഏപ്രിൽ 21 നാണ് അമ്പാട്ട് മെത്രപ്പൊലിത്തായിൽ നിന്ന് കോറൂയോ സ്ഥാനമേറ്റത്.

ശെമ്മാശനാകുന്നതിനു മുമ്പും കുഞ്ഞിപ്പൗലോ മദ്ബഹായിൽ ശുശ്രൂഷ ചെയ്തിരുന്നു. പ.പത്രോസ് പാത്രിയർക്കീസ് ബാവാ അങ്കമാലിപ്പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ ഉണ്ടായ ഒരു സംഭവവും ചരിത്രമാണ് അഞ്ചാമത്തെ തുബ്ദേൻ സുറിയാനിയിൽ വായിക്കാൻ മദ്ബഹായിലുള്ള പലരും ശങ്കിച്ചു നിൽക്കെ, അമ്പാട്ടു തിരുമേനി കുഞ്ഞിപ്പൗലോയെ തള്ളി മുന്നോട്ടുവിട്ടു. ആ സ്വരമാധുരി അവിടെ ഉയർന്നു. അതുകേട്ട് ബാവാ തരിച്ചു നിന്നു. പിന്നീട് മരണം വരെയും, 'അമ്പാട്ടു മെത്രാച്ചനെപ്പറ്റി അത്തനാസിയോസ് തിരുമേനി ഓർക്കുമ്പോൾ തന്നെ ആ മുഖത്ത് ഭക്തിയുടെ കളിയാട്ടം കാണാമായിരുന്നു. പത്തുകൊല്ലം കൂറിലോസ് തിരുമേനിയുടെ ശിക്ഷണത്തിൽ സുറിയാനി പഠിച്ച ശേഷമാണ് വലിയ തിരുമേനി ഇംഗ്ലീഷ് പഠനത്തിനു ചേർന്നത്. ആലുവയിലെ സർക്കാർ ഇംഗ്ലീഷ് സ്കൂളിലും കോട്ടയം സി.എം.എസ്. കോളേജ് ഹൈസ്കൂളിലും പഠിച്ചശേഷം, എം.ഡി. സെമിനാരിയിൽ സുറിയാനിയും വേദപാഠവും പഠിപ്പിക്കാൻ നിയുക്തനായി. ഇക്കാലത്ത്, സി.ജെ കുര്യൻ, എം.എ ചാക്കോ, ഇ.ജെ ജോൺ, കണ്ടത്തിൽ വറുഗീസ് മാപ്പിള, കെ. സി. മാമ്മൻമാപ്പിള, കൊച്ചു പാറേട്ടു ഫിലിപ്പു വക്കീൽ, ഇ.എം. ഫിലിപ്പ് തുടങ്ങിയവരുമായി പരിചയമുണ്ടായി. ഒളശ കളപ്പുരയ്ക്കൽ കെ.സി. ചാക്കോ തരകനുമായും അടുപ്പമുണ്ടായത് ഇക്കാലത്താണ്.

അമ്പാട്ടു മെത്രാച്ചൻ കാലം ചെയ്തപ്പോൾ അടുത്തുനിന്നു ശുശ്രൂഷിക്കാൻ കഴിയാതിരുന്നത് ജീവിതാവസാനം വരെയും വലിയ തിരുമേനിയെ അലട്ടിയിരുന്നു. എന്നാൽ, അമ്പാട്ടു മെത്രാച്ചനോടുണ്ടായിരുന്ന വലിയ തിരുമേനിയുടെ ഭക്തിയുടെ സ്മാരകം ആലുവാ സെമിനാരിപ്പള്ളിയുടെ മദ്ബഹാ വളവിന്റെ വടക്കേ കാലിൻമേൽ കാണാം. സ്മാരകശില സ്ഥാപിക്കാൻ എത്രയോ സ്ഥലങ്ങൾ ഉണ്ടായിരുന്നിട്ടും, താൻ പ്രതിദിനം രണ്ടുനേരം മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്ന സ്ഥലത്തിന് നേരെയാണ് ആ മാർബിൾ ശില സ്ഥാപിച്ചത്.

എം.ഡി സെമിനാരിയിൽ നിന്ന്, റമ്പാൻ സ്ഥാനത്തേക്കുള്ള വലിയ തിരുമേനിയുടെ യാത്ര ഒരു അത്ഭുത രോഗശാന്തിയുടെ യാത്രകൂടിയാണ്. കടുത്ത ജ്വരം ബാധിച്ച് ചികിത്സിച്ചിട്ടും സുഖമാകാതിരുന്ന ശെമ്മാശനെ കോട്ടയത്തു നിന്ന് വള്ളത്തിൽ അങ്കമാലിയിലേക്ക് കൊണ്ടുവരുമ്പോൾ വള്ളത്തിൽ വച്ചു തന്നെ തൈലാഭിഷേകം നടത്തിയിരുന്നു. ഏതോ ദൈവിക കൽപനയാലെന്ന പോലെ, വീട്ടിലെ പരിചരണത്തിൽ ശെമ്മാശൻ സുഖം പ്രാപിച്ചു; എന്നാൽ, ആ പരിചരണത്തിനിടയിൽ ജ്വരബാധിതരായി അദ്ദേഹത്തിന്റെ അമ്മയും ജ്യേഷ്ഠനും ഇഹലോകത്തിൽ നിന്നു വിടവാങ്ങി. ഈ അനുഭവങ്ങൾ യേശുവിലേക്ക് അദ്ദേഹത്തെ കൂടുതൽ അടുപ്പിക്കുകയായിരുന്നു. ഗുരുവായിരുന്ന പരുമല തിരുമേനി പലപ്പോഴും പൌലൂസ് ശെമ്മാശനെ റമ്പാനാകാൻ നിർബന്ധിച്ചിരുന്നെങ്കിലും, അദ്ദേഹം വഴങ്ങിയിരുന്നില്ല. എന്നാൽ, രോഗശാന്തിയോടെ, ശെമ്മാശൻ യേശുവിന്റെ പാത തന്നെയാണു തന്റെ പാതയെന്നു തിരിച്ചറിഞ്ഞു. പിന്നെ മനുഷ്യ പീഡനത്തിന്റെ കുരിശേന്തി. മോർ കൂറിലോസിന്റെ കബറിൽ കുറെ ദിവസം ധ്യാനമിരുന്നു.

റമ്പാനായിരിക്കെ, വടക്കൻ പറവൂർ പള്ളിയിൽനിന്നു കിട്ടിയ ആദ്യകൈനീട്ടം ഗുരുദക്ഷിണയായി ആലുവ പള്ളി പണിക്ക് കല്ലുവെട്ടിക്കാൻ കാണിക്കവയ്ക്കുകയാണ് അദ്ദേഹം ചെയ്തത്. അന്ന് അത് ഓലമേഞ്ഞ പള്ളിയായിരുന്നു; ഇന്ന് സെമിനാരി മന്ദിരത്തിന്റെ വടക്ക് മതിലിനോടു ചേർന്നു കാണുന്ന അഴിയിട്ട ചെറിയ കെകട്ടിടമല്ലാതെ മറ്റൊന്നും അവിടെയില്ലായിരുന്നു. അന്ന് ഈ കെട്ടിടം പള്ളിമതിൽക്കകത്ത് തന്നെ മുറ്റത്തു നിൽക്കുന്ന രണ്ടു പ്ലാവുകളുടെ ഇടയിൽ ആയിരുന്നു. പള്ളി പണി പൂർത്തിയായത് കൊച്ചു പൌലൂസ് റമ്പാന്റെ പരിശ്രമത്താൽ 1900 ന് അടുത്താണ്. ആലുവാ പള്ളി പണിക്കിടയിൽ അവിടെയെത്തിയ പരുമല തിരുമേനി പരുമല പള്ളി പണിക്കായി റമ്പാനെ അങ്ങോട്ടുക്ഷണിച്ചു കൊണ്ടുപോയി. മൂന്നു വർഷം അവിടെ താമസിച്ചാണ് സെമിനാരി പണി നടത്തിയത്. സമ്മാനമായി പരുമല തിരുമേനി റമ്പാന് ഒരു ശീലമുടിയും പത്രസീനും പട്ടംകൊട പുസ്തകവും കൊടുത്തു.

ആലുവാ സെമിനാരിയിൽ 1909 ചിങ്ങം 15-ന് ചേർന്ന പള്ളി പ്രതിപുരുഷയോഗമാണ് കൊച്ചുപൌലൂസ് റമ്പാനെ അങ്കമാലി ഭദ്രാസന ഇടവക മെത്രപ്പൊലിത്ത സ്ഥാനത്തേക്കു തെരഞ്ഞെടുത്തത്. 1910 ഇടവം 27-ന് അകപ്പറമ്പ് പള്ളിയിലായിരുന്നു സ്ഥാനാഭിഷേകം. അദ്ദേഹം മോർ അത്താനാസിയോസ് ആയി. ആ സമയത്തെ സത്യപ്രതിജ്ഞ, അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുകയില്ലെന്ന പ്രതിജ്ഞ, അവസാനം വരെയും അദ്ദേഹം ലംഘിച്ചില്ല. മാത്രമല്ല, തന്നെ ധിക്കരിച്ചതിന് 1911 മെയ് 31-ന് വട്ടശേരിൽ മോർ ദിവന്നാസ്യോസ് മെത്രപ്പൊലിത്തായെ പ.അബ്ദുള്ള പാത്രിയർക്കീസ് ബാവാ മുടക്കിയ ശേഷം ഓഗസ്റ്റ് 19ന് മുളന്തുരുത്തി പള്ളിയിൽ നടന്ന മൂറോൻ കൂദാശയിൽ മോർ അത്താനാസ്യോസ് മെത്രപ്പൊലിത്ത പങ്കെടുക്കുകയും ചെയ്തു.

മോർ അത്താനാസിയോസിന്റെ 1910 മുതൽ 1953 വരെയുള്ള ഭരണമാണ് അങ്കമാലി ഭദ്രാസന ഇടവകയെ ഉന്നതിയിൽ എത്തിച്ചത്. രണ്ടുവർഷം തന്റെ സഹചാരിയായിരുന്ന കൊച്ചുമെത്രാച്ചനോട് പ.അബ്ദുള്ള പാത്രിയർക്കീസ് ബാവായ്ക്കുണ്ടായിരുന്ന സ്നേഹവായ്പ് അദ്ദേഹം 1911-ൽ മേസ്രേനിൽ നിന്നയച്ച ഈ കത്തിൽ കാണാം: ''എന്റെ വാത്സല്യമകനെ, നിന്റെ സ്നേഹവും ത്യാഗവും വിശ്വാസവൈരാഗ്യവും നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നു മാറുന്നില്ല. നിന്നെ വിട്ടുപോന്നതിൽ നമുക്ക് അടങ്ങാത്ത സങ്കടമുണ്ട്. ശാരീരിക കണ്ണുകൾ കൊണ്ട് നമ്മൾ തമ്മിൽ കാണുന്നില്ലെങ്കിലും, ആത്മാവിലും ഹൃദയത്തിലും നാം നിന്നോടുകൂടെയുണ്ട്.

പിൽക്കാലത്ത് കേസുകൾ മൂർധന്യം പ്രാപിക്കുകയും എതിർകക്ഷിയിലെ പ്രമാണികൾ തിരുമേനിയെ ആലുവാ സെമിനാരിയിൽ നിന്ന് ഇറക്കിവിടുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദഹത്തിന്റെ പ്രതികരണം ഇതായിരുന്നു: "മക്കളെ, ഭയമില്ല. അകപ്പറമ്പിൽ നമുക്കൊരു പുരയിടമുണ്ട്. കിണറും കുഴിപ്പിച്ചിട്ടുണ്ട്, ഒരു ചെറിയ കെട്ടിടം വയ്ക്കണം, നാമവിടെ കഴിഞ്ഞുകൂടിക്കൊള്ളാം. എന്നാലും അസത്യത്തിനു നാം കൂട്ടുനിൽക്കയില്ല."

വാത്സല്യം നിറഞ്ഞ സംഭാഷണമായിരുന്നു അദ്ദേഹത്തിന്റെ ഓരോ പ്രഭാഷണവും. ഏത് ഇടവകക്കാരും അദ്ദേഹത്തെ കാത്തിരുന്നത് ആ പ്രസംഗം കേട്ടൊന്നു കണ്ണീർ വാർക്കാനും ആ കുർബാന കേട്ടൊന്നു കരയാനുമായിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ തിരുവല്ലാ സന്ദർശനത്തിനിടയിൽ, കട്ടപ്രത്തു പള്ളിയിൽ എത്തിയ അദ്ദേഹം ഒരു സുറിയാനി ഗീതം ചൊല്ലി. അതിന്റെ അർത്ഥം ഇങ്ങനെ വിശദീകരിച്ചു. യോനാ നിനവേയിൽ നിന്നു പുറപ്പെട്ടപ്പോൾ അവനു സങ്കടമായി നിനവേക്കാർ അവനെ അനുയാത്ര ചെയ്തു. അവരിങ്ങനെ പറഞ്ഞു. "സത്യത്തിന്റെ പ്രസംഗകനെ, തെറ്റിൽ നിന്നു ഞങ്ങളെ സത്യവഴിയിലേക്കു തിരിച്ചവനെ, സമാധാനത്തോടെ പോയാലും."

അവനു സങ്കടമായി എന്നു പറഞ്ഞപ്പോഴേക്കും തിരുമേനിയുടെ തൊണ്ടയിടറി, കണ്ണു നിറഞ്ഞു. അദ്ദേഹം കരഞ്ഞു, കൂടെയിരുന്നവരും കരഞ്ഞു. മൂന്നു മണിക്കൂർ നേരം പ്രസംഗിച്ചാലും, ആ മൂന്നു മിനിട്ടു നേരത്തെ വിതുമ്പലിന്റെ ധ്യാന വിശുദ്ധി കിട്ടുമായിരുന്നില്ല.

1913 ൽ തുടങ്ങിയ വട്ടിപ്പണക്കേസ് തുടരുന്നതിനിടയിലാണ് 1917 ൽ മലങ്കര മെത്രപ്പൊലിത്താ മോർ കൂറിലോസ് കാലം ചെയ്തത്. സ്വാഭാവികമായും മലങ്കര മെത്രപ്പൊലിത്ത ആയി പിന്നീടു മോർ അത്താനാസിയോസ് തന്നെയായിരുന്നു. 1935 ൽ കരിങ്ങാച്ചിറ പള്ളിയിൽ ചേർന്ന അസോസിയേഷൻ യോഗത്തിൽ അദ്ദേഹം വീണ്ടും മലങ്കര മെത്രപ്പൊലിത്ത ആയി തെരഞ്ഞെടുക്കപ്പെട്ടു. കേസ് വാദിക്കാൻ അദ്ദേഹം ക്ഷണിച്ചതനുസരിച്ചാണ് സർ സി.പി രാമസ്വാമി അയ്യർ ആദ്യമായി കേരളത്തിൽ എത്തിയത്. സമുദായക്കേസ് തോറ്റ് ജയിലിൽ പോകേണ്ടിവന്നാൽ ജയിലിലേക്ക് ഒരു യാമനമസ്കാര പുസ്തകവും സങ്കീർത്തന പുസ്തകവും കൊണ്ടുപോകണമെന്നാണ് സഹായി മാത്തുവിനോട് വലിയ തിരുമേനി പറഞ്ഞിരുന്നത്.

"കർത്താവേ, എന്റെ ദിവസങ്ങളുടെ മധ്യത്തിൽ എന്നെ നീ എടുത്തുകളയരുതേ..." എന്ന സങ്കീർത്തനവാക്യം വായിക്കുമ്പോൾ തിരുമേനിയുടെ തൊണ്ടയിടറുന്നത് പലരും കണ്ടിട്ടിട്ടുണ്ട്. 'എന്റെ ബലം ക്ഷയിക്കുമ്പോൾ എന്നെ നീ കൈവിട്ടു കളയരുതേ ' എന്ന വാക്യം വായിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ സജലങ്ങളാകുന്നതും പലരും കണ്ടിട്ടുണ്ട്. ഒടുവിൽ, കാഴ്ച നശിക്കും മുൻപുപോലും, ആലുവാ സെമിനാരിയുടെ ഏതെങ്കിലും മൂലയ്ക്ക് ചിതലിന്റെ ഒരംശം കണ്ടാൽ പോലും, അദ്ദേഹം തന്നെ തൂത്തുകളയുമായിരുന്നു; " നാന്ത കണ്ണിലേ അന്തം പായൂ " എന്ന പഴമൊഴി പറയുകയും ചെയ്യും

വലിയ തിരുമേനി ജനിച്ചത് അകപ്പറമ്പിലാണ്; അദ്ദേഹത്തിന്റെ മനസ്സിന്റെ അകപ്പറമ്പു നിറച്ചും കാരുണ്യവും ധ്യാനത്തിൽ കാച്ചിയെടുത്ത ആർദ്രതയുമായിരുന്നു. "നിന്റെ കല്യാണവസ്ത്രം ഒരുക്കന്നതോടൊപ്പം നിന്റെ ശവസംസ്ക്കാരത്തിനുള്ള വസ്ത്രവും ഒരുക്കുക" എന്ന സുറിയാനി ഗീതം പലവുരു ഉപദേശിച്ച അദ്ദേഹത്തിന്, മരണംപോലും ഒരു വിശുദ്ധധ്യാനമായിരുന്നു.

# മങ്ങാത്ത സ്മരണകൾ

**മൺമറഞ്ഞുപോയ .കെ.വി.തരിയൻ കോർഎപ്പിസ്കോപ്പ രചിച്ചത്**



പരിശുദ്ധി ചിതറുന്ന ആ സുന്ദരവദനം! അതെ, അത് ഇനി കാണുക സാദ്ധ്യമല്ല. നിഷ്കളങ്കമായ ആ ഹൃദയവുമായുള്ള സമ്പർക്കവും അസാദ്ധ്യം തന്നെ, ആലുവായിലെ വലിയ തിരുമേനിയുടെ കുലീനത നിറഞ്ഞ നർമ്മഭാഷണവും,നിഷ്കളങ്കമായ മന്ദസ്മിതവും, നിരന്തരമായ പ്രാർത്ഥനയും, ഹൃദ്യവുമായ അതിഥിസൽക്കാരപ്രിയവും, ലളിതവുമായ ജീവിതരീതികളും ആരെയാണ് ആകർഷിക്കാതിരുന്നിട്ടുള്ളത്! സ്വസമുദായാംഗങ്ങൾ തിരുമേനിയെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്തിട്ടുള്ളതുപോലെ സർവ്വരാലും സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുവാൻ തക്കവിധത്തിലുള്ള അനിതസാധാരണമായ വ്യക്തിമഹാത്മ്യമാണ് അവിടുത്തേക്ക് ഉണ്ടായിരുന്നത്.

സുറിയാനി സഭാചരിത്രത്തിൽ വന്ദ്യതിരുമേനിയുടെ സ്ഥാനം നിർണ്ണയിക്കുവാനുള്ള ചുമതല നൂറ്റാണ്ടുകൾക്കു ശേഷമുള്ള ചരിത്രകാരന്മാരുടേതാണെങ്കിലും തിരുമേനിയുടെ സമകാലീനമ്മാരായിരുന്ന ഏവർക്കും വി. സഭയിൽ വന്ദ്യതിരുമേനിക്ക് അഭംഗുരവും സുസ്ഥിരവുമായ സമുന്നത സ്ഥാനം ലഭിച്ചു കഴിഞ്ഞതായി സംശയലേശമെന്യേ ബോദ്ധ്യപ്പെട്ടു കഴിഞ്ഞിരുന്നു.

വി. സഭയിലെ ശാശ്വത സമാധാനത്തിനു തിരുമേനിയ്ക്ക് അങ്ങേയറ്റം അഭിവാഞ്ഛയുണ്ടായിരുന്നുവെന്ന് തിരുമേനിയുമായി സമ്പർക്കം പുലർത്തിയിരുന്ന ഏവർക്കുമറിയാമായിരുന്നു. താൻ ജനിച്ചു വഴർന്ന കാലം മുതൽ പരിലാളിച്ച്, പരിപാലിച്ചുപോന്ന സത്യവിശ്വാസത്തെ ത്യജിക്കുവാനോ വ്യത്യാസപ്പെടുത്തുവാനോ അവിടത്തേക്ക് സാദ്ധ്യമല്ലായിരുന്നു. ഏതു കാര്യത്തിലുമുള്ള ജാഗ്രത, ദൈവത്തോടും സഭാതലവനായ പരി.പിതാവിനോടുമുള്ള അനുസരണം, ഇവ രണ്ടും താൻ പരിരക്ഷിച്ചു പോന്ന ഗുണവിശേഷങ്ങളാണ്. കലർപ്പില്ലാത്ത നിർമ്മലവിശ്വാസം- പിതാക്കന്മാരുടേയും പരിശുദ്ധന്മരുടേയും ആത്മാർപ്പണത്തിന്റേയും, രക്തം ചീന്തലിന്റേയും ഫലമായി ലഭിച്ച അസുലഭമായ വിശ്വാസം - കാത്തുസൂക്ഷിക്കുവാൻ എന്തു ക്ലേശം സഹിക്കുന്നതിനും തിരുമേനി സദാ സന്നദ്ധനായിരുന്നു.

പ്രതിദിനം ആലുവ സെമിനാരിയിൽ വന്നു പൊയ്ക്കൊണ്ടിരുന്ന സന്ദർശകരെ സ്ഥാനഭേദമെന്യേ ആതിഥ്യം നൽകി സ്വീകരിക്കുന്നതിന് തിരുമേനി സദാ തയ്യാറായിരുന്നു. സന്ദർശകരുടെ ക്ഷേമാന്വേഷണങ്ങൾ, ലഘുവായിട്ടെങ്കിലും ഏവർക്കും സൽക്കാരം നൽകുന്നതിനുള്ള വ്യഗ്രത, തുടങ്ങിയ കാര്യങ്ങളിൽ തിരുമേനിക്കുണ്ടായിരുന്ന താൽപര്യം ഏതു സന്ദർശകനേയും ആകർഷിക്കുവാൻ പോരുന്നവയായിരുന്നു.

വന്ദ്യതിരുമേനിയുടെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്ന് സഭയിൽ സർവ്വഥാ യോഗ്യരായ വൈദികർ സേവനരംഗത്ത് ഉണ്ടാകണമെന്നതായിരുന്നു. അതിനുവേണ്ടിയാണ് സെമിനാരിയിൽ വൈദിക പഠനത്തിനുവേണ്ട സൗകര്യങ്ങൾ കുറച്ചെങ്കിലും സജ്ജീകരിച്ചത്. കൂടാതെ പട്ടമേൽക്കുന്നവർക്ക് അത്യാവശ്യമായ ചില യോഗ്യതകളും തിരുമേനി നിശ്ചയിച്ച് അറിയിച്ചിരുന്നു. അത് അണുവിട വ്യത്യാസം വരാതെ പരിപാലിക്കുകയും ചെയ്തിരുന്നു.

തിരുമേനിയുടെ ആത്മീയമക്കളായ നാം ആത്മപരിശോധ നടത്തി, തിരുമേനി പരിപാവനമായി പരിലാളിച്ചുപോന്ന വിശ്വാസത്തിന്റെ നിലനിൽപ്പിനുവേണ്ടി സർവ്വാത്മനാ യത്നിക്കുവാൻ കടപ്പെട്ടവരാണ്. വന്ദ്യപിതാവിനെ സ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നതോടെ തിരുമേനി നിലനിർത്തിപ്പോന്ന സത്യവിശ്വാസത്തെ അന്യൂനം സംരക്ഷിച്ചു സഭയുടെ പുരോഗതിക്കുവേണ്ടി ആത്മാർത്ഥതയോടെ പ്രവർത്തിക്കുകയെന്നതാണ് ഓരോ സഭാംഗത്തിന്റേയും യഥാർത്ഥ കർത്തവ്യം പരമ ഭക്തനും, ഭാഗ്യവാനുമായ ആ വന്ദ്യ പിതാവിന്റെ തേജസ്സ് സഭയിൽ നീണാൾ വാഴട്ടെ!

# ദൈവസന്നിധിയിലെ മദ്ധ്യസ്ഥൻ

**ആലുവാ തേനുങ്കൽ ഡോ.ടി.പി ജേക്കബ്, മദ്രാസ്**

ബലഹീനനായ എന്നെ എന്റെ പിതാവ് ഒരു വൈദികനാകുവാൻ ആഗ്രഹിച്ചിരുന്ന വിവരം വന്ദ്യ തിരുമേനിയെ അറിയിച്ചു. അപ്പോൾ തിരുമേനികൊടുത്ത മറുപടി ശ്രദ്ധേയമാണ്. " വൈദികനാകണമെങ്കിൽ അവിവാഹിതനായി ഒരു ദയറാ പട്ടക്കാരനാകുകയാണ് കൂടുതൽ അഭികാമ്യം. അത് വളരെ ബുദ്ധിമുട്ടും പ്രയാസവുമുള്ള കാര്യമാണ് താനും. പല വിധ പരീക്ഷണങ്ങളും നേരിടേണ്ടിവരും. ആയതിന് നല്ല കരുത്ത് വേണം. അതല്ല വിവാഹിതനായ ഒരു പട്ടക്കാരനാകുകയാണെങ്കിൽ കുടുംബാവശ്യങ്ങൾക്കായി പണം വേണ്ടിവരും. ഒരു വൈദികന്റെ ലക്ഷ്യം ഒരിക്കലും അതായിരിക്കരുത്. ഇതെല്ലാം ആലോചിച്ച് വേണ്ടതെന്തെന്ന് തീരുമാനിക്കുക."

ഇതുകേട്ടതോടെ പിതാവിന്റെ ചിന്താഗതി ആകെ മാറി പിന്നീട് അതേപ്പറ്റി ചിന്തിച്ചിട്ടില്ല.

A.D1952-ൽ ഒരു ദിവസം ഞാൻ ആലുവ യു.സി കോളജിലേക്ക് പോയപ്പോൾ അമ്മ തന്നയച്ച കുറെ പലഹാരം തിരുമേനിയ്ക്ക് കൊടുത്ത് യാത്ര ചോദിച്ചു. അപ്പോൾ തിരുമേനി കല്പിച്ച ഒരു കാര്യം ഞാൻ എപ്പോഴും ഓർക്കും. എന്നെ അനുഗ്രഹിക്കണമെന്ന് ഞാൻ അപേക്ഷിച്ചു. ഉടനെ തിരുമേനി കല്പിച്ചു. "നിന്റെ കൂടെ എന്റെ അനുഗ്രഹം സദാ ഉണ്ടാകും. നീ വലിയവനായിത്തീരും. ഞാൻ ഏതു വിശ്വാസത്തിനുവേണ്ടി നിൽക്കുന്നുവോ, അതിൽ നിന്റെ ആയുസ്സ് മുഴുവൻ നീ അടിയുറച്ച് നിൽക്കണം." ഞാൻ തിരുമേനിയുടെ കൈമുത്തി ഉറപ്പുകൊടുത്തു.


A.D1953 ജനുവരി 25-ാം തിയതി പുണ്യപിതാവ് കാലം ചെയ്തു. അന്നു മുതൽ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്തതയിൽ അഭയപ്പെട്ടിട്ടുള്ളതെല്ലാം ദൈവമായ കർത്താവ് എനിക്ക് നൽകി അനുഗ്രഹിച്ച് പോരുന്നു. A.D1954 -ൽ മദ്രാസിൽ മെഡിക്കൽ കോളേജിൽ എനിക്ക് അഡ്മിഷൻ കിട്ടിയതും ഒരത്ഭുതമായി ഇന്നും തോന്നുന്നു. അഡ്മിഷൻ കാർഡ് കിട്ടിയതിന്റെ തലേന്ന് രാത്രി പരിശുദ്ധനായ തിരുമേനിയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ചു കിടന്ന ഞാൻ, എനിക്ക് അഡ്മിഷൻ കിട്ടിയതായി സ്വപ്നം കണ്ടതു എപ്പോഴും എന്റെ ഓർമ്മയിലുണ്ട്.

എനിക്ക് ഒരു മകൻ ഉണ്ടാകണമേ എന്ന് വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ യാചിച്ച്, കബറിങ്കൽ പ്രത്യേകം പ്രാർത്ഥിച്ചു കഴിഞ്ഞുകൂടിയ എനിക്ക് ആ ഇടയ്ക്കാണ് ഒരു പുത്രൻ പിറന്നത്. അതിന് തൊട്ടുമുമ്പും ഒരു സ്വപ്നം കണ്ടു. വലിയ തിരുമേനി എന്നോടു കല്പിക്കുന്നതായി "നിനക്ക് ഒരു മകൻ പിറക്കും. അവന്റെ വലത്തെ തോളിൽ ഒരു മറുക് ഉണ്ടാകും" എന്ന്. അതു സത്യമായി, എന്റെ മകന്റെ വലത്തെ തോളിന് മറുക് ഇന്നും കാണാം.

ചുരുക്കത്തിൽ എനിക്ക് ഇതിനകം ദൈവത്തിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ വിധത്തിലുള്ള ഉയർച്ചകൾക്കും നേട്ടങ്ങൾക്കും പരിശുദ്ധ വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയാണ് വഴി ഒരുക്കിയത് എന്നതിനു സംശയമില്ല, ഞാൻ അങ്ങനെ പൂർണ്ണമായി വിശ്വസിച്ച് ജീവിക്കുന്നു.

# പ.വലിയ തിരുമേനിക്ക് താങ്ങും തണലുമായി പ്രവർത്തിച്ച അത്മായ പ്രമുഖർ


സി ജെ കുര്യൻ അക്കര


ഡോ. പി റ്റി തോമസ് പാലാമ്പടം


പുല്ല്യാട്ട് തുകലൻ അവിര

പ. വലിയ തിരുമേനിയെ പ്രാണനു തുല്യം സ്നേഹിക്കുകയും സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ താങ്ങും തണലുമായി നിൽക്കുകയും ചെയ്ത സഭക്ക് ഒരിക്കലും മറക്കുവാൻ സാധിക്കാത്ത ആത്മാ യ നേതാക്കളായിരുന്നു രാജശ്രീമാൻമാരായ സി.ജെ കുര്യൻ, ഡോ.പി.റ്റി. തോമസ് പാലമ്പടം, പുല്യാട്ട് തുകലൻ അവിര, കെ.സി ചാക്കോ തരകൻ, കളപ്പുരയ്ക്കൽ എന്നിവർ. തിരുമേനിയെ ബഹുമാനിച്ചാദരിച്ചു സമയോചിതമായി പ്രവർത്തിച്ച ഈ ബഹുമാന്യരെ തിരുമേനി വിസ്മരിക്കുകയില്ല, മലങ്കര സഭയും വിസ്മരിക്കുകയില്ല. സമുദായകേസിൽ പണസംബന്ധമായ ക്ലേശങ്ങൾ കൊണ്ടു പ. വലിയ തിരുമേനിയുടെ മനസ്സുനീറിക്കുവാൻ സമ്മതിക്കുകയില്ല എന്ന ദൃഢവ്രതത്തോടെ മലങ്കര സഭയിലെ രണ്ട് മഹാരഥന്മാർ മുന്നോട്ടിറങ്ങി. ഉദാരമായ പ്രവർത്തനങ്ങൾക്കു ഖ്യാതി നേടിയിട്ടുള്ള ആ രണ്ട് കുടുംബങ്ങളിലെ ശ്രേഷ്ഠരായ രണ്ടു ബഹുമാന്യ വ്യക്തികളാണ് രാജശ്രീമാരായ ഡോ. പി.റ്റി തോമസ് പാലമ്പടവും അക്കരെ സി.ജെ കുര്യനും വിദ്യാർത്ഥികളായിരുന്ന കാലം മുതൽ വേർപിരിയാത്ത കൂട്ടുകാരായിതീർന്ന് ആ ജീവനാന്തം തിരുമേനിയുടെ വിശ്വസ്ത ആലോചനക്കാരനായിരുന്നു. ആദായകരമായിരുന്ന തന്റെ അഭിഭാഷക വൃത്തിപോലും പരിത്യജിച്ച് തിരുമനസ്സുകൊണ്ട് കേസ് സംബന്ധമായി മനപീഡയനുഭവിച്ച എല്ലാ സന്ദർഭങ്ങളിലും തിരുമേനിയെ ആശ്വസിപ്പിച്ച്, പ. സിംഹാസന മഹിമക്ക് വേണ്ടി തിരുമേനി ഏർപ്പെട്ടിരുന്ന സമുദായ കേസുകളിലെല്ലാം തിരുമേനിയുടെ ക്ലേശം ലഘൂകരിക്കാൻ പ്രയത്നിച്ച യഥാർത്ഥമായ ആത്മമിത്രമായിരുന്നു രാജശ്രീ കളപ്പുരയ്ക്കൽ കെ.സി ചാക്കോ തരകൻ. പ. വലിയ തിരുമേനിയോടൊപ്പം 1935 -ൽ കരിങ്ങാച്ചിറ പള്ളിയിൽ കൂടിയ അഖിലമലങ്കര പള്ളി പ്രതിപുരുഷയോഗത്തിൽ ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട പുല്യാട്ടുതുകലൻ പൌലോ അവിരാ പ. വലിയ തിരുമേനിയുടെ വിശ്വസ്ത സഹപ്രർത്തകനായിരുന്നു. അദ്ദേഹം സുപ്രീകോടതി വരെയുള്ള സമുദായ കേസ് വിശ്രമലേശമെന്യേ നടത്തുകയും കോടതി ഉത്തരവ് അനുസരിച്ച് മണർകാട് വെച്ച് പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി മലങ്കരമെത്രപ്പൊലിത്ത തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. പുല്യാട്ടുതുകലൻ പൌലോസ് അവിര 1962 ഒക്ടോബർ 31 ന് നിര്യാതനായി. മലങ്കര സഭയുടെ നിർണായക ഘട്ടത്തിൽ ഇവർ ചെയ്ത സുത്യാർഹമായ സേവനം സഭ എന്നും നന്ദിപൂർവ്വം സ്മരിക്കുക തന്നെ ചെയ്യും.

## പ. വലിയ തിരുമേനിയുടെ ചരിത്രം രചിച്ച മഹാരഥന്മാർ

### (1) കോറൂസോ ദശ്റോറോ കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പാ


കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പ


ഷെവ. കെ വി പൗലോസ്

കോറൂസോ ദശ്റോറോ കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പാ ഇന്ന് മലങ്കരയിലുള്ള പണ്ഡിതവരേണ്യരുടെ ഒന്നാം നിരയിൽ ഒന്നാം സ്ഥാനത്തിന് സർവ്വഥാ അർഹൻ, സഭാചരിത്രനിപുണൻ, വേദശാസ്ത്ര പാണ്ഡിത്യത്തിൽ അതുല്യൻ, കിടയറ്റ മഹാനായ വാഗ്മീ, സർവ്വോപരി ദൈവാശ്രയം കൊണ്ടും കറയറ്റ അന്ത്യോഖ്യ സിംഹാസന ഭക്തികൊണ്ടും അനുഗ്രഹീതനായ ആചാര്യവര്യൻ എന്നിങ്ങനെ ബഹുമാനപ്പെട്ട കണിയാംപറമ്പിലച്ചനെ കുറിച്ച് കാലം ചെയ്ത കിഴക്കിന്റെ മെത്രാപ്പൊലിത്ത ഏബ്രഹാം മോർ ക്ലീമിസ് തിരുമേനി പറഞ്ഞ കാര്യങ്ങൾ എത്രയേറെ അർത്ഥവത്താണ്. ഏതാണ്ട് യൗവനാരംഭത്തോടെ സമാരംഭിച്ച ഗ്രന്ഥരചന ഈ തൊണ്ണൂറ്റിയഞ്ചാം വയസിലും അതിന്റെ അഗ്രിമ ദശയിലെത്തിയിരിക്കുകയാണെന്ന് പറയാം. വി.ഗ്രന്ഥം വിവർത്തനം ചെയ്തതുവഴി വന്ദ്യനായ അച്ചന്റെ കഴിവും പ്രാഗത്ഭ്യവും ഇതര ക്രൈസ്തവ സഭാംഗങ്ങൾക്ക് പോലും ആദരണീയമാണ്. പ. വലിയ തിരുമേനി ബാല്യം മുതൽ അച്ചനെ ഹൃദയപൂർവ്വം വാത്സല്ലിച്ച് അനുഗ്രഹിച്ചിരുന്നു. സ്നേഹ സമ്പന്നനും പരിശുദ്ധമാനസനും സ്ഥിരചിരാത്തനും കർമ്മധീരനും സർവ്വജനാരാദ്ധ്യനുമായ പ. വലിയ തിരുമേനിയുടെ വ്യക്തിമാഹാത്മ്യത്തെ വരും തലമുറകൾക്ക് മനസിലാക്കി കൊടുക്കുന്നതിന് വന്ദ്യനായ അച്ചന്റെ രചനകൾക്ക് സാധിച്ചിട്ടുണ്ട്.

### (2) ശ്രി. പി. പി. വർക്കിപിള്ള

പ. വലിയ തിരുമേനിയുടെ കുടുംബാംഗമായ പൈനാടത്ത് (കുറ്റിക്കാട്ടിൽ) ശ്രി. പി. പി. വർക്കിപിള്ള അഭിവന്ദ്യ പിതാവുമായി ബന്ധപ്പെട്ട ഒട്ടേറെ അനുഭവങ്ങളും അനുസ്മരണങ്ങളും, പ്രമാണങ്ങളും മറ്റും ശേഖരിച്ച് ക്രമീകരിച്ച വ്യക്തിത്വമാണ്. വന്ദ്യ കണിയാംപറമ്പിലച്ചൻ രചിച്ച പ. വലിയ തിരുമേനിയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ ഒട്ടേറെ സഹായ സഹകരണങ്ങൾ കൊണ്ടാണ് അനവധി കാര്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞത്. 1954 ൽ ഇറങ്ങിയ പുസ്തകം 1994 ൽ പുനപ്രകാശനം ചെയ്തതിന്റെ: പിന്നിൽ ശ്രി. പി. പി. വർക്കിപിള്ളയാണ്. പ. വലിയ തിരുമേനി, അദ്ദേഹത്തിന്റെ ഭാഷയിൽ, ജനനം മുതൽ ഇന്നോളം അദ്ദേഹത്തെ വാത്സല്യപൂർവ്വം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ കൊച്ചുപാപ്പനാണ്.

### (3) ഷെവ. കെ.വി പൌലോസ്

മൂവാറ്റുപുഴ കുന്നക്കാൽ ആശാഭവനിൽ ഷെവ. കെ വി പൗലോസ് പ്രശസ്ത ചരിത്രകാരൻ ആണ്. എട്ടോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സൺഡേസ്കൂൾ അസോസിയേഷൻ സെക്രട്ടറിയും റിട്ടയേർഡ് ഹെഡ്മാസ്റ്ററുമാണ്.

# പ.വലിയ തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

**സമ്പാദകൻ: ബിജു കുര്യൻ മാത്യു, കളമ്പുകാട്, പുതുപ്പള്ളി**

**1869 ജനുവരി 23 :** അകപ്പറമ്പ് ഇടവകയിൽ നായത്തോട് കരയിൽ തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടേയും കുഞ്ഞന്നത്തിന്റേയും മൂന്നാമത്തെ പുത്രനായി കഥാനായകൻ ജനിച്ചു.

**1879 ഏപ്രിൽ 21 :** അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രപ്പൊലിത്ത ഗീവറുഗീസ് മോർ കൂറിലോസ് (അമ്പാട്ട്) തിരുമേനിയിൽ നിന്ന് 'കോറൂയോ' പട്ടം സ്വീകരിച്ചു.

**1891 മാർച്ച് 9 :** കഥാനായകന്റെ പ്രഥമ ഗുരുവായ അമ്പാട്ടു മോർ കൂറിലോസ് തിരുമേനി കാലംചെയ്തു.

**1898 നവംബർ 25 :** പ. പരുമല തിരുമേനി കഥാനായകന് പരുമലപ്പള്ളിയിൽ വച്ച് 'കശ്ശീശ' പ്പട്ടം നൽകി.

**1898 നവംബർ 28 :** പ. പരുമല തിരുമേനിയുടെ തൃക്കൈയ്യാൽ പരുമലപ്പള്ളിയിൽ വച്ച് 'റമ്പാൻ' സ്ഥാനഭിഷിക്തനായി.

**1902 നവംബർ 2 :** കഥാനായകന്റെ ഗുരു പ.പരുമല തിരുമേനി കാലം ചെയ്തു.

**1910 ജൂൺ 9 :** അകപ്പറമ്പ് പള്ളിയിൽ വച്ച് പ. അബ്ദുള്ള പാത്രിയർക്കിസ് ബാവ കഥാനായകനെ അങ്കമാലിഭദ്രാസനത്തിനു വേണ്ടി മെത്രാപ്പൊലിത്തയായി വാഴിച്ചു.

**1911 ഓഗസ്റ്റ് 19 :** പ. അബ്ദുള്ള പാത്രിയർക്കിസ് ബാവ മുളന്തുരുത്തി മാർത്തോമൻ പളളിയിൽ വച്ച് നടത്തിയ വി. മൂറോൻ കൂദാശയിൽ സംബന്ധിക്കുവാൻ വലിയ തിരുമേനിക്കു ഭാഗ്യമുണ്ടായി.

**1915 ഡിസംബർ 11 :** പ. അബ്ദുള്ള പാത്രിയർക്കിസ് ബാവ കാലംചെയ്തു.

**1918 ജനുവരി 31 :** ആലുവാ തൃക്കുന്നത്ത് സെമിനാരി കൂടിയ പള്ളി പ്രതിപുരുഷയോഗത്തിൽ വെച്ച് മലങ്കര മെത്രപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു.

**1919 സെപ്തംബർ 15 :** വട്ടിപ്പണക്കേസിൽ തിരുമേനിക്ക് എതിരായി കോടതി വിധി.

**1919 സെപ്തംബർ 26 :** മലങ്കര സിറിയൻ സണ്ടേസ്ക്കൂൾ അസ്സോസിയേഷൻ (M.S.S.A) രൂപീകരണം കഥാനായകന്റെ അദ്ധ്യക്ഷതയിൽ പിറവം പള്ളിയിൽ വച്ച്.

**1920 മാർച്ച് 9 :** അങ്കമാലി, കൊച്ചി ഭദ്രാസനങ്ങൾക്കു പുറമേ കണ്ടനാട്, കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടേയും മെത്രപ്പൊലിത്തയായി നിയമിക്കപ്പെട്ടു.

**1923 മാർച്ച് 23 :** തിരുവിതാംകൂർ ഹൈക്കോടതി തിരുമേനിക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു.

**1927 :** സഭയിൽ പുതിയ മെത്രപ്പൊലിത്താമാർ വാഴിക്കപ്പെട്ടപ്പോൾ കൂടുതലായി ചുമതലയേറ്റ ഭദ്രാസനങ്ങളുടെ ഭരണത്തിൽ നിന്നും വിടർത്തപ്പെട്ടു.

**1928 ജൂലൈയ് 4 :** റിവ്യൂഹർജിയിൽ തിരുമേനിക്കെതിരായി വിധി പ്രസ്താവിക്കപ്പെട്ടു.

**1931 മാർച്ച് 21 :** പ. ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശനത്തിനായി ആലുവായിലെത്തി.

**1932 ഫെബ്രുവരി 13 :** പ. ഏലിയാസ് തൃതിയൻ പാത്രിയർക്കിസ് ബാവ മഞ്ഞിനിക്കരയിൽ വച്ചു കാലം ചെയ്തു. തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കം നടത്തി.

**1935 ഓഗസ്റ്റ് 22 :** കരിങ്ങാച്ചിറ പള്ളിയിൽവച്ചു നടത്തപ്പെട്ട പള്ളി പ്രതിപുരുഷയോഗത്തിൽവച്ച് തിരുമേനി വീണ്ടും മലങ്കര മെത്രപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു.

**1938 മാർച്ച് 10 :** സമുദായസ്വത്ത് ഒഴിപ്പിച്ച് കിട്ടാൻ കോട്ടയം ജില്ലാ കോടതിയിൽ കേസ്സ് ഫയൽ ചെയ്തു.

**1939 :** ക്നാനായ ഭദ്രാസനാധിപൻ മോർ ദീയസ്ക്കോറോസ് മലങ്കര റീത്തിൽ ചേർന്നു.

**1941 മാർച്ച് :** സഭാ സമാധാനത്തിനുവേണ്ടി ആലുവ വട്ടമേശ സമ്മേളനം.

**1942 :** ഔഗേൻ മോർ തീമോത്തിയോസ് മെത്രപ്പൊലിത്ത കാതോലിക്കാപക്ഷത്തു ചേർന്നു. ആയത് വലിയതിരുമേനിയെ ദുഃഖിപ്പിച്ചു.

**1942 ജനുവരി 18 :** കോട്ടയം കോടതിയിൽനിന്ന് തിരുമേനിക്ക് എതിരായി വിധി പ്രസ്താവിച്ചു.

**1944 :** തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു.

**1946 :** അങ്കമാലി ഭദ്രാസനസഹായ മെത്രപ്പൊലിത്തയായി ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും, കൊച്ചിഭദ്രാസനത്തിന് പൗലോസ് മോർ സേവേറിയോസ് തിരുമേനിയും വാഴിക്കപ്പെട്ടു.

**1946 ഓഗസ്റ്റ് 8 :** വലിയ തിരുമേനിക്ക് അനുകൂലമായി തിരുവിതാംകൂർ ഹൈക്കോടതി വിധി പ്രസ്താവിച്ചു.

**1950 :** ചിങ്ങവനം വട്ടമേശ സമ്മേളനം.

**1951 ഡിസംബർ 21 :** വലിയ തിരുമേനിക്കനുകൂലമായി വീണ്ടും ഹൈക്കോടതി വിധി.

**1952 ഒക്ടോബർ 19 :** കണ്ടനാട് ഭദ്രാസനാധിപനായി മോർ പീലക്സീനോസ് തിരുമേനി വാഴിക്കപ്പെട്ടു.

**1953 ജനുവരി 25 :** വലിയ തിരുമേനിയുടെ 84-ാം വയസ്സിൽ വെളുപ്പിന് 3.55 am അഭിവന്ദ്യപിതാവ് കാലം ചെയ്തു.

2004 ഓഗസ്റ്റ് 14 : വലിയ തിരുമേനിയെ പ. പാത്രിയർക്കീസ് ബാവ വിശുദ്ധനായി പ്രഖ്യാപിച്ചു.

2009 സെപ്റ്റംബർ 18 : പ. വലിയ തിരുമേനിയുടെ നാമം അഞ്ചാം തുബ്ദേനിൽ ഓർമ്മിക്കുവാൻ പ. പാത്രിയർക്കീസ് ബാവ കല്പനയായി.

# ആലുവായിലെ മഹാസിദ്ധനും ആശ്രമവും അഥവാ വലിയ തിരുമേനിയും തൃക്കുന്നത്ത് സെമിനാരിയും

**ഷെവ. തരിയൻ കെ.പൈനാടത്ത്**




മലങ്കരയാക്കോബായ സുറിയാനി സഭാചരിത്രത്തിൽ വേരുറച്ച ഒരു സുപ്രധാന കേന്ദ്രമാണ് ആലുവ തൃക്കുന്നത്തു സെമിനാരിയും പള്ളിയും. അംഗീകരിക്കപ്പെട്ട സഭാകേന്ദ്രം കോട്ടയത്തായിരുന്നെങ്കിലും സമുദായ കേസുമായി ബന്ധപ്പെട്ട് കോട്ടയം ഓർത്തഡോക്സ് വിഭാഗത്തിന്റെ അധീനതയിലായതോടെ പല സുപ്രധാന പ്രവർത്തനങ്ങൾക്കും ആലുവായാണ് കേന്ദ്രമായി സാക്ഷ്യം വഹിച്ചിട്ടുള്ളത്. ദീർഘകാലം പാത്രിയർക്കീസ് വിഭാഗത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന പുണ്യശ്ലോകനായ മാർ അത്താനാസിയോസ് തിരുമേനിയുടെ ആസ്ഥാനം ആലുവ ആയിരുന്നല്ലോ.

അങ്കമാലിയുടെ പ്രഥമ മെത്രപ്പൊലിത്തയായിരുന്ന അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയാണ് വളരെ ദീർഘദൃഷ്ടിയോടെ ആലുവായിലെ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം കണ്ടെത്തിയതും പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയതും. ഉദ്ദേശം 18 ഏക്കർ സ്ഥലമാണ് അതിനായി തയ്യാറാക്കിയത് കൊല്ലവർഷം 1055-ൽ പള്ളിയുടെ പണികൾ തുടങ്ങിയെന്നും പറയാം M.E 1064 കുഭം 18-ാം തിയതി പള്ളിയിൽ പ്രഥമ ബലിയർപ്പിച്ചു. പള്ളിക്കടുത്ത് താൽക്കാലികമായുണ്ടാക്കിയ ഒരു ഷെഡായിരുന്നു അന്നത്തെ "അരമന" എന്നു പറയാം.

കൊല്ലവർഷം 1066 കുഭം 25 -ാം തിയതി അമ്പാട്ടു തിരുമേനി കാലം ചെയ്തു. അങ്കമാലി പള്ളിയിൽ കബറടക്കി. എങ്കിലും അദ്ദേഹം മുമ്പ് കല്പിച്ചിരുന്ന പ്രകാരം "അദ്ദേഹത്തിന്റെ ആത്മാവ് ആലുവായിൽ തന്നെ "യായിരിക്കും. പിന്നീട് ഭരണാധിപനായത് കടവിൽ പൌലോസ് മോർ അത്താനാസ്യോസ് തിരുമേനിയാണ്. മുൻഗാമി തുടങ്ങിവച്ച പല പണികൾ പൂർത്തിയാക്കിയതും സെമിനാരികെട്ടിടത്തിന്റെ പ്രാരംഭ പണികൾ നടത്തിച്ചതും മറ്റും ആ തിരുമേനിയാണ്. ഈ പണികളെല്ലാം കാര്യക്ഷമതയോടെ നടത്തിച്ചിരുന്നത് പൈനാടത്ത് (കുറ്റിക്കാട്ടിൽ) പൌലോസ് റമ്പാച്ചനായിരുന്നു. അങ്കമാലി - അകപ്പറമ്പ് തുടങ്ങിയ അയൽ ഇടവകകളിൽ നിന്നുമാണ് പണികൾക്കുള്ള തുകയും മറ്റു സഹായസഹകരണങ്ങളും ലഭിച്ചുവന്നത്. ഭദ്രാസനത്തിലെ പല ഭാഗങ്ങളിൽ നിന്നുമായി, പലപ്പോഴായിട്ട്, പല വീട്ടുകാരെയും ആലുവായിൽ കൊണ്ടു വന്ന് പള്ളിപ്പരിസരത്ത് താമസിപ്പിച്ചതും ഈ കാലയളവിലായിരുന്നു. ഒരു ഇംഗ്ലീഷ് സ്കൂൾ പറവൂർ കുളങ്ങര പി. മാത്യു, ബി. എ, ബി.എൽ-ന്റെ നേതൃത്വത്തിൽ തുടങ്ങാൻ അഭിവന്ദ്യ കടവിൽ തിരുമേനി ആഗ്രഹിച്ചു. പക്ഷെ അതിന്റെ സാരഥ്യം വഹിച്ചിരുന്ന പി. മാത്യുവിന്റെ അകാല വേർപാടു മൂലം പ്രസ്തുത ആശയം കൈവെടിഞ്ഞ് സ്കൂൾകെട്ടിടം സെമിനാരിക്കെട്ടിടമാക്കിത്തീർക്കുകയാണുണ്ടാത്. അഭിവന്ദ്യ കടവിൽ തിരുമേനി തനിക്കു കിട്ടിയ വീട്ടു സ്വത്തെല്ലാം ആലുവ സെമിനാരിക്ക് സംഭാവന ചെയ്തു.

A.D1907 തുലാം 20-ാം തിയതി അഭിവന്ദ്യ കടവിൽ തിരുമേനി കാലം ചെയ്ത് ആലുവാപള്ളിയിൽ (കബർ മുറി) കബറടങ്ങി.

തുടർന്ന് അഭിവന്ദ്യ വലിയ തിരുമേനി ഇടവക ഭരണം ഏറ്റെടുത്തു. അദ്ദേഹം പള്ളിയുടെ മുഖവാരം പൊളിച്ച് പണിയിച്ചു. പുരയിടം മതിൽ കെട്ടിയുറപ്പിച്ചു. കെട്ടിടങ്ങളുടെ തേപ്പ് പൂർത്തീകരിച്ചു. കൂടാതെ കൂറെ വീട്ടുകാരെ ആലുവാ പള്ളിക്കടുത്ത് സ്ഥലം കൊടുത്ത് താമസിപ്പിച്ചു. അങ്ങനെ ഒരു സഭാകേന്ദ്രമാകാനുള്ള സാഹചര്യം വന്ദ്യതിരുമേനി സംജാതമാക്കി.

സഭാരംഗത്ത് തിരുമേനി കൈവരിച്ച ഉന്നതി ആലുവായെ വിവിധ നിലകളിൽ വളർത്തിയെടുക്കുത്തതിന് സഹായകമായി. ഒരു വൈദികസെമിനാരിയിൽ തൃക്കുന്നത്ത് സെമിനാരി ആയി രൂപം പ്രാപിച്ചു. അത് വന്ദ്യ തിരുമേനിയുടെ ജീവിതത്തിലെ മുഖ്യലക്ഷ്യമായിരുന്നു. ആത്മിയ ലൗകിക സമുന്നതപദവികളിൽ വിരാജിച്ചിരുന്ന അനേകം പേർ ആലുവായിലെ 'മഹാസിദ്ധാശ്രമം' പലപ്പോഴായി സന്ദർശിച്ചിട്ടുണ്ട്.

പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കിസ് ബാവ ആലുവായിലെ തന്റെ താമസ വേളയിൽ കല്പിക്കാറുണ്ടായിരുന്നു. "ഇതു നമ്മുടെ സ്വന്തഭവനം, നമ്മുടെ വിശ്രമകേന്ദ്രം, ഇത് നമ്മുടെ ആശ്വാസം, ഇത് നമ്മുടെ അമ്മ വീട്" എന്ന് ഈ പള്ളിയുടെ കൂദാശ പരി. ബാവായെക്കൊണ്ട് നടത്തിക്കുവാൻ വലിയ തിരുമേനി ഒരുക്കങ്ങൾ ചെയ്തു വന്നിരുന്നു. പക്ഷെ, പരിശുദ്ധ ബാവയുടെ അപ്രതീക്ഷിത ദേഹവിയോഗം മൂലം അതിനു സാധിച്ചില്ല. എങ്കിലും ബാവയുടെ കൂടെ വന്നിരുന്ന യൂഹാനോൻ മോർ ക്ലീമിസ്സ് (ശീമയിലെ) ബാവയെക്കൊണ്ട് A.D1932 മീനം 24-30 തിയതി ആ കൂദാശ നടത്തിക്കുകയുണ്ടായി.

പുണ്യശ്ലോകനായ തിരുമേനിയുടെ സംന്യാസജീവിതംകൊണ്ട് പരിപൂർണ്ണമായ ഒരാശ്രമമായി മാറി ആലുവ സെമിനാരി. അത് ആദ്ധ്യാത്മികതയുടെ സങ്കേതമായി, വിശുദ്ധിയുടെ ഉറവിടമായി. സെമിനാരിപ്പടി കടക്കുമ്പോഴേ ആരുടേയും ഹൃദയത്തിൽ ഒരു മിടിപ്പ് അനുഭവപ്പെടും; കാരണം അത് ഒരു മഹാസിദ്ധന്റെ സാന്നിദ്ധ്യംകൊണ്ട് സമാരാദ്ധ്യമായ ആത്മിയ കേന്ദ്രമാണ്. അച്ചടക്കത്തിന്റെയും പാവനസ്നേഹവാത്സല്യത്തിന്റെയും സിരാകേന്ദ്രമാണത്. ശാന്തി സംശുദ്ധിയും നിറഞ്ഞ് നിൽക്കുന്നു അവിടെ. നഗരമദ്ധ്യത്തിൽ ഒരു ശാന്തികുടീരം! ദൈവം വസിക്കുന്ന ഒരാലയം! സകല അലൗകിക പ്രൗഢികളും അടങ്ങുന്ന ഒരു മാസ്മര ശക്തിയാണ് അവിടെ നിറഞ്ഞ് നിന്നിരുന്നത്. നടത്തത്തിലും, പെരുമാറ്റത്തിലും, സംസാരത്തിലും, എല്ലാ ഒരസാധാരണ ശാന്തത, അച്ചടക്കം...... അങ്ങനെ പോയിരുന്നു ആലുവ സെമിനാരിയിലെ അക്കാലത്തെ ദിനം ഓരോന്നും!

വലിയ തിരുമേനിക്ക് കണ്ണിനു കാഴ്ചക്കുറവുണ്ടായിന്നെങ്കിലും കാതിന്റെ ശ്രവണശക്തി അസാമാന്യമായിരുന്നു. വളരെ ചെറിയ ശബ്ദം പോലും കേട്ടറിയും; "ആരാണത് "എന്ന ചോദ്യം ഉടൻ ഉയരുകയും ചെയ്യും. ശബ്ദശ്രവണമാത്രയിൽ തന്നെ ചിരപരിചയം കൊണ്ട് ആളെ തിരിച്ചറിയുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. ഏതു സ്ഥാനത്തിരിക്കുന്നവരേയും - താഴ്ചയും ഉയർച്ചയും പരിഗണിക്കാതെ -സ്നേഹനിധിയായ ഒരു പിതാവെന്ന നിലയിൽ വേണ്ടപോലെ സ്വീകരിച്ച് വേണ്ടവിധം ഉപചരിക്കുവാൻ അദ്ദേഹം സദാ തയ്യാറായിരുന്നു. തന്നെ സമീപിക്കുന്ന ഏവനും തോന്നും വന്ദ്യപിതാവ് മറ്റാരേയുംകാൾ എന്നെ പ്രിയപ്പെടുന്നു എന്ന്; അത്രയ്ക്കുണ്ട് ആ പെരുമാറ്റത്തിന്റെ ഹൃദ്യത വന്ദ്യനായ ആ പിതാവിന് ശത്രുക്കളായിട്ട് ആരുമുണ്ടായിരുന്നില്ല. അദ്ദേഹത്തെ ശത്രുവായി കാണുവാനും മനുഷ്യത്വമുള്ള ആരും തുനിയുമായിരുന്നുവെന്നും തോന്നുന്നില്ല. താൻ ശരിയെന്നു വിശ്വസിക്കുന്ന ഏതിനും വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സദാസന്നദ്ധനായിരുന്ന തിരുമേനി പരിശുദ്ധ സിംഹാസനത്തിന്റെ തന്നെ പ്രീതി ബഹുമാനങ്ങൾക്ക് പാത്രീഭൂതനായതും ആ ഉറച്ച നിലപാടുകൊണ്ടാണല്ലൊ!.

വിശുദ്ധന്റെ ജീവിതം കൊണ്ട് വിശുദ്ധിനേടിയ വിശുദ്ധ സ്ഥാപനം - അതാണ് ആലുവ തൃക്കുന്നത്തു സെമിനാരിയും പള്ളിയും. മുൻഗാമികൾ തയ്യാറാക്കിയ പാശ്ചാത്തലം പവിത്രതയോടെ പൂർത്തീകരിക്കപ്പെട്ട ആസ്ഥാനമാക്കിയത് പരിശുദ്ധനായ വലിയ തിരുമേനിയാണ്. അത് ആർക്കും ഒരു കാലത്തും മറക്കാനാവുകയില്ല. മലങ്കര യാക്കോബായ സഭ ഉള്ളടത്തോളം കാലം ആ മധുരസ്മരണ സജീവമായിത്തന്നെ നിലകൊള്ളും.

പള്ളിപരിസര നിവാസികൾക്കെല്ലാം ഈ സ്ഥാപനം എല്ലാത്തരത്തിലും ഒരു അത്താണിയായിരുന്നു. സെമിനാരിയിൽ സന്ദർശകരില്ലാത്ത സമയം തന്നെ ചുരുക്കമായിരുന്നു. സദാ സജീവമായിരുന്നു സെമിനാരിയുടെ അന്തരീക്ഷം ശത്രു- മിത്ര, ജാതി -മത, ഭേദമെന്യെ ഏവർക്കും സദാ സ്വാഗതമോതിയിരുന്നു ഈ ആശ്രമം. വിവിധതരം ജീവിത ക്ലേശങ്ങൾക്ക് ഒരു അറുതി കണ്ടെത്തി ആശ്വസമനുഭവിക്കുവാൻ ആലുവ സെമിനാരി ഒട്ടേറെപ്പേരെ സഹായിച്ചിട്ടുണ്ട്.

ഇന്ന് അതെല്ലാം വിലയേറിയ മങ്ങാത്ത സ്മരണകൾ! ആ ഒടുങ്ങാത്ത ദിവ്യതേജസ്സ് ബാഹ്യമായിട്ടില്ല, ആന്തരികമായിട്ട് വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നുണ്ടാവും. പരിശുദ്ധനായ ആ പിതാവിന്റെ കബറിടം ഇന്ന് ചാരം മൂടിയ തീക്കട്ടയായി സ്ഥിതിചെയ്യുന്നുവെന്ന് പറയാം. ഇന്നല്ലെങ്കിൽ നാളെ ആ തേജസ്സ് പുറത്തു വരാതിരിക്കയില്ല; നിശ്ചയം.

# പ്രാർത്ഥനയിലൂടെ ദൈവികസാന്നിദ്ധ്യം അനുഭവിച്ച പ.പൌലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനി

***ഷെവ. കെ.വി. പൌലോസ്***



മലങ്കര മെത്രപ്പൊലിത്ത എന്ന നിലയിൽ മലങ്കര മുഴുവന്റേയും സാരഥ്യം പ്രാർത്ഥനയിലൂടെ അരുമനാഥനിൽ നിന്ന് ശക്തി നേടിയെടുത്ത് പ്രതിസന്ധികളെ അതിജീവിച്ച മഹത് വ്യക്തിയാണ്.പുണ്യശ്ലോകനായ പൌലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനി പ്രതിസന്ധികളും പ്രതികൂലതകളും ഉണ്ടാകുമ്പോൾ അദ്ദേഹം തന്റെ നാഥനായ ക്രിസ്തുവിലേക്കാണ് തിരിയുക. നാഥന്റെ മുമ്പിൽ മുട്ടിപ്പായി പ്രാർത്ഥിക്കും. ഫലം ലഭിക്കും. ഒന്നും തന്റെ പ്രശസ്തിക്കോ അധികാരത്തിനോ വേണ്ടിയല്ല; സഭയ്ക്കുവേണ്ടിയാണ്. സഭാ മക്കൾക്കുവേണ്ടിയാണ്. കണ്ണീരും പ്രാർത്ഥനയും ആൾ രൂപമെടുത്ത മഹത് വ്യക്തിയെന്ന് പ. പൌലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനിയെന്ന വ്യക്തിയെ വിശേഷിപ്പിക്കുന്നത് തികച്ചും ശരിയാണ്. ഈ ത്യാഗധനന്റെ കൈമുതൽ കണ്ണീരും പ്രാർത്ഥനയും മാത്രമായിരുന്നു. സഭയിൽ എവിടെയെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ അദ്ദേഹം ബന്ധപ്പെട്ടകക്ഷികളെ വിളിച്ചു വരുത്തും. പ്രശ്നങ്ങൾ എന്തെന്ന് ആരായും. വസ്തു നിഷ്ഠമായി ചിന്തിച്ച് പരിഹാരം കണ്ടെത്തുന്നതിന് അത് ദൈവസഹിതത്തിന് സമർപ്പിക്കും. പ്രാർത്ഥനയ്ക്കുശേഷം തിരുമേനി ഒരു തീരുമാനത്തിലെത്തും. അത് ബന്ധപ്പെട്ടവരെ അറിയിക്കും അപ്പോൾ ആ പരിശുദ്ധമാനസന്റെ കണ്ണുകൾ നിറഞ്ഞിരിക്കുകയും ചെയ്യും. അത് ഹൃദയത്തിന്റെ ഭാഷയാണ്. ഹൃദയത്തിന്റെയും കണ്ണുകളുടേയും ഭാഷ ബന്ധപ്പെട്ടവരുടെ ഹൃദയതന്ത്രികളെ ചലിപ്പിക്കും. പ്രതിസന്ധികൾ മഞ്ഞുപോലെ ഉരുകിത്തീരും പിന്നെ പ്രതിസന്ധികൾ ഇല്ല തന്നെ. ബദ്ധശത്രുക്കൾ എന്നപോലെ കടന്നുവന്നവർ തിരുമേനിയുടെ മുമ്പിൽ പരസ്പരം ആലിംഗനം ചെയ്ത് സന്തോഷചിത്തരായി അനുഗ്രഹം നേടി മടങ്ങിപ്പോകും. തിരുമുഖത്തു വിടരുന്ന പുഞ്ചിരി ഏതൊരാളുടേയും മനസ്സിനെ സന്തോഷിപ്പിക്കുന്നതാണ് " എന്റെ മക്കളേ" എന്ന തിരുമേനിയുടെ വിളിയിൽ ഒരു സ്നേഹ സമുദ്രം തന്നെ അലയടിക്കുന്നതായി തോന്നുമായിരുന്നു

അചഞ്ചലമായ വിശ്വാസധീരതയുടെ പ്രതീകമായിരുന്ന അത്താനാസ്യോസ് തിരുമേനി ഒരിക്കൽ കേസ്സിൽ പരാജയം നേരിടുമെന്നും തിരുമേനി സെമിനാരിയിൽ നിന്നു പോലും ഇറങ്ങിപ്പോകേണ്ടി വരുമെന്നും എതിർഭാഗത്തെ ചില പ്രമാണിമാർ ഭീഷണിപ്പെടുത്തിയപ്പോൾ " മക്കളേ! സാരമില്ല; അകപ്പറമ്പിൽ നമുക്കൊരു പുരയിടമുണ്ട്. കിണറും കുഴിച്ചിട്ടുണ്ട്. ഒരു ചെറിയ കെട്ടിടം വയ്ക്കണം നാം അവിടെ കഴിഞ്ഞുകൂടിക്കൊള്ളാം എന്തായാലും അസത്യത്തിന് നാം കൂട്ടുനിൽക്കുകയില്ല" എന്നാണ് ആ മഹർഷിശ്രേഷ്ഠൻ കല്പിച്ചത്. ആ നിഷ്കളങ്ക സ്നേഹത്തിന്റേയും ത്യാഗമനസ്ഥിതിയുടേയും വിശ്വാസദാർഢ്യത്തിന്റേയും എതിരാളികൾ മുൻപിൽ നമ്രശിരസ്ക്കാരതെന്തു ചെയ്യും!

പ.അത്താനാസ്യോസ് തിരുമേനി ഒരു പള്ളി സന്ദർശിക്കുകയെന്നത് ഇടവകക്കാരെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗീയനന്ദാഭൂതി തന്നെയായിരുന്നു. വിശ്വാസികളെ സംബന്ധിച്ചിടത്തോളം തിരുമേനി അർപ്പിക്കുന്ന വി. കുർബാനയിൽ സംബന്ധിച്ച് അവർക്കൊന്നു കരയണം " മക്കളേ! എന്ന സംബോധനയോടെ തുടങ്ങുന്ന ആ വചന പ്രഘോഷണം കേട്ട് അവർക്കൊന്ന കണ്ണുനീർ ചൊരിയണം മനസ്സിൽ നിന്ന് പാപക്കറകൾ നീക്കി വിശുദ്ധിയാർജ്ജിക്കണം.

പ. അത്താനാസ്യോസ് തിരുമേനിയെ സംബന്ധിച്ചിടത്തോളം സത്യമാണ് ലക്ഷ്യം. പ്രാർത്ഥനയാണ് മാർഗ്ഗം; സ്നേഹമാണ് ശൈലി എത്രയോ നുറുങ്ങിയ ഹൃദയങ്ങൾക്ക് അദ്ദേഹം ആശ്വസമേകി എത്രയോ പേരുടെ കണ്ണുനീർ തുടച്ചു. എത്രയെത്ര തകർന്ന കുടുംബങ്ങളെ അദ്ദേഹം കൂട്ടിച്ചേർത്തു! ഓരോരുത്തരുടേയും മനസ്സിലുണ്ട് ജീവൻ തുടിക്കുന്ന ഒട്ടേറെ അനുഭവകഥകൾ. ഒരു നോട്ടം കൊണ്ട് ഒരു ആശ്വാസവാക്കുകൊണ്ട്, തലയിൽ തൃക്കൈ വച്ചുള്ള പ്രാർത്ഥന കൊണ്ട് അദ്ദേഹം എത്രയെത്ര മനുഷ്യത്മക്കൾക്ക് പുതുജീവൻ നൽകി. ഓരോരുത്തരേയും പേരുചെല്ലി വിളിച്ച് കുശലാന്വേഷണം നടത്തുന്ന തിരുമേനി പലർക്കും ഒരു അത്ഭുതമായിരുന്നു. ഇതര മതസ്ഥർക്കും തിരുമേനി ഒരു ആരാധനാ പാത്രമായിരുന്നു. "ആലുവായിലെ മാമുനി" എന്നാണ് പലരും വിളിച്ചിരുന്നത്.

കോട്ടയം ജില്ലാ കോടതിയിൽ കേസ് പരാജയപ്പെട്ട സന്ദർഭം തിരുമേനിയുടെ സ്വപ്രത്യയസ്ഥൈര്യം വിളിച്ചറിയിക്കുന്ന നിമിഷവും കൂടിയായിരുന്നു. അപ്പീലിനു യാതൊരു വഴിയുമില്ല തിരുമേനി കല്പിക്കുകയാണ്, "മാത്തുവേ നാമിനി ഒന്നിനും പോകുന്നില്ല. അവരേതായാലും നമ്മെ അപമാനിക്കുവാൻ വേണ്ടി കോടതി ചെലവിനും നമുക്കു വാറണ്ടുവയക്കും. മാത്തു നീ കേൾക്കുന്നുണ്ടോ? വാറണ്ടു വച്ചാൽ നമുക്കു ജയിലിൽ പോകണം നമ്മുടെ യാമ നമസ്ക്കാര പുസ്തകവും ഒരു സങ്കീർത്തന പുസ്തകവും കൊണ്ടുപോകണം നീയും കൂടെ വരണം. അങ്ങനെ നമുക്കവിടെ പോയിരിക്കാം കേട്ടോ മാത്തു..." അന്നു മുതൽ അപ്പീൽ നൽകുന്നതിനാവശ്യമായ പണം തുടരെ വന്നു കൊണ്ടിരുന്നു.

തിരുവനന്തപുരത്തു ഹൈകോർട്ടിൽ അപ്പീൽ ഫയൽ ചെയ്തു. ഈ അപ്പീൽ 1946 -ൽ അനുവദിക്കുകയും കേസ്സിൽ തിരുമേനിക്കു വിജയം ലഭിക്കുകയും ചെയ്തു. ഈ വിധിയിന്മേൽ എറണാകുളത്തേക്കു മാറ്റപ്പെട്ട തിരുവിതാംകൂർ - കൊച്ചി സംസ്ഥാന ഹൈക്കോടതിയിൽ എതിർ കക്ഷികൾ റിവ്യൂ പെറ്റീഷൻ കൊടുത്തുവെങ്കിലും ആ റിവ്യൂ പെറ്റീഷൻ തള്ളി. വിധി പ്രസ്താവിക്കുകയാണുണ്ടായത്. മാത്രവുമല്ല. സുപ്രീംകോടതിയിൽ അപ്പീലിനുള്ള അപേക്ഷ പോലും ബഹു ജഡ്ജിമാർ അനുവദിക്കുകയുണ്ടായില്ല. ഇങ്ങനെ തിരുമേനി നടത്തിവന്നിരുന്ന സമുദായ കേസ് പരിപൂർണ്ണ വിജയത്തിൽ എത്തിക്കാണുവാൻ കർത്തൃ സന്നിധിയിൽ കണ്ണുനീർ കാഴ്ച വച്ചുകൊണ്ടിരുന്ന ആ മഹാത്മാവിനെ ദൈവം അനുഗ്രഹിച്ചു.

തിരുമേനിയുടെ നിഷ്കളങ്കമായ മുഖത്ത് ഒരു ദിവ്യ പ്രകാശം വിളങ്ങിയിരുന്നു. അതു കണ്ടറിഞ്ഞിട്ടാവണം കൊച്ചി മഹാരാജാവ് വലിയ തിരുമേനി ഉപവിഷ്ടനാകാതെ താൻ ഇരിക്കുകയില്ലെന്ന് തൃപ്പൂണിത്തുറ പള്ളി മുറ്റത്തെ കൂടിയ മഹാസമ്മേളനം വേദിയിൽ പ്രഖ്യാപിച്ചത്. വലിയ തിരുമേനി കൊട്ടാരത്തിലും കുടിലിലും ബഹുമാന്യനായിരുന്നു.

നാടും നഗരവും തിരിച്ചറിഞ്ഞു കഴിഞ്ഞു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ഒരു പുണ്യവാൻ ജീവിച്ചിരുന്നുവെന്ന്. ഒരു കെടാവിളക്ക് അവിടെ പ്രകാശം പരത്തിക്കൊടുക്കുമായിരുന്ന്. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം ഈ പുണ്യവാന്റെ ഖ്യാതി ലോകമെങ്ങും വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു.

പണ്ടേ തന്നെ ജനഹൃദയങ്ങളിൽ പരിശുദ്ധ പദവി നേടിയെടുത്ത വലിയ തിരുമേനിയെ വി. സഭയുടെ ദൃശ്യതലവൻ പ. ഇഗ്നാത്തിയോസ് സാഖാ ഈവാസ് പ്രഥമൻ ബാവ 2004 ആഗസ്റ്റ് 19 -ന് പരിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിൽ സഭാമക്കൾക്കുള്ള സന്തോഷം അളവില്ലാത്തതാണ്. അപ്പോഴിതാ പ. പൌലോസ് മോർ അത്താനാസ്യോസ് തിരുമേനിയുടെ നാമധേയം നമ്മുടെ ദേവാലയങ്ങളിൽ അർപ്പിക്കുന്ന വി.കുർബാന മദ്ധ്യെ , തുബ്ദേനിൽ ഓർമ്മിക്കുവാൻ പ. പാത്രിയർക്കീസ് ബാവ കല്പന പുറപ്പെടുവിച്ചത് എത്രയോ ആഹ്ളാദകരം. നമുക്ക് ദൈവത്തെ സ്തുതിക്കാം.

*" നീതിമാന്മാരുടെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്."*

# കണ്ടനാട് വി. മർത്തമറിയം കത്തീഡ്രലിൽ ശ്രേഷ്ഠ കാതോലിക്കാ ബാവ വി. കുർബാന അർപ്പിച്ചു.



ശ്രേഷ്ഠ ബാവായെ സഭാ സെക്രട്ടറിയും കണ്ടനാട് പള്ളി ട്രസ്റ്റിയുമായ തമ്പു ജോർജ്ജ് തുകലൻ സഭാവർക്കിംഗ് കമ്മറ്റി അംഗം ഇ.എം ജോൺ ഇളബ്ലാശേരിയിൽ എന്നിവർ ചേർന്ന് സ്വീകരിച്ച് പള്ളിയിലേക്ക് ആനയിക്കുന്നു.



കണ്ടനാട് വി. മർത്തമറിയം യാക്കോബായ സുറിയാനി പള്ളിയുടെ ചരിത്രത്തിൽ 40 വർഷത്തിനു ശേഷം യാക്കോബായ സുറിയാനി സഭയുടെ പ്രദേശിക തലവൻ ശ്രേഷ്ഠ കാതോലിക്ക ബാവ ആദ്യമായി വി. ഏഴുന്മേൽ കുർബ്ബാനയ്ക്ക് പ്രധാന കാർമികത്വം വഹിച്ചു. പ. ശക്രുള്ള മോർ ബസേലിയോസ് മപ്രിയാനയുടെ 245-ാം ശ്രാദ്ധപ്പെരുന്നാളോട് അനുബന്ധിച്ചാണ് ബാവ തിരുമനസ്സുകൊണ്ട് പള്ളിയിൽ പ്രവേശിച്ചത്. കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മോർ ഈവാനിയോസ്, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ്, സിംഹാസന പള്ളികളുടെ കുറിയാക്കോസ് മോർ ദിയസ്കോറോസ് എന്നീ മെത്രാപ്പോലിത്തൻമാർ സഹകാർമികരായിരുന്നു. കണ്ടനാട് വി. മർത്തമറിയം കത്തീഡ്രലിൽ യാക്കോബായ സഭയിലെ പുരോഹിതൻമാർ ഏഴിന്മേൽ കുർബ്ബാന അർപ്പിക്കുന്നത് തടയണമെന്ന ആവിശ്യവുമായി മെത്രാൻകക്ഷികൾ എറണാകുളം ഒന്നാം അഡീഷണൽ മുൻസിഫ് കോടതിയിൽ കൊടുത്ത ഹർജി തള്ളപ്പെട്ടിരുന്നു. മെത്രാൻകക്ഷി പക്ഷത്തെ വൈദികൻ സമർപ്പിച്ച ഹർജിയാണ് മുൻസിഫ് പ്രിയാ ചന്ദ് തള്ളിയത്.

40 വർഷത്തിനു ശേഷമാണ് പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെട്ട കാതോലിക്കാ ബാവ കണ്ടനാട് പള്ളിയിൽ പ്രവേശിക്കുന്നത് സഭാതർക്കം മൂലം ഭദ്രാസന മെത്രാപ്പോലീത്താ കൂടിയായിരുന്ന കാലം ചെയ്ത ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയ്ക്ക് ഈ പള്ളിയിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല.

ശ്രേഷ്ഠ കാതോലിക്കാ ബാവായേയും മെത്രാപ്പോലിത്തൻമാരേയും സ്വീകരിക്കുവാൻ പള്ളി പരിസരത്ത് രാവിലെ തന്നെ നൂറുകണക്കിന് വിശ്വാസികൾ കാത്തു നിന്നിരുന്നു. യാക്കോബായ സഭ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ വികാരി പുന്നച്ചാലിൽ ജോൺ കോർഎപ്പിസ്കോപ്പ, സഭാവർക്കിംഗ് കമ്മറ്റി അംഗം കമാണ്ടർ ഇ.എം ജോൺ ഇളബ്ലാശേരി എന്നിവർ ചേർന്ന് ബാവായെ സ്വീകരിച്ചു. പള്ളിയുടെ ചരിത്രത്തിൽ നടന്ന അവിസ്മരമീയമായ ചടങ്ങായിരുന്നു ഈ വർഷത്തെ പെരുന്നാൾ ആഘോഷം. പ. പാത്രിയർക്കീസ് ബാവ പ. ശക്രുള്ള മോർ ബസേലിയോസ് ബാവായെ വി. പദവിയിലേക്ക് ഉയർത്തിയ ശേഷം രണ്ടാമത്തെ പെരുന്നാളായിരുന്നു ഈ വർഷത്തേത്. ഒക്ടോബർ 21 ന് മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രലിൽ നിന്ന് കണ്ടനാട് മർത്തമറിയം കത്തീഡ്രലിലേക്ക് നടന്ന തീർത്ഥയാത്രയ്ക്ക് നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. ഭദ്രാസന മെത്രാപ്പോലീത്ത മാത്യൂസ് മോർ ഈവാനിയോസ് മുളന്തുരുത്തി പള്ളി മുതൽ കണ്ടനാട് പള്ളി വരെ തീർത്ഥാടകരോടൊപ്പം നടന്ന് വിശ്വാസികൾക്ക് നേതൃത്വം നൽകി. യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന നേർച്ച സദ്യയിൽ ആയിരകണക്കിന് വിശ്വാസികൾ പങ്ക് ചേർന്ന് അനുഗ്രഹം പ്രാപിച്ചു. പെരുന്നാൾ ചടങ്ങുകൾക്ക് വികാരി ജോൺ പുന്നച്ചാലിൽ കോർഎപ്പിസ്കോപ്പ സഹവികാരിമാരായ ഫാ. ജോൺ പൗലോസ് പോട്ടയിൽ, ഫാ. ഷെബിൻ പോൾ പെരുംമ്പാട്ട് എന്നിവർ നേതൃത്വം നൽകി.



കണ്ടനാട് വി. മർത്തമറിയം കത്തീഡ്രലിൽ ‌ പ. ശക്രുള്ള മോർ ബസേലയോസ് മപ്രിയാനയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധന്റെ കബറിടത്തിൽ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ ധൂപ പ്രാർത്ഥന നടത്തുന്നു. മെത്രാപ്പോലീത്താമാരായ ഡോ. മാത്യൂസ് മോർ ഈവാനിയോസ്, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ്, കുര്യാക്കോസ് മോർ ദിയസ്കോറോസ്, വികാരി ജോൺ പുന്നച്ചാലിൽ കോർഎപ്പിസ്കോപ്പ എന്നിവർ സമീപം



കണ്ടനാട് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന വി. മോർ ബസേലിയോസ് ശക്രുള്ള ബാവായുടെ കബറിൽ ശ്രേഷ്ഠ പിതാവ് മുത്തുന്നു.







# പിറവം പള്ളിയിൽ മെത്രാൻ കക്ഷി ഗുണ്ടായിസം



പിറവം വലിയ പള്ളിയിൽ മെത്രാൻ കക്ഷികൾ നടത്തിയ ആക്രമണത്തിൽ പ്രതിഷേധിച്ച് നടന്ന പ്രതിഷേധ യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസ്, വിശ്വാസസംക്ഷണ സമിതി പ്രസിഡന്റ് ഏലിയാസ് മോർ അത്താനാസിയോസ്, വികാരിമാരായ സൈമൺ ചെല്ലിക്കാട്ടിൽ കോർഎപ്പിസ്കോപ്പ, ഫാ. റോയി മേപ്പാടത്ത് എന്നിവർ സംബന്ധിക്കുന്നു.

പിറവം വലിയ പളളിയിൽ മെത്രാൻകക്ഷികൾ ആക്രമം അഴിച്ചുവിട്ടു. സമാധാനപരമായി ആരാധന നടന്ന ദൈവാലയത്തിൽ മെത്രാൻകക്ഷി ഗുണ്ടകളുടെ നേതൃത്വത്തിൽ ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുകയായിരുന്നു. കഴിഞ്ഞവർഷം ഒക്ടോബർ 19 ന് മെത്രാൻ കക്ഷി ഗുണ്ടകളുടെ സഹായത്തോടെ കുരിശുപളളിയുടെ വാതിൽ തകർത്ത് മെത്രാൻകക്ഷി കാതോലിക്ക പ്രവേശിച്ചതിന്റെ ഒന്നാം വാർഷികത്തിന്റെ നോട്ടീസ് വിതരണം ചെയ്യാൻ എന്ന ഭാവത്തോടെയാണ് ഗുണ്ടകൾ പളളിയിൽ എത്തിയത്. അക്രമത്തിൽ യാക്കോബായ സഭാ അംഗങ്ങളായ ജിജിൻ ജോർജ്ജ്, ആൻസൻ ജോർജ്ജ്, ജോർജ്ജ് കുന്നത്ത്, ജോസ് എന്നിവരെ ലേക്ഷോർ ആശുപത്രിയിൽ പ്രവേശിച്ചു.

മെത്രാൻകക്ഷി ഗുണ്ടാ അക്രമത്തിൽ യാക്കോബായ വിശ്വാസികൾ ടൗണിൽ പ്രതിഷേധ യോഗം നടത്തി കണ്ടനാട് ഭദ്രാസനത്തിന്റെ മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത വിശ്വാസ സംരക്ഷണ സമിതിയുടെ ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത, വികാരിമാരായ സൈമൺ ചെല്ലിക്കാട്ട് കോർഎപ്പിസ്കോപ്പ ഫാ. റോയി മേപ്പാടം, എന്നിവർ പ്രസംഗിച്ചു.











## കുര്യാക്കോസ് കോർ എപ്പിസ്കോപ്പയെ അനുമോദിച്ചു.



ന്യൂയോർക്ക്: കോർ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട റോക്ക് ലാൻഡ് സെന്റ് ജോർജ് സിറിയൻ ഓർത്തഡോക്സ് പളളി വികാരി കറുകയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പയെ സെപ്റ്റംബർ 26-ന് കൂടിയ ഇടവക യോഗം അനുമോദിച്ചു.

വി. കുർബ്ബാനയെ തുടർന്ന് നടന്ന യോഗത്തിൽ പളളി സെക്രട്ടറി ജോർജ് ഐസക് സ്വാഗതം അർപ്പിച്ചു. ഇടവക അംഗങ്ങളായ വിജയൻ ഡാനിയേൽ, ജോൺ അമ്പാട്ട്, കെ. പി. സാജു, എബ്രഹാം പി, കെ.സി വറുഗീസ്, കുസുമം ഡാനിയേൽ, ഷോൺ വെളളാവളളിൽ, ഷെറിൻ വറുഗീസ്, ആനി പരത്തുവയലിൽ എന്നിവരും ഭദ്രാസന കൗൺസിൽ അംഗം സാജു പൗലോസും ആശംസകൾ അർപ്പിച്ചു. സുറിയാനി സഭയിലെ സത്യ വിശ്വാസ സംരക്ഷണ സമതിയുടെ നേതൃനിരയിൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന കോർഎപ്പിസ്കോപ്പയുടെ പ്രവർത്തനങ്ങളെ യോഗം ശ്ലാഘിച്ചു അതോടൊപ്പം തന്നെ കഴിഞ്ഞ മൂന്നു വർഷത്തോളമായി സെന്റ് ജോർജ് പളളിയുടെ ആത്മീയ കാര്യങ്ങളിലും ദൈവാലയ നിർമാണ പ്രവർത്തനങ്ങളിലും നേതൃത്വം നൽകുന്ന കോർഎപ്പിസ്കോപ്പയെ യോഗം അഭിനന്ദിക്കുകയും പളളിയുടെ പാരിതോഷികമായ കുരിശും മാലയും സെക്രട്ടറി ജോർജ് ഐസക് സമ്മാനിക്കുകയും ചെയ്തു.

## ബാംഗ്ലൂരിൽ യൂത്ത് ഫെലോഷിപ്പ്



ബാംഗ്ലൂർ ഭദ്രാസന യൂത്ത് ഫെലോഷിപ്പ് ഒക്ടോബർ 11-ന് സെന്റ് ഗ്രീഗോറിയോസ് പളളിയിൽ നടന്നു. വികാരി ഫാ. എൽദോസ് വണ്ടാനത്തിൽ യുവജനങ്ങളെ സ്വാഗതം ചെയ്തു. രാവിലെ നടന്ന ക്ലാസിന് സുവിശേഷകനായ ജോർജ് കോശി നേതൃത്വം നൽകി ഡീക്കൻ എൽദോസ് ചിറ്റേത്ത് സുറിയാനി സംഗീത ക്ലാസ് നയിച്ചു. തുടർന്ന് ഭദ്രാസന യൂത്ത് കൗൺസിലിന്റെ പ്രഥമ യോഗം നടത്തപ്പെട്ടു. ഭദ്രാസനത്തിലെ പളളികളിൽ നിന്ന് 125 പ്രതിനിധികൾ സംബന്ധിച്ച ഫെലോഷിപ്പിന് ഫാ. പൗലോസ് മംഗലത്ത്, ഫാ. പ്രിൻസ്, ഡീ. ഏബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

## ഡെൻമാർക്കിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെട്ടു

ജോസഫ് തോലാനിയ്ക്കൽ





കോപ്പൻഹാഗൻ: പ്രവാസി മലയാളിയുടെ ചരിത്രത്തിൽ ആദ്യമായും ഡെൻമാർക്കിന്റെ ചരിത്രത്തിൽ ഇഥംപ്രഥമായും മലയാളം കുർബ്ബാന തലസ്ഥാനമായ കോപ്പൻഹാഗനിൽ അർപ്പിക്കപ്പെട്ടു.

കോപ്പൻഹാഗനു സമീപമുളള ബെൻസ്ടെസ്വായ് സെന്റ് തെരേസാസ് ദൈവാലയത്തിൽ ഒക്ടോബർ 18 ഞായറാഴ്ച യാക്കോബായ സുറിയാനി സഭയിലെ വൈദികനായ ഫാ. എൽദോസ് വട്ടപ്പറമ്പിലിന്റെ കാർമ്മികത്വത്തിലാണ് വിശുദ്ധ ബലിയർപ്പിച്ചത്. വിവിധ സഭാ വിശ്വാസികളായ കോപ്പൻഹാഗനിലെ മലയാളി സമൂഹം വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊണ്ടു.

മാസംതോറും എല്ലാ മൂന്നാമത്തെ ഞായറാഴ്ചകളിലും വിശുദ്ധ കുർബ്ബാനയർപ്പിക്കാൻ ദൈവാലയം അനുവദിച്ചുകൊടുത്ത കോപ്പൻഹാഗൻ അഭിവന്ദ്യ ബിഷപ്പിനും സെന്റ് തെരേസാസ് ഇടവക വികാരിയ്ക്കും നന്ദി പറഞ്ഞുകൊണ്ട് ഫാ. എൽദോസ് നടത്തിയ പ്രഭാഷണത്തിൽ ഡെൻമാർക്കിലെ ആദ്യത്തെ മലയാളം കുർബ്ബാന ഒരു ചരിത്ര സത്യമായി നിലകൊളളുമെന്നു പ്രസ്താവിച്ചു. ദിവ്യബലിയ്ക്കു ശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

# നെച്ചൂർ പള്ളി മെത്രാൻ കക്ഷികളുടെ അവകാശവാദം കോടതി തള്ളി





നെച്ചൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി യാക്കോബായ സഭയുടേതാണെന്ന ഹൈക്കോടതി വിധിയെ തുടർന്ന് പള്ളിയിൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കപ്പെടുന്നു. വികാരി പി കെ കുറിയാക്കോസ് കോർഎപ്പിസ്കോപ്പ സമീപം



എറണാകുളം ജില്ലയിൽ കണ്ടനാട് ഭദ്രാസനത്തിൽപ്പെട്ട നെച്ചൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി, യാക്കോബായ സുറിയാനി സഭയുടെ കീഴിലുള്ള ഇടവകയാണെന്നും ആ ഇടവകയിൽ മെത്രാൻ കക്ഷികൾക്ക് അധികാരമില്ലെന്നുമുള്ള എറണാകുളം ജില്ലാ കോടതിയുടെ വിധിക്കെതിരെ ചില മെത്രാൻ പക്ഷക്കാർ കേരളാ ഹൈക്കോടതി സിംഗിൾ ബഞ്ച് മുമ്പാകെ കൊടുത്ത അപ്പീൽ കോടതി നിരസിച്ചു. നെച്ചൂർ പള്ളി 1934-ലെ ഭരണഘടനാപ്രകാരം ഭരിക്കപ്പെടേണ്ടതാണെന്നും യാക്കോബായ സുറിയാനി സഭയുടെ വന്ദ്യ പി കെ കുറിയാക്കോസ് കോർഎപ്പിസ്കോപ്പായ്ക്ക് വികാരിയായി തുടരുന്നതിന് അർഹതയില്ലായെന്ന് പ്രഖ്യാപിക്കപ്പെടണമെന്നായിരുന്നു മെത്രാൻ കക്ഷികളുടെ ആവശ്യം. ഇവയാണ് കോടതി നിരാകരിച്ചത്. ഇതേതുടർന്ന് മെത്രാൻ കക്ഷിവിഭാഗത്തിലെ വൈദീകനും രണ്ടു ആത്മായക്കാരനും സമർപ്പിച്ച ഉപഹർജിയും തള്ളപ്പെട്ടു.

പള്ളികൾ പോലുള്ള പൊതു ട്രസ്റ്റികൾക്കെതിരെ കേസുകൾ കൊടുക്കുമ്പോൾ സിവിൽ നടപടി ചട്ടം 92 -ാം വകുപ്പു പ്രകാരം ജില്ലാകോടതിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ അനുമതി ഇല്ലാത്തതുകൊണ്ടാണ് മെത്രാൻ കക്ഷികൾ കൊടുത്ത അപ്പീലും അന്യായവും തള്ളിയത്. നെച്ചൂർ പള്ളിയിൽ യാക്കോബായ സഭയ്ക്ക് ആണ് അധികാരംമെന്ന് വ്യക്തമാക്കുന്ന എറണാകുളം ഒന്നാം അഡീഷണൽ ജില്ലാ ജഡ്ജിയുടെ വിധിക്കെതിരെയാണ് മെത്രാൻ കക്ഷി പക്ഷം കോടതിയെ സമീപിച്ചത്.

നെച്ചൂർ പള്ളിയിൽ യാക്കോബായ സുറിയാനി സഭയുടെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കുകയാണ്. യാക്കോബായ സഭയ്ക്ക് വേണ്ടി അഡ്വ. കെ രാംകുമാർ, അഡ്വ. സുകുമാരൻ എന്നിവർ ഹാജരായി. യാക്കോബായ സുറിയാനി സഭയുടെ സമീപകാലത്ത് ലഭിച്ച ഏറ്റവും വ്യക്തമായ വിധിയായിരുന്നു ജസ്റ്റിസ് രാംകുമാർ നടത്തിയത്. എല്ലാ ക്രമീകരണങ്ങൾക്കും ട്രസ്റ്റിമാരായ സോജൻ പുഞ്ചളായിൽ, എബ്രഹാം രാജു വെട്ടിക്കുഴി എന്നിവർ നേതൃത്വം നൽകി.

## മലയാള മനോരമയെ എന്തിന് ഈ കാപട്യം !

## നെച്ചൂർ പള്ളി വിധിയെ മാധ്യമങ്ങൾ എങ്ങനെ റിപ്പോർട്ട് ചെയ്തുവെന്നത് ശ്രദ്ധിക്കുക

### സഭാതർക്കം ദുഃഖകരം ഹൈക്കോടതി

കൊച്ചി: ഒത്തുചേരലിന്റെ സൂചന പോലുമില്ലാതെ, ഓർത്തഡോക്സ്, യാക്കോബായ സഭകൾ തമ്മിലുള്ള തർക്കം നാൾക്കുനാൾ വർദ്ധിക്കുന്നതു ദുഃഖകരമാണെന്നു ഹൈക്കോടതി. വിയോജിപ്പ് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെങ്കിലും, ദൈവാലയങ്ങളിൽ പോലും ഇതു ശക്തിയുക്തം വിനിയോഗിക്കുന്നതിനു ന്യായീകരണമില്ലെന്നു കോടതി അനുബന്ധമായി പറഞ്ഞു.

ഒത്തുതീർപ്പു സമവാക്യമെന്നോണം, ഒരേ സ്ഥലത്തു കക്ഷി തിരിഞ്ഞ് ആരാധനാ സംവിധാനം ഉണ്ടാക്കുന്ന പ്രവണത വിശ്വാസികളുടെ ആ നിലയ്ക്കുള്ള ധ്രുവീകരണത്തിനേ സഹായിക്കൂ. നെച്ചൂർ സെന്റ് തോമസ് പള്ളി ഭരണവുമായി ബന്ധപ്പെട്ട് ഉത്തരവു ചോദ്യം ചെയ്ത് സമർപ്പിച്ച അപ്പീൽ തളളിക്കൊണ്ടാണു ജസ്റ്റിസ് വി. രാംകുമാറിന്റെ നിരീക്ഷണം.

**മലയാള മനോരമ 15 വ്യാഴം 2009 നെച്ചൂർ പള്ളി കേസ് വിധി വന്ന ദിവസം**

### സഭാതർക്കം വിശ്വാസികളെ വിരുദ്ധ ചേരികളിലാക്കുന്നു : ഹൈക്കോടതി

കൊച്ചി: വിശ്വാസികളെ വിരുദ്ധചേരികളിലാക്കാൻ മാത്രമേ സഭാതർക്കത്തിന് കഴിയൂ എന്ന് ഹൈക്കോടതി. സുറിയാനി ക്രിസ്ത്യാനി സഭയിൽ ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തിന് ആക്കം കൂടി വരുന്നതും ഐക്യത്തിന്റെയോ ഒത്തുതീർപ്പിന്റെയോ യാതൊരു സൂചനയും ഇല്ലാതാവുന്നതും ഖേദകരമാണെന്നും ജസ്റ്റിസ് വി. രാംകുമാർ അഭിപ്രായപ്പെട്ടു.

എറണാകുളം ജില്ലയിൽ പിറവത്തിനടുത്ത് നെച്ചൂർ സെന്റ് തോമസ് പള്ളിയിൽ യാക്കോബായ സഭയ്ക്കാണ് അധികാരമെന്ന് വ്യക്തമാക്കുന്ന എറണാകുളം ഒന്നാം അഡീക്ഷണൽ ജില്ലാ ജഡ്ജിയുടെ വിധിക്കെതിരായ അപ്പീലും അന്യായവും തള്ളിക്കൊണ്ടാണ് കോടതിയുടെ ഈ പരാമർശം.

ഓർത്തഡോക്സ് പക്ഷത്തെ വർക്കി എബ്രഹാം കപ്പലാംകുടി, ഫാ. ടി.പി ഏലിയാസ് തുടങ്ങി നാലുപേർ നൽകിയ അപ്പീലും അന്യായവുമാണ് കോടതി തള്ളിയിട്ടുള്ളത്. അന്യായം നൽകും മുമ്പ് യഥാസമയം കോടതിയുടെ അനുമതി വാങ്ങിയിട്ടില്ലെന്നതിനാൽ അത് നിലനിൽക്കില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. യാക്കോബായ സഭയിലെ ഫാ. പി.എം. കുര്യാക്കോസിന് വികാരിയായി തുടരാനർഹതയില്ലെന്ന് പ്രഖ്യാപിക്കണമെന്നായിരുന്നു അപ്പീലിലെ ആവശ്യം. ഈ അപ്പീലും കോടതി നിരസിച്ചു.

ഒരു വിഭാഗത്തിനുമേൽ മറ്റൊരു വിഭാഗത്തിന്റെ ആധിപത്യം സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഇപ്പോഴത്തെ വിദ്വേഷവും, പോരാട്ടവും, രക്തച്ചൊരിച്ചിലുമെന്ന് കോടതി ആശങ്കപ്പെടുന്നു. ഒരു വളപ്പിൽത്തന്നെ ഇരുവിഭാഗങ്ങൾക്കും വെവ്വേറെ പള്ളി എന്ന രീതിയിലാണ് സമാധാനക്കരാറുണ്ടാക്കുന്നതാവും ഇനി ഈ തർക്കത്തിലുണ്ടാകാവുന്ന ആസുഖകരമായ ഒരു രൂപാന്തരം.

ഏതായാലും മതവിശ്വാസത്തിനുള്ള മൗലികാവകാശം വിനിയോഗിക്കുന്ന രീതികൾ വിചിത്രം തന്നെയാണ് കോടതി വിലയിരുത്തി.

**മാതൃഭൂമി15 വ്യാഴം 2009 നെച്ചൂർ പള്ളി കേസ് വിധി വന്ന ദിവസം**

### നെച്ചൂർ പള്ളി: അവകാശങ്ങളിൽ ഇടപെടുന്നതു തടഞ്ഞു

കൊച്ചി: നെച്ചൂർ സെന്റ് തോമസ് പള്ളിയിൽ ഇക്കഴിഞ്ഞ ഒക്ടോബർ 14 ലെ ഉത്തരവിനു മുൻപ് ഓർത്തഡോക്സ് സഭ അനുഭവിച്ചുവന്ന അവകാശങ്ങളിൽ എതിർ വിഭാഗം ഇടപെടുന്നതു ഹൈക്കോടതി തടഞ്ഞു. 20 വരെയാണ് ഉത്തരവ്. നെച്ചൂർ പള്ളി ഓർത്തഡോക്സ് സഭയുടെ ഇടവക പള്ളിയായി പ്രഖ്യാപിക്കണമെന്നും മറ്റും ആവശ്യപ്പെടുന്ന അന്യായം നിലനിൽക്കില്ലെന്ന 14ലെ ഉത്തരവു നടപ്പാക്കുന്നതു തടയണമെന്നാവശ്യപ്പെട്ട് കരിയാത്ത് വർക്കി ജോൺ, മംഗലത്ത് കുര്യൻ ജേക്കബ്, ഫാ. ടി. പി. ഏലിയാസ് എന്നിവർ സമർപ്പിച്ച ഉപഹർജിയിലാണു ജസ്റ്റിസ് വി. രാംകുമാറിന്റെ നടപടി.

**മലയാള മനോരമ 17 ശനി 2009 മെത്രാൻ കക്ഷികൾ റിവിഷൻ പെറ്റീഷൻ കൊടുത്ത ദിവസം**

### നെച്ചൂർ പള്ളി വിധി: സമാനമായ എൺപതോളം കേസുകളെ ബാധിക്കും

കൊച്ചി: നെച്ചൂർ സെന്റ് തോമസ് പള്ളി സംബന്ധിച്ച ഹൈക്കോടതി വിധി സമാനസ്വഭാവമുള്ള എൺപതോളം പള്ളിക്കേസുകളെ ബാധിക്കും.

പള്ളികൾ പോലുള്ള പൊതു ട്രസ്റ്റുകൾക്കെതിരെ ഹർജി നൽകുന്നതിന് സിവിൽ നടപടിച്ചട്ടം 92-ാം വകുപ്പുപ്രകാരം ജില്ലാകോടതിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ അനുമതിയില്ലെന്ന സാങ്കേതിക കാരണം ചൂണ്ടിക്കാട്ടിയാണ് ഓർത്തഡോക്സ് പക്ഷത്തെ നാലുപേർ നൽകിയ അപ്പീലും അന്യായവും ഹൈക്കോടതി തള്ളിയത്.

നെച്ചൂർ പള്ളിയിൽ യാക്കോബായ സഭയ്ക്കാണ് അധികാരമെന്ന് വ്യക്തമാക്കുന്ന എറണാകുളം ഒന്നാം അഡീ. ജില്ലാ ജഡ്ജിയുടെ വിധിക്കെതിരെയായിരുന്നു എതിർപക്ഷം കോടതിയെ സമീപിച്ചത്. പള്ളി ഭരണം ഓർത്തഡോക്സ് സഭയുടെ 1934 ലെ ഭരണഘടനക്ക് വിധേയമാണെന്നും, യാക്കോബായ വിഭാഗം വികാരി പി.എം.കുര്യാക്കോസിന് തൽസ്ഥാനത്തു തുടരാൻ അർഹതയില്ലെന്നുമായിരുന്നു അവരുടെ വാദം.

ഹർജിയുടെ ധാർമികത പരിശോധിച്ച ജസ്റ്റിസ് വി. രാംകുമാർ, ഒരു വിഭാഗത്തിന്മേൽ എതിർപക്ഷം ആധിപത്യം സ്ഥാപിക്കാനാണ് ഇപ്പോഴത്തെ വിദ്വേഷവും പോരാട്ടവും രക്തച്ചൊരിച്ചിലുമെന്ന് അഭിപ്രായപ്പെട്ടു. ഒരു വളപ്പിൽ തന്നെ ഇരുവിഭാഗങ്ങൾക്കും വെവ്വേറെ ആരാധനാ സൗകര്യമൊരുക്കിയും, പ്രത്യേക പള്ളി നിർമ്മിച്ചും സമാധാനക്കരാർ ഉണ്ടാക്കുന്നത് ഭിന്നിപ്പിന്റെ ആഴം കൂട്ടാനേ ഉപകരിക്കുവെന്ന കോടതിയുടെ അഭിപ്രായവും ശ്രദ്ധേയമാണ്.

എറണാകുളത്തെ പള്ളിക്കോടതിയിൽ 45-ഉം ഹൈക്കോടതിയിൽ 30-തിലേറെയും കേസുകളാണ് പള്ളിത്തർക്കവുമായി ബന്ധപ്പെട്ടു പതിറ്റാണ്ടാകളായി കെട്ടിക്കിടക്കുന്നത്. പൗരാണികമായ മണർകാട്, കടമറ്റം, കോലഞ്ചേരി, കണ്യാട്ടുനിരപ്പ്, പുത്തൻകുരിശ്, വരിക്കോലി പള്ളികളുടെ കേസുകളും ഇതിലുൾപ്പെടുന്നു. ഒരു വിഭാഗത്തിന് ഭൂരിപക്ഷമുള്ള പള്ളിയിൽ എതിർവിഭാഗം വൈദികൻ വികാരിയായി എത്തുമ്പോഴുള്ള അസ്വസ്ഥതകളാണ് ഏറെയും.

1974 ലാണ് നെച്ചൂർ പള്ളിയുടെ കേസ് ഉണ്ടായത്. മുപ്പതിലേറെ വർഷം കേസ് നടത്തി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ഫലമുണ്ടാകാത്ത അവസ്ഥ. ഇനി ഹർജിക്കാർക്ക് ചെയ്യാനുള്ളത് ജില്ലാ കോടതിയിൽ നിന്ന് അനുമതി വാങ്ങിയശേഷം ഹർജി നൽകണം. അല്ലെങ്കിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകണം. രണ്ടായാലും കേസ് അവസാനിക്കാൻ വർഷങ്ങളെടുക്കും; ലക്ഷങ്ങൾ ചെലവാക്കേണ്ടിയും വരും.

സഭകളുടെ ലക്ഷ്യമില്ലാത്ത വ്യവഹാരഭ്രമത്തിൽ ദുഃഖമുണ്ടെന്നാണ് ജസ്റ്റിസ് രാംകുമാർ അഭിപ്രായപ്പെട്ടത്, മതസ്വതന്ത്ര്യം ഉണ്ടെങ്കിലും അത് വിനിയോഗിക്കാൻ ഇത്തരം നടപടികൾ സ്വീകരിക്കുന്നത് വിചിത്രമാണെന്നും കോടതി ചൂണ്ടിക്കാട്ടി. നൂറു വർഷത്തിലേറെയായി നിലനിൽക്കുന്ന സഭാ കേസുകളിൽ ഇരുവിഭാഗത്തിലും അനുകൂലവും പ്രതികൂലവുമായ നിരവധി വിധികളുണ്ടായിട്ടുണ്ട്. ഇതുമൂലം കേസ് ഏതുതരത്തിലും വ്യഖാനിക്കാവുന്ന അവസ്ഥയുണ്ട്. പരസ്പരവിരുദ്ധമായ വിധികൾ ജഡ്ജിമാരെ പോലും കുഴയ്ക്കുന്നു.

100 വർഷത്തിലേറെയായി നിലനിൽക്കുന്ന പ്രശ്നത്തിൽ ഇരുവിഭാഗത്തിലും അനുകൂലവും പ്രതികൂലവുമായ നിരവധി വിധികൾ ഉണ്ടായിട്ടുണ്ട്. ഇതുമൂലം കേസ് ഏത് തരത്തിലും വ്യാഖ്യാനിക്കാവുന്ന അവസ്ഥയുണ്ട്. പരസ്പരം വിരുദ്ധമായ വിധികൾ ജഡ്ജിമാരെപ്പോലും കുഴപ്പിക്കുന്നു. ഒടുവിൽ 1995-ലെ സുപ്രീം കോടതി വിധി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് സഭ നൽകിയ ഹർജിയും ഹൈക്കോടതിയിൽ ഉണ്ട്. ഹർജി അടുത്ത മാസം 5ന് പരിഗണിക്കും.

മലങ്കര സഭയിൽ കേസുകൾ ആരംഭിച്ചിട്ട് 120 വർഷത്തിലേറെയായി. തിരുവിതാംകൂർ റോയൽ കോടതി വിധിയുണ്ടായത് 1889-ൽ ആണ്. പിന്നീട് ഉണ്ടായ കേസുകളിൽ കൊച്ചിൻ അവാർഡ്, കൊല്ലം പഞ്ചായത്ത്, സെമിനാരി കേസ്, ആർത്താറ്റ് കേസ്, വട്ടിപണ കേസ്, ഒന്നും രണ്ടു സമുദായ കേസുകൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ.

1995-ൽ തീർപ്പാക്കിയ അന്യായത്തിൽ പള്ളികൾ കേസിൽ കക്ഷികൾ അല്ലാത്തതിനാൽ അവയെ ബാധിക്കും വിധം വിധി നൽകാൻ ആവില്ല എന്നായിരുന്നു 2003 ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധി. 1934ലെ ഭരണഘടന അംഗീകരിക്കുന്ന പള്ളികൾക്ക് മാത്രമാണ് ബാധകമെന്നും അത്തരം പള്ളികളിൽ മാത്രമേ ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ ബാവയ്ക്ക് മേലധികാരം ഉള്ളുവെന്നും ഹൈക്കോടതി വിധിച്ചു.


ഇതിനെതിരെ സുപ്രീം കോടതിയിൽ അപ്പീലിന് പോയെങ്കിലും കേസ് കീഴ്കോടതിയിൽ വിശദമായി വാദം കേട്ട് തീർപ്പാക്കുകയാണ് ഉചിതമെന്നു പറഞ്ഞ് തള്ളുകയാണ്. എന്നാൽ വാദികൾ ഇതുവരെ കീഴ്കോടതിയെ സമീപിച്ചിട്ടില്ല.

**മംഗളം 16 വെള്ളി 2009**

**കേരളത്തിലെ പത്ര മുത്തശ്ശിയായ മലയാള മനോരമ, യാക്കോബായ സഭയ്ക്ക് അനുകൂലമായി നെച്ചൂർ സെന്റ് തോമസ് പള്ളി കേസിൽ വിധി ഉണ്ടായപ്പോൾ എങ്ങനെ ഏത് വളഞ്ഞ വഴിയിലൂടെയാണ് ആ വിധിയുടെ സാരാംശം അവ്യക്തമായി വായനക്കാരിൽ എത്തിച്ചത് എന്നും, കേരളത്തിന്റെ ദേശീയ ദിനപത്രമായ മാതൃഭൂമി എങ്ങനെയാണ് ആ വാർത്ത റിപ്പോർട്ട് ചെയ്തതെന്നും, മെത്രാൻ കക്ഷികൾക്ക് അനുകൂലമായി മൂന്നു ദിവസത്തെ സ്റ്റേ കിട്ടിയപ്പോൾ എങ്ങനെയാണ് വ്യക്തമായി വാർത്ത മനോരമ റിപ്പോർട്ട് ചെയ്തതെന്നും മംഗളം പത്രം എങ്ങനെയാണ് വാർത്തയെ വിശകലനം ചെയ്തതെന്നും മാന്യ വായനക്കാരെ അറിയിക്കുവാനാണ് ഞങ്ങൾ ഈ സംരംഭത്തിലൂടെ ശ്രമിക്കുന്നത്. ഒരു കാര്യം വ്യക്തമാണ് 15-ാം തീയതി യാക്കോബായ സഭയ്ക്ക് അനുകൂലമായി വാർത്ത വന്നപ്പോൾ മനോരമ റിപ്പോർട്ട് ചെയ്തത് മലയാള മനോരമയുടെ മുഖ്യ പത്രാധിപർ ബഹുമാന്യനായ കെ എം മാത്യുവിന് പോലും മനസ്സിലായിക്കാണില്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.**

# കണ്ടനാടിന്റെ കാവൽ പരിശുദ്ധനായ ശക്രള്ളാ ബാവ

**തമ്പുജോർജ്ജ് തുകലൻ** (സഭാ സെക്രട്ടറി)



ആശ്രയം തേടിയെത്തുന്നവരുടെ കണ്ണീരിന്റെ നോവറിഞ്ഞ് സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ അനുഗ്രഹ കൃപചൊരിയുന്ന പുണ്യ കേന്ദ്രമാണ് കണ്ടനാട് വി. മർത്ത മറിയം കത്തീഡ്രൽ. ഇവിടെ കബറടങ്ങിയിരിക്കുന്ന മഹാ ജ്യോതിസ്സായ പരിശുദ്ധ ബസേലിയോസ് ശക്രള്ളാ ബാവയുടെ 245-മത് ഓർമ്മപെരുന്നാൾ ഒക്ടോബർ 18 മുതൽ 22 വരെ ആചരിക്കുന്നു. 13 വർഷക്കാലം സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിന് വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ച് മലങ്കരയിൽ ജീവിച്ച് പ. അന്ത്യോഖ്യാ സിംഹാസനവുമായുള്ള പൗരോഹിത്യ പിന്തുടർച്ച ഇവിടെ നിലനിർത്തിയ പ. പിതാവിന്റെ ഓർമ്മ എല്ലാ വർഷവും വലിയ പെരുന്നാളായി സഭയും ഇടവാംഗങ്ങളും നാനാജാതിമതസ്ഥരും ആചരിക്കുന്നു. ഈ പെരുന്നാളിൽ പങ്കെടുത്ത് അനേകർക്ക് പ. ബാവായുടെ മദ്ധ്യസ്ഥത വഴിയായി അനുഗ്രഹങ്ങൾ ലഭിച്ച് സംതൃപ്തി അടയുന്നതിന് സാധിച്ചുകൊണ്ടിരിക്കുന്നു.

ജീവിതം കൊണ്ടും പ്രവൃത്തി കൊണ്ടും മറ്റുള്ളവർക്ക് സദാചാര ധർമ്മാനുഷ്ഠാനത്തിന് മാതൃകയായി ശോഭിക്കുന്നവരെയാണ് പരിശുദ്ധന്മാരെന്ന് വിശേഷിപ്പിക്കുന്നത്. പരിശുദ്ധന്മാർ അവരുടെ ജീവിതം ദൈവശുശ്രൂഷക്കായി മാറ്റിവെച്ചവരും അതിന്റെ ഫലമായി ദൈവത്തെ പ്രീതിപ്പെടുത്തിയവരും ദൈവസന്നിധിയിൽ പ്രാഗത്ഭ്യമുള്ളവരുമാകുന്നു. പ. ശക്രളബാവായും ഇതുപോലെ തന്നെ സഭാമക്കളുടെ നിസ്സിമമായ ഭക്ത്യാദരവുകൾക്കർഹനായി സ്ഥിരപ്രതിഷ്ഠ നേടികഴിഞ്ഞ പുണ്യ പിതാവാണ്. കാൽനടയായും

മഞ്ചലിലും വള്ളത്തിലും സഞ്ചരിച്ച് മലങ്കരയിലുടനീളം സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിലും ഉറപ്പിക്കുന്നതിലും പ. പിതാവ് സഹിച്ച കഷ്ടപാടുകൾ എത്ര വലുതാണ്. കണ്ടനാട് വരുമ്പോഴൊക്കെ പള്ളിയുടെ പ്രാന്തപ്രദേശങ്ങളിൽ താമസിച്ചിരുന്ന സാധുക്കളായ കർഷകരുടെ കഷ്ടാരിഷ്ടതകൾ വിശിഷ്യ അതിവർഷകാലത്ത് അനുഭവിക്കുന്ന ദുരിതങ്ങൾ നേരിൽകണ്ട് പള്ളിക്ക് തെക്ക് ഭാഗത്തായി നെൽപ്പാടങ്ങൾ വാങ്ങികൃഷി ചെയ്ത് വിളവ് ജാതിഭേദമന്യേ വിശക്കുന്നവർക്ക് വിളമ്പുവാനുള്ള പ. പിതാവിന്റെ ത്യാഗോജ്വലമായ പ്രവൃത്തി പ്രായോഗിക ദൈവശാസ്ത്രത്തിന് ഉത്തമ ഉദാഹരണമാണ്. പ. ബാവായുടെ മറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് അധികമെന്നും അറിയുവാൻ സാധിക്കാത്തത് സുറിയാനി ക്രിസ്ത്യാനികൾക്ക് ചരിത്രപരമായ ഒരുത്സാഹവും മനസ്ഥിതിയും അന്നും ഇന്നുമില്ലാത്തതുകൊണ്ടാണ്.

മലങ്കരസഭയുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നതിനും സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിനുമായി കാലാകാലങ്ങളിൽ പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും പിതാക്കന്മാർ പ്രതിസന്ധികളെ അതിജീവിച്ച് കഷ്ടങ്ങളും നഷ്ടങ്ങളും യാത്രാക്ലേശങ്ങളും സഹിച്ച് പൗരോഗിത്യ നൽവരങ്ങൾ കൈമാറുന്നതിനായി ഇവിടെ എത്താറുണ്ടായിരുന്നു. കോതമംഗലത്ത് കബറടങ്ങിയ പ. യൽദോ ബാവായെ പോലെ മലങ്കര സഭയുടെ അഭ്യർത്ഥനപ്രകാരം പ. പാത്രിയർക്കീസ് ബാവ നിയോഗിച്ചയച്ച ഒരു പരിശുദ്ധ പിതാവായിരുന്നു പ. ബസേലിയോസ് ശക്രളബാവ. മലങ്കരസഭയെ ആ കാലങ്ങളിൽ നയിച്ച മാർത്തോമ മെത്രാന്മാരിൽ ഒന്നു മുതൽ നാലുവരെയുള്ളവർക്ക് പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് അയക്കപ്പെട്ട പ. പിതാക്കന്മാരാൽ കൈവെപ്പ് ലഭിച്ചവരായിരുന്നു. എന്നാൽ അഞ്ചാം മാർത്തോമക്ക് നാലാം മാർത്തോമായാണ് കൈവെപ്പ് നൽകിയത്. നാലാം മാർത്തോമായിൽ നിന്ന് ശരിയായ രീതിയിലല്ലാതെ ലഭിച്ച കൈവെപ്പിന്റെ ന്യൂനതയിൽ അസംതൃപ്തനായിരുന്ന അഞ്ചാം മാർത്തോമ തന്റെ കൈവെപ്പ് സ്ഥീരികരിക്കുന്നതിന് വേണ്ടി അപേക്ഷ അയച്ചതിന് അനുസരിച്ച് പ. പാത്രിയർക്കീസ് ബാവാ പ. ശക്രള്ളാ ബാവായേയും പരിവാരങ്ങളേയും മലങ്കരയിലേക്ക് അയക്കുകയും 1751 മേടം 23 ന് അവർ കൊച്ചിയിലെത്തി ചേരുകയും ചെയ്തു എന്നാൽ ഇവിടെ എത്തിചേർന്ന പ. ബാവായെ മാർത്തോമ അഞ്ചാമൻ സന്ദർശിക്കുകയോ യാത്രാ ചെലവുകൾ നൽകുകയോ ചെയ്തില്ല. തുടർന്ന് പ. ബാവ മാർത്തോമായെ കാണുവാൻ ആഗ്രഹിച്ച് കത്തുകൾ അയച്ചെങ്കിലും നിരാശജനകമായ പ്രതികരണമായിരുന്നു ഉണ്ടായത്. ആയതിനാൽ 1752 മേടം 30 ന് മാർത്തോമ അഞ്ചാമനു പകരം ബാവായോടുകൂടെ വന്നിരുന്ന യൂഹാനോൻ റമ്പാച്ചനെ മോർ ഈവാനിയോസ് എന്ന നാമധേയത്തിൽ കണ്ടനാട്പള്ളിയിൽ വെച്ച് മലങ്കരയിലുടനീളം സഞ്ചരിച്ച് സത്യവിശ്വാസം പ്രചരിപ്പിച്ച് അനേകം പള്ളികൾ സ്ഥാപിക്കുകയും അനേകം വൈദികർക്കും ദയറാക്കാർക്കും ശെമ്മാശന്മാർക്കും പട്ടം നൽകുകയും ചെയ്തു.

പ. ശക്രള്ളാ ബാവ സ്ഥലംവാങ്ങി പണികഴിപ്പിച്ചതാണ് മട്ടാഞ്ചേരി പള്ളി പ. ബാവ ദീർഘകാലം കായംകുളം കാദീശാ പള്ളിയിൽ താമസിച്ചിട്ടുണ്ട്. ക്രിസ്തുമത വിശ്വാസത്തെ സംബന്ധിച്ച് അറബി ഭാഷയിൽ "ക്വൻ അറ്റ് അൽ ഇമ്ര"എന്ന പുസ്തകം രചിച്ചിട്ടുമുണ്ട്.

വളരെയേറെക്കാലം കണ്ടനാട് പള്ളിയിൽ താമസിച്ച പ. ശക്രള്ളാ ബാവ അദ്ദേഹം തന്നെ പണികഴിപ്പിച്ച മട്ടാഞ്ചേരി പള്ളിയിൽ വെച്ച് 1764 തുലാം 9-ാം തീയതി കാലം ചെയ്യുകയും ദൗതീകശരീരം കണ്ടനാട് പള്ളിയിൽ കൊണ്ടുവന്ന് വി. മദ്ബഹായുടെ വടക്കുഭാഗത്തായി കബറടക്കുകയും ചെയ്തു. ഈ പ. പിതാവിന്റെ ഓർമ്മ ഒക്ടോബർ 22 ന് വി. സഭ ആചരിക്കുന്നു.2008 ഒക്ടോബറിൽ പ. പാത്രിയർക്കീസ് ബാവ മലങ്കരസന്ദർശനവേളയിൽ കണ്ടനാട് വെച്ച് പ. ശക്രള്ളാ ബാവായെ പരിശുദ്ധനായി പ്രഖ്യാപിക്കുകയും കണ്ടനാട് പള്ളിയെ കത്തിഡ്രലായി ഉയർത്തുകയും ചെയ്തു. കണ്ടനാട് പള്ളിയിൽ പ. അന്ത്യോഖ്യാ സിംഹാസനവുമായി ബന്ധമുള്ള പ. ശക്രള്ളാ ബാവായുടെയും നാലാം മാർത്തോമയുടെയും പുണ്യ കബറുകൾ സ്ഥിതിചെയ്യുന്നു എന്ന പ്രത്യേകതയും ഉണ്ട്.

പ. ശക്രള്ളാ ബാവായുടെ മദ്ധ്യസ്ഥത വഴിയായി കൺനാട് പള്ളി ഇടവകയും അതിലെ എല്ലാ അംഗങ്ങൾക്കും സഭക്ക് മുഴുവനായും കോട്ടയും കരുണയും ദൈവം തമ്പുരാൻ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# മലങ്കര സുറിയാനി സഭയുടെ കർമ്മധീരനായ ഉരുക്കു മനുഷ്യൻ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രപ്പോലിത്ത

*ഡോ. എബ്രഹാം സേവേറിയോസ് മെത്രപ്പൊലിത്ത*



ആയിരത്തിത്തൊള്ളായിരത്തി അറുപത്തിരണ്ടിലാണ് ഞാനദ്ദേഹത്തെ നേരിട്ട് കണ്ട് വൈദീക വൃത്തി അനുഷ്ഠിക്കുന്നതിനുള്ള അഭ്യർത്ഥന നടത്തിയത് തദലസരത്തിൽ എന്റെ തലതൊട്ടപ്പൻ പരേതനായ ആലുക്കൽ പൗലോ അവർകളും സന്നിഹിതനായിരുന്നു.

ഞാൻ പട്ടമേറ്റു ശെമ്മാശനായി അഭി. തിരുമേനിയുടെ കൂടെ താമസിച്ചും പരിശീലിച്ചും പോന്നു. ഒരു ദിവസം സന്ധ്യാ പ്രാർത്ഥന കഴിഞ്ഞ് എന്നെ വിളിച്ച് കൽപ്പിച്ചു. തനിക്ക് കശ്ശീശാ പട്ടം തരട്ടെ. ഒരു ദയറക്കാരനായി ജീവിക്കുവാൻ സമ്മതമാണോ? ചെലവെല്ലാം ഞാൻ വഹിച്ചുകൊള്ളാം. സമ്മതമാണങ്കിൽ അടുത്ത ദിവസം 5 പേർക്ക് പട്ടം കൊടുക്കുന്ന കൂട്ടത്തിൽ തനിക്കും പട്ടം തരാം. വീട്ടുകാരുടെ സമ്മതം വാങ്ങാൻ ഉടനെ വീട്ടിൽ പോയി. മനസില്ലാമനസോടെ ഒടുവിൽ വീട്ടുകാർ സമ്മതം മൂളി. മറ്റു 5 പേരോടൊപ്പം ഞാൻ അങ്ങനെ കശീശ പട്ടവും സ്വീകരിച്ചു.

തുടർന്നും അഭിവന്ദ്യനായ ആ പിതാവിന്റെ കൂടെ ജീവിച്ചും പഠിച്ചും പരിശീലിച്ചും അദ്ദേഹത്തിന്റെ വിലപ്പെട്ട പല മൂല്യങ്ങളും സ്വായത്തമാക്കുവാനുള്ള മഹാഭാഗ്യം എനിക്കു സിദ്ധിച്ചു. ഞാനതിൽ അഭിമാനംകൊള്ളുന്നു. ഇതാണ് എനിക്ക് വയലിപ്പറമ്പിൽ തിരുമേനിയുമായുള്ള മായാത്തകടപ്പാട്.

സ്മര്യ പുരുഷനായ ആ അഭി. പിതാവ് വളരെ അപ്രതീക്ഷിതമായി ലോകത്തോട് വിട പറഞ്ഞിട്ട് വർഷം 25 കഴിഞ്ഞു. മലങ്കരസഭയ്ക്ക് അടയ്ക്കാനാവാത്ത ഒരു വിടവ് തന്നെയാണ് ആ വേർപാടുകൊണ്ടുണ്ടായത്. പ്രത്യേകിച്ചും അങ്കമാലി ഭദ്രാസനത്തിന്. അതും ദൈവഹിതമെന്ന് കരുതാം. ഏതു കോളിളക്കത്തേയും സമചിത്തതയോടെ അഭിമുഖീകരിച്ച് സഭാനൗകയെ നയിക്കുവാൻ കഴിഞ്ഞിരുന്ന ആ കപ്പിത്താൻ ഇന്നും എന്നും സഭാ വിശ്വാസികളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു; ജീവിക്കുകയും ചെയ്യുന്നു.

ഏതൊരു സമൂഹത്തിനും ധീരനായ നേതാവിനെയാണ് ആവശ്യം. കാര്യങ്ങൾ പെട്ടെന്ന് ഗ്രഹിക്കക. തെറ്റല്ലാത്ത തീരുമാനങ്ങൾ കൈക്കൊൾക. അചഞ്ചലമായി ഉറച്ചു നിൽക്കുക ഇതെല്ലാമാണ് ഒരു നേതാവിന് വേണ്ടതെങ്കിൽ മോർ ഗ്രീഗോറിയോസ് തിരുമേനി അതിന്റെയെല്ലാം ഉടമയായിരുന്നു. സംശയമില്ല.

അദ്ദേഹത്തിന് തീർക്കാനാവാത്ത പള്ളിക്കാര്യങ്ങൾ ഇല്ലായിരുന്നു. വാദി പ്രതികളെ ഒരുപോലെ സംതൃപ്തരാക്കുന്ന അന്തിമവിധി. പിന്നീട് ആർക്കും ഒന്നും പറയാനുണ്ടാകുകയില്ല. അദ്ദേഹമെടുക്കുന്ന തീരുമാനത്തെ മാറ്റിയെടുക്കുവാൻ ഈ ഭൂതലത്തിൽ മറ്റാരുമുണ്ടാകുമായിരുന്നില്ല. അഭിഭാഷകരെ പോലും ചിന്തിപ്പിക്കുന്ന ന്യായവിധികൾ പ്രഖ്യാപിക്കുവാൻ കഴിഞ്ഞിരുന്ന ഒരു മഹാന്യായാധിപനായിരുന്നു അദ്ദേഹം.

പൊതുസ്വത്തുക്കൾ, പ്രത്യേകിച്ച് സഭാസ്വത്തുക്കൾ, വളരെ കരുതലോടെ കൈകാര്യം ചെയ്തുവന്ന തിരുമേനിയെ കബളിപ്പിച്ച് ഒരു പൈസയെങ്കിലും സ്വായത്തമാക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. ആലുവാ സെമിനാരിപ്പറമ്പിലെ ഒരു തെങ്ങോലയോ,കശുവണ്ടിപോലുമോ അദ്ദേഹമറിയാതെ മറുകയ്യിൽ പോകുവാൻ ഇടവന്നിരുന്നില്ല. സഭാ കാര്യങ്ങൾ മുതൽ അടുക്കളയിലെ നിസാര കാര്യങ്ങൾ വരെ സസൂക്ഷ്മം കൈകാര്യം ചെയ്യുവാൻ ആ മഹ വ്യക്തിയ്ക്ക് കഴിഞ്ഞിരുന്നു. സഭയുടെ പേരിലോ, ഭദ്രാസനത്തിന്റെ പേരിലോ അദ്ദേഹം ശേഖരിച്ച ധനം ഒരൊറ്റ പൈസാ പോലും ദുർവിനയോഗം ചെയ്യാതെ അദ്ദഹം വിനിയോഗിച്ചിരുന്നു. അന്യായമായി അതൊന്നും അന്യർക്ക് അനുഭവിക്കുവാൻ ഉള്ള ഒരു പഴുതും ഇടാതെ ഭദ്രമായി അതെല്ലാം കൈകാര്യം ചെയ്തുവന്നിരുന്നു. സ്വന്തം സഹോദരനുൾപ്പെടെയുള്ള ബന്ധുക്കൾ പലപ്പോഴും വരികയും സന്ദർശിക്കുകയും ചെയ്തു വന്നിരുന്നു എങ്കിലും സഭാകാര്യവും വീട്ടുകാര്യവും എപ്പോഴും രണ്ടായി കാണുവാനേ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുള്ളു. മുതലെടുപ്പ് പാർട്ടികൾക്ക് ആലുവാ ശെമിനാരിയോടടുക്കുവാനേ കവിഞ്ഞിരുന്നില്ല. സെമിനാരിക്കെട്ടിടം ഇരു നിലക്കെട്ടിടമാക്കിയതും, പള്ളിയകത്ത് കൂടുതൽ സൗകര്യങ്ങലുണ്ടാക്കിയതും, ഏതാനും വാടക കെട്ടിടങ്ങൾ പണികഴിപ്പിച്ചതും സ്വന്തമായി ഒരു പ്രസ് നടത്തിപ്പോന്നതും, സഭാ ചന്ദ്രികയെന്ന മാസിക സമാരംഭിച്ച് പ്രസിദ്ധീകരിച്ചുവന്നതും അതുപോലെ ഒട്ടനേക കാര്യങ്ങൾ ചെയ്തുവന്നതും ഹ്രസ്വമായ 14 വർഷം -ഭരണ കാലത്ത് ആ വന്ദ്യപിതാവിന്റേതായ നേട്ടങ്ങളായിരുന്നു. ഒട്ടേറെ ദൈവാലയങ്ങൾ പ്രത്യേകിച്ച് ഹൈറേഞ്ച് ഭാഗത്ത്, സ്ഥാപിക്കുവാൻ അദ്ദഹത്തിന് കഴിഞ്ഞു. കോതമംഗലം കോളേജുകൾ, നെടുമ്പാശേരി ഹൈസ്ക്കൂൾ, കിഴക്കമ്പലം ദയറ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം അദ്ദേഹത്തിന്റെ നിത്യ സ്മാരകങ്ങളായി നിലകൊള്ളുമെന്നതിനു സംശയമില്ല. ചെലവു ചുരുക്കി, വരവ് വർദ്ധിപ്പിച്ച് സാമ്പത്തികാഭിവൃദ്ധി കൈവരുത്തുവാനുള്ള ഒരു വലിയ കഴിവ് അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു.പരി. അന്ത്യോഖ്യാ സിംഹാസനത്തോടും അതിൽ വാണരുളുന്ന പരി. പാത്രിയർക്കീസ് ബാവായോടും, സഭയിലെ ശ്രേഷ്ഠ പാരമ്പര്യങ്ങളോടും അങ്ങേയറ്റം കൂറും, ആദരവും, ദൃഢതരമായ ബന്ധവും പുലർത്തിപ്പോന്ന അഭിവന്ദ്യ തിരുമേനി അങ്കമാലി ഭദ്രാസനത്തിന്റെ സമാൽകൃഷ്ട പാരമ്പര്യം ഭദ്രമായി നിലനിർത്തിപ്പോന്നിരുന്നു. തന്റെ വിശുദ്ധ നാടു സന്ദർശനം തന്നെ തന്റെ സിംഹാസന ഭക്തിയും പ. സിംഹാസനവുമായുള്ള ബന്ധം വിളിച്ചറിയിച്ച സംഭവമായിരുന്നു. ആത്മാർത്ഥതയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. പരുക്കൻ മട്ടിലുള്ള സംസാരവും, പെരുമാറ്റവും പലരിലും പലപ്പോഴും തെറ്റിദ്ധാരണ ജനിപ്പിച്ചിരുന്നെങ്കിലും വസ്തുതകൾ വിലയിരുത്തുമ്പോൾ അറിയാമായിരുന്നു അദ്ദോഹത്തിന്റെ കറതീർന്ന ഹൃദയഗതി. മേനിവാക്കും പോളിഷ് പെരുമാറ്റവും തൊട്ടുകീണ്ടാത്ത ആത്മാർത്ഥത ചെറിയവരോടും വലിയവരോടും, ഉള്ളവനോടും ഇല്ലാത്തവനോടും തികഞ്ഞ സമചിത്തത. കുറ്റം കണ്ടാൽ മുഖം നോക്കാതെ തുറന്നടിക്കുന്ന ഹൃദയശുദ്ധി "മൂത്തവർ വാക്കും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും" അതായിരുന്നു അദ്ദേഹത്തിന്ഞെ ഭാഷണ രൂതി. ആദ്യം കയ്പ് പിന്നീട് മധുരം!!.

അദ്ദേഹത്തിന്റെ ജീവിത ലാളിത്യം ശ്രദ്ധേയമായിരുന്നു. വാഴപ്പിണ്ടിയും, വാഴമാങ്ങും, പരൽ മീനും, ഉപ്പുമാങ്ങയും, ചേമ്പും, ചേനയും, കാച്ചിൽകിഴങ്ങും.... എന്നു വേണ്ടാ ഭക്ഷണത്തിന് ഇത്രയേറെ ചെലവു ചുരുക്കുന്ന ഒരു ആചാര്യ ശ്രേഷ്ഠനെ വേറെ കാണാൻ പ്രയാസമാണ്. സമൃദ്ധമായി ജീവിക്കുവുന്ന ഒരു ഉന്നത കുടുംബത്തിൽ പിറന്ന് വളർന്ന തിരുമേനിക്ക് ജീവിത രംഗത്ത് ഇത്രയേറെ നിയന്ത്രണം പാലിക്കുവാൻ കഴിഞ്ഞത് ഒരൽഭുതം തന്നെയാണ്. സംശുദ്ധമായ ആഗ്രഹാഭിലാഷങ്ങൾ പൂവണിഞ്ഞ ഒരു ജീവിത വിജയം.

പ്രാർത്ഥനാ ജീവിതത്തെപ്പറ്റി ചിന്തിച്ചാൽ 'Short and Scout' എന്ന പ്രമാണമായിരുന്നു അദ്ദേഹത്തിന്റേത്. നാലുനേരത്തെ പ്രാർത്ഥന, രാവിലെ 5 മണി, ഉച്ചക്ക് 12, വൈകുന്നേരം 5.30ത്, രാത്രി 9 ഇവയായിരുന്നു പ്രാർത്ഥനാ സമയങ്ങൾ. പ്രാർത്ഥനകൾക്ക് സെമിനാരിയിലെ അരിവെപ്പുകാരൊഴികെ എല്ലാവരും സംബന്ധിക്കണം നിർബന്ധമായിരുന്നു. പ്രാർത്ഥനയിൽ സംബന്ധിക്കാതിരിക്കുന്നവർക്ക് ആഹാരം കൊടുക്കാതിരിക്കുന്ന സംഭവങ്ങളും ഞാൻ ഓർക്കുന്നു. യാത്രാവേളയിലായാലും നിശ്ചിത സമയത്ത് പ്രർത്ഥിച്ച് മറ്റുള്ളവരെ കൈമുത്തിക്കുമായിരുന്നു.

ദേഷ്യം വരുന്ന സമയം ചുരുക്കമായിരുന്നു. വികാരമുണ്ടായാൽ അപ്പോഴും ഉപദേശരൂപത്തിലൂടെയുള്ള ശാസനയായിരിക്കും നൽകുക. അനാവശ്യമായി ആരേയും ബുദ്ധിമുട്ടിക്കാറില്ല വാക്കു പാലിക്കുക അതു നിർബന്ധമായിരുന്നു. സാധുക്കളോട് കനിവുള്ള ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു തിരുമേനി.

ചുരുക്കിപ്പറഞ്ഞാൽ അറിവിൽ തികവുള്ള ജീവിതത്തിൽ ലാളിത്യം പുലർത്തി വന്ന അഭിപ്രായ സ്ഥിരതയുള്ള, മറ്റുള്ളവരുടെ അഭിവൃദ്ധിയിൽ സന്തോഷിക്കുന്ന, ആശ്രിത വാൽസല്യം നിറഞ്ഞ, അടിയുറച്ച അന്ത്യോഖ്യാ സിംഹാസന ഭക്തി നിറഞ്ഞ ഒരു വിശാലഹൃദയത്തിന്റെ ഉടമയായിരുന്നു കാലം ചെയ്ത ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രപ്പൊലിത്ത അദ്ദേഹത്തിന്റെ ആത്മാവിന് ദൈവം നിത്യ ശാന്തി നൽകട്ടെ! അദ്ദേഹത്തിന്റെ നല്ല വശങ്ങളിൽ ഏതെങ്കിലും അടർത്തിക്കളഞ്ഞിട്ടുണ്ടെങ്കിൽ ബലഹീനനായ എന്നോട് ദൈവം ക്ഷമിക്കട്ടെ.

അങ്കമാലി ഭദ്രാസനത്തിലെ വി. സഭയിലെ തന്നെ വാദീകരും അവൈദീകരുമായ ഏവരുടേയും മുമ്പിൽ സമാദരണീയനായ അഭിവന്ദ്യ തിരുമേനിയെ സംബന്ധിക്കുന്ന അനുസ്മരണങ്ങൾ ആദരവോടും അഭിമാനത്തോടും കൂടി സമർപ്പിക്കുന്നു.

# സാക്ഷാൽ മെത്രാൻകക്ഷി നേതൃത്വത്തോട്.... പ്ലീസ്!!!...

*(ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ)*

ലൗകീക നേട്ടങ്ങൾക്കുവേണ്ടി ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും ചതിയും വഞ്ചനയും കൊളളയും കുതിക്കാൽവെട്ടും നടത്തിയിട്ടുള്ളവരെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ ആധ്യാത്മിക മേഖലയിൽ അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് അധാർമ്മിക പോരാട്ടം നടത്തിയിട്ടുള്ളത് ഒരു പക്ഷേ ഇന്ത്യൻ ഓർത്തഡോക്സ് സഭയായിരിക്കും. തലമുറകൾ നീണ്ടുനിൽക്കുന്ന ശത്രുതാ മനോഭാവവും, അധ്യാത്മീക പാപ്പരത്വവും, പൊതുജനമനസ്സാക്ഷിക്കു മുമ്പിൽ തുറന്നുകാട്ടി. മൂന്നാംകിട സഭാ രാഷ്ട്രീയം കർമ്മപദ്ധതിയാക്കി, ലോകം മുഴുവൻ വെട്ടിപ്പിടിക്കുകയാണ്. അമിതമായ ആവേശം ഇനിയും എങ്ങും എത്താതെ നിലനിൽക്കുകയാണ്. യുക്തിയും ഭക്തിയുമില്ലാത്ത ഇത്തരം കാട്ടിക്കൂട്ടലുകൾ സഭാ ഗാത്രത്തിൽ വരുത്തിയിട്ടുള്ള മുറിവുകൾ ഇനിയും വാടിയിട്ടില്ല എന്നു മാത്രമല്ല മുറിവുണങ്ങാൻ തെല്ലും കൂട്ടാക്കുന്നില്ലയെന്നത് ഏറ്റവും അപഹാസ്യവും വേദനാജനകവുമാണ്. തല മറന്നു എണ്ണ തേയ്ക്കരുതെന്നു പൂർവ്വ പിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുള്ള വലിയ പാഠങ്ങളെല്ലാം സൗകര്യാർത്ഥം വിസ്മരിച്ചുള്ള ഈ യാത്ര ഒരിക്കലും ലക്ഷ്യത്തെത്തുകയില്ലെന്നു ഓർക്കുന്നത് നല്ലതെന്ന്. അന്തമില്ലാത്ത സഭാ കേസുകളിലൂടെ സ്വർഗ്ഗരാജ്യം പ്രാപിപ്പാനുള്ള വ്യഗ്രതയ്ക്ക് കാലം കടിഞ്ഞാണിടുമെന്ന് മറക്കരുത്. ആർത്തിയോടെ വെട്ടിപ്പിടിക്കുന്ന യാക്കോബായ സഭയുടെ സ്വത്തും സ്വരൂപവും എന്നാൽ സ്വയം രൂപപ്പെടുത്തിയ മേലെഴുത്തും അവകാശവാദങ്ങളും കാർന്നു തിന്നുന്നത് നിരപരാധികളായ സഭാ വിശ്വാസികളെയാണ്. പ്രതിപക്ഷ ബഹുമാനം പോലും കാട്ടാത്ത ധാർഷ്ഠ്യ മനോഭാവം ദൈവം തച്ചുടയ്ക്കും.

ദശാബ്ദങ്ങൾ പിന്നിടുന്ന സഭാകേസും അടിപിടികളും, മറന്നു മാറ്റിവച്ചും മുന്നോട്ടു പോകാനാവാത്തത് ദൈവനിന്ദയാണ് നഷ്ടം സഹിച്ചും യാക്കോബായ സഭ മുന്നോട്ടു വയ്ക്കുന്ന അനുരജ്ഞന ശ്രമങ്ങളോടു സഹകരിക്കാത്തതും രഹസ്യ അജണ്ടകളോടെ മേൽക്കൈ നേടാൻ കോപ്പുകൂട്ടുന്നതും ന്യായീകരിക്കാനാവില്ല. പ. സഭയെ ദ്രോഹിച്ചും മുറിവേൽപ്പിച്ചും രസിക്കുന്നത് പണക്കൊഴുപ്പുകൊണ്ടാണെങ്കിൽ ഓർത്തഡോക്സ് സഭാ നേതൃത്വം മനസ്സിലാക്കുക പണം കൊണ്ടു വണങ്ങാനാവാത്ത പൈതൃകവും, വിശ്വാസാചാരാനുഷ്ഠാനങ്ങളുമാണ് യാക്കോബായ സഭയുടെ കരുത്ത്, ആദർശധീരനും കർമ്മോത്സുകരുമായ നേതൃത്വവും യാക്കോബായ സഭയുടെ വിശ്വാസധീരരായ പിതാക്കൻമാരും വൈദീകരും, വിശ്വാസ സമൂഹവും സഭാ സമാധാനം കാംക്ഷിക്കുന്നവരാണ്. കേസുപറഞ്ഞും കേസുകൊടുത്തും കീശയിലാക്കിയ യാക്കോബായ സഭയുടെ ദൈവാലയങ്ങളിലും സ്ഥാവരജംഗമവസ്തുക്കളിലും അധികാരം പറഞ്ഞ് സിംഹാസനം ഉറപ്പാക്കുമ്പോൾ അവ നേട്ടങ്ങളല്ല; പ്രത്യുത കോട്ടങ്ങളാണ് നൽകിയിട്ടുള്ളത് എന്നു തിരിച്ചറിയുക. സമാധാനം കായ്ക്കാത്ത സമാധാനസന്ധികളും, അസ്വസ്ഥതകൾ നിറഞ്ഞ കാലയളവുകളും അധപതനത്തിലേയ്ക്ക് നയിച്ചിട്ടുണ്ടെന്നു നമുക്കു മറക്കാതിരിക്കാം.

മാന്യമായ ഒരു ജീവിത സംസ്ക്കാരവും ശൈലിയും സ്വന്തമായിരുന്ന സഭയെ സമൂഹമധ്യേ ഇകഴ്ത്തിക്കാട്ടാനും, വിഭജനത്തിന്റെ വിഷവിത്തുക്കൾ പാകി വെട്ടിമുറിയ്ക്കാനും, സാക്ഷ്യം നഷ്ടപ്പെടുത്താനും ഓർത്തഡോക്സ് സഭയിൽ നിന്നും ഉണ്ടായിട്ടുള്ള നീക്കങ്ങൾ അക്രൈസ്തവർ പോലും സമ്മതിക്കുന്ന സംഗതിയാണ്. ദൈവാലയങ്ങൾ സമാധാനത്തിന്റെ പ്രകാശ ഗോപുരങ്ങളായിരുന്നത് കലഹത്തിന്റെ ബാബേൽക്കോട്ടകളായി രൂപാന്തരപ്പെടുത്തിയതിനു എന്തു സമാധാനമാണ് ബോധിപ്പിക്കാനുള്ളത്? ശവപ്പറമ്പുകൾ പോലും സഭാ കേസുകളിൽപെട്ട് കലുഷിതമായത് ഇനിയും മറക്കാവുന്ന കാര്യങ്ങളല്ല. ലോകരക്ഷിതാവായ യേശു ക്രിസ്തു തന്റെ രക്തം മറുവിലയായി വാങ്ങിയ സഭയിൽ ക്രമസമാധാനപാലകരുടെ ലാത്തിയടിയേറ്റ് നിരപരാധികളുടെ രക്തം ചീന്തിയതിനു എന്തു ന്യായീകരണമാണ് പങ്കുവയ്ക്കാനുളളത്? സഭയും സമൂഹവും ഒത്തൊരുമിച്ച് മുന്നേറുന്ന നല്ല കാലങ്ങളെ സ്വപ്നം കണ്ടവരെയെല്ലാം പീഡനത്തിന്റെ ദുർമാർഗ്ഗങ്ങളിലൂടെ നിരാശപ്പെടുത്തിയ ക്രൈസ്തവ വികലസാക്ഷ്യം എന്നാണ് നേർവഴിയിലേയ്ക്ക് കടന്നു വരിക? അധികാരമോഹവും സമ്പത്തിനോടുള്ള അതിരു കടന്ന താൽപര്യവും വരുത്തിവച്ച വിനകളുടെ പട്ടികയ്ക്ക് ദൈർഘ്യമേറുകയാണ്. ദൈവത്തേയും മനുഷ്യനേയും മറന്നു പടയോട്ടം നടത്തിയപ്പോഴെല്ലാം കാഴ്ചക്കാരായി നിന്ന സമൂഹം ഏറെ വേദനിച്ചു. ഉൽക്കൃഷ്ടമായ ഒരു സഭാ പാരമ്പര്യം ഉൽക്കകൾ മൂടിയ തെരുവുകളിൽ അപമാനിക്കപ്പെട്ടത്... ആർത്ത നാദങ്ങളുയർത്തത്... മർദ്ദന മുറകളിൽ ചതഞ്ഞരഞ്ഞത്.... രക്തം വാർത്തത്... എല്ലാ വേദനകളുടേയും ഉത്ഭവസ്ഥാനം സ്വാർഥതയിൽ പൊതിഞ്ഞ സഭാ സമീപനങ്ങളല്ലേ?

ഇനിയും കൊതി തീരാഞ്ഞിട്ടാണോ സഭാകേസിന്റെ അടുത്ത ഘട്ടത്തിനു തുടക്കം കുറിക്കുന്നത്? തീർച്ചയായും ഓർത്തഡോക്സ് സഭയ്ക്ക് കേസു നടത്താം. അതു നിങ്ങളുടെ അവകാശവും സഭാ ദർശനവുമായിരിക്കാം. അതു സഭയ്ക്കുള്ളിൽ പരിഹരിക്കപ്പെടേണ്ട എത്രയോ കാര്യങ്ങൾക്കായി മുന്നോട്ടു വയ്ക്കാം എന്നാൽ സത്യവിശ്വാസത്തിൽ നിന്നും അണുവിട വ്യതിചലിക്കാൻ കൂട്ടാക്കാത്ത യാക്കോബായ സുറിയാനി സഭാംഗങ്ങളെ ദയവായി വെറുതെ വിടുക. സഭയെ കടമ നിർവ്വഹിച്ച് മുന്നോട്ടുപോകാൻ അനുവദിക്കുക. ഒപ്പം സഭയുടെ പിതാക്കൻന്മാരേയും വൈദീകരേയും വിശ്വാസ സമൂഹത്തേയും ദൈവാരാധന നടത്താൻ തടസ്സം ചെയ്യാതിരിക്കുക. മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾ ഒന്നും ചെയ്തില്ലെങ്കിലും സമൂഹം നിങ്ങളുടെ കളങ്കം മറക്കാൻ ശ്രമിക്കും. കാരണം നമുക്കു ചുറ്റുമുള്ള സമൂഹം സമാധാനം ആഗ്രഹിക്കുന്നവരാണ്. സമാധാനത്തിനുവേണ്ടി വേദനകൾ മറക്കുന്നവരാണവർ. യാക്കോബായ സഭയെപ്പൊലെ തന്നെ കഷ്ടവും, നഷ്ടവും മറന്ന് ജീവിക്കാനും ജീവിക്കാൻ അനുവദിക്കുന്നവരുമാണവർ. പക്ഷേ അതു ബലഹീനതയായി കാണരുത്.

പിന്നിട്ട വഴികളിലൊന്നും ആശാവഹമായി ഒന്നും ബാക്കിയില്ലാത്തതിന്റെ പ്രധാന കാരണം സഭയേയും പാരമ്പര്യത്തേയും മറന്നുള്ള പടയോട്ടങ്ങളാണ്. നാട്ടുരാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ അധികാര വെറിപൂണ്ട് തേരോട്ടം നടത്തിയ പ്രഭുക്കൻമാരെ ലജ്ജിപ്പിക്കുന്ന ഇത്തരം കാടത്തം നൻമയുടെ ശേഷിപ്പുകളെ നഷ്ടപ്പെടുത്തുന്നതിനെയോർത്ത് നിങ്ങൾക്ക് തെല്ലും വേവലാതിയില്ലാത്തത് വിസ്മയം തന്നെ. ഇനിയും ഈ നഷ്ടക്കണക്കുകൾ വരും തലമുറകളിലേയ്ക്ക് അടിച്ചേൽപ്പിക്കാതെ സമാധാനത്തിൽ മുന്നോട്ടു പോകാൻ ശ്രമിക്കുക.

പൗരോഹിത്യത്തിന്റെ ഉറവിടമായ പ. അന്ത്യോഖ്യാ സിംഹാസനത്തോടും അതിൽ ഭാഗ്യമോടെ വാണരുളുന്ന പിതാക്കൻമാരുടെ പിതാവും ഇടയൻമാരുടെ ഇടയനുമായ പ. പാത്രിയർക്കീസ് ബാവായോടും വിധേയത്വമില്ലാതെ എന്നാൽ സുറിയാനി സഭയുടെ പാരമ്പര്യങ്ങളെ രഹസ്യമായി താലോലിച്ചും. വേഷഭൂഷാദികളേയും ആചാരാനുഷ്ഠാനങ്ങളേയും സൂത്രത്തിൽ സ്വന്തമാക്കിയുമുള്ള ഈ കപട നാടകങ്ങൾ അവസാനിപ്പിച്ച് സത്യത്തോടുചേർന്നു നിൽക്കാൻ തയ്യാറാവുക. പ. യാക്കോബായ സഭയ്ക്ക് മാത്രം അർഹതപ്പെട്ട ആരാധനാലയങ്ങൾ ബോധപൂർവ്വം തിരിച്ചൽപ്പിച്ചും പൗരോഹിത്യത്തെ അവഹേളിക്കുന്ന തെറ്റായ കീഴ്വഴക്കങ്ങൾ അവസാനിപ്പിച്ചും സമാധാനത്തോട് അടുത്തുവരിക. സമ്പത്തിന്റേയും സ്ഥാപനങ്ങളുടേയും കണക്കെടുത്ത് സമൂഹമധ്യേ ജീവിക്കാനാവുമെന്ന് തെറ്റിധരിക്കല്ലേ. സാക്ഷ്യജീവിതത്തിനു പകരം വികലസാക്ഷ്യം ഒരു സാമൂഹ്യക്രമത്തിലും സ്വീകാര്യമല്ല. സാമ്പത്തിക ശാസ്ത്രവും സഭാശാസ്ത്രവും ഒരുമിച്ചു കൊണ്ടു പോകാൻ ശ്രമിച്ചാൽ പരാജയങ്ങൾ പടിവാതിൽക്കലാണെന്നു മറക്കാതിരിക്കാം. തെരുവുയുദ്ധങ്ങളും ചോരക്കളിയും പോർവിളിയും അവസാനിപ്പിച്ച് മാന്യതയും വിശ്വാസ തീക്ഷണതയുമുള്ള ഒരു അനുഗ്രഹീത തീർത്ഥാടന സമൂഹമായി നമുക്ക് ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കാം.

## വിവാഹധന സഹായം

ആലുവായിലെ പരിശുദ്ധനായ പൌലോസ് മോർ അത്തനാസിയോസ് തിരുമേനിയുടെ ഒരു വർഷം നീണ്ട് നിൽക്കുന്ന മെത്രാഭിഷേക ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കിഴക്കമ്പലം സെന്റ് പോൾസ് യാക്കോബായ സുറിയാനി പള്ളിയിൽ വിവാഹധന സഹായം വിതരണോത്ഘാടനം ഫാ. ബാബു വർഗീസ് പറപ്പിള്ളിക്കുഴി നിർവ്വഹിച്ചു. യോഗത്തിൽ ബെന്നി എം തോമസ്, ഏലിയാസ് കാരിപ്ര, സി.വി.ഷാജൻ , എം.സി ബേബി, ജോബിൻ ജേക്കബ് എന്നിവർ പങ്കെടുത്തു.

## സ്വീകരണം നൽകി

കോടഞ്ചേരി: വേളംകോട് സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പള്ളിയിലേക്കുള്ള തീർത്ഥാടക സംഘത്തിന് കോടഞ്ചേരി ടൗണിൽ സ്വീകരണം നൽകി. സ്വീകരണയോഗത്തിൽ യാക്കോബായ സഭാ മാനേജിംങ് കമ്മിറ്റി മെമ്പർ കെ.എം പൌലോസ് കളപ്പാട്ട്, ഫാ. ഗീവർഗീസ് കടുംകീരിയിൽ വിശ്വാസ സംരക്ഷൻ കോഴിക്കോട് ഭദ്രാസന ഓർഗനൈസർ യൽദോ തെയ്യാംമ്പുറത്ത് യൂത്ത് അസോസിയേഷൻ ഭാരവാഹികളായ കെ.വി ജോർജ്ജ് കുളക്കാട്ട്, ജയ്സൺ ഈഴകുന്നേൽ, ഇ.പി ജോസ്, എ.വി പാപ്പു, വരുൺ ജോസഫ്, ഷാജൻ ചേലയ്ക്കാത്തടത്തിൽ എന്നിവർ പ്രസംഗിച്ചു.

## സൺഡേസ്കൂൾ ബാലകലോത്സവം

കിഴക്കമ്പലം: എം.ജെ.എസ്.എസ്.എ പള്ളിക്കര ഡിസ്ട്രിക്ട് ബാലകലോത്സവം തിങ്കളാഴ്ച 9ന് മോറക്കാല സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഹാളിൽ ആരംഭിക്കും. രാവിലെ ഡിസ്ട്രിക്ട് ഇൻസ്പെക്ട്രർ എം.കെ വർഗീസ് പതാക ഉയർത്തും. ഫാ. ഇ.സി വർഗീസ് കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യും. 5 വേദികളിലായി മത്സരങ്ങൾ നടക്കും

## വചനത്തിൽ അടിയുറച്ച ജീവിതം സമൂഹത്തിന് നന്മകൾ പ്രദാനം ചെയ്യും- മെത്രാപ്പൊലിത്ത

വചനത്തിൽ അടിയുറച്ച ജീവിതത്തിലൂടെ സമൂഹത്തിന് നന്മകൾ പ്രദാനം ചെയ്യുവാൻ സാധിക്കുമെന്ന് മലബാർ ഭദ്രാസനാധിപൻ പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പൊലിത്ത പറഞ്ഞു. ചിങ്ങേരി സെന്റ് മേരീസ് യാക്കോബായ തീർത്ഥാടന കേന്ദ്രത്തിൽ യൽദോ മോർ ബസ്സേലിയോസ് ബാവായുടെ പെരുന്നാളിനോടനുബന്ധിച്ച് നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം വികാരി ഫാ. ജേക്കബ് മിഖായേൽ പുല്ല്യാട്ടേൽ അദ്ധ്യക്ഷത വഹിച്ചു.

ഷോബിൻ പോൾ പുത്തൻകുരിശ്, വർഗീസ്കുട്ടി ചേലാട് എന്നിവർ സംസാരിച്ചു.ഒക്ടോബർ ഒന്നുവരെ വൈകുന്നേരം ആറുമുതൽ ഒമ്പതുവരെ കൺവെൻഷൻ നടത്തും

## മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമപ്പെരുന്നാൾ

ന്യൂജേഴ്സി: ബർഗൻഫീൽഡ് സെന്റ് മേരീസ് പള്ളിയിൽ പ. പരുമല തിരുമേനിയുടെ ഓർമപ്പെരുന്നാൾ നവംബർ 1ന് ആഘോഷിക്കും. ക്നാനായ ഭദ്രാസനത്തിന്റെ റീജിനൽ മെത്രാപ്പൊലിത്ത ആയൂബ് മോർ സിൽവാനിയോസ് മുഖ്യകാർമികത്വം വഹിക്കും.

ഒക്ടോബർ 31 ശനിയാഴ്ച വൈകുന്നേരം 6.30ന് സന്ധ്യാനമസ്കാരം. 8 ന് ധ്യാനം എന്നിവ ഉണ്ടായിരിക്കും. നവംബർ 1 ഞായർ രാവിലെ 8.45ന് പ്രഭാത നമസ്കാരം. 9ന് ആയൂബ് മോർ സിൽവാനിയോസ് മെത്രാപ്പൊലിത്തായുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബ്ബാന. തുടർന്ന് നേർച്ച വിളമ്പ്, സ്നേഹവിരുന്ന് എന്നിവയോടുകൂടി പെരുന്നാൾ സമാപിക്കും.

പെരുന്നാളിൽ പങ്കാളികളാകുവാനും പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുവാനും ഏവരെയും സ്വാഗതം ചെയ്യുന്നതായി ഗീവർഗീസ് പുത്തൂർകുടിലിൽ കോറെപ്പിസ്കോപ്പ, റവ. ഡോ. എ പി ജോർജ്ജ് (വികാരി) എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: വെരി. റവ. ഗീവർഗീസ് കോറെപ്പിസ്കോപ്പ - 8455980203, റവ. ഡോ. എ പി ജോർജ്ജ് - 2015759932, ജോയി വർഗീസ് - 201724228, വിവക്ക് അലക്സ് - 5514971345.

## സാബോർ അഫ്രേം പഠനക്യാമ്പ്

ചാത്തന്നൂർ: കൊല്ലം ഭദ്രാസന സൺഡേസ്കൂൾ അസോസിയേഷന്റെ സാബോർ അഫ്രേം പഠനക്യാമ്പ് ആദിച്ചനല്ലൂർ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽ നടത്തപ്പട്ടു. രാവിലെ പ്രഭാത പ്രാർത്ഥനയും, വിശുദ്ധകുർബ്ബാനയും നടത്തപ്പെട്ടു. തുടർന്ന് സമ്മേളനം മാത്യൂസ് മോർ തേവോദോസിയോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്തു. പഠനക്ലാസുകൾ, സംഗീത പരിശീലനം, എന്നിവ നടത്തപ്പെട്ടു.


## സെന്റ് ജോർജ്ജ് കത്തീഡ്രലിൽ പെരുന്നാൾ

പുല്പള്ളി: സെന്റ് ജോർജ്ജ് സിംഹാസന കത്തീഡ്രൽ പരുമല തിരുമേനിയുടെ 107-ാം ഓർമപ്പെരുന്നാൾ നവംബർ 1, 2, 3 തീയതികളിൽ നടത്തും. പെരുന്നാൾ വിജയിപ്പിക്കുന്നതിന് സ്വാഗതസംഘം രൂപവത്ക്കരിച്ചു. ഇതോടനുബന്ധിച്ച് വിവിധ പ്രദേശങ്ങളിൽ നിന്ന് കാൽനട തീർത്ഥയാത്ര നടത്തപ്പെടും.

## കുടുംബസംഗമം നടത്തി

വേളംകോട് സെന്റ് മേരീസ് യാക്കോബായ സുറിയാനി സുനോറോ പള്ളിയിൽ വെച്ച് കുടുംബസംഗമവും ഇടവക നവീകരണ ധ്യാനവും നടത്തപ്പെട്ടു. കുടുംബസംഗമത്തിൽ പ്രൊഫ. ഹേമപാലൻ,ഫാ. ജോസഫ് പരത്തുവയൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ദമ്പതികൂട്ടായ്മ ഇടവക വികാരി ഫാ. ഗീവർഗീസ് കടുംകീരിയിൽ ഉത്ഘാടനം ചെയ്തു. കുടുംബസംഗമത്തിന് ഫാ. തോമസ് കിളിയംകുന്നത്ത് കോർഎപ്പിസ്കോപ്പ, ട്രസ്റ്റി ജോസഫ് മാളിയേലിൽ, ബേബി തെക്കേൽ, പി.സി അബ്രഹാം പാറപ്പാട്ട്, ഈ. പി ജോസ് എന്നിവർ നേതൃത്വം നൽകി.

## പ. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ആഘോഷിച്ചു.



ആസ്ട്രേലിയ, അഡിലയ്ഡ് സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ എട്ടുനോമ്പാചരണവും പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളും ആഘോഷപൂർവ്വം നടത്തപ്പെട്ടു. സെപ്റ്റംബർ 11 വൈകിട്ട് 6 മണിക്ക് സിഡ്നി സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി വികാരി റവ ഫാ. ജോർജ്ജ് ഗീവർഗീസ് വയലിപ്പറമ്പിലിന്റെ സുവിശേഷപ്രസംഗവും തുടർന്ന് സൺഡേസ്കൂൾ കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. അഡിലയ്ഡിലെ വി. മാതാവിന്റെ ജനനപ്പെരുന്നാളായ എട്ടുനോമ്പു പെരുന്നാൾ ആഘോഷിക്കുന്ന ഏകദൈവാലയമായ സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി. പെരുന്നാൾ സമാപന ദിവസമായ സെപ്റ്റംബർ 12ന് ശനിയാഴ്ച രാവിലെ 8 മണിക്ക് സെന്റ് മേരീസ് കോപ്ടിക് ഓർത്തഡോക്സ് ദൈവാലയത്തിൽ (18 ഗോൾഡ്ഫിഞ്ച് അവന്യു ക്വവാൺഡില്ല അഡിലയ്ഡ്) വച്ച് റവ ഫാ. ജോർജ്ജ് വയലിപ്പറമ്പിലിന്റെ പ്രധാന കാർമ്മീകത്വത്തിൽ വി. കുർബ്ബാനയും, ആഘോഷപരമായ പെരുന്നാൾ ശുശ്രൂഷകളായ ദൈവമാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥന, പ്രദിക്ഷണം, ആശീർവാദം, നേർച്ചവിളമ്പ്, എന്നീ പരിപാടികളൊടുകൂടി പെരുന്നാൾ സമാപിച്ചു. അഡിലയ്ഡ് സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി വികാരി ഫാ. ജിജി വർഗീസ് (0433888442) ട്രസ്റ്റി ശ്രീ കുരുവിള മാത്യു (0422140023), സെക്രട്ടറി ശ്രീ ബിജു ജോസഫ് (0434164174) നേതൃത്വത്തിൽ കമ്മറ്റി പ്രവർത്തിച്ചുവന്നു.

കവിത

എം.എ വർഗീസ്, തുരുത്തിശ്ശേരി

## കാരുണ്യം

ആമിലമാകുന്ന മാനസമായി ഞാൻ
ആശ്രയമില്ലാതലഞ്ഞനേരം
അരുകത്തണഞ്ഞെന്റെ അരുമയാം നാഥൻ
ആതിവ്യാധിയെല്ലാമെടുത്തു മാറ്റി
കാണുന്നു ഞാനിന്ന് കാൽവരിയിൽ
കാരുണ്യം തൂകുന്ന എൻ നാഥനെ
കനിവിന്റെ കടലാകും കരുണമയാ-
കാരുണ്യം ഞങ്ങളിൽ ചൊരിഞ്ഞീടണേ
സ്നേഹത്തിൻ നിറകുടമാകുന്ന നാഥനെ
സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപയേകണേ
സ്നേഹം കൊടുത്തു നിത്യവും ഞങ്ങൾക്കു
സ്നേഹം ലഭിപ്പാൻ കഴിയുമാറാകണമെ
പാപം വെടിഞ്ഞിനി പാരിൽ വസിക്കുവാൻ
പാപിയാം ഞങ്ങൾക്ക് തുണയേകകണേ
പരമപിതാവാം ശ്രീയേശുനാഥ നീ
പാപിയാം ഞങ്ങളെ നിത്യവും കാക്കണെ

# പ. യൽദോ ബാവയുടെ കബർ പതിനായിരങ്ങൾ വണങ്ങി



കോതമംഗലം പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവയെ ആർച്ച് ബിഷപ്പ് മോർ തിമോത്തിയോസ് മൂസായും ഡോ. ഏബ്രഹാം മോർ സേവേറിയോസും ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

കോതമംഗലം മർത്തോമ ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ. യൽദോ മോർ ബസേലിയോസ് ബാവയുടെ 324 -മത് ഓർമ്മപ്പെരുന്നാളിൽ പതിനായിരങ്ങൾ പ.കബറിടം വണങ്ങി അനുഗ്രഹം പ്രാപിച്ചു. പ്രധാന പെരുന്നാൾ ദിവസങ്ങളായിരുന്ന ഒക്ടോബർ 1, 2 തിയതികളിൽ പ. പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന ചെറിയ പള്ളിയിലേക്ക് നാടിന്റെ നാനാഭാഗത്തുനിന്നും മലങ്കരയുടെ വിവിധ ഇടവകകളിൽ നിന്നും തീർത്ഥാടകർ കാൽനടയായി എത്തി. 324 വർഷം മുമ്പ് അന്ത്യോഖ്യയിൽ നിന്ന് പള്ളിയിൽ എത്തി കബറടങ്ങിയ പ. യൽദോ മോർ ബസേലിയോസ് ബാവ കടലും കാടും താണ്ടി നടന്നുവന്നതിനെ അനുസ്മരിച്ചാണ് വിശ്വാസികൾ കാൽനട തീർത്ഥാടക സംഘങ്ങളായി പള്ളിയിലെത്തിയത്.

രണ്ടാം തിയതി രാവിലെ 8.00ന് ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമനസിലെ പ്രധാന കാർമികത്വത്തിൽ വി. മൂന്നിന്മേൽ കുർബാന അർപ്പിക്കപ്പെട്ടു. ഉച്ചയ്ക്ക് 3.00 ന് മേമ്പൂട്ടിൽ നിന്ന് പള്ളി ഉപകരണങ്ങൾ പള്ളി അകത്തേയ്ക്ക് കൊണ്ടുവന്നു. തുടർന്ന് തീർത്ഥാടക സംഘങ്ങൾക്ക് ഹൈറേഞ്ച് മേഖലയ്ക്ക് കോഴിപ്പള്ളി കവലയിലും, പടിഞ്ഞാറൻ മേഖലയ്ക്ക് മൂവാറ്റുപുഴ കവലയിലും, വടക്കൻ മേഖലയ്ക്ക് ഹൈറേഞ്ച് കവലയിലും, പോത്താനിക്കാട് മേഖലയ്ക്ക് ചക്കാലക്കുടി ചാപ്പലിലും സ്വീകരണം നൽകി. തുടർന്ന് പള്ളിയിൽ സന്ധ്യപ്രാർത്ഥന നടത്തപ്പെട്ടു.ഈ വർഷത്തെ പെരുന്നാൾ സന്ധ്യ മറ്റൊരു ചരിത്ര സംഭവത്തിന് സാക്ഷിയായി. യാക്കോബായ സുറിയാനി സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ ആലുവായിലെ പൌലോസ് മോർ അത്തനാസിയോസ് വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്തുകൊണ്ടുള്ള പ. പാത്രിയർക്കിസ് ബാവ തിരുമനസിലെ കല്പനയുടെ ഔദ്യോഗിക പ്രഖ്യാപനം ശ്രേഷ്ഠ കാതോലിക്ക തിരുമനസിലെ സാന്നിദ്ധ്യത്തിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രപ്പൊലിത്ത വായിച്ചു. ഇറാഖിലെ നിനവെ ആർച്ച് ബിഷപ്പ് മോർ തീമോത്തിയോസ് മൂസ, ഡോ.ഏബ്രഹാം മോർ സേവേറിയോസ്, ഡോ. മാത്യൂസ് മോർ ഈവാനിയോസ്, ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തൂസ്, കുറിയാക്കോസ് മോർ യൗസേബിയോസ്, മർക്കോസ് മോർ ക്രിസോറ്റമോസ്, ഏലിയാസ് മോർ അത്തനാസിയോസ്, ഡോ. കുറിയാക്കോസ് മോർ ക്ലിമിസ് എന്നീ മെത്രപ്പൊലിത്തൻമാർ സന്നിഹിതരായി. തുടർന്ന് പ്രദക്ഷിണം പള്ളിയിൽ നിന്ന് പുറപ്പെട്ട് വലിയ പള്ളി മലയിൽകീഴ് കുരിശ്, ടൗൺ കുരിശ്, എം.ബി.എം.എം ആശുപത്രി എന്നിവിടങ്ങളിൽ കൂടി മാർ ബേസിൽ ഹയർ സെക്കണ്ടറി സ്കൂൾ റോഡ് വഴി പള്ളിയിൽ തിരിച്ചെത്തി. മൂന്നാം തിയതി രാവിലെ 6.00 ന് ഡോ. ഏബ്രഹാം മോർ സേവേറിയോസ് മെത്രപ്പൊലിത്തയും 7.45 ന് കുറിയാക്കോസ് മോർ യൗസേബിയോസ് മെത്രപ്പൊലിത്തയും,9.30 ന് ശ്രേഷ്ഠ കാതോലിക്ക ബാവയും വി. കുർബാനയ്ക്ക് പ്രധാന കാർമികത്വം നിർവ്വഹിച്ചു. തുടർന്ന് പ്രദക്ഷിണം പള്ളിയിൽ നിന്ന് പുറപ്പെട്ട് കിഴക്കേ അങ്ങാടിയിൽ കൂടി കോഴിപ്പള്ളി കുരിശ് ചക്കാലക്കുടി വി യൽദോ മോർ ബസേലിയോസ് ചാപ്പൽ വഴി പള്ളിയിൽ തിരിച്ചെത്തി. നാലാം തിയതി രാവിലെ യൽദോ മോർ തീത്തോസ് മെത്രപ്പൊലിത്തയുടെ കാർമികത്വത്തിൽ വി.കുർബാനയും നടത്തപ്പെട്ടു. ഈ വർഷത്തെ പെരുന്നാളിൽ സംബന്ധിക്കുവാൻ പ. യൽദോ ബാവയുടെ ജന്മദേശമായ മൂസലിൽ ഉള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ള 18 അംഗസംഘം ഇറാഖിലെ നിനവെ ആർച്ച് ബിഷപ്പ് മോർ തീമോത്തിയോസ് മൂസായുടെ നേതൃത്വത്തിലെത്തി. അപ്രേം കോർഎപ്പിസ്കോപ്പ, ഫാ. കുറിയാക്കോസ്,ഫാ. അബ്ദുള്ള ഇസ്ഹായി എന്നിവർ സംഘത്തിലുണ്ടായിരുന്നു.

## കോതമംഗലം ചെറിയ പള്ളി പെരുന്നാളിന് ശ്രേഷ്ഠബാവായുടെ പ്രവേശനം തടയുവാനുള്ള മെത്രാൻ കക്ഷികളുടെ ശ്രമം വിഫലമായി

കോതമംഗലം മാർത്തോമൻ ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മഹാപരിശുദ്ധനായ യൽദോ മോർ ബസേലിയോസ് ബാവായുടെ ഓർമ്മ ദിവസം പള്ളിയിൽ പ്രവേശിച്ച് വി.കുർബാന അർപ്പിക്കുന്നതിൽ നിന്ന് അങ്കമാലി ഭദ്രാസനമെത്രാപ്പൊലിത്തായും യാക്കോബായ സുറിയാനി സഭയുടെ പ്രദേശിക അദ്ധ്യക്ഷനുമായ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെ നിരോധിക്കണമെന്ന് ആവശ്യപ്പെടുന്ന മെത്രാൻ കക്ഷികൾ കേരള ഹോക്കോടതിയുടെ എറണാകുളം ജില്ലാ കോടതിയിലും നൽകിയ ഹർജി കോടതികൾ തള്ളി. ശ്രേഷ്ഠ ബാവ പള്ളിയിൽ പ്രവേശിക്കണമെന്നുണ്ടോ എന്ന് നിരിക്ഷിക്കാൻ കമ്മീഷനെ നിയമിക്കണമെന്നുള്ള അപേക്ഷയും കോടതി നിരാകരിച്ചു. കോതമംഗലം പള്ളിയിലെ സമാധാന അന്തരീക്ഷം തകർക്കുവാൻ യാക്കോബായ സഭയിൽ നിന്ന് കാലുമാറിയ റമ്പാന്റെ നേതൃത്വത്തിൽ ശ്രമിച്ചു വരികയായിരുന്നു. പള്ളികളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ച് പെരുന്നാളുകൾ അലങ്കോലപ്പെടുത്തുക എന്ന മെത്രാൻ കക്ഷികളുടെ ശ്രമങ്ങൾക്കുള്ള തിരിച്ചടിയാണിത്. ആലുവായിൽ പുതിയതായി നിയമിതനായ മോർ പോളികർപ്പോസിന്റെ നേതൃത്വത്തിൽ അങ്കമാലി ഭദ്രാസനത്തിലെ പല പള്ളികളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഗൂഢശ്രമങ്ങൾ നടത്തുന്നതായി അറിയുന്നു.

## പ. യൽദോ ബാവയുടെ ഓർമപ്പെരുനാളിൽ പങ്കെടുക്കാൻ ജന്മനാട്ടിൽ നിന്ന് പ്രതിനിധികൾ എത്തി



നിനവെ ആർച്ച് ബിഷപ്പ് മോർ തിമോത്തിയോസ് മൂസ മെത്രോപ്പൊലിത്തായെയും സംഘത്തെയും മെത്രാപ്പൊലിത്താമാരും സഭാ ഭാരവാഹികളും ചേർന്ന് സ്വീകരിക്കുന്നു.

കോതമംഗലം മാർത്തോമ ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ യൽദോ മോർ ബസേലിയോസ് ബാവയുടെ ഓർമ്മപ്പെരുനാളിൽ സംബന്ധിക്കുന്നതിന് പാത്രിയാർക്ക പ്രതിനിധിസംഘമെത്തി.

പരിശുദ്ധ ബാവയുടെ ജന്മദേശമായ മൂസലിലുള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുൾപ്പെടെയുള്ള പതിനെട്ടംഗസംഘത്തിന് ഇറാഖിലെ നിനവെ ആർച്ച് ബിഷപ് മോർ തിമോത്തിയോസ് മൂസയാണു നേതൃത്വം നൽകുന്നത്. അപ്രേം കോർഎപ്പിസ്കോപ്പ, ഫാ. കുര്യാക്കോസ്, ഫാ. അബ്ദുള്ള ഇസ്ഹായി എന്നിവരും സംഘത്തിലുണ്ട്. ആദ്യമായാണു കോതമംഗലത്തെ പെരുനാളിൽ പങ്കെടുക്കാൻ അവിടെ നിന്നുള്ള സംഘമെത്തുന്നത്. വിമാനത്താവളത്തിൽ മെത്രപ്പൊലിത്തൻമാരായ കുര്യാക്കോസ് മോർ തെയോഫിലോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്തനാസിയോസ്, സഭാ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലക്കൽ, ഫാ. വർഗീസ് കല്ലാപ്പാറ, ആത്മദീപം എഡിറ്റർ സി. വൈ. വർഗീസ് തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

## അരലക്ഷത്തോളം ഭക്ഷണ പൊതി ഒരുക്കി

കോതമംഗലം പ. ബസേലിയോസ് ബാവാ തിരുമനസിലെ പെരുന്നാളിൽ പങ്കെടുക്കുവാൻ എത്തിയ തീർത്ഥാടകർക്ക് നൽകുന്നതിനായി അരലക്ഷത്തോളം ഭക്ഷണ പൊതി തയ്യാറാക്കിയിരുന്നു. പള്ളിക്കു സമീപമുള്ള ബേസിൽ സ്കൂളിലാണ് തീർത്ഥാടകർക്ക് ഭക്ഷണം നൽകിയത്. കോതമംഗലത്തും പരിസരപ്രദേശങ്ങളിലും ഉള്ള വീടുകളിലെ വീട്ടമ്മമാരാണ് ചോറും കറിയും അടങ്ങുന്ന ഭക്ഷണപൊതി തയ്യാറാക്കി സ്കൂളിൽ എത്തിച്ചത്. കൂടാതെ നേര്യമംഗലത്തും തീർത്ഥാടകർക്ക് ഭക്ഷണം നൽകിയിരുന്നു. നേര്യമംഗലം സെന്റ് മേരീസ് പള്ളിയുടെ നേതൃത്വത്തിലാണ് അയ്യായിരം പേർക്ക് സദ്യയൊരുക്കിയത്.

## കോതമംഗലത്തേക്ക് തീർത്ഥാടക പ്രവാഹം

കോതമംഗലത്ത് പ.യൽദോ മോർ ബസേലിയോസ് ബാവയുടെ കബറിങ്കലേയ്ക്ക് ഹൈറേഞ്ചിലെ വിവിധ മേഖലയിൽ നിന്നുള്ള തീർത്ഥാടകർ എത്തി. കുമളി, വാളാടി, കല്ലുമേട്, ചെമ്മണ്ണ്, ചീന്തലാർ പള്ളികളിൽ നിന്നുള്ള തീർത്ഥാടകർ കട്ടപ്പന സെന്റ് ജോർജ്ജ് പള്ളി കേന്ദ്രീകരിച്ചാണ് യാത്ര പുറപ്പെട്ടത്. രാജകുമാരി സെന്റ് ജോൺസ് പള്ളിയിൽ വിശ്രമിച്ച സംഘം അടുത്ത ദിവസം കോതമംഗലത്തേയ്ക്ക് യാത്ര തുടർന്നു.

പൂതംകുറ്റി സെന്റ് മേരീസ് പള്ളി പൊയ്ക്കാട്ടുശേരി കുരിശുംതൊട്ടി ആഴകം തുരുത്തുംമേൽ ചാപ്പൽ എന്നിവിടങ്ങളിൽ നിന്നുമാണ് അങ്കമാലി മേഖല കാൽനട തീർത്ഥയാത്ര ആരംഭിച്ചത്. പൂതംകുറ്റി മേഖലാ തീർത്ഥയാത്ര വെള്ളികുളങ്ങരയിൽ നിന്നാരംഭിച്ച് പൂതംകുറ്റി പള്ളിയിൽ എത്തിച്ചേർന്നപ്പോൾ മെത്രപ്പൊലിത്തൻമാരായ ഡോ. ഏബ്രഹാം മോർ സേവേറിയോസ് , ഏലിയാസ് മോർ അത്തനാസിയോസ്, എന്നിവരും സഖറിയ ആലുക്കൽ റമ്പാൻ, ഗബ്രിയേൽ റമ്പാൻ എന്നിവരും ചേർന്ന് സ്വീകരിച്ചു. തുടർന്ന് പൂതംകുറ്റിയിൽ നിന്ന് തീർത്ഥയാത്ര പുറപ്പെട്ട് മൂക്കന്നൂർ, തവളപ്പാറ, പുല്ലാനി, തുറവൂർ, തോട്ടകം, വഴി മലയാറ്റൂർ എത്തിച്ചേർന്നു. മഞ്ഞപ്രയിൽ നിന്നുള്ള തീർത്ഥയാത്രകർ കിടങ്ങൂർ വഴി തുറവൂർ ചാപ്പലിൽ വെച്ച് പൂതംകുറ്റി മേഖലാ തീർത്ഥടകരോട് ചേർന്നു.

ആഴകത്തുനിന്നും ആരംഭിച്ച തീർത്ഥയാത്ര ഫാ. ഗീവർഗീസ് വി. അരീയ്ക്കൽ ഉത്ഘാടനം ചെയ്തു. തുടർന്ന് ഞാലുകര, കരായംപറമ്പ്, അങ്കമാലികൂടി തീർത്ഥയാത്ര മറ്റൂരിലെത്തി. പീച്ചാനിക്കാട് പള്ളികളിൽ നിന്നുള്ള തീർത്ഥാടകർ കരയാംപറമ്പ് തീർത്ഥാടകരുമായി ചേർന്നു.

പൊയ്ക്കാട്ടുശേരി നിന്നുള്ള തീർത്ഥയാത്ര ഏലിയാസ് മോർ അത്തനാസിയോസ് മെത്രപ്പൊലിത്ത ഉത്ഘാടനം ചെയ്തു. ഫാ. വർഗീസ് മാലിയിൽ, ഫാ. യൽദോസ് ആലുക്കൽ എന്നിവർ നേതൃത്വം നൽകി. നെടുമ്പാശേരി അകപറമ്പ് എന്നിവിടങ്ങളിലെ തീർത്ഥാടകർ മറ്റൂരിൽ എത്തിച്ചേർന്നു. അങ്കമാലി മേഖലയിലെ എല്ലാ തീർത്ഥയാത്രകളും മറ്റൂർ പള്ളിയിൽ സംഘമിച്ച ശേഷം അവിടെനിന്ന് ഒന്നായി പെരുമ്പാവൂർ കുറുപ്പംപടി ഓടക്കാലി കൂടി കോതമംഗലത്ത് മർത്തോമൻ ചെറിയ പള്ളിയിൽ എത്തി പ. യൽദോ മോർ ബസേലിയോസ് ബാവയുടെ കബർ വണങ്ങി അനുഗ്രഹം പ്രാപിച്ചു.

## കോറൂയോപട്ടം സ്വീകരിച്ചു



ചെങ്ങളം സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി ഇടവകയിൽ പുളിക്കപ്പറമ്പിൽ പി.പി. കുര്യന്റേയും (എരുമേലി),സിനി കുര്യന്റേയും പുത്രൻ പുന്നൂസ് കുര്യന് സെപ്റ്റംബർ 10 ന് പുത്തൻകുരിശ് പാത്രിയർക്കാ കത്തിഡ്രലിൽ വെച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവ കോറൂയോ പട്ടം നൽകി. ഇംഗ്ലണ്ട് ആർച്ച് ബിഷപ്പ് തോമ മോർ അത്തനാസിയോസ്, യൽദോ മോർ തീത്തോസ്, ഡോ.കുര്യാക്കോസ് മോർ ക്ലീമിസ്, എന്നീ മെത്രപ്പൊലിത്തമാർ സഹ കാർമികരായിരുന്നു. സഭാ വൈദിക ട്രസ്റ്റിയായിരുന്ന ദിവംഗതനായ പുളിക്കപ്പറമ്പിൽ പി.പി. ജോസഫ് കോർ എപ്പിസ്കോപ്പയുടെ സഹോദര പ്രപൗത്രനാണ്.

## പി.സി ചാക്കോ ലോക്സഭ അവകാശസമിതി അദ്ധ്യക്ഷൻ



ന്യൂഡൽഹി: പതിനഞ്ചാം ലോക്സഭയുടെ സുപ്രധാന സമിതിയായ അവകാശ സമിതിയുടെ അദ്ധ്യക്ഷസ്ഥാനം പി.സി ചാക്കോ എം.പിക്ക് ലഭിച്ചു. കഴിഞ്ഞ ലോക്സഭയിൽ കിഷേർ ചന്ദ്ര ദേവ് വഹിച്ച പദവിയാണിത്. തൃശൂർ എം.പിയായ ഇദ്ദേഹം കാഞ്ഞിരപ്പള്ളി പാറത്തോട് ഗ്രേയ്സി മെമ്മോറിയൽ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളി ഇടവകയിൽ ഇടക്കുന്നം പനച്ചേരിൽ കുടുംബാംഗമാണ്. ഭാര്യ ലീല ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥ, മക്കൾ ഡോ. അർജ്ജുൻ ചാക്കോ, ഡോ. സിദ്ധാർത്ഥ്.

## ജോർജ് മാത്യു തെക്കേത്തലയ്ക്കൽ കർഷക കോൺഗ്രസ് സംസ്ഥാന സെക്രട്ടറി



ജോർജ് മാത്യു തെക്കേത്തലയ്ക്കലിനെ കർഷക കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയായി നിയമിച്ചു. യാക്കോബായ സുറിയാനി സഭ അത്മായ ട്രസ്റ്റിയാണ്. പ. പാത്രിയർക്കിസ് ബാവ തിരുമനസ്സുകൊണ്ട് ബാറീത്തോകാശീറോ എന്ന ബഹുമതി നൽകിയിട്ടുണ്ട്. എറണാകുളം ഗിരിനഗർ തെക്കേത്തലയ്ക്കൽ പരേതരായ കമാണ്ടർ ടി.പി മാത്യൂവിന്റേയും (യാക്കോബായ സഭയുടെ മുൻ സെക്രട്ടറി, ട്രസ്റ്റി) അന്നമ്മയുടേയും മകനായ ജോർജ് മാത്യു അഞ്ചേരിൽ ഏജൻസീസ്, ടിപിഎം എന്നീ കയറ്റുമതി കമ്പനികളുടെ ഉടമയാണ്. എളംകുളം സെന്റ് മേരീസ് സൂനോറോ കത്തിഡ്രൽ ഇടവാംഗമാണ്. കോട്ടയം കോട്ടപ്പറമ്പിൽ സുജയാണ് ഭാര്യ. ഏലിയാസ്, ജോൺ എന്നിവർ മക്കളാണ്.

## കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പയെ അനുമോദിച്ചു



പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കിസ് ബാവയിൽ നിന്ന് "ഭാരതീയ സുറിയാനി കവി" എന്ന ബഹുമതി ലഭിച്ച കണിയാംപറമ്പിൽ ഡോ. കുര്യൻ കോർഎപ്പിസ്കോപ്പായെ പൊയ്ക്കാട്ടുശ്ശേരി മാർ ബഹനാം പള്ളിയിൽ ആദരിച്ചു. വികാരി ഫാ. വറുഗീസ് മാലിയിൽ, ട്രസ്റ്റി കെ.ജെ വറുഗീസ് എന്നിവർ അനുമോദനങ്ങൾ അർപിപ്പിക്കുകയും പൊന്നാട അണിയിക്കുകയും ചെയ്തു.

## വൈദികപട്ടം സ്വീകരിച്ചു.



കണ്ടനാട് ഭദ്രാസനത്തിലെ തൊടുപുഴ മുളപ്പുറം സെന്റ് ജോർജ് ബഥേൽ യാക്കോബായ സുറിയാനിപ്പള്ളി ഇടവാംഗയിൽ തറയാനിയിൽ ഡീക്കൻ ബോബി ജോണിന്(യാക്കോബ്) മുളപ്പുറം സെന്റ് ജോർജ് ബഥേൽ യാക്കോബായ സുറിയാനിപള്ളിയിൽ വച്ച് ഇടവക മെത്രപ്പൊലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസിൽ നിന്ന് കശ്ശീശപട്ടം സ്വീകരിക്കുകയും ഒക്ടോബർ 4 ഞായറാഴ്ച ഇടവകപള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. Serampoore University -ൽ നിന്ന് B. D ബിരുദം കരസ്ഥമാക്കിയ അച്ചൻ സേലം -മഹീന്ദ്രാ Eng. College ൽ നിന്ന് Information Techonoloey-ൽ ബിരുദാനന്തര ബിരുദം Pondichery University -ൽ നിന്ന് M. B. A.യും Public Relation ൽ Diploma യും കരസ്ഥമാക്കി. ഇപ്പോൾ M.G. Universityയുടെ കീഴിലുള്ള പാലാ - രാമപുരം Mar Augusthinose College ൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. പ്രശസ്തമായ തറയാനി കുടുംബത്തിലെ 4-മത്തെ വൈദികനാണ്. യരുശലേമിൽ സെഹിയോൻ മാളികയിൽ കബറടങ്ങിയിരിക്കുന്ന ബഹുമാനപ്പെട്ട തറയാനിൽ മത്തായി കത്തനാർ പിതാമഹനാണ്.

## ക്യാൻസർ ബോധവൽക്കരണ ക്ലാസ്

കടാതി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ് നടന്നു.തൃശൂർ അമല ക്യാൻസർ കെയർ സെന്ററിലെ ഡോ. പ്രൊഫ. സി. ഡി. വർഗീസ് (ക്യാൻസർ മെഡിസിൻ) ക്ലാസ് എടുത്തു. അഖില മലങ്കര യൂത്ത് അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് എം. എസ്. ബെന്നി ഉത്ഘാടനം ചെയ്തു. വികാരി ഫാ. ജോർജ് മാന്തോട്ടം, സഹവികാരി ഫാ. മത്തായി ആലക്കര, ട്രസ്റ്റിമാരായ പി. പി. ഷാജി, പി. എം. ജോൺസൻ, യൂത്ത് അസ്സോസിയേഷൻ സെക്രട്ടറി ജെറിന്റ് കുര്യൻ എന്നിവർ പ്രസംഗിച്ചു.

## മെത്രപ്പൊലിത്തായ്ക്കും തീർത്ഥാടകർക്കും സ്വീകരണം നൽകി



*മൈക്കാവ് പള്ളിയിൽ തീർത്ഥാടക സംഘത്തിനും മാത്യൂസ് മോർ അപ്രേം മെത്രപ്പൊലിത്താക്കും, ഫാ. ഗീവറുഗീസ് കടുംകീരിയിൽ , തോമസ് കിളിയംകുന്ന് കോർഎപ്പിസ്കോപ്പ, യൽദോ പൌലോസ് തെയ്യാംമ്പുറത്ത്, കെ.എം. പൌലോസ് എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.*

മൈക്കാവ്: പ. യൽദോ മോർ ബസേലിയോസ് ബാവയുടെ തിരുശേഷിപ്പ് സ്ഥാപിതമായിരിക്കുന്ന വേളംകോട് പള്ളിക്കുന്ന് സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പളളിയിലേക്കുള്ള തീർത്ഥാടക സംഘത്തിനും അങ്കമാലി ഹൈറേഞ്ച് മേഖല സഹായ മെത്രപ്പൊലിത്ത മാത്യൂസ് മോർ അപ്രേമിനും മൈക്കാവ് സെന്റ് മേരീസ് പള്ളിയിൽ സ്വീകരണം നൽകി. ഫാ. ഗീവർഗീസ് കടുംകീരിയിൽ, തോമസ് കിളിയംകുന്നത്ത് കോർഎപ്പിസ്കോപ്പ, ഫാ. സാജു പായിക്കാട്ട്, ഫാ. ടി.എസ് ഏലിയാസ് തൊണ്ടലിൽ, ഫാ. എൽദോ തോമ്പ്രായിൽ എന്നിവർ ചേർന്ന് സ്വീകരിച്ചു. രാവിലെ പുതുപ്പാടി സെന്റ് മേരീസ് യാക്കോബായ സിംഹാസന പള്ളിയിൽ നിന്ന് ആരംഭിച്ച തീർത്ഥയാത്ര തെയ്യപ്പാറ സെന്റ് ജോർജ് കാഞ്ഞിരപ്പാറ സെന്റ് ജോൺസ് വേളംകോട് കുരിശുപള്ളി, വട്ടൽകുരിശു പള്ളി, മൈക്കാവ് സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിൽ വഴി വേളംകോട് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ സമാപിച്ചു. തുടർന്ന് പ. യൽദോ മോർ ബസേലിയോസ് ബാവയുടെ തിരുശേഷിപ്പ് സ്ഥാപിച്ച കബറിങ്കൽ നടന്ന ധൂപപ്രാർത്ഥനക്കും സന്ധ്യാനമസ്ക്കാരത്തിനും മെത്രപ്പൊലിത്ത കാർമികത്വം വഹിച്ചു. 3 ന് നടന്ന വി. കുർബാനക്ക് മാത്യൂസ് മോർ അപ്രേം മെത്രപ്പൊലിത്ത കാർമ്മികത്വം വഹിച്ചു. ഫാ. ഗീവർഗീസ് കടുംകീരിയിൽ ഫാ. തോമസ് കിളിയംകുന്നത്ത്, ഫാ. ടി.എസ് ഏലിയാസ് തൊണ്ടലിൽ, ഫാ. തോമസ് പുല്യാട്ടേൽ, ഫാ. സാജു പായിക്കാട്ട് എന്നിവർ സഹ കാർമികരായിരുന്നു. കോരിച്ചൊരിയുന്ന മഴയിലും നൂറുകണക്കിന് വിശ്വാസികളാണ് തീർത്ഥയാത്ര സംഘത്തിൽ പങ്കെടുത്തത്.

## പ. പൌലോസ് മോർ കൂറിലോസിന്റെ വിശുദ്ധ പദവി പ്രഖ്യാപനം ഒന്നാം വാർഷികം ആഘോഷിക്കുന്നു.



പാണംപടി വി. മർത്തമറിയം പളളിയിൽ കബറടങ്ങിയിരിക്കുന്ന പൌലോസ് മോർ കൂറിലോസ് മെത്രപ്പൊലിത്തായെ പ. പാത്രിയക്കീസ് ബാവാ തിരുമനസ്സുകൊണ്ട് വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിന്റെ ഒന്നാം വാർഷികം ഒക്ടോബർ 22,23,24 തിയതികളിൽ ആഘോഷിക്കുന്നു. 22,23, തിയതികളിൽ വി. കബറിങ്കൽ നടക്കന്ന അഖണ്ഡ പ്രാർത്ഥനയ്ക്കും (ധ്യാന പ്രാർത്ഥന) മാനസിക ക്ലേശ പരിഹാരത്തിനുളള ധ്യാനപ്രാർത്ഥയ്ക്കും തുത്തൂട്ടി സെന്റ് ഗ്രീഗോറിയോസ് ധ്യാന കേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. സഖറിയ തേറാമ്പിലും ടിം അംഗങ്ങളും നേതൃത്വം നൽകും. വൈകിട്ട് 6 മുതൽ 10 വരെ സന്ധ്യപ്രാർത്ഥനയെ തുടർന്നാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. 24 ന് രാവിലെ 9 ന് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ പ്രധാന കാർമികത്വത്തിലും തോമസ് മോർ തീമോത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ് എന്നി മെത്രപ്പൊലിത്തൻമാരുടെ സഹ കാർമ്മികത്വത്തിലും വി. മൂന്നിന്മേൽ കുർബാന അർപ്പിക്കപ്പെടും. വികാരി ഫാ. കുറിയാക്കോസ് മണലേച്ചിറ, ഫാ. എബി കുറിച്ചിമല എന്നിവർ നേതൃത്വം നൽകും.

## മോർ ഗ്രീഗോറിയോസ് ധ്യാന കേന്ദ്രത്തിന് തറക്കല്ലിട്ടു



ധ്യാനകേന്ദ്രത്തിന്റെ ശിലാസ്ഥാപനം ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലിത്താ നിർവ്വഹിക്കുന്നു.

നിരണം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മല്ലപ്പള്ളിക്ക് സമീപം ആനിക്കാട് നിർമ്മിക്കുന്ന മോർ ഗ്രീഗോറിയോസ് ധ്യാനകേന്ദ്രത്തിന്റെ ശിലാസ്ഥാപനം ഭദ്രാസന മെത്രപ്പൊലിത്ത ഡോ. ഗീവർഗീസ് മോർ കൂറിലോസ് നിർവ്വഹിച്ചു. ചാപ്പൽ, ബിഷപ്പ് ഹൗസ്, ആശ്രമം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ധ്യാനകേന്ദ്രം, ഓഡിറ്റോറിയം, സെമിനാർ ഹാൾ എന്നിവ ഈ സമുച്ചയത്തിൽ ഉൾപ്പെടുന്നു. പുറമറ്റം യാക്കോബായ സുറിയാനി പളളി ഇടവകയിൽ വടക്കേടത്ത് വർഗീസ് ഫിലിപ്പ്, ഉമ്മൻ വർഗീസ്, ജോസഫ് വർഗീസ് എന്നിവർ ഭദ്രാസനത്തിന് സംഭാവനയായി വാങ്ങി നൽകിയതാണ് ഈ ഭൂപ്രദേശം.

## മുളക്കുളം മോർ ഏലിയാസ് ചാപ്പൽ കൂദാശ ചെയ്തു.

മഹാ പരിശുദ്ധനായ പ. ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ നാമത്തിൽ മുളകുളത്ത് പുതുതായി നിർമ്മിച്ച ചാപ്പലിന്റെ വി. മുറോൻ അഭിഷേകം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടേയും, കണ്ടനാട് ഭദ്രാസന മെത്രപ്പൊലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസ്, ഹൈറേഞ്ച് പെരുമ്പാവൂർ മേഖല സഹായ മെത്രപ്പൊലിത്താ മാത്യൂസ് മോർ അപ്രേം എന്നിവരുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഒക്ടോബർ 6 മുതൽ 10 വരെ നടന്ന ധ്യാനശുശ്രൂഷയിൽ ജോർജ് സി ചാലപ്പുറം കോർഎപ്പിസ്കോപ്പ, ഫാ. തോമസ് മാളിയേക്കൽ, ഫാ. ചെറിയാൻ പയ്യാനിക്കൽ, ഫാ. മാത്യൂസ് മണപ്പാട്ടേൽ, ഫാ. എം.റ്റി കുര്യാച്ചൻ, ഫാ. മാത്യൂസ് ചാലപ്പുറം എന്നിവർ നയിച്ചു. 9 ന് വൈകിട്ട് പിതാക്കന്മാർക്ക് മുളക്കുളം പള്ളിപ്പടിയിൽ സ്വീകരണം നൽകി. തുടർന്ന് ഡോ. മാത്യൂസ് മോർ ഈവാനിയോസ്, മാത്യൂസ് മോർ അപ്രേം എന്നീ പിതാക്കന്മാരുടെ നേതൃത്വത്തിൽ വി.മൂറോൻ അഭിഷേക കൂദാശയുടെ ഒന്നാം ഘട്ടം നടത്തി. 10 ന് രാവിലെ ശ്രേഷ്ഠ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി.മൂറോൻ അഭിഷേക കൂദാശ രണ്ടാം ഘട്ടവും, തുടർന്ന് വി. മൂന്നിന്മേൽ കുർബാനയും നടന്നു. ഗാന ശുശ്രൂഷകൾ വെട്ടിക്കൽ എം.എസ് ഓറ്റി ക്വയർ നേതൃത്വത്തിൽ നടത്തപ്പെട്ടു. ചടങ്ങുകൾക്ക് വികാരി ഫാ. ജ്യോതിസ് പോത്താറ, ട്രസ്റ്റി കെ.കെ പൌലോസ് കൊമ്പനാൽ , സെക്രട്ടറി എം.കെ ജോർജ്ജ് മുറന്തുക്കിൽ എന്നിവർ നേതൃത്വം നൽകി.

## സഭയുടെ വളർച്ചക്ക് വേണ്ടി യുവജനങ്ങൾ മുന്നിട്ടിറങ്ങണം

**പൌലോസ് മോർ ഐറേനിയോസ് മെത്രപ്പൊലിത്ത**

*എൽദോ പൌലോസ്*
*വിശ്വാസസംരക്ഷകൻ ഭദ്രാസന ഓർഗനൈസർ*



*കാഞ്ഞിരപ്പാറ സെന്റ് ജോൺസ് പള്ളിയിൽ കോഴിക്കോട് ഭദ്രാസന യുവജനക്യാമ്പിന്റെ സമാപന സമ്മേളനം പൌലോസ് മോർ ഐറേനിയോസ് മെത്രപ്പൊലിത്ത ഉത്ഘാടനം ചെയ്യുന്നു. ഫാ. സാജു പായിക്കാട്ട്, ഫാ. സ്കറിയ ഈന്തിലാംകുഴിയിൽ, കെ.എം പൌലോസ്, കെ.വി ജോർജ്ജ്, പ്രവീൺ ജോബ്, യൽദോ പൌലോസ് എന്നിവർ സമീപം*

സഭയുടെ വളർച്ചക്ക് വേണ്ടി യുവജനങ്ങൾ മുന്നോട്ട് വരണമെന്നും, യുവജനകൂട്ടായ്മകൾ സഭയുടെ ഉന്നതിക്ക് വേണ്ടി പരിശ്രമിക്കണമെന്നും മോർ ഐറേനിയോസ് മെത്രപ്പൊലിത്ത പറഞ്ഞു. യൂത്ത് അസോസിയേഷൻ കോഴിക്കോട് ഭദ്രാസന പഠനക്യാമ്പിന്റെ സമാപന സമ്മേളനം കാഞ്ഞിരപ്പാറ സെന്റ് ജോൺസ് പള്ളിയിൽ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മെത്രപ്പൊലിത്ത. പഠനക്യാമ്പിൽ ഡീക്കൻ ബിജോയ് അറയ്ക്കാക്കുടിയിൽ വിഷയവതരണം നടത്തി. പ്രൊഫ. ഐസക് പോൾ (എസ്. ബി കോളേജ് ചങ്ങനാശേരി) ബിജു കെ.തമ്പി എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നയിച്ചു. സമാപനയോഗത്തിൽ ഫാ. സ്കറിയ ഈന്തിലാംകുഴിയിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സാജു പായിക്കാട്ട്, കെ.വി ജോർജ്ജ് കുളക്കാട്ട്, എൽദോ പൌലോസ് തെയ്യാംമ്പുറത്ത്, ബിജു പൊട്ടൻകുഴിയിൽ, ഏലിയാസ് പടയാട്ടിൽ, പ്രവീൺ ജോബ്, ജയ്സൺ ഈഴകുന്നേൽ, ടി.ഒ വർഗീസ്, ചാക്കോ ചുണ്ടക്കാട്ടിൽ, കെ.എം. പൌലോസ് കളപ്പാട്ട്, ജൂബി വർഗീസ് പൊട്ടംകുഴിയിൽ, ഷൈജൻ പുതുപ്പാടി, ഷാജൻ ചേലയ്ക്കാത്തടത്തിൽ എന്നിവർ പ്രസംഗിച്ചു. ക്യാമ്പിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പള്ളികളിൽ നിന്നുള്ള യുവജനങ്ങൾ സംബന്ധിച്ചു.

## ചീങ്ങേരി പെരുന്നാൾ സമാപിച്ചു

മലബാറിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ചീങ്ങേരി സെന്റ് മേരീസ് പള്ളിയിൽ പ. യൽദോ ബാവായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു. സെപ്റ്റംബർ 24 മുതൽ ഒക്ടോബർ 2 വരെ നടന്ന പെരുന്നാൾ ശുശ്രൂഷകൾക്ക് മലബാർ ഭദ്രാസനാധിപൻ പൌലോസ് മോർ ഐറേനിയോസ് മെത്രപ്പൊലിത്ത, ഹോണവാർ മിഷന്റെ യാക്കോബ് മോർ അന്തോണിയോസ് മെത്രപ്പൊലിത്ത, ഫാ. ബൈജുമനയത്ത്, ഫാ. യൽദോ അമ്പഴത്തിനാംകുടി, ഫാ.മത്തായി അതിരംപുഴയിൽ, ഫാ. ബേസിൽ കടുവാകുളങ്ങര, ഫാ. ജോർജ്ജ് മനയത്ത്, ഫാ. യൽദോ അതിരംപുഴയിൽ, ഫാ. കുര്യാക്കോസ് പുതുപ്പാടി, ഫാ.ഗീവർഗ്ഗീസ് മേലേത്ത്, ഫാ.ജോർജ്ജ് കവുങ്ങുംപള്ളിൽ, ഫാ.സജി ചൊള്ളാട്ട് എന്നിവർ കാർമ്മികത്വം വഹിച്ചു. 27 ന് അനേകം കുരുന്നുകൾക്ക് ആദ്യാക്ഷരം എഴുതിക്കുന്ന ചടങ്ങ് നടത്തപ്പെട്ടു. 28 ന് വയനാട് മേഖലാ പള്ളികളിൽ നിന്നുള്ള കുട്ടികളുടെ ചിത്രരചനാ മത്സരം നടത്തു.

# പ. മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി പ. സഭ ആലുവായിൽ ആഘോഷിക്കുന്നു

യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവനായിരുന്ന ആലുവായിലെ മഹാ പരിശുദ്ധനായ പൌലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി യാക്കോബായ സഭ അഖില മലങ്കര അടിസ്ഥാനത്തിൽ ജനുവരിയിൽ ആലുവായിൽ ആഘോഷിക്കും. പുത്തൻകുരിശ് പാത്രിയർക്ക സെന്ററിൽ ചേർന്ന യാക്കോബായ സുറിയാനി സഭ വർക്കിംഗ് കമ്മറ്റിയാണ് ഇതു സംബന്ധിച്ച തീരുമാനങ്ങൾ എടുത്തത്.

പ. സഭയിലെ മുഴുവൻ ദേവാലയങ്ങളിലെ വിശ്വാസികളും ആലുവായിൽ ഒത്തുചേരണമെന്ന് യോഗം തീരുമാനിച്ചു. ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആഘോഷപരിപാടികളുടെ പൂർണ്ണരൂപം അടുത്ത് ചേരുന്ന മാനേജിംങ് കമ്മറ്റി ചർച്ച ചെയ്തശേഷം ദേവാലയങ്ങളിലൂടെ വിശ്വാസികളെ അറിയിക്കും. സഭചരിത്രത്തിലെ അവിസ്മരണീയമായ ഒത്തുചേരലായിരിക്കും ആലുവായിലേതെന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രപ്പൊലിത്ത അറിയിച്ചു.

# പൂതംകുറ്റി മേഖലാ തീർത്ഥയാത്ര

*പി. പി. എൽദോ*



*തൃശൂർ ഭദ്രാസനത്തിലെ വെള്ളികുളങ്ങര സെന്റ് മേരീസ് പള്ളിയിൽ നിന്ന് പുറപ്പെട്ട കോതമംഗലം കാൽനട തീർത്ഥയാത്രക്ക് പൂതംകുറ്റി സെന്റ് മേരീസ് പള്ളിയിൽ ഏലിയാസ് മോർ അത്താനാസിയോസ് മെത്രപ്പൊലിത്തയും വൈദികരും ജനപ്രതിനിധികളും ചേർന്ന് സ്വീകരിക്കുന്നു*

കോതമംഗലം മാർത്തോമ ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മഹാ പരിശുദ്ധനായ യൽദോ മോർ ബസേലിയോസ് ബാവയുടെ കബറിലേക്ക് തൃശൂർ ഭദ്രാസനത്തിൽ നിന്ന് ആദ്യമായി കാൽനട തീർത്ഥയാത്ര പൂതംകുറ്റി പള്ളിയുടെ നേതൃത്വത്തിൽ വെള്ളികുളങ്ങരയിൽ നിന്ന് ആരംഭിച്ചു.

ചാലക്കുടി പുഴക്ക് അക്കരെ തൃശൂർ ഭദ്രാസനത്തലെ വെളളികുളങ്ങര പള്ളിയും, പുഴക്ക് ഇക്കരെ പൂതംകുറ്റി പള്ളിയും സ്ഥിതി ചെയ്യുന്നു. രണ്ട് പള്ളികളും വി. ദേവമാതാവിന്റെ നാമത്തിലാണ്.

പരി. ബാവ തലശേരിയിൽ കപ്പലിറങ്ങി വനാന്തരങ്ങളിലൂടെ യാത്രചെയ്ത് കോതമംഗലത്ത് എത്തിചേർന്നതിന്റെ ഓർമ്മയെ പുതുക്കി കൊണ്ട് പ. ബാവയുടെ പുണ്യ പാദസ്പർശനമേറ്റതായി കരുതപ്പെടുന്ന ഘോരവനം പ്രദേശങ്ങളെ തഴുകിയൊഴുകുന്ന ചാലക്കുടിയാറിന്റെ തീരത്ത് കൂടെയും, ഗ്രാമങ്ങളിലൂടെയും, പട്ടണങ്ങളിലൂടെയും, വനങ്ങളിലൂടെയും ആയിരുന്നു വെള്ളികുളങ്ങരയിൽ നിന്ന് പൂതംകുറ്റി പള്ളി വഴി കോതമംഗലം യാത്ര.

പൂതംകുറ്റി പള്ളിയിൽ എത്തിചേർന്ന തൂർത്ഥയാത്രയെ ഏലിയാസ് മോർ അത്താനാസിയോസ് മെത്രപ്പൊലിത്തയുടെ നേതൃത്വത്തിൽ വൈദികരും ജനപ്രതിനിധികളും ചേർന്ന് സ്വീകരിച്ചു. സന്ധ്യപ്രാർത്ഥനക്ക് ശേഷം നടന്ന തീർത്ഥയാത്ര സമ്മേളനം ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പൊലിത്ത ഉത്ഘാടനം ചെയ്തു. സക്കറിയാസ് ആലുക്കൽ റമ്പാൻ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഏലിയാക്കുട്ടി ആന്റിണി, വൈസ് പ്രസിഡന്റ് ഏലിയാസ് കെ. തരിയൻ, മെമ്പർ പി. എ. ഗോപി, മൂക്കന്നൂർ മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ് പോൾ പി. കുര്യൻ, ഫാ. കെ. ടി. യാക്കോബ്. ഫാ. പോൾ ഏലിയാസ്, ഫാ. എൽദോസ് പാലയിൽ, റ്റി. എം. വർഗ്ഗീസ്, കെ. എം. വർഗീസ് എന്നിവർ പ്രസംഗിച്ചു. വികാരി ഫാ. ഏലിയാസ് കൈപ്രംമ്പാട്ട് സ്വാഗതവും പി. പി. എൽദോസ് നന്ദിയും പറഞ്ഞു.

പൂതംകുറ്റി പള്ളിയിൽ പുലർച്ചെ വി. കുർബ്ബാനയോടെ തീർത്ഥയാത്രയുടെ രണ്ടാം ദിവസത്തെ പ്രയാണം ആരംഭിച്ചു. മൂക്കന്നൂർ സെന്റ് ജോർജ് സെഹിയോൻ, തവളപ്പാറ സെന്റ് മേരീസ്, പുല്ലാനി സെന്റ് ജോർജ് എന്നീ പള്ളികളിലെ സ്വീകരണങ്ങൾക്ക് ശേഷം തുറവൂർ സെന്റ് ജോർജ് ചാപ്പലിൽ എത്തി.

മഞ്ഞപ്ര സെന്റ് ജോർജ്, കിടങ്ങൂർ മോർ ബസ്സേലിയോസ് പള്ളിയിൽ നിന്ന് പുറപ്പെട്ട തീർത്ഥയാത്രകൾ തുറവൂർ ചാപ്പലിൽ എത്തി പ്രധാന തീർത്ഥയാത്രയായ പൂതംകുറ്റി മേഖലാ തീർത്ഥയാത്രയുമായി സംയുക്തമായി സംഗമിച്ച് തോട്ടകം സെന്റ് ജോർജ് പള്ളി വഴി മറ്റൂർ സെന്റ് ജോർജ് പള്ളിയിലെത്തി. ഭക്ഷണം, വിശ്രമം എന്നിവക്ക് ശേഷം യാത്ര തുടർന്ന് പെരുമ്പാവൂർ, കുറുപ്പംപടി വഴി വൈകിട്ട് ആറ് മണിക്ക് കോതമംഗലം കബറിങ്കലെത്തി.

# വി. മോർ മത്തായിയുടെ ഓർമ്മപെരുന്നാൾ



വി. മത്തായിയും ഓർമ്മപെരുന്നാൾ ദിനത്തിൽ ദയറാ പള്ളിയിൽ ദയരാധിപൻ മോർ തീമോത്തിയോസ് മൂസാ മെത്രപ്പൊലിത്തായുടേയും, മോർ ഗ്രീഗോറിയോസ് സ്ലീബാ മെത്രപ്പൊലിത്തയുടേയും കാർമ്മികത്വത്തിൽ വി. കുർബ്ബാന അർപ്പിക്കപ്പെട്ടു.

അസ്സിറിയൻ രാജകുമാരനായ വി. മോർ ബഹനാൻ സഹദായേയും സഹോദരി സാറായേയും ക്രൈസ്തവ വിശ്വാസിയാക്കിത്തീർത്ത വി. മോർ മത്തായിയുടെ ഓർമ്മപെരുന്നാൾ ഭക്തിപുരസ്സരം ആഘോഷിച്ചു. ലോകപ്രശസ്തമായ മോർ മത്തായിയുടെ ദയറാ സ്ഥാപിച്ചത് ഈ വിശുദ്ധന്റെ നാമത്തിലാണ്. മഫ്രിയാനാമാരുടെ (കാതോലിക്കാമാരുടെ) ആസ്ഥാനമായി ദീർഘകാലം സഭാചരിത്രത്തിൽ സ്ഥാനം നേടിയ മോർ മത്തായിയുടെ ദയറാ പ്രസിദ്ധമാണ്. പൗരസ്ത്യ കാതോലിക്കാമാരിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന ഹൂദായകാനോൻ രചയിതാവ് മോർ ഗ്രീഗോറിയോസ് ബാർ എബ്രായ ഏകദേശം ഇരുപത്തിരണ്ട് വർഷങ്ങൾ ഈ ദയറായിൽ താമസിച്ച് സഭാ ശുശ്രൂഷ നിർവഹിച്ചു. കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന പ. മോർ ബസേലിയോസ് യൽദോ ബാവാ ഈ ദയറാംഗമായിരുന്നു. സഭാചരിത്രവും, വേദശാസ്ത്രപരവുമായി നിരവധി അമൂല്യഗ്രന്ഥങ്ങൾ മോർ മത്തായിയുടെ ദയറായിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.ഇറാക്കിലെ ഭരണാധികാരിയായിരുന്ന സദാംഹുസൈൻ ഉൾപ്പെടെ നിരവധി പ്രമുഖർ ദയറായുമായി ഉറ്റസമ്പർക്കം പുലർത്തിവന്നിരുന്നു. വി. മത്തായിയും ഓർമ്മപെരുന്നാൾ ദിനത്തിൽ ദയറാ പള്ളിയിൽ ദയരാധിപൻ മോർ തീമോത്തിയോസ് മൂസാ മെത്രപ്പൊലിത്തായുടേയും, മോർ ഗ്രീഗോറിയോസ് സ്ലീബാ മെത്രപ്പൊലിത്തയുടേയും കാർമ്മികത്വത്തിൽ വി. കുർബ്ബാന അർപ്പിക്കപ്പെട്ടു. നിരവധി വൈദികരും, റമ്പാന്മാരും, വിശ്വാസികളും പെരുന്നാൾ ശുശ്രൂഷകളിൽ പങ്കുകൊണ്ടു

# ശ്രേഷ്ഠ ബാവാനുസ്മരണം



*മലേക്കുരിശ് ബി. എഡ്. കോളേജിൽ നടന്ന ശ്രേഷ്ഠ ബാവ അനുസ്മരണം ഡോ. മാത്യൂസ് മോർ ഈവാനിയോസ് മെത്രപ്പൊലിത്ത ഉത്ഘാടനം ചെയ്യുന്നു.*

കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൌലോസ് ദ്വിതീയൻ ബാവ അനുസ്മരണം മലേക്കുരിശ് ബി. എഡ്. കോളജിൽ സമുചിതമായി ആചരിച്ചു.

കണ്ടനാട് ഭദ്രാനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ് സമ്മേളനം ഉത്ഠാടനം ചെയ്തു. പ്രിൻസിപ്പാൾ പ്രൊഫ. പി. എ. ജേക്കബ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. ജോർജ് സി. ചാലപ്പുറം കോർഎപ്പിസ്കോപ്പ, പ്രൊഫ. ബേബി എം. വർഗീസ്, ഡിക്സൺ പി. തോമസ്, ടിറ്റോ ചെറിയാൻ, ബി. എസ്. സിന്ധു, ജി. രാമചന്ദ്രൻ നായർ, കെ. സെയ്തലവി എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി.

# വിദ്യാരംഭം കുറിക്കാൻ ക്രിസ്ത്യൻ ദേവാലയങ്ങളിലും വൻതിരക്ക്

മണർകാട് വി. മർത്തമറിയം കത്തിഡ്രലിൽ, കല്ലുങ്കത്ര സെന്റ് ജോർജ്ജ്, പിറവം വലിയ പള്ളി, പെരുമ്പള്ളി സിംഹാസന പള്ളി, മുളന്തുരുത്തി മാർത്തോമൻ കത്തിഡ്രലിൽ , കോതമംഗലം വി.മാർത്തോമ്മ ചെറിയ പള്ളി എന്നിവിടങ്ങളിൽ അനേകം കുട്ടികൾ ആദ്യക്ഷരം കുറിക്കാൻ എത്തി.

കോതമംഗലം മർത്തോമൻ പള്ളിയിൽ പ.യൽദോ മോർ ബസേലിയോസ് ബാവായുടെ കബറിനു മുന്നിൽ ആദ്യാക്ഷരം കുറിക്കാൻ 360 ഓളം കുരുന്നുകൾ മാതാപിതാക്കളും ബന്ധുക്കളുടെ കൂടെ എത്തിയിരുന്നു.

വി. കുർബാനയ്ക്കുശേഷമാണ് വൈദികർ വിദ്യാരംഭം കുറിച്ചത്. വൈദികർ കുരുന്നുകളുടെ നാവിൽ സുറിയാനി ഭാഷയിലെ ഓലാഫ്, ബേസ്, ഗോമൽ, ദോലത്ത് എന്നീ അക്ഷരങ്ങളും വേദപുസ്തകത്തിൽ കുരുന്നുകളുടെ വിരൽത്തുമ്പു കൊണ്ട് 'അ' എന്ന അക്ഷരവുമാണ് എഴുതിച്ചത്.

വികാരി ഫാ. അബ്രഹാം ആലിയാട്ടുകുടി, സഹവികാരി. എൽദോസ് കാക്കനാട്ട്, ഫാ. ജോസ് പരണായിൽ, ഫാ. ജോൺ ജോസഫ് പാത്തിക്കൽ എന്നിവരാണ് വിദ്യാരംഭത്തിന് കാർമികത്വം വഹിച്ചത്. കോതമംഗലം മർത്തമറിയം വലിയ പള്ളിയിലും വിദ്യാരംഭത്തിന് നിരവധി കുട്ടികൾ എത്തിയിരുന്നു. ഫാ. ഗീവർഗീസ് വാഴാട്ടിൽ നേതൃത്വം നൽകി.

# ഉദ്ഘാടനം ചെയ്തു.

വ്യക്തിത്വ വികാസത്തിനും ആത്മനവീകരണത്തിനും സഹായകമായ മാർഗ്ഗ നിർദ്ദേശങ്ങൾ ദൈവശാസ്ത്ര – മനശാസ്ത്ര സമീപനങ്ങളിലൂടെ സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന ഫാ. ഡോ എ.പി ജോർജ്ജിന്റെ നേതൃത്വത്തിലുള്ള വെബ്സൈറ്റ് ഉൽഘാടനം ചെയ്തു. കുട്ടികൾക്കും മുതിർന്നവർക്കും ഇംഗ്ലീഷിലും മലയാളത്തിലും പ്രത്യേക വിഭാഗങ്ങളുണ്ട്. സന്ദർശിക്കുക : www.fatherg.com


# ബാലകലോത്സവം

കണ്ടനാട് ഡിസ്ട്രിക്റ്റ് ബാലകലോത്സവം സൗത്ത് പറവൂർ സെ. ജോൺസ് ദി ബാപിസ്റ്റ് വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫാ. റിജോ നിരപ്പുകണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം എം.ജെ.എസ്.എസ്.എ കണ്ടനാട് ഭദ്രാസന സെക്രട്ടറി പി. ഐ. കുര്യക്കോസ് ഉത്ഘാടനം നിർവഹിച്ചു. സൗത്ത് പറവൂർ സെ. ജോൺസ് സൺഡേസ്ക്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വരിക്കോലി മോർ ഒസ്താത്തിയോസ് സൺഡേസ്ക്കൂൾ രണ്ടാം സ്ഥാനവും കണ്ടനാട് സെ. മേരീസ് സൺഡേസ്ക്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിൽ കുന്നപ്പിള്ളി സെ. ജോർജ്, സൗത്ത് പറവൂർ സെ. ജോൺസ്, കണ്ടനാട് സെ. മേരീസ് എന്നീ സൺഡേസ്ക്കൂളുകൾ ഒന്നാം സ്ഥാനം നേടി. സെൻട്രൽ കമ്മറ്റിയംഗം ഫാ ഷിബിൻ പോൾ സമാപനസമ്മേളനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ഇൻസ്പെക്ടർ റെജി ഇ. എ, സെക്രട്ടറി ഏലിയാസ് ഏബ്രഹാം, ഏലിയാസ് നെടുമ്പിള്ളി, ലാലു ജോർജ്, സി. വി. കുഞ്ഞപ്പൻ, സാബു പൌലോസ് എന്നിവർ പ്രസംഗിച്ചു.

# കല്ലുമുക്ക് സെന്റ് ജോർജ്ജ് പള്ളി പെരുന്നാൾ

മലബാർ ഭദ്രാസനത്തിലെ കല്ലുമുക്ക് സെന്റ് ജോർജ്ജ് യാക്കോബായ പള്ളി പെരുന്നാൾ 2009 നവംബർ 1,2,3 തിയതികളിൽ ആഘോഷിക്കും. ക്നാനായ അതിഭദ്രാസനത്തിലെ റാന്നി ബാഹ്യകേരളം മെത്രപ്പൊലിത്ത കുര്യാക്കോസ് മോർ ഈവാനിയോസ് പ്രധാന കാർമികത്വം വഹിക്കും. ഒക്ടോബർ 29 ന് ഞായറാഴ്ച രാവിലെ പ്രഭാത പ്രാർത്ഥനയും വി. കുർബാനയും പ്രസംഗവും നടക്കും. നവംബർ 2 ന് രാവിലെ വി. കുർബാനയും പ്രസംഗവും കൊടിയേറ്റം നടക്കും വൈകിട്ട് 5 ന് കല്ലൂർ വി.ഗീവറുഗീസ് സഹദയുടെ നാമത്തിലുള്ള കുരിശിങ്കൽ തിരുമേനിക്ക് സ്വീകരണം നൽകും. തുടർന്ന് പള്ളിയിൽ സന്ധ്യാപ്രാർത്ഥനയും തിരുമനസ്സിലെ പ്രസംഗവും 7.30 ന് കല്ലൂർ കുരിശിങ്കലേക്ക് റാസയും നടത്തപ്പെടും. 3–ാം തിയതി ചൊവ്വാഴ്ച രാവിലെ 9 ന് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും മദ്ധ്യസ്ഥപ്രാർത്ഥനയും പ്രസംഗവും തുടർന്ന് താഴെ കുരിശിങ്കലേക്ക് പ്രദക്ഷിണവും നേർച്ച ഭക്ഷണവും നടത്തപ്പെടും.

## ജന്മദിനാശംസകൾ



നവംബർ 10
ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പൊലിത്ത



നവംബർ 12
പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പൊലിത്ത



നവംബർ 14
ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പൊലിത്ത

# പുസ്തക പ്രകാശനം



വന്ദ്യ സഖറിയ ആലുക്കൽ റമ്പാൻ എഴുതിയ ' സാധകന്മാരുടെ വഴികാട്ടി 'എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം അങ്കമാലി സെന്റ് ജോർജ് ബസലിക്ക റെക്ടർ ഫാ. ജോസഫ് കല്ലറയ്ക്കൽ ഫാ. ഏലിയാസ് കൈപ്രമ്പാട്ടിനു നൽകി നിർവഹിക്കുന്നു.

# പാരീഷ് മിഷൻ യോഗം



ഉദ്ഘാടനം മോർ അപ്രേം മെത്രാപ്പൊലിത്ത നിർവ്വഹിക്കുന്നു

അങ്കമാലി ഭദ്രാസനത്തിലെ പെരുമ്പാവൂർ മേഖലയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പാരീഷ് മിഷന്റെ യോഗം സഹായ മെത്രപ്പൊലിത്ത മാത്യൂസ് മോർ അപ്രേമിന്റെ സാന്നിദ്ധ്യത്തിൽ മാറാടി കുരുക്കുന്നപുരം വി. മർത്തമറിയം സുറിയാനി പള്ളിയിൽവെച്ച് ഒഗസ്റ്റ് 29 ശനിയാഴ്ച നടത്തി.

രാവിലെ മാത്യൂസ് മോർ അപ്രേം മെത്രപ്പൊലിത്തയുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാനയും തുടർന്ന് നടത്തിയ യോഗത്തിൽ വികാരി ഫാ. മീഖായേൽ റമ്പാൻ സ്വാഗതം ആശംസിച്ചു. മെത്രപ്പൊലിത്ത ക്ലാസെടുത്തു. ഫാ. യൽദോസ് ധ്യാന പ്രസംഗം നടത്തി. ധാരാളം പട്ടക്കാരും ഒരു വലിയ ജനസമൂഹവും പങ്കെടുത്തു

# സത്യവിശ്വാസ പഠനക്ലാസ്

പിണ്ടിമന സെന്റ് ജോൺസ് യാക്കോബായ പള്ളിയുടെ കീഴിലുള്ള 3–ാം വാർഡ് 1–ാം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സത്യ വിശ്വാസ പഠനക്ലാസ് മാലിപ്പാറ മോർ ബസേലിയോസ് ചാപ്പലിൽ നടന്നു. വാങ്ങിപ്പോയവരും വിശുദ്ധന്മാരും വേദവീക്ഷണത്തിൽ, തിരുശേഷിപ്പുകളുടെ പ്രാധാന്യം, മദ്ധ്യസ്ഥപ്രാർത്ഥന, വി. കുർബ്ബാന ഒരു പഠനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഫാ. ഏബ്രഹാം കിളിയാംകുന്നത്ത്, ഫാ. ബിജു ചാണ്ടി തടിക്കൂട്ടിൽ എന്നിവർ ക്ലാസെടുത്തു.

# വിളംബരഘോഷയാത്ര നടത്തി

കോലഞ്ചേരി: സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് യാക്കോബായ സുറിയാനി പള്ളിയിലെ കുടുംബയൂണിറ്റുകളുടെ മഹാ സംഗമത്തിനു മുന്നോടിയായി യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിളംബരഘോഷയാത്ര അവിസ്മരണീയമായി. കടയ്ക്കനാട് മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ സെന്ററിൽ ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ്, പത്രോസ് –പൗലോസ് ശ്ലീഹന്മാരുടെ ഛായാചിത്രം ജാഥയ്ക്കു കൈമാറി ഉദ്ഘാടനം ചെയ്തു.

പുത്തൻകുരിശ് പാത്രിയർക്ക സെന്ററിൽ അമേരിക്കൻ ഭദ്രാസന ആർച്ച് ബിഷപ്പ് എൽദോ മോർ തീത്തോസ് മെത്രാപ്പൊലിത്ത പാത്രിയർക്ക പതാക ജാഥാ ക്യാപ്റ്റനെ ഏൽപ്പിച്ചു. മലേക്കുരിശ് ദയറായിൽ ഭദ്രദീപം ഫിനഹാസ് റമ്പാൻ ഘോഷയാത്രയ്ക്ക് കൈമാറി.

വിവിധ യൂണിറ്റുകളിലെ സ്വീകരണത്തിനുശേഷം വിളംബര ഘോഷയാത്ര വാദ്യമേളങ്ങളുടെ അകമ്പടിയോടെ ടൗണിലെത്തിയപ്പോൾ ഭദ്രാസന മെത്രാപ്പൊലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസ് ഘോഷയാത്രയെ വരവേറ്റു. ഫാ. പൌലോസ് എരമംഗലം, ഫാ. ജിബി ഇച്ചിക്കോട്ടിൽ, ഫാ. സ്ലീബ പോൾ, ഫാ. എൽദോ കക്കാടൻ, ഫാ. എൽദോ തോട്ടപ്പിള്ളിൽ, ഫാ. ജിബു ചെറിയാൻ, ഫാ. ജോസഫ് വാഴയിൽ, ഫാ. തോമസ് കൊച്ചുപറമ്പിൽ, ഫാ. സഖറിയ ഓണേരിൽ, സ്ലീബ ഐക്കരകുന്നത്ത്, ജോസ് വി. ജേക്കബ്, ബാബുപോൾ, കെ. സി. ഐസക്, യൂത്ത് അസ്സോസിയേഷൻ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

# ഭവനത്തിന്റെ താക്കോൽ ദാനം



*സെന്റ് ജോർജ്ജ് പള്ളിയിലെ യൂത്ത് അസ്സോസിയേഷൻ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽ ദാനം ഡോ.മാത്യൂസ് മോർ ഈവാനിയോസ് മെത്രപ്പൊലിത്ത നിർവ്വഹിക്കുന്നു, ഫാ. ജോസഫ് വെളിയത്തുകുടി, ഫാ. ജോസഫ് കുന്നുമ്മേൽ, ഫാ.ജോൺ തോട്ടത്തിമ്യാലിൽ, ഡീക്കൻ ബോബി തുടങ്ങിയവർ സമീപം.*

മുളപ്പുറം : സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പളളിയിലെ യൂത്ത് അസോസിയേഷൻ നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ താക്കോൽ ദാനം കണ്ടനാട് ഭദ്രാസനമെത്രപ്പൊലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസ് മെത്രപ്പൊലിത്ത നിർവ്വഹിച്ചു. ഫാ. ജോസഫ് വെളിയത്തുകുടിയിൽ ഫാ. ജോസഫ് കുന്നുമ്മേൽ, ഫാ. ജോൺ തോട്ടത്തിമ്യാലിൽ, ഫാ. ബോബി ജോൺ തറയാനിയിൽ തുടങ്ങിയവർ സംബന്ധിച്ചു.

## തിരുത്ത്

**സെപ്റ്റംബർ മാസം വിശ്വാസസംരക്ഷകൻ പ. ശക്രള്ള മോർ ബസേലിയോസ് ബാവയുടെ 249–ാം ഓർമ്മ പെരുന്നാൾ എന്ന് തെറ്റായിരേഖപ്പെടുത്തിയതിൽ ഖേദിക്കുന്നു. 245–ാം ഓർമ്മപെരുന്നാൾ എന്ന് തിരുത്തി വായിക്കണമെന്ന് അപേക്ഷ**

# സ്വോർഡ്സിൻ സെന്റ് ഇഗ്നേഷ്യസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കോൺഗ്രിഗേഷൻ ആരംഭിച്ചു.

അയർലണ്ട്: ഡബ്ലിൻ എയർപോർട്ടിനടുത്ത് സ്വോർഡ്സിൻ യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കോൺഗ്രിഗേഷൻ ആരംഭിച്ചു. പ. മോറാൻ മോർ ഇഗ്നാത്തിയോസ് ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ നാമധേയത്തിലാണ് പുതിയ കോൺഗ്രിഗേഷൻ ആരംഭിച്ചിരിക്കുന്നത്.

ഒക്ടോബർ 4 ന് ഞായറാഴ്ച സ്വോർഡ്സ് സെന്ററിലുള്ള സെന്റ് കൊളംബസ് പള്ളിയിൽ വച്ച് വികാരി ഫാ. തോമസ് പുതിയാമഠത്തിൽ വി. ബലിയർപ്പിച്ച് കോൺഗ്രിഗേഷന് തുടക്കം കുറിച്ചു.

വി. യൽദോ മോർ ബസേലിയോസ് ബാവയുടെ ഓർമ്മയാചരണവും ഇതോടനുബന്ധിച്ച് നടത്തി. പ്രത്യേക ധൂപ പ്രാർത്ഥനയും, നേർച്ച വിളമ്പും ഉണ്ടായിരുന്നു.

കോൺഗ്രിഗേഷന്റെ ഭാരവാഹികളായി ഏലിയാസ് ഉലഹന്നാൻ (സെക്രട്ടറി), അഡ്വ. പോൾ (ട്രസ്റ്റി), ഏല്യാസ് മത്തായി, ജയ്ജോ, ടോം, വിജിൻ, മോനു (കമ്മറ്റി അംഗങ്ങൾ), ജൂബി (സൺഡേസ്കൂൾ കോഓർഡിനേറ്റർ) ഷീജ (വനിതാ സമാജം കോഓഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

നോർത്ത് ഡബ്ലിൻ നിവാസികളായ സഭാ വിശ്വാസികളുടെ ആത്മീയാഭിവൃദ്ധിയും, സഭാ പ്രവർത്തനങ്ങളിലുള്ള സജീവ പങ്കാളിത്തവും ഉറപ്പു വരുത്തുവാൻ പുതിയ കോൺഗ്രിഗേഷൻ ലക്ഷ്യമിടുന്നതായി വികാരി ഫാ. തോമസ് പുതിയാമഠത്തിൽ അറിയിച്ചു.

കോൺഗ്രിഗേഷന്റെ ഉദ്ഘാടനത്തിനോടനുബന്ധിച്ച് നടന്ന വി. കുർബ്ബാനയിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്ക്: ഫാ. തോമസ് പുതിയാമഠത്തിൽ – 0877850692 frthomasaluva@yahoo.com, അഡ്വ. പോൾ – 0879630887, ഏല്യാസ് ഉലഹന്നാൻ – 0873182781

# അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതി തൊടുപുഴ യൂണിറ്റ് രൂപീകരിച്ചു.

*വിശ്വാസസംരക്ഷകൻ ഓർഗനൈസർ എൻ. സി. സാജു*

തൊടുപുഴ സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ നടന്ന ചടങ്ങിൽ അന്ത്യോഖ്യാ വിശ്വാസസംരക്ഷണ സമിതി തൊടുപുഴ യൂണിറ്റിന് തുടക്കം കുറിച്ചു. ഓഗസ്റ്റ് 16 ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്ക് ശേഷം പള്ളി പാരീഷ് ഹാളിൽ സഭാമാനേജിംങ് കമ്മറ്റി അംഗം ജോൺതണ്ടേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിശ്വാസ സംരക്ഷണസമിതി സെക്രട്ടറി ഷെവ. ജോൺ പുന്നമറ്റം തൊടുപുഴ യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഡ്വക്കേറ്റ് മാത്യു പൌലോസ് , എംസി. ഷിബു തുടങ്ങിയവർ സംസാരിച്ചു. ബെന്നി അപ്പോഴത്ത് സ്വാഗതവും കുര്യാക്കോസ് കുശുനിലത്ത് നന്ദിയും പറഞ്ഞു. കെ. വി. ജോയി കൊറ്റംകോട്ടിൽ (പ്രസിഡന്റ്) പി. വി. ബേബി പൂച്ചക്കുഴിയിൽ (സെക്രട്ടറി), ടോമി പുറമന (വൈസ് പ്രസിഡന്റ്), സാജു എം. സി. മാമലക്കുന്നത്ത് (കൺവീനർ), ചാക്കോ അഞ്ചപുത്തൻപുരയിൽ (ട്രഷറർ) തുടങ്ങിയവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

# 100–ാ മത് കുടുംബ പ്രാർത്ഥനായോഗം

തവളപ്പാറ സെന്റ് മേരീസ് യാക്കോബായ പളളിയിലെ യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ മാസത്തിൽ ആദ്യ ഞായറാഴ്ച മുടക്കംകൂടാതെ നടത്തി വരുന്ന കുടുംബ പ്രാർത്ഥനായോഗത്തിന്റെ 100– മത് യോഗം റ്റി. കെ. തോമസ് തേയ്ക്കാനത്തിന്റെ ഭവനത്തിൽ വച്ച് നടത്തി. യോഗം ആലുക്കൽ സഖറിയ റമ്പാൻ ഉദ്ഘാടനം ചെയ്തു. വികാരി അറക്കൽ ഗീവർഗീസ് കോർഎപ്പിസ്കോപ്പ അദ്ധ്യക്ഷം വഹിച്ചു. തേയ്ക്കാനത്ത് ടൈറ്റസ് വർഗീസ് കോർഎപ്പിസ്കോപ്പ ഡി. യൽദോ തേലപ്പിള്ളി എന്നിവർ ആശംസകൾ നേർന്നു.

# കടാതി സണ്ടേസ്ക്കൂൾ ചാമ്പ്യൻമാർ

***എം. ടി. ജോർജ് വിശ്വാസ സംരക്ഷകൻ ഓർഗനൈസർ***



ദിവ്യാ സി



റിയാ മോൾ

എം. ജെ. എസ്. എസ്. എ. മൂവാറ്റുപുഴ വെസ്റ്റ് ഡിസ്ട്രിക്റ്റ് ബാലകലോത്സവത്തിൽ ഈസ്റ്റ് കടാതി സെന്റ് ജോർജ് സണ്ടേസ്ക്കൂൾ 119 പോയിന്റോടെ തുടർച്ചയായി 12–ാ മത് ഓവറോൾ ചാമ്പ്യ പദവി നിലനിർത്തി.

അദ്ധ്യാപക വിഭാഗത്തിലും ഈ സണ്ടേസ്ക്കൂൾ 33 പോയിന്റോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് തുടർച്ചയായി നിലനിർത്തി. ജൂനിയർ വിഭാഗത്തിൽ അറയ്ക്കക്കുടിയിൽ ജോസിന്റെ പുത്രി റിയാമോൾ ജോസും സീനിയർ വിഭാഗത്തിൽ പീറയ്ക്കൽ ചിന്നദൂരൈയുടെ മകൾ ദിവ്യ. സി. യും കലാതിലകമായി.

റിയാമോൾ ജോസ്, ലിനു ചെറിയാൻ, സാറാ ജയ്മോൾ ഏലിയാസ്, അഞ്ചലി വർഗീസ്, മെറിൻ ബേബി, ബിനു ചെറിയാൻ, ദിവ്യ സി. എന്നിവർ വിവിധ ഇനങ്ങളിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി. പ്രസിഡന്റ് ഫാ. ജോർജ് മാന്തോട്ടം, ഹെഡ്മാസ്റ്റർ റെജി മാത്യു എന്നിവർ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നത് പ്രത്യേകം നേതൃത്വം നൽകി.

# തൃക്കളത്തൂർ പള്ളിപെരുന്നാൾ

തൃക്കളത്തൂർ സെന്റ് ജോർജ് പള്ളിയിലെ 105–ാ മത് ശിലസ്ഥാപന പെരുന്നാൾ ഒക്ടോബർ 30, 31 തിയതികളിൽ നടത്തപ്പെടുന്നു. ജാതിമതഭേദമന്യേ ഓഹരിയെടുത്ത് ഏറ്റുകഴിക്കുന്ന പെരുന്നാൾ ചടങ്ങുകൾക്ക് ശ്രേഷ്ഠ കാതോലിക്ക ബാവയും, മാത്യൂസ് മോർ അപ്രേം മെത്രപ്പൊലിത്തായും നേതൃത്വം നൽകും. ഈ പള്ളിയുടെ കീഴിൽ ചാരിറ്റബിൾ ഓർഗനൈസേഷൻ, വിശ്വാസ സംരക്ഷണസമിതി എന്നിവ നന്നായി പ്രവർത്തിക്കുന്നു. പീറ്റർ വേലംപറമ്പിൽ കോർ എപ്പിസ്കോപ്പ വികാരിയായും, കെ. വി. ഏബ്രഹാം കാഞ്ഞിരത്തുംവീട്ടിൽ, കെ. എ. ഏബ്രഹാം കോളാപ്പറമ്പിൽ എന്നിവർ ട്രസ്റ്റിമാരായും, കെ. ഐ. മത്തായി കരിയഞ്ചേരിൽ " വിശ്വാസ സംരക്ഷകൻ " മാസികയുടെ ഓർഗനൈസറായും പ്രവർത്തിക്കുന്നു.

# കുന്നപ്പിള്ളി സെന്റ് ജോർജ് പള്ളിയിൽ പ. പരിമലതിരുമേനിയുടെ ഓർമ്മ പെരുന്നാൾ

കുന്നപ്പിള്ളി സെന്റ് ജോർജ് യാക്കോബായ സിറിയൻ പളളിയിൽ പ. പരുമലതിരുമേനിയുടെ ഓർമ്മ പെരുന്നാൾ ഒക്ടോബർ 31 നവംബർ 1 തീയതികളിൽ ഇടവക മെത്രാപ്പൊലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസ് പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാന പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് വണക്കം, പ്രദിക്ഷം, നേർച്ച വിളമ്പ്, ആശിർവാദം എന്നിവ നടക്കുന്നു. 2009 ലെ പെരുന്നാൾ ഏറ്റെടുത്തു നടത്തുന്നത് ശ്രീ. പി. ഐ. കുര്യാക്കോസ് പടിഞ്ഞാറെക്കരയും കുടുംബവും ആണ്.

## സണ്ടേസ്ക്കൂൾ അദ്ധ്യാപനത്തിന്റെ രജത ജൂബിലിയിൽ

എം.ജെ.എസ്.എസ്.എ കണ്ടനാട് ഭദ്രാസന സെക്രട്ടറി



കണ്ടനാട് ഭദ്രാസനത്തിലെ കുന്നപ്പിള്ളി സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ സണ്ടേസ്ക്കൂളിലെ പ്രധാന അദ്ധ്യാപകനും ഇപ്പോൾ എം.ജെ.എസ്.എസ്.എ കണ്ടനാട് ഭദ്രാസന സെക്രട്ടറിയുമായ പി. ഐ. കുര്യാക്കോസ് സണ്ടേസ്ക്കൂൾ അദ്ധ്യാപനത്തിൽ 25 വർഷം പിന്നിടുന്നു. കുന്നപ്പിള്ളി സെന്റ് ജോർജ് പള്ളിയിലെ പ്രധാന പെരുന്നാളിനോടനുബന്ധിച്ച് ഇടവക മെത്രാപ്പൊലിത്ത ഡോ. മാത്യൂസ് മോർ ഈവാനിയോസ് ഇടവകയുടെ ഉപഹാരം നൽകി ആദരിച്ചു. 2005 മുതൽ പി. ഐ. കുര്യാക്കോസ് എം.ജെ.എസ്.എസ്.എ യുടെ കണ്ടനാട് ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു. J. S. S. L. C. പരീക്ഷയിൽ 1984 വർഷത്തിൽ ഒന്നാം റാങ്കുനേടി മാർ അത്താനാസിയോസ് സ്വർണ്ണമെഡൽ കരസ്ഥമാക്കിയിരുന്നു. കുന്നപ്പിള്ളി സെന്റ് ജോർജ് പള്ളി സെക്രട്ടറി, മാനേജിംങ് കമ്മറ്റിയംഗം, ഓഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എറണാകുളം ജില്ലാകോടതിയിൽ ജോലിചെയ്യുന്നു. പടിഞ്ഞാറെക്കരയിൽ ശ്രീ. ഐപ്പിന്റേയും സാറാമ്മയുടേയും മകനാണ്. ഭാര്യ. ജോളി, മക്കൾ. എഞ്ചൽ, എൽദോ.

## ബുക്ക് സ്റ്റാൾ കൂദാശ ചെയ്തു

തിരുവനന്തപുരം. പുന്നൻറോഡ് സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി കത്തിഡ്രലിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവന്ന സെന്റ്പീറ്റേഴ്സ് ബുക്ക് സ്റ്റാൾ വിപുലമായ രീതിയിൽ പുതിയ കെട്ടിടത്തിൽ കത്തിഡ്രൽ വികാരി ഫാ. ദാനിയേൽ ജോസഫ് ഇടപ്പുളവൻ കൂദാശ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

തിരുവനന്തപുരം സെക്രട്ടറിയേറ്റിന് സമീപം സെന്റ് പീറ്റേഴ്സ് കത്തിഡ്രൽ കോമ്പൗണ്ടിലാണ് സെന്റ് പീറ്റേഴ്സ് ബുക്ക്സ്റ്റാൾ. ബൈബിൾ, വിശുദ്ധഗ്രന്ഥം, സഭാ സംബന്ധമായ പുസ്തകങ്ങൾ, പള്ളി ഉപകരണങ്ങൾ, മുത്തുക്കുട, കുന്തിരിക്കം, മെഴുകുതിരി എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് ഫോട്ടോസ്റ്റാറ്റ്, ഡി. റ്റി. പി. സെന്റർ എന്നിവ ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്.

## വന്ദ്യ പുല്ല്യാട്ടേൽ മീഖായേൽ കോർഎപ്പിസ്കോപ്പയ്ക്ക് കന്തില ശുശ്രൂഷ



സഭയിലെ സീനിയർ വൈദീകനും അനേകം വൈദീകരുടെ മല്പാനും, മലബാർ ഭദ്രാസനത്തിലെ പ്രധാന സംഘാടകനും, യാക്കോബായ സുറിയാനി സഭയുടെ മലബാർ ഭദ്രാസന സെക്രട്ടറി, സഭാവർക്കിംഗ് കമ്മറ്റി അംഗം എന്നീ നിലകളിൽ 23 വർഷം സേവനം അനുഷ്ഠിച്ച് വിശ്രമ ജീവിതം നയിക്കുന്ന വന്ദ്യ പുല്ല്യാട്ടേൽ മീഖായേൽ കോർഎപ്പിസ്കോപ്പയ്ക്ക് മീനങ്ങാടി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ മലങ്കരയുടെ യാക്കോബ് ബുർദ്ദാനോ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ, മാത്യൂസ് മോർ അപ്രേം, പൗലോസ് മോർ ഐറ്നിയോസ്, യൽദോ മോർ തീത്തോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ കാർമ്മികത്വത്തിൽ കന്തീല ശുശ്രൂഷ നടത്തി.

## മണിപ്പാൽ ഇടവക മോർ അന്തോണിയോസ് സന്ദർശിച്ചു.

യാക്കോബായ സഭയിലെ ഹോണോവാർ മിഷന്റെ നേതൃത്വത്തിൽ മണിപ്പാലിൽ ആരംഭിച്ച സെന്റ് ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കോൺഗ്രിഗേഷൻ, ഭദ്രാസന മെത്രപ്പൊലിത്ത യാക്കോബ് മോർ അന്തോണിയോസ് തിരുമേനി സന്ദർശിച്ച് വി.കുർബാനയർപ്പിച്ചു. ഫാ. സണ്ണി ജോൺ, ഫാ. സ്കറിയ ജോസഫ് എന്നിവർ സഹകാർമികത്വം വഹിച്ചു. മണിപ്പാൽ മാർത്തോമ്മാ ഇടവക മെത്രപ്പൊലിത്തായ്ക്ക് സ്വീകരണം നൽകി. വികാരി ഫിലിപ്പ് മാത്യു മെത്രപ്പൊലിത്തായെ സ്വീകരിച്ചു.

## കോതമംഗലം കാൽനട തീർത്ഥയാത്ര നടത്തി

രാഹുൽ ജോൺ, വിശ്വാസസംരക്ഷകൻ
ഓർഗനൈസർ, സെന്റ് ജോർജ്ജ് ചർച്ച് മലപ്പുറം

മുളപ്പുറം: കോതമംഗലം മാർത്തോമൻ ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ. യൽദോ ബസേലിയോസ് ബാവായുടെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് കാൽനട തീർത്ഥയാത്ര നടത്തി. ഒക്ടോബർ മാസം 2ന് രാവിലെ 8.00 ന് മുളപ്പുറം സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽ നിന്ന് അമയപ്ര സെന്റ് മേരീസ്, പന്നൂർ സെന്റ് ജോർജ്ജ്, ഇടമറുക് സെന്റ് ജോർജ്ജ് എന്നീ ദൈവാലയത്തിലെ വിശ്വാസികൾ ഒത്തുചേരുകയും തീർത്ഥയാത്ര സംഘം രക്ഷാധികാരി സഖറിയ കോർഎപ്പിസ്കോപ്പ നിരപ്പുകണ്ടത്തിൽ തീർത്ഥയാത്ര സംഘം പ്രസിഡന്റ് ഫാ. ജോസഫ് കുന്നുമ്മേൽ, വൈസ്പ്രസിഡന്റ് ഫാ. ജോസഫ് വെളിയത്തുകുടി, ഫാ. ജോൺ തുരുത്തേൽ, ഫാ. ജോൺ പുത്തൂരാൻ എന്നിവരുടെ നേതൃത്വത്തിൽ പ്രാർത്ഥനക്കു ശേഷം 8.30 ന് സഖറിയ കോർഎപ്പിസ്കോപ്പ തീർത്ഥയാത്ര ഉത്ഘാടനം ചെയ്തു. നൂറുകണക്കിന് വിശ്വാസികൾ മുളപ്പുറം പള്ളിയിൽ നിന്ന് തുടങ്ങിയ തീർത്ഥയാത്രയിൽ പങ്കെടുത്തു. തുടർന്ന് വണ്ണപ്പുറം മോർ ഗ്രീഗോറിയോസ്, ഞാറക്കാട് സെന്റ് ജോൺസ് ആയങ്കര സെന്റ് ജോർജ്ജ്, ചാത്തമറ്റം ശാലോം, മോർ ഗ്രീഗോറിയോസ് ശാരോൻകുന്ന് സെന്റ് ജോർജ്ജ് പോത്താനിക്കാട് സെന്റ് മേരീസ് പുളിന്താനം സെന്റ് ജോൺസ് എന്നീ ഇടവകകളിലെ അനേകം വിശ്വാസികൾ വൈദികരുടെ നേതൃത്വത്തിൽ ഈ തീർത്ഥായാത്രയിൽ പങ്കെടുത്തു. തീർത്ഥയാത്ര കടന്നുപോയ ദേവാലയങ്ങളിലെ വിശ്വാസികൾ വൻ സ്വീകരണമാണ് നൽകിയത്.

വൈകിട്ട് 5.45ന് ചക്കാലക്കുടി ചാപ്പലിൽ കാൽനടതീർത്ഥയാത്രക്ക് സഭയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി തീർത്ഥയാത്ര പര്യാവസാനിച്ചപ്പോൾ അനേകായിരങ്ങളാണ് അണിചേർന്നത്.തീർത്ഥയാത്രക്ക് ജനറൽ കൺവീനർ കെ.ജെ ജോസഫ് കുന്നുമ്മേൽ, റെജി മാരാംകണ്ടത്തിൽ, സാജു കുര്യാക്കോസ്, ജോണി പാറത്തോട്ടേൽ, കെ.എം. മത്തായി തുടങ്ങിയവർ നേതൃത്വം നൽകി.

## പുതുമകളുമായി അങ്കമാലി ഭദ്രാസന വിദ്യാർത്ഥി പരിശീലന ക്യാമ്പ് സമാപിച്ചു



പരിശീലന ക്യാമ്പ് ഉദ്ഘാടനം ക്യാപ്റ്റൻ രാജു നിർവ്വഹിക്കുന്നു


മഞ്ഞപ്ര: അങ്കമാലി ഭദ്രാസന വിദ്യാർത്ഥി നേതൃത്വ പരിശീലനക്യാമ്പ് അങ്കമാലി ഡിസ്ട്രിക്റ്റ് മഞ്ഞപ്ര സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ നടന്നു. ഭദ്രാസനത്തിലെ നെടുങ്കണ്ടം മുതൽ നോർത്ത് പറവൂർ വരെയുള്ള 22 ഡിസ്ട്രിക്റ്റുകളിൽ നിന്നായി 200 ഓളം ടീനേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ മൂന്നുദിവസങ്ങളിലായി നടന്ന ക്യാമ്പിൽ പങ്കെടുത്തു. സെപ്തംബർ 26 ന് ഭദ്രാസന മുൻ ഡയറക്ടർ ഫാ. പൌലോസ് അറക്കപ്പറമ്പിൽ പതാക ഉയർത്തി. ഉത്ഘടനയോഗത്തിൽ ഏബ്രഹാം മോർ സേവേറിയോസ് മെത്രപ്പൊലിത്ത അദ്ധ്യക്ഷത വഹിച്ചു. കേരള ഹൈക്കോടതി ജെസ്റ്റിസ് കെ. സുരേന്ദ്രമോഹൻ ഉത്ഘാടനം നിർവ്വഹിച്ചു. പുല്ല്യാക്കുടിയിൽ കുര്യാക്കോസ് കോർഎപ്പിസ്കോപ്പ, എം. ജെ. എസ്. എസ്. എ. സെക്രട്ടറി ബേബി വർഗീസ്, പള്ളി ട്രസ്റ്റി പി. വൈ. സണ്ണി, ഡിസ്ട്രിക്റ്റ് ഇൻപെക്ടർ പി. വി. ജേക്കബ്, ഹെഡ്മാസ്റ്റർ എ. പി. വർഗീസ് എന്നിവർ സംസാരിച്ചു. വികാരി ഫാ. വർഗീസ് പാലയിൽ സ്വാഗതവും ക്യാമ്പ് ഡയറക്ടർ സി. വൈ. വർഗീസ് നന്ദിയും രേഖപ്പെടുത്തി.

ഔസേപ്പച്ചൻ പുതുമന (ശാലോം ടി. വി) ശില്പശാല നടത്തി. കെ. പി. ധനപാലൻ എം. പി. അഭിമുഖപ്രഭാഷണം നിർവ്വഹിച്ചു. സുപ്രസിദ്ധ സിനിമാതാരം ക്യാപ്റ്റൻ രാജു വി. ഗീവറുഗീസിനെ സംബന്ധിച്ച് ക്ലാസ് എടുത്തു. സൺഡേസ്ക്കൂൾ പാഠ്യപദ്ധതി, ആത്മദീപം, പരീക്ഷ, മത്സരങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ചകൾക്ക് എം. ജെ. എസ്. എസ്. എ. ജനറൽ സെക്രട്ടറി ബേബിമാത്താറ, സെക്രട്ടറി ബേബി വർഗീസ് എന്നിവർ നേതൃത്വം നൽകി ഗ്രൂപ്പ് വിഭജനം, പരിജയപ്പെടൽ എന്നിവയ്ക്കു ഡെപ്യൂട്ടി ഡയറക്ടർ എൻ. എ. ജോസ്, ഷെവ. റ്റി. റ്റി. ജോയി, കെ.പി. വർഗീസ് രാജകുമാരി, പി. പി. വർഗീസ് നോർത്ത് പറവൂർ, ഷാജി മാത്യു അങ്കമാലി, കെ. വി. എൽദോ, എ. ഒ. വർഗീസ് എന്നിവർ നേതൃത്വം നൽകി.

ഞായറാഴ്ച ഗീവർഗീസ് മോർ അത്താനാസിയോസ് മെത്രപ്പൊലിത്ത വി. ബലിയർപ്പിച്ചു. തുടർന്ന് ക്ലാസ് എടുത്തു. ജോബ് ജോസഫ് വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ് എടുത്തു. ഉച്ചകഴിഞ്ഞ് ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തിലേക്ക് നടത്തിയ വിനോദയാത്ര ഹൃദ്യമായി. അവിടെ വച്ച് കാർട്ടൂണിസ്റ്റ് ജോഷി ജോർജ് കാർട്ടൂൺ വരയെപ്പറ്റി ക്ലാസെടുത്തത് കുട്ടികൾക്ക് പുതിയ അനുഭവമായി. ഫാ. സാബു പാറക്കൽ സംഗീത പരിശീലനം നൽകി. ക്യാമ്പ് ഫയർ മികച്ചതായിരുന്നു. തിങ്കളാഴ്ച രാവിലെ വി. കുർബ്ബാനക്ക് ഗബ്രിയേൽ റമ്പാൻ നേതൃത്വം നൽകി. വൈദികരായ ഫാ. ജേക്കബ് മാത്യു, ഫാ. എമിൽ ഏലിയാസ്, ഫാ. കെ. കെ. വർഗീസ്, ഫാ. എൽദോ ചെറിയാൻ, ഫാ. എ. കെ. തങ്കച്ചൻ, ഫാ. പോൾ പാറക്ക തുടങ്ങിയവർ വി. കുമ്പസാരത്തിന് നേതൃത്വം നൽകി. തുടർന്ന് ഫാക്ട് സി. എം. ഡി. ഡോ. ജോർജ് സ്ലീബ ക്ലാസെടുത്തു. മുഖാമുഖം പരിപാടിക്ക് ഗബ്രിയേൽ റമ്പാൻ, സൗത്ത് ഇൻഡ്യൻ ബാങ്ക് എക്സിക്കുട്ടീവ് ഡയറക്ടർ ഏബ്രഹാം തര്യൻ എന്നിവർ നേതൃത്വം നൽകി. ഏലിയാസ് മോർ അത്താനാസിയോസ് മെത്രപ്പൊലിത്ത സമാപന സന്ദേശം നൽകി അനുഗ്രഹിച്ചു. ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് ക്യാമ്പ് പുത്തനുണർവും ദിശാബോധം നൽകി. ക്യമ്പ് ഉത്സവ പ്രതീതിയോടെ നടത്തുവാൻ മഞ്ഞപ്ര പള്ളിയും വികാരി ഫാ. വർഗീസ് പാലയിൽ, ട്രസ്റ്റിമാരായ പി. വി. സണ്ണി, വി. ജെ. എൽദോ, സെക്രട്ടറി ഐ. പി. ജേക്കബ്, പി. വി. ഏലിയാസ് ഭക്തസംഘടനാ പ്രവർത്തകർ പ്രത്യേകം ശ്രദ്ധിച്ചു.

ഭദ്രാസന ഡയറക്ടർ പി. വി. ഏലിയാസ്, സെക്രട്ടറി എൽദോ ഐസക്, ക്യമ്പ് ഡയറക്ടർ സി. വൈ. വർഗീസ്, കൺവീനർ പി. വി. ജേക്കബ്, സോണൽ സെക്രട്ടറിമാരായ പി. ഐ. ഉലഹന്നാൻ, വി. പി. ജോയി, പി. വി. പൌലോസ്. ഡെപ്യൂട്ടി ഡയറക്ടർമാരായ എൻ. എ. ജോസ്, ഡി. കോര, ഷെവ. റ്റി. റ്റി. ജോയി ഇൻപെക്ടറുന്മാരായ വി. പി. എൽദോസ്, ജോൺ ജോസഫ്.കെ. വി. എൽദോ, നോബി കുഞ്ഞപ്പൻ, നൈജു വർഗീസ്,മേരി വർഗീസ്,പോൾ മാത്യുഎന്നിവർക്യാമ്പിനനേതൃത്വ നൽകി.

## ഗോപാലൻ കബർ വണങ്ങാൻ തുടങ്ങിയിട്ട് കാൽനൂറ്റാണ്ട്



കോതമംഗലം: 'ഗോപാലൻ' എന്ന കൊമ്പനാന പ. യൽദോ മോർബസേലിയാസ് ബാവയുടെ കബർ വണങ്ങാൻ തുടങ്ങിയിട്ട് കാൽനൂറ്റാണ്ട് തികഞ്ഞു. കോതമംഗലം മാർത്തോമ ചെറിയ പള്ളിയിൽ യൽദോ മോർ ബസേലിയോസ് ബാവയുടെ ഓർമപ്പെരുന്നാളിന് ഇക്കുറി ഗോപാലൻ എത്തിയത് 25-ാം വർഷമാണ്.

ഇരുമലപ്പടി തോട്ടത്തിക്കുളം മമ്മിയുടെ ആനയാണ്. മമ്മിയുടെ ബാപ്പ കുഞ്ഞുബാവ 1984 ലാണ് ഗോപാലനെ വാങ്ങിയത്. അന്നു മുതൽ എല്ലാ വർഷവും പെരുന്നാളിന്റെ സമാപന ദിവസം ഗോപാലനെ പള്ളിമുഖത്തെത്തിക്കും. അലിയാരാണ് പാപ്പാൻ. ക്ഷേത്രോത്സവങ്ങൾക്ക് എഴുന്നള്ളിപ്പിന് പോകാറുള്ള ഗോപാലൻ ഇതുവരെ കബർ വണങ്ങാനെത്തുന്ന പതിവ് തെറ്റിച്ചിട്ടില്ല.

ഞായറാഴ്ച ഗോപാലനൊപ്പം കബർ വണങ്ങാൻ 'ലക്ഷ്മി'യും എത്തി. ഉപ്പകണ്ടം മാലിലാൻ ജോർജ്ജിന്റെ പിടിയാനയാണിത്. പാപ്പാൻ തങ്കച്ചനോടൊപ്പമാണ് പൂമുഖത്തെത്തിയത്. ലക്ഷ്മി കബർ വണങ്ങാൻ തുടങ്ങിയിട്ട് പത്ത് വർഷമായി.

രണ്ടാനകളും പൂമുഖനടയിൽ നിന്ന് പള്ളി മദ്ബഹായിലെ പ. യൽദോ മോർ ബസേലിയോസ് ബാവയുടെ കബറിടം ലക്ഷ്യമാക്കി മുൻകാലുകൾ മടക്കി ആദ്യം മുട്ടുകുത്തി. പിന്നെ തുമ്പിക്കൈയും മുൻകാലുകളും ഉയർത്തി വണങ്ങി. അതിനുശേഷം തുമ്പിക്കൈ പാപ്പാന്മാരുടെ നേരെ നീട്ടി. അവർ വഴിപാട് പണം വച്ചുകൊടുത്തു. പൂമുഖഭണ്ഡാരത്തിലേക്ക് തുമ്പിക്കൈ നീട്ടി വഴിപാട് സമർപ്പിച്ചു.

ഗോപാലനും ലക്ഷ്മിയും പൂമുഖം വിടുമ്പോൾ ആനല്ലൂർ ഊട്ടോളി കൃഷ്ണൻകുട്ടിയുടെ 'ഗണപതി' എത്തി. പാപ്പാൻ അനിയനാണ് ഗണപതിയെ പൂമുഖത്തെത്തിച്ചത്. ചുവന്ന നീളത്തിലുള്ള കുറി തൊട്ടായിരുന്നു വരവ്. ഗണപതി ആദ്യമായാണ് കബർ വണങ്ങാൻ എത്തിയത്. മൂന്നാനകളും പള്ളി വലംവച്ചാണ് മടങ്ങിയത്. ആനകളുടെ വണക്കം കാണാൻ വമ്പിച്ച ജനക്കൂട്ടമായിരുന്നു.

## ഓവറോൾ കിരീടം നെല്ലിക്കുന്ന് സെന്റ് ജോൺസിന്

സണ്ടേസ്കൂൾ അസ്സോസ്സിയേഷൻ- മണ്ണത്തൂർ മേഖല ബാലകലോത്സവം സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽ കെ. സി. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ ഫാ. ഏലിയാസ് ജോൺ ഉത്ഘാടനം ചെയ്തു. ബിജു ജോൺ, കെ. പി. പൈലി, റ്റി. ജെ. മത്തായി, ഇ. എസ്. ഫിലിപ്പോസ്, എ. വി. ഏബ്രഹാം, ബിനു വർഗ്ഗീസ്, ബിജു പൌലോസ്, ബിനു കുര്യക്കോസ്, ജയിംസ് കെ. എസ് എന്നിവർ ആശംസകൾ അർപ്പിച്ചു. നാലുവേദികളിലായി സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളുടെ മത്സരങ്ങൾ നടന്നു. ക്രിസ്ത്യാനികളുടെ പാരമ്പര്യ കലാരൂപമായ മാർഗ്ഗംകളി മത്സരം സദസ്സിന് കൂടുതൽ ആവേശകരമായി. സമാപന സമ്മേളനത്തിൽ കോഴായിക്കൽ ഏബ്രഹാം മെമ്മോറിയൽ എവറോളിംങ് ട്രോഫി, ഓവറോൾ കിരീടം നേടിയ നെല്ലിക്കുന്ന് സെന്റ് ജോൺസ് സണ്ടേസ്കൂളിന് ഫാ. ഏലിയാസ് ജോൺ സമ്മാനിച്ചു. രണ്ടാം സ്ഥാനം മലേക്കുടിയിൽ ഓനി മെമ്മോറിയൽ എവറോളിംങ് ട്രോഫി മണ്ണത്തൂർ സെന്റ് ജോർജ്ജ് സണ്ടേസ്കൂളിനും മൂന്നാം സ്ഥാനം വടക്കേക്കര മത്തായിക്കുഞ്ഞ് മെമ്മോറിയൽ എവറോളിംങ് ട്രോഫി അത്താനിക്കൽ സെന്റ് മേരീസിനും നൽകി.

## ആലാട്ടുചിറ സെന്റ് മേരീസ് സൺഡേ സ്കൂളിന് ഓവറോൾ കിരീടം

എം.ജെ.എസ്സ്. എസ്സ്.എ ക്രാരിയേലി ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ബാലകലോൽസവത്തിൽ ആലാട്ടുചിറ സെന്റ് മേരീസ് സൺഡേസ്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കി. 105 പോയിന്റ് നേടി ഒന്നാം സ്ഥാനത്തെത്തി. സബ് ജൂനിയർ വിഭാഗത്തിലും സീനിയർ വിഭാഗത്തിലും ഓവറോൾ കിരീടം കരസ്ഥമാക്കി. സബ് ജൂനിയർ വിഭാഗം കലാ പ്രതിഭയായി എലിസബത്ത് ബെന്നിയും സീനിയർ വിഭാഗത്തിൽ ജെൻസി അബ്രഹാമും തെരഞ്ഞെടുത്തു. ഓവറോൾ കിരീടം സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ പി.എം പൌലോസും കുട്ടികളും ഏറ്റുവാങ്ങി.

പൊതുസമ്മേളനം വി.പി ജോയി ഉദ്ഘാടനം ചെയ്തു. പുല്ലാക്കുടിയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, ഫാ. എൻ.പി ജോർജ്ജ്, എം.ജി. മാണി, പി.എം. പൌലോസ്, അഡ്വ. ബേസിൽ വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## ക്വിസ്

(1) അത്യുന്നതന്റെ പ്രവാചകൻ എന്നറിപ്പെടുന്നത് ആരെ?
(2) ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പ്രവാചകൻ?
(3) നമ്മുടെ കർത്താവിനെ വിസ്തരിച്ച സന്നിദ്രി സംഘത്തിന്റെ അദ്ധ്യക്ഷൻ?
(4) മലങ്കരയുടെ മണ്ണിൽ പിറന്ന് പരിമലതിരുമേനിയെന്നു വിശേഷിപ്പിക്കപ്പെട്ട പരി.പിതാവ്?
(5) അപ്പോസ്തോല പ്രവർത്തികളുടെ രചയിതാവ്?
(6) ഒറ്റ അദ്ധ്യായം മാത്രമുള്ള പഴയനിയമ പുസ്തകം?
(7) പറന്നുപോകുന്ന ചുരുൾ കണ്ട പ്രവാചകൻ?
(8) യേശുവിന്റെ ഉപദേശങ്ങളുടെ സാരസർവ്വസ്വം!
(9) പരി. യൽദോ മോർ ബസേലിയോസ് ബാവാ മലങ്കരയിലെത്തിയ വർഷം
(10) ആത്മദീപം ആരംഭിച്ച വർഷം
(11) ചരിത്ര പ്രസിദ്ധമായ മുളന്തുരുത്തി പ്രഖ്യാപനം
(12) പത്രോസിനെ ക്ഷണിച്ച വിജാതിയ ശതാധിപൻ

## യാക്കോബ് മോർ അന്തോണിയോസ് മെത്രപ്പൊലീത്തായ്ക്ക് മാതൃഇടവകയായ അത്യാടി സെന്റ് മേരീസ് പള്ളിയിൽ സ്വീകരണം നൽകി



യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പൊലിത്തയെ സമ്മേളനവേദിയിലേക്ക് സ്വീകരിച്ചാനയിക്കുന്നു

ഹോണവാർ മിഷന്റെ നവാബിക്ഷിതനായ യാക്കോബ് മോർ അന്തോണിയോസ് മെത്രപ്പൊലീത്തായ്ക്ക് മാതൃഇടവകയായ അത്യാടി സെന്റ് മേരീസ് പള്ളിയിൽ ഊഷ്മള സ്വീകരണം നൽകി സെപ്റ്റംബർ 12ന് തിയതി തൂദള്ളി കവലയിൽ എത്തിച്ചേർന്ന മെത്രപ്പൊലിത്തായെ വിശ്വാസികൾ സ്വീകരിച്ചു. 13 ന് അഭി തിരുമേനി പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് നടന്നഅനുമോദന സമ്മേളനത്തിൽ ഗീവർഗീസ് മോർ പോളികർപ്പോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. മുൻ എംഎൽഎ ഗോപാൽ പൂജാരി ഉത്ഘാടനം നിർവ്വഹിച്ചു. വിവിധ സാമുദായിക രാഷ്ട്രീയ നേതാക്കൾ, ഫാ. സ്കറിയ ജോസഫ്, ഫാ. സണ്ണി ജോൺ പ്ലാന്തോട്ടത്തിൽ പി എം ബാബു എന്നിവർ അനുമോദനങ്ങൾ അർപ്പിച്ചു. വികാരി വെരി. റവ. സി എം ജോർജ്ജ് കോർഎപ്പിസ്കോപ്പ സ്വാഗതവും, സഹവികാരി റവ ഫാ. വർഗീസ് കാവനാട്ട് നന്ദി പറഞ്ഞു. നടത്തി.

## കരോട്ടുവീട്ടിൽ മോർ ദിവന്നാസിയോസ് മെത്രപ്പോലിത്തായുടെ ഓർമ്മപെരുന്നാൾ ആചരിച്ചു



കടുംഗമംഗലം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പുണ്യശ്ലോകനായ കരോട്ടുവീട്ടിൽ ശെമവൂൻ മോർ ദിവന്നാസിയോസ് മെത്രപ്പൊലിത്തായുടെ 123-ാംമത് ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 2,3 തീയതികളിൽ ആചരിച്ചു. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കൊച്ചി ഭദ്രാസനാധിപനുമായ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രപ്പൊലിത്ത പ്രധാന കാർമികത്വം വഹിച്ചു. ഫാ. പി.എം. വർക്കി, ഫാ. റ്റി.വി ജോണി, ഫാ. സേബു വെങ്ങാപ്പള്ളിൽ, ഫാ. ജോഷി ചിറ്റേത്ത് എന്നിവർ സഹകാർമ്മികരായിരുന്നു. കബറിങ്കൽ ധൂപപ്രാർത്ഥനയും റാസയും നേർച്ചവിളമ്പും നടത്തപ്പെട്ടു. പുണ്യശ്ലോകനായ തിരുമേനിയുടെ കാപ്പ കബറിനോട് ചേർന്ന് മോർ ഗ്രിഗോറിയോസ് തിരുമേനി സ്ഥാപിച്ചു.

## സണ്ടേസ്ക്കൂൾ അദ്ധ്യപകരുടെ സേവനം സഭാ പുരോഗതിയിൽ ശ്രേഷ്ഠം മോർ ഈവാനിയോസ്



അദ്ധ്യാപക സെമിനാർ ഗീവർഗീസ് മോർ പോളികർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പൊലിത്ത സമീപം

കാരിക്കോട്: സണ്ടേസ്ക്കൂൾ അദ്ധ്യാപകരുടെ ജോലി വൈദിക വൃത്തിയേക്കാൾ മഹത്തരമാണെന്ന് കണ്ടനാട് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ് മെത്രപ്പൊലിത്ത പ്രസ്താവിച്ചു.എം.ജെ.എസ്.എസ്.എ കൺനാട് ഭദ്രാസന സണ്ടേസ്ക്കൂൾ അദ്ധ്യപക സെമിനാർ പെരുവ - കാരിക്കോട് സെന്റ് ജേർജ്ജ് ഇമ്മാനുവേൽ പള്ളിയിൽ വച്ച് ഓഗസ്റ്റ് 8-ന് നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മെത്രപ്പൊലിത്ത. പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മെത്രപ്പൊലിത്ത ഗീവർഗീസ് മോർ പോളിക്കർപ്പോസ് യോഗം ഉത്ഘാടനം ചെയ്തു.പൊതുമരാമത്തു വകുപ്പ് മന്ത്രി മോൻസ് ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രപ്പൊലിത്ത വി. കുദാശകൾ എന്ന വിഷയത്തെ അധികരിച്ച് ക്ലാസെടുത്തു. രാവിലെ ഡോ. മാത്യൂസ് മോർ ഈവാനിയോസ് പതാകയുയർത്തി സമ്മേളനത്തിന് തുടക്കം കുറിച്ചു.എം.ജെ.എസ്.എസ്.എ കണ്ടനാട് ഭദ്രാസന സെക്രട്ടറി പി. ഐ. കുര്യാക്കോസ് സ്വാഗതമാശംസിച്ച യോഗത്തിൽ ഫാ. തോമസ് മാളിയേക്കൽ (സെന്റ് ജോർജ് ഇമ്മാനുവേൽ പള്ളി വികാരി), ബേബി മാത്താറ (എം.ജെ.എസ്.എസ്.എ ജനറൽ സെക്രട്ടറി), ശ്രീമതി പത്മചന്ദ്രൻ (മുളക്കുളം പഞ്ചായത്ത് പ്രസിഡന്റ്), സജീവ് ഏബ്രഹാം (ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത്), എം. ജെ. മർക്കോസ് ഷെവ. കെ. വി. പൌലോസ്, പി. യു. ജോയി, സാജു വർഗീസ് എന്നിവർ ആശംസയർപ്പിച്ചു.

ഉച്ചയ്ക്കു ശേഷം അശ്വിൻ രാജ് ഇലഞ്ഞിമറ്റത്തിൽ പിറവം അവതരിപ്പിച്ച മാജിക്ഷോ ഏവർക്കും വിസ്മയ കാഴ്ചയൊരുക്കി. ഭദ്രാസനത്തിലെ 100 ൽ പരം സണ്ടേസ്ക്കൂളിൽ നിന്നായി 400 അദ്ധ്യാപകർ പങ്കെടുത്തു. കാരിക്കോട് സെന്റ് ജോർജ് ഇമ്മാനുവേൽ പള്ളിയുടെ വകയായി പങ്കെടുത്ത എല്ലാവർക്കും സ്നേഹോപകാരവും നൽകുകയുണ്ടായി. പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ കീഴിലുള്ള കേവലം 52 ഭവനങ്ങൾ മാത്രമുള്ള പള്ളിയിലെ സമ്മേളനം സഹകരണത്തിന്റെയും കൂട്ടായ്മയുടേയും മകുടോദാഹരണമായിരുന്നു. ഭദ്രാസന സെക്രട്ടറി പി. ഐ. കുര്യാക്കോസ്, പിറവം മേഖലാ സെ. ഡയറക്ടർ എം. യു തോമസ്, സി. സി. പൗലോസ്, സാജു വർഗീസ്, എം. പി. കുര്യാക്കോസ്, എം. സി. ഷിബു എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിൽ വച്ച് 40 വർഷം സേവനം പൂർത്തിയാക്കിയ ബേബി ജോൺ, എ. എസ്. ചാക്കോച്ചൻ എന്നീ അദ്ധ്യാപകർക്കു മെത്രപ്പൊലിത്ത മെമന്റോ നൽകി ആദരിക്കുകയും ചെയ്തു.

# വെളിച്ചത്തെ സ്നേഹിക്കുന്നവനെ വെളിച്ചവും സ്നേഹിക്കുന്നു.

*ജിതിൻ എം മാത്യു, നാലുന്നാക്കൽ*

ഖലീൽ ജിബ്രാന്റെ ചിന്തോദ്ദീപകമായ ഒരു വാചകം, എന്താണിതിന്റെ അർത്ഥം? ഈ വാക്യത്തിന്റെ അർത്ഥമറിയാൻ നമുക്കു മേൽപറഞ്ഞ വാക്യത്തിലൂടെ സഞ്ചരിക്കാം.

ഒരു ഭവനത്തിൽ ഭിക്ഷുവായി എത്തുന്നവന് ഭവനത്തിലെ അന്തേവാസി ഏതു മതവിശ്വാസിയെന്നോ, എന്തു വിദ്യാഭ്യാസം നേടിയവനെന്നോ അറിയാൻ താൽപര്യമൊന്നും കാട്ടുന്നില്ല. അയാളെപ്പറ്റി കൂടുതലൊന്നും അറിയാനും ഉത്സാഹം കാണുകയില്ല. ഭിക്ഷപാത്രത്തിൽ വീഴുന്ന നാണയത്തിൽ മാത്രമായിരിക്കും അവൻ ശ്രദ്ധിക്കുന്നത്. അതു ചെറിയ ഇനത്തിൽപ്പെട്ടതോ, വലിയ ഇനത്തിൽപ്പെട്ടതോ എന്നു സൂക്ഷിച്ചു നോക്കും. ചിലപ്പോൾ തിരിച്ചും മറിച്ചും നോക്കും. വലിയ ഇനത്തിൽപ്പെട്ടതെങ്കിൽ അൽപ്പമൊരു പുഞ്ചിരി മുഖത്തു വിടർന്നുവെന്നു വരാം നന്ദിയുടെ ഭാവം പ്രകടിപ്പിക്കുകയും ചെയ്തെന്നിരിക്കും. ചെറിയ ഇനത്തിൽപ്പെട്ട നാണയമെങ്കിൽ പുച്ഛവുംനീരസവും ഒക്കെ പ്രകടിപ്പിച്ചിട്ട് പിറുപിറുപ്പോടെ കടന്നുപോകും. ദാതാവിനെയല്ല ദാനത്തെയാണ് അവൻ നോക്കുന്നത്.അത് മാത്രമെ അവന്റെ ലക്ഷ്യത്തിലുള്ളു.

ഈ ഭിക്ഷുവിന്റെ നിലവാരമാണ് അനേകർ, ദൈവ മുൻപാകെ പുലർത്തുന്നത്. അവർക്ക് ദൈവത്തോടുള്ള സ്നേഹമോ ഭക്തിയോ ഒന്നുമല്ല പ്രധാനം, ദൈവത്തിൽ നിന്നു ലഭിക്കുന്ന ദാനങ്ങളും നൽവരങ്ങളും മാത്രമാണ് ആവശ്യം. ഒരു ഭവനത്തിലെ മകൻ/മകൾ തന്റെ പിതാവിൽ നിന്ന് എന്തു ലഭിക്കുമെന്നല്ല നോക്കുന്നത് ആ പിതാവിന്റെ സ്നേഹവും വാത്സല്യവും സാന്നിധ്യവും അവന്റെ ഹൃദയത്തിനു സന്തോഷവും സംതൃപ്തിയും നൽകുന്നു. ആ പിതാവിനോട് ചേർന്നിരിക്കുന്നത്, ഹൃദയം തുറന്നു സംസാരിക്കുന്നത്, ആശയവിനിമയം ചെയ്യുന്നത് ഇവയെല്ലാം ആ മകൻ/മകൾ ധന്യമായ അനുഭവമായി കാണുന്നു. ഈ മകന്റെ ഹൃദയഭാവമാണു ദൈവമുൻപാകെ നമുക്കുണ്ടാകേണ്ടത്.

യേശുക്രിസ്തുവിന്റെ വാക്കുകൾ ഇവിടെ ഓർത്തുപോകുന്നു. "സ്നേഹിതന്മാർക്കുവേണ്ടി ജീവനെ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ആർക്കുമില്ല." അവിടുന്ന് കാൽവരിയിലെ പരമയാഗത്താൽ വെളിപ്പെടുത്തിയ സ്നേഹത്തെക്കുറിച്ചും എന്തോ ചിലതു ധരിച്ചിരിക്കാം. എന്നാൽ അവൻ വെളിപ്പെടുത്തിയ സ്നേഹം അതിരറ്റതാണ് അതുല്യമാണ്.

ആ സ്നേഹിതന്റെ പാരമ്യതയാണു യേശുവിൽ ദർശിക്കാൻ കഴിയുന്നത്. മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവനെ അർപ്പിക്കുകയാണു തന്റെ ദൗത്യമെന്ന് വ്യക്തമായി അറിഞ്ഞിരുന്നു. "മനുഷ്യപുത്രൻ തന്നെയും വന്നതു ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനും, അസംഖ്യം ആളുകളുടെ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള മൂല്യമായി തന്റെ ജീവൻ നൽകുവാനുമാണ്."ഈ സ്നേഹമാണ് വ്യക്തികളെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നത്. സ്നേഹത്തിന്റെ മാസ്മരികത മനസ്സിലാക്കിയ ഒരു അപ്പോസ്തോലനായിരുന്നു യോഹന്നാൻ. അദ്ദേഹം എഴുതി: "ക്രിസ്തു നമുക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചു". ഇതിൽ നിന്നു സ്നേഹം എന്തെന്നു നാം അറിയുന്നു. നമ്മളും സഹോദരങ്ങൾക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടവരാണ്. വെറും വാക്കുകൊണ്ട് മാത്രമല്ല സംസാരം കൊണ്ടും പ്രവൃത്തികൊണ്ടും സത്യം കൊണ്ടുമാണ് നാം സ്നേഹിക്കേണ്ടത്.

ഗാന്ധിജിയുടെ ജീവിതത്തെ മുഴുവൻ നയിച്ചിരുന്നത് ദൈവമാണ്. ഒരു വൈഷ്ണവനായിരുന്നു അദ്ദേഹം ഊണിലും ഉറക്കത്തിലും ഈശ്വര സന്നിദ്ധ്യത്തെക്കുറിച്ച് ബോധവനായിരുന്നു ദൈവത്തെ അഭിമുഖിമായി ദർശിക്കുവാൻ അദ്ദേഹം വളരെയധികം യത്നിച്ചു. ഘോരമായ പരീക്ഷണഘട്ടത്തിലും ഈശ്വരന്റെ ദിവ്യമായ സാമീപ്യവും കരുണയും തനിക്ക് അനുഭവിക്കുവാൻ സാധിച്ചിരുന്നതായി അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം സദാസമയവും ഈശ്വരനാമം സങ്കീർത്തനം ചെയ്തിരുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും അദ്ദേഹം പ്രാർത്ഥിച്ചു. തന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കു അദ്ദേഹം നൽകിയിരുന്ന സ്ഥാനം അതുല്യമാണ്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം പ്രാർത്ഥനാമയമായിരുന്നു. "എന്റെ ജീവിതത്തിലെ സമ്പാദ്യം പ്രാർത്ഥനയാണ്. അതില്ലാതിരുന്നെങ്കിൽ ഞാൻ വളരെ മുമ്പുതന്നെ ഒരു ഭ്രാന്തനായിത്തീരുമായിരുന്നു. വ്യക്തിജീവിതത്തിലും പൊതുകാര്യത്തിലും ഏറ്റവും കയ്പ്പേറിയ അനുഭവങ്ങളുടെ നല്ലപങ്ക് എനിക്കുണ്ടായിട്ടുണ്ട്. എന്നാൽ അതിൽ നിന്നെല്ലാം മുക്തി നേടുവാൻ എനിക്കു സാധിച്ചിട്ടുണ്ടെങ്കിൽ അത് പ്രാർത്ഥനകൊണ്ടാണ്." എന്നിങ്ങനെ പ്രാർത്ഥനയുടെ മഹത്വത്തെക്കുറിച്ച് ഗാന്ധിജി പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം തുടരുന്നു. "എന്റെ ശാന്തി ഒരിക്കലും നഷ്ടപ്പെട്ടിരുന്നില്ല. പരമാർത്ഥത്തിൽ എനിക്കുള്ള ശാന്തി പ്രാർത്ഥനയിൽ നിന്നുമാണ് ലഭിക്കുന്നത്."

ഒരിക്കൽ നിങ്ങൾ ഈശ്വരന്റെ നിലനിൽപ്പിനെ സ്വീകരിച്ചുകഴിഞ്ഞാൽ, പ്രാർത്ഥനയുടെ ആവശ്യം നിരാകരിക്കാൻ പാടില്ലാത്ത ഒന്നാണ്. നമ്മുടെ ജീവിതം മുഴുവനും ഒരു പ്രാർത്ഥനയാണെന്നും അതിനാൽ ഒരു പ്രത്യേക സമയത്തുള്ള പ്രാർത്ഥനയുടെ ആവശ്യമില്ലെന്നും മറ്റും ഉള്ള അമ്പരപ്പിക്കുന്ന അവകാശങ്ങൾ നമ്മൾ ഉന്നയിക്കരുത്. പ്രാർത്ഥനയിലുള്ള അചഞ്ചലമായ വിശ്വാസവും നിഷ്ഠയും ജീവിതത്തെ വിജയത്തിൽ നിന്നും ഉന്നതവിജയത്തിലേക്കു നയിക്കും. നിരന്തരമായ പ്രാർത്ഥനയിൽകൂടി ഈശ്വരസാമീപ്യം കൈവരുത്തുകയും അതിൽ നിരന്തരം ലയിക്കുകയുമാണ് ഓരോ സത്യ ക്രിസ്ത്യാനികൾ ചെയ്യേണ്ടത്.

"പ്രകാശ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരെ! സ്തുതി പാടുവീൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ."

# വഞ്ചനയുടെ വെഞ്ചരിപ്പും ഒരു മെത്രാന്റെ തിരിച്ചറിവും

മെത്രാൻ കക്ഷി സഭ അങ്ങനെയാണ്. തങ്ങളിൽ നിന്ന് ആരെങ്കിലും പിരിഞ്ഞാൽ അവരെ പൈശാചികരായും തങ്ങളോടൊപ്പം കൂടിയവരെ പ്രത്യേകിച്ച് യാക്കോബായ സഭയിൽ നിന്ന് കൂറുമാറി ചെന്നവരെ മാലാഖമാരായും ചിത്രീകരിക്കും. അവരെ ഉപയോഗിച്ച് യാക്കോബായ സഭയെ തകർക്കാൻ 'പദ്ധതികൾ' ആസൂത്രണം ചെയ്യും. യാക്കോബായ സഭാംഗങ്ങളായവർ ചില്ലിക്കാശ് സ്വരൂപിച്ച് സമ്പാദിച്ച സ്ഥലങ്ങളും സ്ഥാപനങ്ങളും ചില 'കുലം കുത്തികളെ' മുൻനിർത്തി കൈവശപ്പെടുത്തുന്ന നയമാണ് ദേവലോക സഭാധിപന്മാർ അനുവർത്തിച്ച് വന്നത്. ഇപ്പോഴും അവർ തുടരുന്നത് ഈ മനോഭാവം തന്നെയാണ്. ഏതുവിധേനയും യാക്കോബായ സഭയിലുള്ള 'സ്വസഹോദരന്മാരെ' പരാജയപ്പെടുത്തി പള്ളികളും സ്വത്തുക്കളും തട്ടിയെടുക്കുക അല്ലാത്ത പക്ഷം പള്ളികൾ പൂട്ടി വിശ്വാസികളെ വഴിയാധാരമാക്കുക എന്ന പൈശാചിക ചിന്തയാണ് മെത്രാൻ പക്ഷത്തെ ഭരിക്കുന്നത്. ചീങ്ങേരി പള്ളിയുൾപ്പടെയുള്ള മലബാറിലെ പല പള്ളികളും, കോലഞ്ചേരി പള്ളിയുൾപ്പടെയുള്ള വടക്കൻ ഭദ്രാസനപള്ളികളും, കുണ്ടറ പുത്തൻ പള്ളിയടക്കമുള്ള തെക്കൻ ഭദ്രാസന പള്ളികളും ഇന്നും പൂട്ടി കിടക്കുകയാണ് ചാൻസ് കിട്ടിയാൽ പളളികളൊക്കെ ഇന്നും പൂട്ടികിടക്കുന്നതിന്റെ യഥാർത്ഥകാരണം മെത്രാൻ കക്ഷികളുടെ ദ്രവ്യഗ്രഹം ഒന്നുമാത്രമാണ്.

പരിശുദ്ധനായ പൌലോസ് മോർ അത്താനാസ്യോസ് തിരുമേനിയുടെ ഭൗതീകദേഹം അടക്കം ചെയ്തിരിക്കുന്ന ആലുവായിലെ തൃക്കുന്നത്ത് സെമിനാരി യഥാർത്ഥ അവകാശികളായ യാക്കോബായ സഭയ്ക്ക് ലഭിക്കാതിരിക്കാൻ വേണ്ടി, ആ പുണ്യദൈവാലയവും മെത്രാൻകക്ഷികൾ പൂട്ടിച്ചു, പ.പാത്രിയർക്കീസ് ബാവായുടെ കല്പന പ്രകാരം പ. പിതാവിന്റെ നാമം 5-ാം തുബ്ദേനിൽ ഓർക്കുവാൻ ആരംഭിച്ച ഈ വർഷമെങ്കിലും ആലുവാ സെമിനാരി പള്ളി യാക്കോബായ സഭാംഗങ്ങൾക്ക് ആരാധനയ്ക്കായി തുറന്ന് കിട്ടട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. പ. അന്ത്യോഖ്യാ സിംഹാസന വിധേയത്വത്തിൽ മലങ്കരസഭയെ നയിച്ച്, വിശുദ്ധിയുടെ പര്യായമായി ജീവിച്ച പ. വലിയ തിരുമേനിയുടെ കബറിടത്തിനും പള്ളിയ്ക്കും സെമിനാരിക്കും അവകാശമുന്നയിക്കുന്ന മെത്രാൻ പക്ഷത്തിന്റെ ഉദ്ദേശം പണത്തോടുള്ള ആർത്തിയൊന്നുമാത്രമാണ് 'കബറിടം ആരുടേതാണെങ്കിലും നമുക്ക് പണം വേണമെന്ന്' മാത്രം കരുതുന്ന കൂട്ടരുടെ വഞ്ചനാപരമായ വെഞ്ചരിപ്പുകൾ തുടരുകയാണ്.

## വഞ്ചനയുടെ വെഞ്ചരിപ്പ്

മലങ്കര റീത്ത് കാതോലിക്കായ്ക്ക് മെത്രാൻ പക്ഷം അയച്ച കത്ത് പ്രസിദ്ധീകരിക്കപ്പെട്ട് കഴിഞ്ഞപ്പോൾ മുതൽ മെത്രാൻ പക്ഷത്തെ ആസ്ഥാന എഴുത്തുകാർ മുമ്പ് എഴുതിയ ചില ലേഖനങ്ങളും, പുസ്തകങ്ങളും മറ്റുമായി വെബ്സൈറ്റുകളിലൂടെ റീത്തുകാർക്കെതിരെ തിരിഞ്ഞതിന് റീത്തുകാർ തന്നെ മറുപടി പറയട്ടെ. റീത്തുകാർക്കെതിരെ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖ നിരീക്ഷകന് നന്നേ ബോധിച്ചു. മെത്രാൻ കക്ഷി ബിഷപ്പായിരുന്ന മോർ മക്കാറിയോസിന്റെ സഹോദരൻ ലാസറസ് റമ്പാൻ കോർഎപ്പിസ്കോപ്പ എഴുതിയ ഒരു 'വഞ്ചനയുടെ വെഞ്ചരിപ്പ്' എന്ന ലഘുലേഖയാണത്.

വട്ടശേരിൽ തിരുമേനിയുടെ ഏറ്റവും അടുത്ത അനുയായിയും, മെത്രാൻ കക്ഷികതോലിക്കാമാരിൽ നിന്നും മെത്രാൻ സ്ഥാനം വരെ നേടിയ, റീത്ത് സഭാ സ്ഥാപകനായ ആർച്ച് ബിഷപ്പ് മോർ ഈവാനിയോസിനെതിരെയാണ് മെത്രാൻ കക്ഷി റമ്പാന്റെ തൂലിക ചലിച്ചിരിക്കുന്നത്. മോർ ഈവാനിയോസ് എന്ന് റീത്ത് സഭാ സ്ഥാപകനെ ഒരു 'വഞ്ചകനായി' റമ്പാൻ അവതരിപ്പിച്ചിരിക്കുന്നു. മെത്രാൻ കക്ഷിയിൽ നിന്നുകൊണ്ട് അവരെ വഞ്ചിച്ച് കാത്തോലിക്കാ സംസർഗത്തിലേക്ക് പോയ മോർ ഈവാനിയോസിനെമാത്രമല്ല റീത്ത്കാരായി മാറിയ എല്ലാവരേയും ലാസർ റമ്പാൻ പരിഹസിക്കുന്നു. മെത്രാൻകക്ഷിക്കാരുടെ വകയായ സ്കൂളുകളും മറ്റും മോർ ഈവാനിയോസ് കൊണ്ടുപോയി എന്നും റമ്പാൻ പരിതപിക്കുന്നു. ചുരുക്കത്തിൽ മെത്രാൻ കക്ഷിയിലെ ബിഷപ്പായിരുന്ന മോർ ഈവാനിയോസ് അവരെ ചതിച്ച് പുതിയ മേച്ചിൽ സ്ഥലം തരപ്പെടുത്തിയെന്നാണ് ലാസറസ് റമ്പാൻ കോർ എപ്പിസ്കോപ്പ പറഞ്ഞിരിക്കുന്നത്.

മെത്രാൻ കക്ഷിക്കാരായി മാറിയ വട്ടരേരിൽ തിരുമേനിയുടെ അനുയായികൾ, കേസിലുണ്ടാകാമായിരുന്ന പരാജയ ഭീതിമൂലം മെത്രാൻകക്ഷിയിലെ രണ്ടാം കാതോലിക്കായുടേയും മെത്രാൻമാരുടേയും അവിവോടും സമ്മതത്തോടും കൂടി അന്ത്യോഖ്യായിലെ റഹ്മാനിപാത്രിയർക്കീസുമായി ബന്ധപ്പെടുകയും എഴുത്തുകൾ നടത്തുകയും ചെയ്തു.രണ്ടാം കാതോലിക്കായുടെ പെട്ടന്നുള്ള വിയോഗവും, കേസിലുണ്ടായ അപ്രതീക്ഷിത വിജയവും മെത്രാൻ പക്ഷ നേതൃത്വത്തെ കാത്തോലിക്കരുമായി യോജിക്കുന്നതിന് തടസ്സമുണ്ടാക്കി. എന്തായാലും അന്ത്യോഖ്യായിലെ കാത്തോലിക്കാ പാത്രിയർക്കീസുമായും പിന്നീട് റോമുമായും എഴുത്തുകുത്തുകൾ നടത്തിയ മോർ ഈവാനിയോസ് മെത്രാൻ പക്ഷം വിട്ടു. സ്വന്തകക്ഷിയിൽ നിന്ന് ഒരുവിഭാഗം മറ്റൊരു സഭയിലെത്തിയതിനെ മെത്രാൻ കക്ഷിക്കാരായവർ അനുകൂലിക്കുന്നില്ല.

മെത്രാൻ കക്ഷി റമ്പാന്റെ പരാമർശനങ്ങൾ എല്ലാം വായിച്ചപ്പോൾ നിരീക്ഷകന് ഓർമ്മ വന്നത് യാക്കോബായ സഭയിൽ 'വഞ്ചനയുടെ വെഞ്ചരിപ്പ്' നടത്തി മെത്രാൻ കക്ഷിയിൽ എത്തപ്പെട്ട ചിലരെക്കുറിച്ചാണ്. യാക്കോബായ സഭയിൽ പ്രവർത്തിച്ചിരുന്നവരെ മെത്രാൻ പക്ഷത്ത് എത്തിക്കാൻ ചില പ്രത്യേക 'കുപ്പായ മാഫിയാ' പ്രവർത്തിച്ചിരുന്നു എന്നത് സത്യമാണ്. യാക്കോബായ സഭയിലെ മെത്രാന്മാരേയും വൈദികരേയും പ്രലോഭിപ്പിച്ച് മെത്രാൻ പക്ഷ സഭയിലെത്തിക്കാൻ കാലാകാലങ്ങളിൽ ശ്രമമുണ്ടായിട്ടുണ്ട്.

കണ്ടനാട് ഭദ്രാസനത്തിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഔഗേൻ റമ്പാൻ മെത്രാൻ സ്ഥാനമേൽക്കുന്നതിന് മുമ്പ് എഴുതിവച്ച ഉടമ്പടിയിൽ പറയുന്നത് അബ്ദുൾ മശിഹാ ചുവപ്പ് വേഷം ധരിപ്പിച്ചവർക്ക് പട്ടത്വമില്ലാ എന്നാണ്. എന്നാൽ പിൽക്കാലത്ത് മെത്രാൻ കക്ഷിയിൽ പെട്ടവരുമായി ഇദ്ദേഹം രഹസ്യമായി ബന്ധപ്പെട്ടുവന്നു. പ. അന്ത്യോഖ്യാ സിംഹാസന വിധേയത്വത്തിൽ കണ്ടനാട് ഭദ്രാസനം ഭരിക്കുന്നു എന്ന് വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് അവസാനം മറുകണ്ടം ചാടി. ഇദ്ദേഹത്തെ പാതിരാത്രിക്കും മറ്റും ചില മെത്രാൻ കക്ഷി മെത്രാൻമാർ സന്ദർശിച്ച വിവരം അവർ തന്നെ പല പുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ട്. യാക്കോബായ സഭയിൽ നിന്നു കൊണ്ട് സഭയ്ക്കതിരെ പ്രവർത്തിച്ച് മെത്രാൻ കക്ഷിയിലെത്തിയ ഇദ്ദേഹത്തെ അവർ വാഴ്ത്തി സ്തുതിച്ചു. 1958 -ലെ സഭാ യോജിപ്പ് കഴിഞ്ഞ് 1964 ൽ ഔഗേൻ മോർ തീമോത്തിയോസ് പാത്രിയർക്കീസ് ബാവായാൽ മുടക്ക് തീർത്ത് കാതോലിക്കായായി വാഴിക്കപ്പെട്ടു. കാതോലിക്കാ വാഴ്ച ദിവസം സ്ലീബായും ഏവൻഗേല്യാനും മുറുകെ പിടിച്ച് മുഖ്യകാർമ്മികനായ പ. യാക്കോബ് തൃതിയൻ പാത്രിയർക്കിസ് ബാവായേയും സഹമെത്രപ്പോലിത്താന്മാരേയും, വൈദികരേയും, ജനങ്ങളേയും സാക്ഷി നിർത്തി " പ. അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവാ എന്റെ തലവനാണെന്നും, പ. അന്ത്യോഖ്യാ സിംഹാസന ബന്ധത്തിൽ നിന്ന് ഒരുനാളും വിട്ടുപോകില്ലാ എന്നും ദൈവതിരുമുമ്പാകെ ഭക്തി പുരസരം അണയിട്ടു". ഈ സത്യപ്രതിജ്ഞ കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കകം പ. പാത്രിയർക്കീസ് ബാവാ തലവനല്ലാ എന്നും മാർതോമായുടെ സിംഹാസനത്തിലാണ് താൻ ആരുഢനായിരിക്കുന്നത് എന്ന് പറഞ്ഞ് സഭയിൽ കലഹത്തിന്റെ വിത്ത് വിതച്ചു. സഭയിലെ യോജിപ്പ് തട്ടിതെറിപ്പിച്ച് കേസുകൾ കൊണ്ട് യാക്കോബായക്കാരെ ബുദ്ധിമുട്ടിക്കുന്ന മെത്രാൻ കക്ഷിക്കാർ നടത്തുന്നത് എന്ത് വെഞ്ചരിപ്പാണോവോ?

'വീണ്ടും ചില വെഞ്ചരിപ്പുകൾ' നടന്നത് 1995 -ലെ സുപ്രീം കോടതി വിധിക്ക് ശേഷമാണ്. യാക്കോബായ സഭയിലെ ചില ജൂണിയർ ബിഷപ്സിനെ തങ്ങളുടെ വരുധിയിൽ വരുത്തി അവരെ കൊണ്ട് യാക്കോബായ സഭയെ നശിപ്പിക്കാൻ ദേവലോകാധിപന്മാർ ശ്രമിച്ചു.

യാക്കോബായ സഭാംഗങ്ങളുടെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലിത്തായായിരുന്ന ഡോ. തോമസ് മോർ അത്താനാസ്യോസ്, തൃശൂർ ഭദ്രാസനത്തിന്റെ ഡോ. യൂഹാനോൻ മോർ മിലിത്തോസ്, പ. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള അമേരിക്കൻ ഭദ്രാസനത്തിന്റെ സഖറിയാ മോർ നിക്കോളാവോസ് എന്നിവരെ യാക്കോബായ സഭയിൽ നിന്ന് അടർത്തിയെടുക്കാൻ മെത്രാൻ കക്ഷികൾക്ക് സാധിച്ചു. മേൽപ്പറഞ്ഞ മെത്രാൻമാരെ മെത്രാൻ പക്ഷത്താക്കാൻ അരമനകൾ തോറും കയറിയിറങ്ങിയ മെത്രാൻ കക്ഷിക്കാരൻ റമ്പാൻ കാലയവനികക്കുള്ളിൽ മറഞ്ഞു. ദോഷം പറയരുതല്ലോ ഇവരിൽ ഒരാൾ ആ റമ്പാന് ഒരു 'പണി' കൊടുത്തതിൽ മനംനൊന്ത് അദ്ദേഹം ഇറക്കിയ ലഘുലേഖയിലെ പരാമർശങ്ങൾ മറക്കാറായിട്ടില്ല. മെത്രാൻപക്ഷത്തെ നിയുക്ത കാതോലിക്കായും, സുന്നഹദോസ് സെക്രട്ടറിയും ഒക്കെ എതിരായതോടെ ഇപ്പോഴും ഇവർ 'തൃശങ്കു സ്വർഗത്തിൽ' തന്നെയാണ്.

യാക്കോബായ സഭയിലെ അംഗങ്ങൾ നൽകിയ കാശ് കൊണ്ട് സമ്പാദിച്ച അരമനകളും, സ്വത്തുക്കളുമൊന്നും ഇവർ യാക്കോബായ സഭയ്ക്ക് നൽകിയിട്ടില്ല. കാലം ചെയ്ത ഭാഗ്യസ്മരണാർഹനും പുണ്യവാനുമായ ശ്രേഷ്ഠ ബസേലിയോസ് പൌലോസ് ദ്വിതിയൻ ബാവായുടെ ശ്രമഫലമായുണ്ടാക്കിയ മൂവാറ്റുപുഴ അരമനയും, അരമനത്താഴത്തെ ഷോപ്പിംഗ് കോംപ്ലെക്സും, ഭദ്രാസനത്തിലെ അംഗങ്ങളുടെ പണം സ്വരൂപിച്ച് നിർമ്മിച്ച പാമ്പാക്കുട സ്റ്റഡിസെന്ററും ചാപ്പലും, കോലഞ്ചേരിയിലെ വൈദിക സദനം തുടങ്ങിയുള്ള സ്ഥാവരജംഗമ വസ്തുക്കളുമായി ദേവലോകത്ത് കുടിയേറിയ മൂവാറ്റുപുഴ മോർ അത്താനാസ്യോസ് ചെയ്തത് വഞ്ചനയുടെ വെഞ്ചരിപ്പല്ലായിരുന്നോ?

പാവപ്പെട്ട കൃഷിക്കാർ ഉൾകൊള്ളുന്നതും പ. പാത്രിയർക്കീസ് ബാവാ 1982 -ൽ കൽപന നൽകി നടപ്പിൽ വരുത്തിയതുമായ തൃശൂർ ഭദ്രാസനത്തിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. തൃശൂർ ഭദ്രാസനത്തിലെ ചുമതലയുണ്ടായിരുന്ന കാലത്ത് ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി കഷ്ടപ്പെട്ട് സമ്പാദിച്ച മണ്ണുത്തിയിലെ സ്ഥലവും, അവിടെ സ്ഥാപിച്ച പള്ളിയും ഭദ്രാസന കേന്ദ്രവും മോർ മിലിത്തോസ് അധികാരമേറ്റതോടെ പുനർനിർമ്മിച്ചു. യാക്കോബായക്കാരുടെ കാശുകൊണ്ട് അരമനയും പുതിക്കിപ്പണിത്, ഭദ്രാസനം വകയായി വാങ്ങിയസ്കൂളും, സമ്പാദ്യവുമായി മണ്ണുത്തി മോർ മിലിത്തോസ് ചെന്ന് നിന്നത് കഞ്ഞിക്കുഴിയിലെ മെത്രാൻ പക്ഷ ആസ്ഥാനത്താണ്. ഇപ്പോഴത്തെ പ. പാത്രിയർക്കീസ് ബാവാ പ്രത്യേക സ്കോളർഷിപ്പ് നൽകി പഠിപ്പിച്ച മോർ മിലിത്തിയോസ് തന്നെ സഹായിച്ച പ. പിതാവിനെതിരെയും, കോളേജ് വിദ്യാഭ്യാസ കാലം മുതൽ തന്നെ സഹായിച്ച ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവായ്ക്കെതിരായും പ്രവർത്തിച്ച് 'വഞ്ചനയുടെ വെഞ്ചരിപ്പ്' നടത്തിവരുന്നു.

പ.പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കീഴിലുള്ള അമേരിക്കൻ ഭദ്രാസനത്തിന്റെ ആർച്ച് ബിഷപ്പായിരുന്ന മോർ നിക്കോളവോസ് ഇപ്പോൾ "ആർച്ച്" പോലെ വളഞ്ഞ് മാത്യൂസ് മോർ ബർണബാസിന്റെ മുമ്പിൽ ഓച്ഛാനിച്ച് നിൽക്കുന്നു! അമേരിക്കൻ ഭദ്രാസനത്തിലെ യാക്കോബായക്കാരുടെ ഡോളറുകൾ സ്വരൂക്കൂട്ടി വാങ്ങിയ ബിഷപ്പ് ഹൗസ് സ്വന്തം പേരിലാക്കി അതുമായാണ് മോർ നിക്കോളവോസ് കോട്ടയത്തേക്ക് പറന്നത്. അമേരിക്കയിലെ യാക്കോബായക്കാരെ വഞ്ചിച്ച് ഭദ്രാസന സ്വത്തും. അടിച്ചുമാറ്റി, ഭദ്രാസനത്തിലെ ചില പള്ളികളിൽ വിഭാഗീയത സൃഷ്ടിച്ച് പള്ളികളെ കേസുകളിൽ കുടുക്കാനും മോർ നിക്കോളവോസ് ശ്രമിച്ചു. മോർ നിക്കോളവോസിനെ ബിഷപ്പായി തിരഞ്ഞെടുത്ത അമേരിക്കൻ ഭദ്രാസനത്തേയും, താമസിക്കാൻ ഇടം വാങ്ങി നൽകിയവരോടും സഖറിയാ മോർ നിക്കോളവോസ് ചെയ്ത വഞ്ചന എന്ത് വെഞ്ചരിപ്പുകൊണ്ട് മാറും?

റീത്തുകാർ "അജമോഷണം" നടത്തുന്നവരാണെന്നാണ് ഒരാരോപണം. മെത്രാൻ കക്ഷിക്കാരകട്ടെ "ഇടയമോഷണവും" നടത്തുന്നു. അജമോഷണം കൊണ്ട് സഭയുടെ അംഗസംഖ്യ വർദ്ധിക്കുന്നു. എങ്കിൽ ഇടയമോഷണം കൊണ്ട് സമ്പത്ത് വർദ്ധിപ്പിക്കാൻ മെത്രാൻ കക്ഷിക്ക് പറ്റുന്നു. യാക്കോബായ സഭയെ വഞ്ചിച്ച് കാലാകാലങ്ങളിൽ ദേവലോകത്ത് എത്തുന്നവരെ ധിരന്മാരായും വീരന്മാരായും വാഴ്ത്തുന്നതിനെക്കാൾ മെത്രാൻ പക്ഷം കടപ്പെട്ടിരിക്കുന്നത് ആർച്ച് ബിഷപ്പ് മോർ ഈവാനിയോസിനോടാണ്. കാരണം അദ്ദേഹം 1912 -ൽ നടത്തിയ "വഞ്ചനാ വെഞ്ചരിപ്പിന്റെ" ബാക്കി പത്രമാണല്ലോ ദേവലോക കാതോലിക്കേറ്റ്. അവിടെനിന്ന് വഞ്ചനയല്ലാതെ എന്ത് നന്മവരാൻ?

വീക്ഷാഗോപുരം
നിരീക്ഷകൻ

## ഒരു മെത്രാന്റെ തിരിച്ചറിവ്

കാര്യമിങ്ങനെയൊക്കെയാണെങ്കിലും മെത്രാൻ കക്ഷിക്കാരുടെ കൽക്കട്ടാ ബിഷപ്പ് ജോസഫ് മോർ ദിവന്നാസ്യോസ് 'വകതിരിവോടെ' ഒരഭിപ്രായം പറഞ്ഞിരിക്കുന്നു. മെത്രാൻ കക്ഷിക്കാരയ ഡൽഹി യൂത്ത് വിഭാഗം നടത്തുന്ന പത്രത്തിന്റെ സെപ്റ്റംബർ ലക്കത്തിൽ മോർ ദിവന്നാസ്യോസ് നൽകിയ അഭിമുഖത്തിൽ സഭാ സമാധാനത്തേക്കുറിച്ച് അദ്ദേഹം അഭിപ്രായം പറഞ്ഞിരിക്കുന്നതിപ്രകാരമാണ് **"വടക്കൻ ഭദ്രാസനങ്ങളിൽ നമ്മുടെ ആളുകൾക്ക് കൂടുതൽ കാതോലിക്കേറ്റ് സെന്ററുകൾ, ചാപ്പലുകൾ എന്നിവ സ്ഥാപിച്ച് വേർപിരിയുന്നതാണ് നല്ലത്."** തികച്ചും യാഥാർത്ഥ്യമുൾക്കൊണ്ടുകൊണ്ടുള്ള പ്രഖ്യാപനമായി ബിഷപ്പിന്റെ അഭിപ്രായത്തെ നിരീക്ഷകൻ കാണുന്നു.

തെക്കൻ ഭദ്രാസനങ്ങളിലെ യാക്കോബായക്കാർ ഇത് നേരത്തെ തിരിച്ചറിഞ്ഞ് പുതിയ പള്ളികൾ സ്ഥാപിച്ചതുമൂലം ഇതുവിഭാഗത്തിനും മുന്നേറ്റമുണ്ടായി. യാക്കോബായക്കാർ ഭൂരിപക്ഷമുണ്ടായിരുന്ന ചില പള്ളികൾ പോലും മെത്രാൻ പക്ഷത്തിന് വിട്ടുകൊടുത്ത് കേസും വഴക്കും ഒഴിവാക്കിയതിനാൽ തെക്ക് യാക്കോബായ സഭ വളർന്നു. അതേസമയം വടക്കൻ ഭദ്രാസനങ്ങളിൽ "മൈക്രോസ്കോപ്പ് മൈനോറിറ്റി"യായിട്ടുപോലും പള്ളികൾക്ക് മേൽ അനാവശ്യവാദങ്ങൾ ഉന്നയിച്ച് പള്ളികളിൽ കലാപമുണ്ടാക്കുകയും പൂട്ടിക്കുകയും ചെയ്യുന്ന പരിപാടി മെത്രാൻ പക്ഷം തുടരുന്നു. കോതമംഗലം ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന വിശുദ്ധന്റെ ഓർമ്മ പെരുന്നാൾ അലങ്കോലമാക്കാൻവരെ മെത്രാൻ പക്ഷം ശ്രമിച്ചു. ഭൂരിപക്ഷമായ യാക്കോബായ സഭാംഗങ്ങൾ എല്ലാം സഹിക്കുന്നത് ദൈവാലയങ്ങൾ പൂട്ടപെടാതെ ആരാധന നടത്താനാണ്. തർക്കങ്ങൾ ഉണ്ടാകുന്ന പള്ളികളിൽ നിയമാനുസരണം പൊതുയോഗങ്ങൾ നടത്തി ഭൂരിപക്ഷത്തിന് നൽകുകയും ന്യൂനപക്ഷത്തിന് ആരാധനയ്ക്കായി സ്വത്തിന്റെ ഓഹരികൊടുക്കുകയും ശവസംസ്ക്കാരത്തിന് തടസ്സമുണ്ടാകാത്തവിധം ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുകയും വേണമെന്നത് യാക്കോബായ സഭയുടെ പ്രഖ്യാപിത നയമാണ്. ഇപ്രകാരമുള്ള ക്രമീകരണമുണ്ടായാൽ സഭാതർക്കങ്ങൾ പരിഹരിക്കപ്പെടുകയും, പള്ളികൾ കലാപ ഭൂമികൾ ആകാതെയും ഇരിക്കും. ഇരുപക്ഷത്തിനും സമാധാനപരമായി മുന്നേറാനും വളരുവാനും സാധിക്കും. കേസുകൾ അവസാനിപ്പിച്ച് കഴിഞ്ഞാൽ ഇരുവിഭാഗത്തിനും സഹോദരീ സഭകൾ ആയി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുങ്ങും. ഇതര സഭകളുടെ മുമ്പിലും പൊതു സമൂഹത്തിന്റെ മുമ്പിലും മാന്യമായി, മാതൃകാപരമായി മുന്നേറാൻ സാധിക്കുകയും ചെയ്യും.

വൈകിയാണെങ്കിലും മെത്രാൻ കക്ഷിയിലെ ഒരു ബിഷപ്പെങ്കിലും 'വേർപിരിയുന്നത് നല്ലത്' എന്ന പക്വമായ സമീപനം കൈകൊണ്ടത് ഒരു നല്ല സൂചനയാണ്. വടക്കൻ ഭദ്രാസനങ്ങളിൽ മെത്രാൻ പക്ഷം മോർ ദിവന്നാസ്യോസ് പറഞ്ഞിരിക്കുന്ന അഭിപ്രായത്തിന് അനുകൂല നിലപാട് എടുത്താൽ സഭാകേസ് തന്നെ അവസാനിക്കും. ഇനി ഇക്കാര്യം തീരുമാനിക്കേണ്ടത് മെത്രാൻ കക്ഷി സഭാ നേതൃത്വമാണ്. അപക്വവും അധാർമ്മികവും അസഹിഷ്ണവുമായ തീരുമേനങ്ങൾക്ക് പുകൾപെറ്റ ദേവലോകത്ത് നിന്ന് യാഥാർത്ഥ്യബോധത്തോടെ ദിവന്നാസ്യോസിന്റേതുപോലുള്ള നിലപാട് സ്വീകരിക്കുമോ? കാത്തിരുന്നു കാണാം.

വാൽകഷ്ണം: വടക്കൻ ഭദ്രാസനങ്ങളിലെ മെത്രാൻ കക്ഷിക്കാർ കാതോലിക്കേറ്റ് സെന്ററുകളും ചാപ്പലുകളും വച്ച് വേർതിരിയുന്നതാണ് നല്ലത് എന്ന് മെത്രാൻ കക്ഷി ബിഷപ്പ് മാർ ദിവന്നാസ്യോസ്

ഇല്ലാത്തത് പറഞ്ഞ് നിൽക്കുന്നതിനേക്കാൾ ഉളളതു പറഞ്ഞ് മരിക്കുന്നതാ നല്ലത്.

# പുണ്യശ്ലോകനായ മോർ യൂലിയോസ് യേശു ശീശക്

*മാണിരാജൻ കോർഎപ്പിസ്കോപ്പ*



തെക്കുകിഴക്കൻ ടർക്കിയിലെ തുറബ്ദിനടുത്തുളള കാഫ്റോ(Kafro) അഥവാ അപ്പർ കാഫറോയിൽ 1942 ജനുവരി 1-ാം തിയതി യേശു ശീശക് ജനച്ചു.പിതാവ് പുരോഹിതനായ ബർസൗമോ ശീശക്കിന്റേയും മാതാവ് സെയ്ദിന്റെയും മകനായ യേശു 9-ാം വയസ്സിൽ ദയറുൾ സഫറാൻ സെമിനാരിയിൽ ചേർന്നു.

1958 ൽ ശെമ്മാശ്ശനായ ശേഷം മർദിനിലെ മോർ ഫിലക്സിനോസ് യൂഹനോൻ ദൊലബാനി മെത്രപ്പൊലിത്തയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. 1960 ൽ കർത്മീനിലെ (മിദിയാത്തിന് കിഴക്കുള്ള) മോർ ഗബ്രിയേലിന്റെ ദയറായിൽ ചേർന്ന് സംന്യാസ ജീവിതം ആരംഭച്ചു. 1962-67 കാലഘട്ടത്തിൽ ദയറായിലെ സംഗീത അദ്ധ്യപകനും അഡ്മിനിസ്ട്രേറ്ററുമായി ചുമതലകൾ നിർവഹിച്ചു. 1969 ൽ വൈദികനായ ശേഷം ഹോളണ്ട്, ലെബാനോൻ, അമേരിക്ക എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചു. 1974 ൽ മോർ ഗബ്രിയേൽ ദയറായുടെ അധിപനായിരുന്നു വന്ദ്യ യേശു ശീശക് റമ്പാച്ചൻ.

1975-77 കാലഘട്ടത്തിൽ അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തിയ റമ്പാച്ചൻ ജർമ്മിനിയിലെ വ്യൂർസ്ബർഗ്ഗ് യൂണിവേഴ്സിറ്റിയിലും ഉപരിപഠനം നടത്തി. 1979 ജൂൺ 24-ാം തിയതി പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രിയർക്കിസ്ബാവ വന്ദ്യ യേശു ശീശക് റമ്പാച്ചനെ മോർ യൂലിയോസ് എന്നപേരിൽ മെത്രപ്പൊലിത്തയായി വാഴിച്ച് ജർമ്മിനി, ഹോളണ്ട്, ബൽജിയം, ഫ്രാൻസ്, ഓസ്ട്രിയാ, സ്വിറ്റ്സർലാന്റ് മുതലായവ ഉൾപ്പെടുന്ന മദ്ധ്യയൂറോപ്പ് ഭദ്രാസനത്തിന്റെ പ്രഥമ ആർച്ച് ബിഷപ്പായി നിയമിച്ചു.

മദ്ധ്യ യൂറോപ്പിലെ വിശ്വാസികളധികവും ടർക്കിയിലെ പീഡനത്തെ തുടർന്ന് യൂറോപ്പിൽ അഭയംതേടിയ സുറിയാനി ക്രിസ്ത്യാനികളാണ്. വിവിധ സ്ഥലങ്ങളിലായി സ്ഥിതിചെയ്യുന്ന നൂറിലധികം പള്ളികളുടേയും അനുബന്ധസ്ഥാപനങ്ങളുടേയും ഭരണക്രമീകരണത്തിനായി ഹോളണ്ടിലെ ലോസ്സറിൽ കോടികൾ വിലമതിക്കുന്ന 30 ഏക്കർ സ്ഥലം വാങ്ങി സെന്റ് എഫ്രേം സിറിയൻ ദയറാ സ്ഥാപിച്ചു. മദ്ധ്യയൂറോപ്പിലെ അതിരൂപതകളിൽ ജർമ്മനിയിൽ മാത്രം 54 ദൈവാലയങ്ങളുണ്ട്.

സുറിയാനി സഭയുടെ ഭാവിയെക്കുറിച്ചും പ്രസിദ്ധീകരണങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മോർ യൂലിയോസ് യേശു ശീശക് തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. ഹോളണ്ടിലെ പ്രസ്സും, മാർ എബ്രായ പബ്ലിക്കേഷനും അതിനുദാഹരണങ്ങളാണ്. കോലോ സിറിയോയൊ (സുറിയാനി ശബ്ദം) എന്ന മാസിക, സുറിയാനി സഭയുടെ ഒന്നാം നൂറ്റാണ്ടു മുതലുള്ള ചരിത്രം മൂന്നു വാല്യങ്ങളിലായി പുസ്തകരൂപത്തിലും വീഡിയോ രൂപത്തിലും 2001 ൽ അഞ്ചു ഭാഷകളിലേക്ക് വിവർത്തനം ചെയ്തു. റോമിലെ ട്രാൻസ് വേൾഡ് ഫിലിം ഇറ്റാലിയ എന്ന പ്രസാധകരുടെ മൂന്ന് വാല്യങ്ങളും The ancient Armaic Heritage (Vol 1), The hiers of the ancient Armaic Heritage (Vol ll), At the turn of the third Millennium The Syrian Orthodox Witness(Vol. lll) സഭയ്ക്ക് അഭിമാനമാണ്. അഭിവന്ദ്യ തിരുമേനി 113 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചട്ടുണ്ട്. പ. സാഖാ ഒന്നാമൻ ബാവ ശീശക് തിരുമേനിക്ക് 20-ാം നൂറ്റാണ്ടിലെ യാക്കോബ് ബുർദ്ദാന എന്ന ബഹുമതി നൽകിയിട്ടുണ്ട്.

തുറബാദീൻകാരെപ്പോലെ സഭാജീവിതം നയക്കുന്നവർ കേരളത്തിലാണുള്ളത് എന്ന വസ്തുത തിരുമേനിക്ക് ഏറെ സന്തോഷകരമായിരുന്നു. രണ്ടു മൂന്നു വർഷങ്ങൾ കഴിഞ്ഞ് ശിഷ്ഠായുസ്സ് ഇന്ത്യയിൽ ചെലവിക്കണമെന്ന് തിരുമേനി ആഗ്രഹിച്ചിരുന്നു. നിരവധി പ്രാവശ്യം തിരുമേനി മലങ്കര സന്ദർശിച്ചിട്ടുണ്ട്. മുളന്തുരുത്തി വൈദീക സെമിനാരിയുടെ നിർമ്മാണചെലവിന്റെ നല്ല പങ്ക് തിരുമേനിയുടെ സംഭാവനയാണ്. സണ്ടേസ്കൂൾ അസോസിയേഷൻ കെട്ടിടം M. J. S. S. A.വകയായുള്ള പ്രസ്, സെന്റ് മേരീസ് കോൺവെന്റ് എന്നിങ്ങനെ വലിയ പ്രസ്ഥാങ്ങൾക്കും പല ചെറിയ പ്രസ്ഥാനങ്ങൾക്കും തിരുമേനി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2003 സ്വീഡനിലെ The Association of the Academic Arameans തിരുമേനിയ്ക്ക് ആരാം അവാർഡ് നൽകി ആദരിച്ചു.

ഹോളണ്ടിലേക്കുള്ള യാത്രാമദ്ധ്യ, ജർമ്മിനിയിൽ വച്ച് 2005 ഒക്ടോബർ 29-ാം തിയതി ശനിയാഴ്ച തിരുമേനി കാലം ചെയ്തു. പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കിസ് ബാവയുടെ പ്രധാന കാർമ്മികത്വത്തിലും നിരവധി മെത്രപ്പൊലിത്തന്മാരുടെ സഹകാർമ്മികത്വത്തിലും നവംബർ 5-ാം തിയതി ശനിയാഴ്ച ഹോളണ്ടിലെ അരമന കത്തിഡ്രലിൽ കബറടക്കം നടന്നു. പുണ്യശ്ലോകനായ തിരുമേനിയുടെ ശ്രാദ്ധം ഒക്ടോബർ 29-ാം തിയതി സഭ ആചരിക്കുന്നു.

## യൂത്ത് അസോസിയേഷൻ അനുശോചിച്ചു

യുവജനപ്രസ്ഥാനംപങ്ങട യൂണിറ്റ് തേക്കടി ബോട്ട് ദുരന്തത്തിൽ മരിച്ച സഹോദരങ്ങൾക്ക് അനുശോചനം അർപ്പിച്ചു. സെക്രട്ടറി ഫെബിൻ കാവുങ്കൽ അനുശോചന പ്രമേയം അവതരിപ്പിച്ചു. വികാരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജോജി കാവുങ്കൽ, ബിവിൻ ചെട്ടിയേടത്ത് ,ജെയിസൻ പായിപ്ര എന്നിവർ പ്രസംഗിച്ചു.

# പുണ്യശ്ലോകനായ കരോട്ടുവീട്ടിൽ ശെമവൂൻ മോർ ദിവന്നാസിയോസ് മെത്രപ്പൊലിത്ത

*മനോജ് മാത്യൂ ആര്യാടൻപാക്കൽ, ചെങ്ങളം*

കൊച്ചിഭദ്രാസനത്തിന്റെ പ്രഥമ ഇടയനായിരുന്നു കരോവട്ടുവീട്ടിൽ ശെമവൂൻ മോർ ദീവന്നാസിയോസ് മെത്രപ്പൊലിത്ത. പുരാതനമായ കണ്ടനാട് വി. മർത്തമറിയം പള്ളി ഇടവകയിലെ കരോട്ടുവീട്ടിലെ കൊച്ചയിപ്പോര തരകന്റെയും ഉണിച്ചാരുടേയും പുത്രനായി 1832- മേടം 9ന് ശെമവൂൻ ഭൂജാതനായി. താപശ്രേഷ്ഠനായ ശെമവൂൻ ദെസ്തുനോയുടെ പേര് ഇദ്ദേഹത്തിന് മാതാപിതാക്കൾ നൽകി.

കണ്ടനാട് പള്ളിയിൽ വച്ച് ചേപ്പാട് ഫീലിപ്പോസ് മോർ ദിവന്നാസിയോസ് നാലാമൻ മലങ്കര മെത്രാപ്പൊലിത്ത 1835 ആഗസ്റ്റ് 27-ന് ശെമ്മാശുപട്ടവും പാലക്കുന്നത്തു മാത്യൂസ് മോർ അത്താനാസിയോസ് മെത്രാപ്പൊലിത്ത 1843 ഒക്ടോബർ 21-ന് കണ്ടനാട്പള്ളിയിൽ വെച്ച് കശ്ശീശ പട്ടവും പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൽപനപ്രകാരം 1846-ൽ മലങ്കരയിൽ എത്തിയ യൂയാക്കിം മോർ കൂറിലോസ് ബാവ കണ്ടനാട് പളളിയിൽ വെച്ച്1847 മേയ് 5-ന് കോർ എപ്പിസ്കോപ്പാ സ്ഥാനവും ഇദ്ദേഹത്തിന് നൽകി.

തീവ്രസംന്യാസി പട്ടക്കാരനെന്ന നിലയിലും അഗാധമായ ദൈവഭക്തി, നിരന്തരമായ പ്രാർത്ഥന ജീവിതം എന്നീ വിശിഷ്ടഗുണങ്ങളാലും ശെമവൂൻ കോർഎപ്പിസ്കോപ്പ മറ്റുളളവരാൽ ബഹുമാനിക്കപ്പെട്ടിരുന്നു. മലങ്കരസഭയുടെ ഏറ്റവും പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടമായിരുന്നു അത്. പാലക്കുന്നത്ത് മാത്യൂസ് മോർ അത്താനാസിയോസിന്റെ നേതൃത്വത്തിലുള്ള നവീകരണ കൊടുങ്കാറ്റിൽ ഉലഞ്ഞ മലങ്കര സഭയ്ക്ക് പ്രതിസന്ധികളിൽ പതറാതെ ശക്തമായ നേതൃത്വം നൽകിയ വൈദീകരിൽ പ്രമുഖനായിരുന്നു അദ്ദേഹം.

മലങ്കരയിൽ 1875-ൽ വന്ന പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കിസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിൽ (1876 ജൂൺ 27-30) വച്ച് ശെമവൂൻ കോർഎപ്പിസ്കോപ്പ പ. സഭയുടെ മാനേജിംങ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പരിശുദ്ധ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി പള്ളിയിൽ വച്ച് 1876 സെപ്റ്റംബർ 5- ന് (1052 ചിങ്ങം 24)ചൊവ്വാഴ്ച ശെമവോൻ കോർ എപ്പിസ്കോപ്പയ്ക്ക് റമ്പാൻ സ്ഥാനം നൽകി. കൊച്ചുപറമ്പിൽ (തൊഴുപ്പാടൻ) പൗലോസ് കത്തനാരും (പിന്നീട് പ. മോർ കൂറിലോസ് പാണംപടി), ചാലപ്പുറത്ത് യാക്കോബ് കോർഎപ്പിസ്കോപ്പായും റമ്പാൻ സ്ഥാനമേറ്റത് ഇതോടൊപ്പമാണ്. പ.പാത്രിയർക്കിസിന്റെ എപ്പിത്രോപ്പായായും വെട്ടിക്കൽ ദയറായുടെ തലവനായും ശെമവൂൻ റമ്പാനെ നിയമിച്ചു.

മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുവാനും മേല്പട്ടക്കാരെ വാഴിക്കാനും പ. പാത്രിയർക്കിസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസ് തീരുമാനിച്ചപ്പോൾ ആർത്താറ്റു പള്ളിയും അതിനുചുറ്റും കൊച്ചി വരെയുള്ള പള്ളികളും അടങ്ങുന്ന കൊച്ചി ഭദ്രാസനത്തിനായി ശെമവൂൻ റമ്പാൻ നിയോഗിക്കപ്പെട്ടു. പ.പാത്രിയർക്കീസ് ബാവയുടെ കല്പന പ്രകാരം മേൽപ്പട്ട സ്ഥാനമേൽക്കുന്നതിനു വേണ്ടി ശെമവൂൻ റമ്പാനും മുറിമറ്റത്തിൽ പൌലോസ് റമ്പാനും 1877 മാർച്ച് 26 (1052 മീനം 15) തിങ്കളാഴ്ച പെരുമ്പാവൂരുള്ള കുന്നത്തുനാട് ഡിസ്ട്രിക്റ്റ് രജിസ്ട്രാറുടെ ആഫീസിൽ പ. പാത്രിയർക്കിസ് ബാവയോടുള്ള വിധേയത്വ ഉടമ്പടി (ശൽമൂസാ) രജിസ്റ്റർ ചെയ്തു. ഇവർ ഇരുവരും അന്ന് അസോസിയേഷൻ മാനേജിംങ് കമ്മറ്റിയംഗങ്ങളായിരുന്നു.

കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മേയ് 17-ന് വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം കൊച്ചികോട്ടയിൽ മാർ പത്രോസ് ശ്ലീഹായുടെ പളളിയും അതിനു ചുറ്റുമുളള പള്ളികളും അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി, ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും അന്ത്യോഖ്യയുടേയും കിഴക്കൊക്കയുടേയും പരിശുദ്ധ പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനത്തിൽ വാണരുളിയ പരിശുദ്ധ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവാ ശെമവൂൻ മോർ ദിവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി ഇദ്ദേഹത്തെ വാഴിച്ചു. കണ്ടനാട് ഭദ്രാസനത്തിനുവേണ്ടി മുറിമറ്റത്തിൽ പൗലോസ് മോർ ഈവാനിയോസ് മെത്രാപ്പൊലിത്തയായി വാഴിക്കപ്പെട്ടതും ഇതോടൊപ്പമാണ്. നേരത്തെ വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർ ഈ മേൽപ്പട്ട വാഴ്ചയിൽ പ.പാത്രിയർക്കിസ് ബാവയോടൊപ്പം സഹകർമ്മികത്വം വഹിച്ചു.

മാർ ദീവന്നാസിയോസ് മെത്രാപ്പോലിത്തായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെ ഭരണം ശരിയായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല. വാതരോഗബാധിതനായി 1886 ഒക്ടേബർ രണ്ടാം തീയതി ശനിയാഴ്ച കണ്ടനാട് പള്ളിയിൽ വച്ച് കാലം ചെയ്തു. കടുങ്ങമംഗലം മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള യാക്കോബായ സുറിയാനി പള്ളിയിൽ ഒക്ടോബർ 3 ന് ഗിവർഗീസ് മോർ ഗ്രീഗോറിയോസ് (പ. പരുമല തിരുമേനി )പൌലോസ് മോർ ഈവാനിയോസ് എന്നീ മെത്രാപ്പൊലിത്തൻമാരുടെ കാർമ്മികത്വത്തിൽ കബറടക്കപ്പെട്ടു.

## തിരഞ്ഞെടുത്തു



പത്തനംതിട്ട: നാഷണൽ വൈഡർ എക്യൂമനിക്കൽ അലയൻസ് പത്തനംതിട്ട ജില്ലാ സെക്രട്ടറിയായി ജോസ് പനച്ചയ്ക്കൽ തെരഞ്ഞെടുക്കപ്പെട്ടു. എം. ജെ. എസ്. എസ്. എ. കേന്ദ്രകമ്മറ്റി അംഗം, വിശ്വാസ സംരക്ഷണ സമിതി തുമ്പമൺ ഭദ്രാസന സെക്രട്ടറി, ഭദ്രാസന കൗൺസിൽ മെമ്പർ, ജെ.എസ്. വി.ബി. എസ്. തെക്കൻ മേഖലാ കൺവീനർ തുടങ്ങിയ മേഖലകളിലും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘടനകളിലും പ്രവർത്തിക്കുന്നു.

## വിശ്വാസ സംരക്ഷകൻ വാർഷികവരിസംഖ്യ

| | | |
|---|---|---|
| കേരളത്തിൽ | - | 130.00 |
| കേരളത്തിന് പുറത്ത് | - | 150.00 |
| വിദേശം | - | 1500.00 |

### വിശ്വാസ സംരക്ഷകൻ പരസ്യ നിരക്ക്

| | | |
|---|---|---|
| സെ.മി. കോളം ബ്ലാക്ക് & വൈറ്റ് | - | 100.00 |
| വൈവാഹിക പംക്തി | - | 200.00 |
| ഉപകാരസ്മരണ | - | 300.00 |
| വിവാഹ ഫോട്ടോ 20 സെ.മി. കോളം | - | 1200.00 |
| ചരമവാർഷികം 8 സെ.മി. കോളം | - | 500.00 |
| ഫുൾ ഇന്നർപേജ് പരസ്യം | - | 24000.00 |
| ഹാഫ് ഇന്നർപേജ് പരസ്യം | - | 13000.00 |
| ക്വാർട്ടർ ഇന്നർപേജ് പരസ്യം | - | 7000.00 |
| ഫുൾ ഇന്നർപേജ് സപ്ലിമെന്റ് | - | 11000.00 |
| ഹാഫ് ഇന്നർപേജ് സപ്ലിമെന്റ് | - | 5500.00 |
| ക്വാർട്ടർ ഇന്നർപേജ് സപ്ലിമെന്റ് | - | 3000.00 |

മേൽപ്പറഞ്ഞ നിരക്കിനേക്കൾ അധികം വരുന്ന നിരക്കുകൾ
ഫ്രണ്ട് പേജ് 70% ബാക്ക് കവർ 40% കളർ 80%

**വരിസംഖ്യ അടയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ബന്ധപ്പെടേണ്ട വിലാസം**

Chev: **BIBBY ABRAHAM**
CHIEF EDITOR
VISWASA SAMRAKSHAKAN
PULIKKAL KAVALA P.O.
VAZHOOR
KOTTAYAM - 686515
PH: 0481-2458198
MOB: 9446921775

**T.V. MATHAI**
CIRCULATION MANAGER
VISWASA SAMRAKSHAKAN
PUKKATTUPADY
EDATHALA P.O.
ALUVA - 683561
PH: 0484-2680267, 2685049
MOB: 9446611393

e-mail- abrahambibby@yahoo.com
വിശ്വാസ സംരക്ഷകൻ അക്കൗണ്ട് നമ്പർ – 67055656176 SBT EDATHALA

## വിശ്വാസ സംരക്ഷകൻ ഓഫീസ് മാനേജരെ ആവശ്യമുണ്ട്.

വിശ്വാസസംരക്ഷകൻ സർക്കുലേഷൻ വിഭാഗത്തിലേക്ക്
ഓഫീസ് മാനേജരുടെ ഒഴിവ് ഉണ്ട്. റിട്ടയർ ചെയ്തവർക്കും അപേക്ഷിക്കാം
എറണാകുളം ജില്ലയിൽ താമസക്കാർക്ക് മുൻഗണന.
ബന്ധപ്പെടുക. **9446611393**

## വിശ്വാസസംരക്ഷകൻ പ്രചാരകരെ ആവശ്യമുണ്ട്

സഭാ സേവനത്തിൽ തല്പരരായ യുവാക്കൾക്ക് വിശ്വാസസംരക്ഷകൻ പ്രചാരകരാകാൻ അവസരം ലഭിക്കുന്നു. ആകർഷകമായ പ്രതിഫലം ലഭിക്കുന്നതാണ്. ഇടുക്കി, കോട്ടയം, കൊല്ലം, തുമ്പമൺ, നിരണം ഭദ്രാസനത്തിൽ പെട്ടവർ ബന്ധപ്പെടാവുന്നതാണ്.


**Contact 9446921775, 0481-2458198**

# യൂത്ത് അസോസിയേഷന് പുതിയ ദേശീയ ഭാരവാഹികൾ


ഫാ. ജോയി ആനക്കുഴി
വൈദീക വൈസ് പ്രസിഡന്റ്


ബിജു.കെ.തമ്പി
ജനറൽ സെക്രട്ടറി


ജോസ് സ്ലീബാ
വൈസ് പ്രസിഡന്റ്


അഡ്വ: ദിലീഷ്
ജോൺ ട്രഷറർ


അഡ്വ: ഷൈജു
സി. ഫിലിപ്പ്
ജോയിന്റ് സെക്രട്ടറി

കൊച്ചി: യാക്കോബായ സഭ യൂത്ത് അസോസിയേഷൻ അന്തർദേശീയ വൈദീക വൈസ് പ്രസിഡന്റായി ഫാ. ജോയി ആനക്കുഴി (കണ്ടനാട് ഭദ്രാസനം), അത്മായ വൈസ് പ്രസിഡന്റായി ജോസ് സ്ലീബ കട്ടുമങ്ങാട്ട് (ചെന്നൈ ഭദ്രാസനം), ജനറൽ സെക്രട്ടറിയായി ബിജു.കെ.തമ്പി (കൊച്ചി ഭദ്രാസനം), ജോയിന്റ് സെക്രട്ടറി അഡ്വ:ഷൈജു സി.ഫിലിപ്പ് (കോട്ടയം ഭദ്രാസനം), ട്രഷറർ അഡ്വ: ദിലീഷ് ജോൺ (കണ്ടനാട് ഭദ്രാസനം), എന്നിവരെ യൂത്ത് അസോസിയേഷൻ അന്തർദേശീയ വാർഷിക യോഗം തെരഞ്ഞെടുത്തു. യൂത്ത് അസോസിയേഷൻ പ്രസിഡന്റ് പൗലോസ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ പുത്തൻ കുരിശ് പാത്രിയർക്കാ സെന്ററിൽ ചേർന്ന അന്തർദേശീയ വാർഷിക യോഗം ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്തു. അന്തർദേശീയ വാർഷിക യോഗത്തിൽ വർക്കിംഗ് കമ്മറ്റി അംഗങ്ങളായി ഒ.എം.എൽദോസ് (തൃശ്ശൂർ ഭദ്രാസനം) എൽദോ പൗലോസ് (കോഴിക്കോട് ഭദ്രാസനം) പോൾ എ.സി. (അങ്കമാലി ഭദ്രാസനം) അജിത്ത് ജോർജ്ജ് നല്ലില (കൊല്ലം ഭദ്രാസനം) റോബി ജോൺ (ഇടുക്കി ഭദ്രാസനം) തോമസ് വർഗ്ഗീസ് (നിരണം ഭദ്രാസനം) എന്നിവരെയും കലാവിഭാഗത്തിൽ ഡീക്കൺ ജോൺസ് അടൂർ (കൊല്ലം ഭദ്രാസനം) കായിക വിഭാഗത്തിൽ വിജു സ്കറിയ (അങ്കമാലി ഭദ്രാസനം) യെയും ഓഡിറ്റർമാരായി ബെഞ്ചമിൻ സാമുവൽ (തുമ്പമൺ ഭദ്രാസനം) ഷിബു ഓളങ്ങാട്ട് (മലബാർ ഭദ്രാസനം)നെയും അന്തർദേശീയ വാർഷിക പൊതുയോഗം തിരഞ്ഞെടുത്തു.

## ആലുവ മാസ്സ് ഹോളിൽ ആഹ്ലാദ നിമിഷങ്ങൾ



പുണ്യപിതാവായ വലിയ തിരുമേനിയുടെ നാമം ചേർക്കുവാനുള്ള പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ അനുഗ്രഹ കൽപന ആലുവായിലെ സത്യവിശ്വാസികളായ സമൂഹം ആഹ്ലാദത്തോടെയാണ് ശ്രവിച്ചത്. പ. പിതാവിന്റെ കൽപന സുവിശേഷ സമാജത്തിന്റെ സഹായ മെത്രപ്പൊലിത്ത മർക്കോസ് മോർ ക്രിസോസ്റ്റമോസ് മാസ് ഹോളിൽ വി. കുർബ്ബാന മദ്ധ്യേ വായിച്ചപ്പോൾ എല്ലാ മനസുകളും കണ്ണീരോടെ ദൈവസന്നിധിയിൽ സ്ത്രോത്രങ്ങൾ അർപ്പിച്ചു. പ. പിതാവ് അദ്ധ്വാനിച്ചു ഉണ്ടാക്കിയ തൃക്കുന്നത്ത് സെമിനാരി പള്ളിക്കു വേണ്ടിയുള്ള ദീർഘനാളത്തെ പോരാട്ടത്തിനും ത്യാഗത്തിനും ഇടയിൽ സന്തോഷിക്കുവാനുള്ള ഒരു അവസരം കൂടിയായിരുന്നു പ്രഖ്യാപനം. വികാരി ഫാ. ജേക്കബ് പൗലോസ് കൊച്ചുപറമ്പിൽ സഹകാർമികനായിരുന്നു. പ.വലിയ തിരുമേനിയുടെ ബന്ധുകൂടിയായ ഷെവ. തര്യൻ കെ. പൈനാടത്തിനെപോലെയുള്ള മുതിർന്ന തലമുറയുടെ സന്തോഷത്തിന് അതിരുകൾ ഇല്ലായിരുന്നു.

## ബർത്തലോമാ പാത്രിയർക്കീസിനെ സന്ദർശിച്ചു.



എക്യുമിനിയ്ക്കൽ പാത്രിയർക്കീസും കോൺസ്റ്റാറ്റിനേബിൾ ആർച്ച് ബിഷപ്പുമായ പ. ബർത്തിലോമാ ബാവായുമായി യാക്കോബായ സഭയുടെ നിരണം ഭദ്രാസന അധിപൻ ഡോ ഗീവർഗീസ് മോർ കൂറിലോസ് മെത്രപ്പൊലിത്ത കൂടിക്കാഴ്ച നടത്തി. ഗ്രീസിൽ നടന്ന വേൾഡ് ക്രിസ്ത്യൻ കൗൺസിൽ യോഗത്തിൽ വച്ചായിരുന്നു കൂടിക്കാഴ്ച.

## വിശുദ്ധന്മാരുടെ നാമം ചൂഷണം ചെയ്യുന്നവർ

കേരളത്തിൽ അടുത്തകാലത്തായി പരിശുദ്ധന്മാരുടെ നാമവും ചിത്രങ്ങളും സ്വാർത്ഥലക്ഷ്യം മുൻ നിർത്തി ഉപയോഗിക്കുന്ന പതിവ് വർദ്ധിച്ചിരിക്കുന്നു. ക്വട്ടേഷൻ സംഘങ്ങൾക്ക് താവളം ഒരുക്കുന്നവരും അധാർമ്മീകമായി പലിശ വാങ്ങുന്നവരും കൊള്ളയും, കൊലപാതകവും നടത്തുന്നവരും, മയക്കുമരുന്ന് വ്യാപാരത്തിൽ ഏർപ്പെടുന്നവരും തുടങ്ങി എല്ലാ അധർമ്മങ്ങളിലൂടെയും പണം സമ്പാദിക്കുന്നവരുമാണ് ഈ കൂട്ടർ.

ഇവരുടെ അധർമ്മം മറച്ചുവയ്ക്കാനാണ് ഇവർ പുണ്യവാളന്മാരെ കൂട്ടുപിടിക്കുന്നത്. ഇവരുടെ ഏത് സ്ഥാപനത്തിൽ ചെന്നാലും വി. ഗീവർഗീസ് സഹദായുടെയും, പ. പരുമല തിരുമേനിയുടെയും ചിത്രങ്ങൾ കാണാം.


പ. പരുമല തിരുമേനിയുടെ പെരുന്നാളിന്റെ പ്രചാരണം മുഴുവൻ ഇവർ ഏറ്റെടുത്തിരിക്കുകയാണ്. ഇവരുടെ സെയ്ഫിന് കാവൽ നിർത്തിയിരിക്കുകയാണ് ലോകം ബഹുമാനിക്കുന്ന ഈ വിശുദ്ധനെ. ഇവർ തുടങ്ങുന്ന ആശുപത്രി അടക്കമുള്ള സ്ഥാപനങ്ങൾ തങ്ങളുടെ വീട്ടുപേരിനോട് ചേർത്ത് ഈ പരിശുദ്ധന്മാരുടെ പേര് ദുരുപയോഗം ചെയ്യുന്നു. ഇവരാണ് സഭയിൽ പ്രധാനികൾ, സഭയിൽ ഉന്നതസ്ഥാനങ്ങൾ ഇവർ വഹിക്കുന്നു. ഏത് അധർമ്മം ചെയ്താലും 18 -ൽ പരം മെത്രപ്പൊലിത്തൻമാർ ശവസംസ്ക്കാരത്തിന് എത്തുന്നു, നല്ല വാക്കുകൾ പറയുന്നു.

ഇവരുടെ പ്രവർത്തികൾ പാവം പിതാക്കന്മാർ അറിയുന്നുണ്ടോ എന്ന് സംശയം.

വി. പരുമല തിരുമേനി ആരായിരുന്നു എന്ന് ഇവർക്ക് അറിയില്ല. ആ പുണ്യാവാളന്റെ ചരിത്രം ഇവർ പഠിച്ചിട്ടില്ല. ഇനിയെങ്കിലും ഇതുപോലെ അധർമ്മം ചെയ്യുന്നവർ, സഭയിലെ ലക്ഷോപലക്ഷം ജനങ്ങൾ വിശുദ്ധന്മാരെന്ന് കരുതുന്ന പരിശുദ്ധന്മാരുടെ നാമം ദുരുപയോഗം ചെയ്യാതിരിക്കുവാൻ അവരുടെ സഭാ നേതൃത്വം ശ്രദ്ധിക്കണം.

അതോ യാക്കോബായ സഭാമക്കൾ അദ്ധ്വാനിച്ചുണ്ടാക്കിയ പള്ളികൾ പിടിച്ചെടുക്കാൻ ഈ അധർമ്മികളെയാണോ നിങ്ങൾ ഉപയോഗിക്കുന്നത് എന്ന വ്യക്തമാക്കണം

## പരിശുദ്ധ യെൽദോ മോർ ബസേലിയോസ് ബാവയുടെ ഓർമ്മ ഡബ്ലിൻ സെന്റ് ഗ്രീഗോറിയോസ് യാക്കോബായ പള്ളിയിൽ ഒക്ടോബർ 4 ന്




ഡബ്ലിൻ: മഹാപരിശുദ്ധനായ പ. യൽദോ മോർ ബസേലിയോസ് ബാവായുടെ ഓർമ്മ ഡബ്ലിൻ സെന്റ് ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ 2009 ഒക്ടോബർ 4ന് ആചരിക്കപ്പെടുന്നു. ഡബ്ലിൻ സിറ്റി സെന്ററിൽ സ്മിത് ഫീൽഡിലുള്ള സെന്റ് ഗ്രീഗോറിയോസ് ദൈവാലയത്തിൽ വച്ചാണ് ശുശ്രൂഷകൾ നടത്തപ്പെടുക. ശുശ്രൂഷകളുടെ ഭാഗമായി രാവിലെ 10 മണിക്ക് പ്രഭാതപ്രാർത്ഥന, 10.30ന് വി. കുർബ്ബാന, മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, പ്രത്യേകമായ പ്രാർത്ഥനകൾ, പാച്ചോർ നേർച്ച എന്നിവ നടത്തപ്പെടും.

# ആസ്ട്രേലിയായിൽ ജെ.എസ്.വി. ബി.എസ് നടത്തപ്പെട്ടു




ആസ്ട്രേലിയായിലെ സിഡ്നി സെന്റ് മേരീസ് യാക്കോബായ പള്ളിയിലെ ജെ.എസ്.വി.ബി.എസ് ഒക്ടോബർ 3,4 തീയതികളിൽ നടന്നു. ഫാ. ജിജി കുഴിയേലിൽ വി.ബി.എസ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോർജ് വയലിപറമ്പിൽ തീം അവതരിപ്പിച്ചു.

ഫാ. ജോണി ആറാട്ടുകുളം ഒ.സി.ഡി സമാപന സമ്മേളനത്തിലെ പ്രധാന അതിഥിയായിരുന്നു. കുമാരി അലൻ പുന്നാക്കൽ 'ബെസ്റ്റ് ക്യാമ്പർ' ആയി തിരഞ്ഞെടുക്കപ്പെട്ടു

## അഖില മലങ്കര ഉപന്യാസ മത്സരം

ആലുവായിലെ പ. പൌലോസ് മോർ അത്തനാസിയോസ് വലിയ തിരുമേനിയുടെ പൗരോഹിത്യ സ്ഥാനാരോഹണ ശതാബ്ദിയുടെ ഭാഗമായി പ. പിതാവിന്റെ ജീവിതത്തെ ആസ്പദമാക്കി വിശ്വാസസംരക്ഷകൻ പ്രസിദ്ധീകരണത്തിന്റെ ആഭിമുഖ്യത്തിൽ (അന്ത്യോഖ്യ വിശ്വാസസംരക്ഷ സമിതി, മോർ ബഹനാൻ സ്റ്റഡി സർക്കിൾ എന്നിവയുടെ സഹകരണത്തോടെ) ഉപന്യാസ മത്സരം പുത്തൻകുരിശിൽ നടത്തപ്പെടുന്നു.

**1 –ാം സമ്മാനം 5000/– രൂപ**
വലിയ തിരുമേനിയുടെ കൂടെ സഭാ ട്രസ്റ്റിയായിരുന്ന പുല്യാട്ട് തുകലൻ അവിരായുടെ ഓർമ്മയ്ക്കായി
**2 –ാം സമ്മാനം 3000/– രൂപ**
**3 –ാം സമ്മാനം 2000/– രൂപ**
*(മികച്ച ഉപന്യാസങ്ങൾ വിശ്വാസസംരക്ഷകനിൽ പ്രസിദ്ധീകരിക്കുന്നതാണ് )*
*15 വയസ്സിനും 24 വയസ്സിനും ഇടയിൽ പ്രായമുള്ളവർ പങ്കെടുക്കാം*
*വിശദമായ അറിയിപ്പ് പള്ളികൾ മുഖേന ലഭിക്കുന്നതാണ്. ബന്ധപ്പെടുക റ്റി.വി മത്തായി*
*സർക്കുലേഷൻ മാനേജർ*
*വിശ്വാസസംരക്ഷകൻ*
*പുക്കാട്ടുപടി, ഇടത്തല പി. ഒ. ആലുവ*
*9446611393*

## ഊരക്കാട് പള്ളിയിൽ കൺവെൻഷനും കുടുംബ യൂണിറ്റുകളുടെ വാർഷിക പെരുന്നാളാഘോഷവും

ഊരക്കാട് സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ ഒക്ടോബർ 25 മുതൽ 30 വരെ കൺവെൻഷനും കുടുംബയൂണിറ്റുകളുടെ വാർഷികവും പെരുന്നാളാഘോഷവും നടത്തപ്പെടും. 25,26,27 തീയതികളിൽ 7- മത് കൺവൻഷനും 28-ാം തിയതി കുടുംബയൂണിറ്റുകളുടെ വാർഷികവും 29, 30 തിയതികളിൽ പെരുന്നാൾ ആഘോഷവും നടക്കും.

കൺവെൻഷൻ കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രപ്പൊലിത്ത തിരുമനസ്സുകൊണ്ട് കുടുംബയുണിറ്റുകളുടെ വാർഷികം യാക്കോബായ സഭ സെക്രട്ടറി ബാർ ഈത്തോ മഹീറോ തമ്പു ജോർജ്ജ് തുകലനും ഉത്ഘാടനം ചെയ്യുന്നു. 30 -ാം തിയതി വി. മൂന്നിൻമേൽ കുർബാന ഡോ. ഏബ്രഹാം മോർ സേവേറിയോസ് മെത്രപ്പൊലിത്ത തിരുമനസിന്റെ പ്രധാന കാർമികത്വത്തിൽ നടക്കും. തുടർന്ന് പുതിയ പാരീഷ് ഹാളിന്റെ കല്ലിടീൽ ചടങ്ങും തിരുമേനി നിർവ്വഹിക്കും.

## പാമ്പാടി ഈസ്റ്റ് മർത്തമറിയം പള്ളിയിൽ "പ. ഇഗ്നാത്തിയോസ് നൂറോനോയുടെ ക്രമത്തിൽ വി. കുർബ്ബാന അർപ്പിക്കുന്നു"

ചാത്തുരുത്തിയിൽ പ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് ബാവായുടെ 107-ാമത് ഓർമ്മപ്പെരുന്നാൾ പാമ്പാടി ഈസ്റ്റ് മർത്തമറിയം ചെറിയപള്ളിയിൽ, നവംബർ 1ന് ഞായറാഴ്ച ആഘോഷിക്കുന്നു.

പെരുന്നാളിനോടനുബന്ധിച്ച് പ. പത്രോസിന്റെ പിൻഗാമിയായി പ. അന്ത്യോഖ്യാ സിംഹാസനത്തിലെ 3-ാംമത്തെ പാത്രിയർക്കീസായി വാണരുളിയ അഗ്നിമയനായ പ. ഇഗ്നാത്തിയോസ് നൂറോനോയുടെ ക്രമത്തിൽ വി. കുർബ്ബാന അർപ്പിക്കപ്പെടുന്നു. സുറിയാനി സഭയുടെ പരിശുദ്ധന്മാരായ പിതാക്കന്മാർ പരിശുദ്ധാത്മ കൃപയിൽ അർപ്പിച്ചിട്ടുള്ള വി. കുർബ്ബാനക്രമത്തിൽ ഏറ്റവും വലിയതും, വിശ്വാസികൾക്ക് ഏറ്റവും ആനന്ദകരമായ ദൈവാനുഭവം ലഭിക്കുന്നതുമായ ഈ ക്രമം രണ്ട് മണിക്കൂറിലേറേ ദൈർഘ്യമുള്ളതാണ്. ഇതുവരേയും മലയാളത്തിൽ ലഭിച്ചിട്ടില്ലാത്ത ഈ ക്രമം പൂർണ്ണമായും സുറിയാനിഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. സുറിയാനി തക്സായിൽ നോക്കി മലയാളത്തിൽ ഈ ക്രമത്തിൽ വി. കുർബ്ബാന അർപ്പിക്കപ്പെടുമ്പോൾ അതിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ വിശ്വാസികൾക്ക് അവസരം ലഭിക്കുന്നു.


നമ്മുടെ ഈ തലമുറയിൽ ആരുംതന്നെ കേൾക്കുകയോ സംബന്ധിക്കുകയോ ചെയ്തിട്ടില്ലാത്ത ഈ ക്രമത്തിൽ വി. കുർബ്ബാന അർപ്പിച്ച പ. ഇഗ്നാത്തിയോസ് നൂറോനോ 'സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരായിരിക്കും എന്നതിനേക്കുറിച്ച് കർത്താവിന്റെ ശിഷ്യന്മാർ ചോദിച്ചപ്പോൾ പുരുഷാരത്തിന്റെ ഇടയിൽനിന്നും ഒരു പൈതലിനെ അരികിൽ നിർത്തികൊണ്ട് "ഈ ശിശുവിനെപ്പോലെ നിങ്ങൾ ആകണമെന്നും അങ്ങനെയുള്ളവർക്ക് സ്വർഗ്ഗരാജ്യം ലഭിക്കുമെന്നും നമ്മുടെ കർത്താവ് കൽപിച്ചു. ആ ശിശുവാണ് പിന്നീട് ഇഗ്നാത്തിയോസ് നൂറോനോയായത്. അതുപോലെ മൂന്ന് ദിനരാത്രങ്ങൾ നമ്മുടെ കർത്താവ് ഒരു വിജനസ്ഥലത്ത് പ്രസംഗിച്ചു. മൂന്നാംദിവസം വൈകിട്ട് താൻ തന്റെ ശിഷ്യന്മാരോട് ഈ ജനത്തിന് ആഹാരം കൊടുക്കുവാൻ ആവശ്യപ്പെട്ടപ്പോൾ "ഇവിടെ ഒരു ബാലകന്റെ പക്കൽ 5 അപ്പം 2 മീനും അല്ലാതെ ഒന്നും ഇല്ല എന്നുപറഞ്ഞു. കർത്താവ് ആ 5 അപ്പവും 2 മീനു വാഴ്ത്തി അവിടെ സന്നിഹിതരായിരുന്ന അനേകായിരം ജനങ്ങളെ സംതൃപ്തരാക്കി മിച്ചം വന്ന ഭക്ഷണം 12 കുട്ട നിറച്ചെടുത്തു. ബാലനായ ഇഗ്നാത്തിയോസിന്റെ കൈവശമുണ്ടായിരുന്ന അപ്പവും മീനുമാണ് കർത്താവ് വാഴ്ത്തിയത് എന്ന് സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു. അതുകൊണ്ട് നാം ഇപ്രകാരം പാടുന്നു.

"ദൈവധാരി" എന്നർത്ഥമുള്ള പ.ഇഗ്നാത്തിയോസ് നൂറോനോ നമ്മുട കർത്താവിന്റെ ജിവമേശയിൽ അർപ്പിച്ച് അവനേ പ്രസാദിപ്പിക്കുകയും, സത്യസഭയുടെ തലമുറ തലമുറയായി നിലനിൽക്കുന്ന വിശ്വാസി സമൂഹത്തിന് കർത്താവിനേ ആരാധിക്കുവാൻ നൽകുകയും ചെയ്ത ഈ പരിശുദ്ധന്റെ വി. കുർബ്ബാനാക്രമം കൊച്ചുതിരുമേനിയുടെ പെരുന്നാളിൽ ഈ പള്ളിയിൽ അർപ്പിക്കപ്പെടുകയാണ്.

*പ്രോഗ്രാം* : നവംബർ 1 ഞായർ : പ്രഭാതപ്രാർത്ഥന, 8.15ന് വി. കുർബ്ബാന (പ. ഇഗ്നാത്തിയോസ് നൂറോനോയുടെ ക്രമം യൂഹാനോൻമോർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാനകാർമ്മികത്വത്തിൽ, തുടർന്ന് പ്രസംഗം, യൂത്തുവാരാഘോഷ ഉത്ഘാടനം, പ്രദിക്ഷിണം, ആശിർവാദം, കൈമുത്ത്, ഭക്ഷണം. വൈകിട്ട് 5ന് ആത്മനവീകരണധ്യാനം, സന്ധ്യാപ്രാർത്ഥന, അഖണ്ഡപ്രാർത്ഥന, വചനപ്രഘോഷണം ഫാ. റോയി ജോർജ്, കട്ടച്ചിറ (വികാരി, സെന്റ് മേരീസ് പള്ളി, കട്ടച്ചിറ, കായംകുളം) 8.45ന് സൂത്താറ, ആശിർവാദം.

### കർത്താവിൽ നിദ്രപ്രാപിച്ചു

## ചുവന്നമണ്ണ് പൗലോസ് കോർഎപ്പിസ്കോപ്പ



ചുവന്നമണ്ണ്: യാക്കോബായ സുറിയാനി സഭയിലെ സീനിയർ വൈദീകനായ മാത്തൻകുടിയിൽ പൗലോസ് കോർഎപ്പിസ്കോപ്പ (94) അന്തരിച്ചു. കബറടക്കം വെള്ളിയാഴ്ച രാവിലെ പത്തിന് ചുവന്നമണ്ണ് സെന്റ് ജോർജ് യാക്കോബായ പള്ളി സെമിത്തേരിയിൽ ഡോ. ഏബ്രഹാം മോർ സേവേറിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, ഗീവർഗ്ഗീസ് മോർ അത്തനാസിയോസ്, കുറിയാക്കോസ് മോർ ദിയസ്കോറോസ്, കുറിയാക്കോസ് മോർ യൗസേബിയോസ്, ഏലിയാസ് മോർ അത്താനാസിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ് എന്നീ മെത്രപ്പൊലിത്തൻമാരുടെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

1917 ജനുവരി 26-ാം തീയതി കടാതി കരയിൽ മാത്തൻകുടിയിൽ വർക്കി- ഏലി ദമ്പതികളുടെ മകനായി ജനിച്ചു. 1957-ൽ വൈദീകനായി. ഇടവക പള്ളിയായ ചുവന്നമണ്ണ് സെന്റ് ജോർജ് പള്ളിയിൽ 40 വർഷം വികാരിയായിരുന്ന അദ്ദേഹം പിന്നീട് കോർഎപ്പിസ്കോപ്പയായി. കൊച്ചി, അങ്കമാലി, തൃശൂർ ഭദ്രാസനങ്ങളിലെ പീച്ചി, കണ്ണാറ, ചവറാംപാടം, എളനാട്, വാൽക്കുളമ്പ്, തേനിടുക്ക്, തൃക്കണായ, മണ്ണുത്തി കത്തിഡ്രൽ, കുന്നംകുളം സിംഹാസന പള്ളി, തൃശൂർ സിംഹാസന പള്ളി, മരോട്ടിച്ചാൽ പാത്രിയർക്ക സെന്റർ തുരുത്തിശേരി, പുത്തൻ കുരിശ് എന്നീ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. കുടിയേറ്റ മേഖലയായ തൃശൂർ, പാലക്കാട് ജില്ലകളിൽ വിവിധ ദൈവാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സഭയുടെ ഉന്നതാധികാര സമിതികളിൽ അംഗമായിരുന്നു.

ഭാര്യ പരേതയായ മറിയം, മക്കൾ: ജേക്കബ്, വർഗീസ്, ബേബി മരുമക്കൾ: ലീലാമ്മ, ചിന്നമ്മ. സ്പീക്കർ കെ. രാധാകൃഷ്ണൻ, രാജാജി മാത്യു തോമസ് എം. എൽ. എ. എന്നിവർ അന്ത്യോപചാരം അർപ്പിച്ചു.

അന്ത്യോഖ്യാ വിശ്വാസസംരക്ഷണത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്ത വന്ദ്യ പുരോഹിത ശ്രേഷ്ഠന് വിശ്വാസസംരക്ഷകൻ പ്രവർത്തകരുടെ ആദരാജ്ഞലികൾ.

## കർത്താവിൽ നിദ്രപ്രാപിച്ചു



തിരുവനന്തപുരം: കരിമ്പനയ്ക്കൽ കെ. സി. ജോർജിന്റെ മകൾ ഷെറിൻ ജോർജ് (16) കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം 2009 ഓഗസ്റ്റ് 21 ന് സെന്റ് പീറ്റേഴ്സ് സിംഹാസന കത്തിഡ്രലിന്റെ നലാഞ്ചിറ സെമിത്തേരിയിൽ നടത്തപ്പെട്ടു. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പൊലിത്ത, ഫാ. ദാനിയേൽ ജോസഫ്, ഫാ. ഏബ്രഹാം കട്ടത്തറ, ഫാ. സ്ലീബാ പോൾ വട്ടവേലിൽ, ഡീക്കൻ ഡോ പോൾ സാമുവേൽ, ഡി. റെജി മാത്യു, ഡീക്കൻ ബെനറ്റ്, മുൻമന്ത്രി ടി. എം. ജേക്കബ്, ഡോ. ഡി. ബാബുപോൾ എന്നിവരടക്കം വൻജനാവലി ശവസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി വസതിയിലെത്തി അനുശോചനം അറിയിച്ചു.

സൺഡേസ്ക്കൂൾ പരീക്ഷകളിൽ അഖില മലങ്കര വിജയി, സെന്റ് പീറ്റേഴ്സ് ഗായകസംഘത്തിലും ബാലകലോത്സവങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്ന കുമാരി ഷെറിൻ ജോർജിന്റെ വേർപാട് ഇടവകയ്ക്ക് ഏറെ നൊമ്പരമുളവാക്കി.

# അയർലണ്ട് കുടുംബ സംഗമം സമാപിച്ചു













## ആഹ്ലാദത്തിന്റെ നിമിഷങ്ങൾ

അയർലണ്ടിലെ മുഴുവൻ യാക്കോബായ സുറിയാനി ക്രിസ്ത്യാനികളേയും സംഘടിപ്പിച്ച് കൗണ്ടി ഗാൽവെയിലെ അത്തെന്റിയിലുള്ള എസ്കർ മൊനാസ്ട്രിയിൽ വച്ച് സെപ്റ്റംബർ 19, 20 (ശനി, ഞായർ) തിയതികളിൽ നടത്തിയ കുടുംബസംഗമം വളരെ വിജയകരമായി പര്യാവസാനിച്ചു. കുര്യാക്കോസ് മോർ ദിയസ്കോറോസ്, ഡോ. ഗീവർഗീസ് മോർ കൂറിലോസ് എന്നീ പിതാക്കന്മാർ മുഖ്യാതിഥികളായിരുന്ന പരിപാടിയിൽ നൂറുകണക്കിന് വിശ്വാസികൾ കുടുംബമായി പങ്കെടുത്തു. ബൈബിൾക്ലാസ്സുകൾ കലാകായികമത്സരങ്ങൾ എന്നിവയെ കൂടാതെ കുട്ടികൾക്കായി 'കിഡ്സ്‌വേൾഡും' സംഘടിപ്പിച്ചിരുന്നു. കായിക മത്സരത്തിൽ വടം വലി ഏറ്റവും വാശിയേറി ഇനം ആയിരുന്നു. കൂടാതെ ക്രിസ്തിയീയ ഭക്തിഗാനം (സോളോ - ഗ്രൂപ്പ്) ആക്ഷൻ സോംഗ്, ഭരതനാട്യം, സിനിമാറ്റിക് ഡാൻസ്, നാടൻപാട്ട്, വഞ്ചിപ്പാട്ട് തുടങ്ങിയവ പരിപാടികൾക്ക് മാറ്റ്കൂട്ടി. ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാന നടത്തപ്പെട്ടു അയർലണ്ടിലെ വിവിധ സ്ഥലങ്ങളിലുള്ള യാക്കോബായ വിശ്വാസികൾക്ക് പരസ്പരം കാണുവാനും സ്നേഹബന്ധം സ്ഥാപിക്കുവാനും, അതിലൂടെ സഭയുടെ വളർച്ചയ്ക്ക് മാറ്റുകൂട്ടുവാനും സർവ്വോപരി സ്നേഹവും ക്രിസ്ത്രീയ വിശ്വാസവും അരക്കിട്ടുറപ്പിക്കുവാനും ഈ മഹാസംഗമം വേദിയായി എന്നു എല്ലാവർക്കും അഭിപ്രായപ്പെട്ടു. മേഖലാ പാത്രിയർക്കൽ വികാരി കുര്യാക്കോസ് മോർ ദിയസ്ക്കോറോസ് തിരുമേനി പരിപാടികൾക്ക് നേതൃത്വം നൽകി.



## അയർലണ്ട് മേഖലാ കൗൺസിൽ നിലവിൽ വന്നു



അയർലണ്ട്: പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള സുറിയാനി ഓർത്തഡോക്സ് സഭയുടെ അയർലണ്ടിലെ മേഖലാ കൗൺസിലിന്റെ ഒരു യോഗം അയർലണ്ടിന്റെ പാത്രിയർക്കൽ വികാരിയായ അഭി. കുരിയാക്കോസ് മോർ ദീയസ്കോറോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 2009 ഓഗസ്റ്റ് 21-ാം തീയതി കൗണ്ടി ഒഫാലിയിലുള്ള റ്റുല്ലാമോറിൽ വച്ച് കൂടി.

സെപ്റ്റംബർ 19,20 തീയതികളിൽ കൗണ്ടി ഗോൾവ്വേയിലുള്ള അത്തെൻട്രിയിൽ വച്ച് നടത്തപ്പെട്ട ഫാമിലി കോൺഫറൻസിന്റെ അവലോകനമായിരുന്നു പ്രധാന ചിന്താവിഷയം. കൗൺസിൽ മീറ്റിംഗിൽ റവ ഫാ. ബാബു ഏലിയാസ് (കൗൺസിൽ സെക്രട്ടറി), റവ ഫാ. ജോബിമോൻ സ്കറിയ, റവ ഡീ അഭിലഷ് (അഭി. തിരുമേനിയുടെ സെക്രട്ടറി), റെജി ജോൺ സി യു, തോമസ് വർഗീസ്, ജോബിസ് സ്കറിയ, ജിൻസ്സൺ പീറ്റർ, പി ജെ വർഗീസ്, ടോമി ജേക്കബ്, എബി എന്നിവർ പങ്കെടുത്തു.





# യു. കെ. യാക്കോബായ കുടുംബ സംഗമം ചരിത്രവിജയമായി



യു കെ സിറിയൻ ഓർത്തഡോക്സ് ഫാമിലി കോൺഫറൻസിൽ സംബന്ധിക്കുവാൻ എത്തിയ ശ്രേഷ്ഠ കാതോലിക്കാ ബാവായെയും കുറിയാക്കോസ് മോർ ദിയസ്ക്കോറോസ്, ഗീവർഗിസ് മോർ കൂറിലോസ് എന്നീ മെത്രപ്പോലീത്താമാരെ വേദിയിലേക്ക് സ്വീകരിച്ചാനയിക്കുന്നു.





ലണ്ടൻ: സെപ്റ്റംബർ 12,13 തിയതികളിലായി ലണ്ടൻ സെന്റ് തോമസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പളളിയുടെ ആതിഥേയത്വത്തിലും യുകെയിലെ എല്ലാ യാക്കോബായ സുറിയാനി ഓർത്തഡോക്സ് പളളികളുടെ സഹകരണത്തിലും മോർ ബസേലിയോസ് പൌലോസ് രണ്ടാമൻ നഗറിൽ (ലണ്ടൻ ഇൽഫാർഡ് ടൗൺഹാൾ) നടത്തിയ യുകെ യാക്കോബായ സുറിയാനി ഓർത്തഡോക്സ് കുടുംബ സംഗമവും, മലങ്കര യാക്കോബായ സുറിയാനി സഭയുടെ യുകെ മേഖലയുടെ ആദ്യ ആരാധനാ രജതജൂബിലി ആഘോഷവും ചരിത്രവിജയമായി.



12 ശനിയാഴ്ച രാവിലെ 10ന് യുകെ പാത്രിയർക്കൽ വികാരി ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ശ്രേഷ്ഠ കതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവ രണ്ടു ദിവസം നീണ്ടു നിന്ന കുടുംബ സംഗമത്തിന് തിരിതെളിച്ചു. അയർലണ്ട് പാത്രിയർക്കൽ വികാരിയും സിംഹാസന പളളികളുടെ മെത്രാപ്പോലീ ത്തയുമായ കുറിയാക്കോസ് മോർ ദിയസ്ക്കോറോസ്, ഫാ. ജേക്കബ് തോമസ്, ഫാ.ബിജി ചിറത്തിലാട്ട്, ഷിബു തെക്കുംപുറം എന്നിവർ പ്രസംഗിച്ചു. ഫാ. രാജു ചെറുവളളിൽ സ്വാഗതവും ജിബി ആൻഡ്രൂസ് നന്ദിയും പറഞ്ഞു.

ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ കുടുബസംഗമത്തിന്റെ മുഖ്യ ചിന്താവിഷയമായ 'എഴുന്നേറ്റ് പ്രകാശിക്കൂ' (ഏശയ്യ 60:1) എന്ന വിഷയം അവതരിപ്പിച്ചു. ഉച്ചയ്ക്ക് ശേഷം ചേർന്ന സമ്മേളനത്തിൽ ബെൽഫാസ്റ്റ് ബൈബിൾ കോളേജിലെ ഫാ. ജേക്കബ് തോമസ് ക്ലാസെടുത്തു. വൈകിട്ട് ചേർന്ന യോഗത്തിൽ സുറിയാനി ഓർത്തഡോക്സ് വിശ്വാസത്തെ സംബന്ധിച്ച് ഫാ. ബിജി ചിറത്തിലാട്ട് ക്ലാസെടുത്തു. തുടർന്ന് സന്ധ്യാ പ്രാർത്ഥനയും വിവിധ കലാപരിപാടികളും നടത്തി. 13 ഞായറാഴ്ച രാവിലെ 10ന് ലണ്ടൻ സെന്റ് തോമസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പളളിയിൽ (സെന്റ് മേരീസ് അൾഡർ മേരി പളളിയിൽ (ലണ്ടൻ ക്വീൻ വിക്ടോറിയ സ്ട്രീറ്റ്) എത്തിച്ചേർന്ന ശ്രേഷ്ഠ കതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവയേയും കുറിയാക്കോസ് മോർ ദിയസ് ക്കോറോസ് മെത്രാപ്പോലീ ത്തായെയും ഡോ. ഗീവർഗീസ് മോർ കൂറിലോസ മെത്രപ്പൊലിത്തായേയും വൈദികരെയും യുകെ റീജിയണൽ കൗൺ സിൽ അംഗങ്ങളുടെയും പളളിഭരണ സമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ വിശ്വാസികളും ചേർന്ന് ഊഷ്മളമായി സ്വീകരിച്ചു.

പ്രഭാത നമസ്കാരത്തെ തുടർന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ വി.അഞ്ചിന്മേൽ കുർബ്ബാന നടത്തപ്പെട്ടു.

ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ കുറിയാക്കോസ് മോർ ദിയസ് ക്കോറോസ് മെത്രാപ്പോലീത്താ, യു കെയിലെ മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ആദ്യ ആരാധനയുടെ രജതജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവ തിരുമനസുകൊണ്ട് രജതജൂബിലി സ്മരണിക പ്രകാശനം ചെയ്തു. ബ്രിട്ടനിലെ ഇൻഡ്യൻ ഹൈക്കമ്മീഷണർക്കു വേണ്ടി കുര്യൻ മാത്യു ആശംസകളർപ്പിച്ചു. സംഗമത്തിന്റെ ലോഗോ രൂപ കല്പന ചെയ്ത എബിൻ ജോസഫിന് ബാവാ പുരസ്കാരം നൽകിയാദരിച്ചു. ചടങ്ങിൽ യുകെയിൽ 25 വർഷം പൂർത്തിയാക്കിയ കുടുംബങ്ങളെ ബാവ പൊന്നാട അണിയിച്ച് ആദരിച്ചു.

സമാപന സമ്മേളനത്തിൽ യുകെ പാത്രിയർക്കൽ വികാരി ഡോ. ഗീവർഗീസ് മോർ കൂറിലോസ് സ്വാഗതവും ഫാ. ഗീവർഗിസ് തണ്ടായത്ത് നന്ദിയും പറഞ്ഞു. സ്നേഹവിരുന്നോടു കൂടി യുകെ യാക്കോബായ കുടുംബസംഗമം സമാപിച്ചു.



## സുവനിർപ്രകാശനം ചെയ്തു.

*രാജുവേലംകാലാ*



മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ യു.കെയിൽ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് പൌലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാന ആരംഭിച്ചതിന്റെ രജതജൂബിലി ആഘോഷം സെപ്റ്റംബർ 13-ാം തിയതി ലണ്ടൻ സെന്റ് തോമസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പളളിയുടെ ആതിഥേയത്തിലും ലണ്ടനിലുളള എല്ലാ യാക്കോബായ സുറിയാനി ഓർത്തഡോക്സ് പളളികളുടെ സഹകരണത്തിലും വിപുലമായ പരിപാടികളോടു കൂടി ആഘോഷിച്ചു. ഇതോടനുബന്ധിച്ച് കഴിഞ്ഞ 25 വർഷത്തെ ചരിത്രമുഹൂർത്തങ്ങൾ അനുസ്മരിച്ചുകൊണ്ടു രജതജൂബിലി ആഘോഷത്തിന്റെ സ്മരണക്ക് ഒരു നാഴികക്കല്ലായി ഒരു സ്മരണിക പുറത്തിറക്കി. സ്മരണികളുടെ ആദ്യ കോപ്പി ശ്രേഷ്ഠകാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ അയർലന്റ് പാത്രിയർക്കൽ വികാരി കുറിയാക്കോസ് മോർ ദിയസ്കോറോസ് തിരുമേനിക്ക് നൽകികൊണ്ട് പ്രകാശനം നിർവ്വഹിച്ചു. ചടങ്ങിൽ യു.കെ പാത്രിയർക്കൻ വികാരി ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രപ്പൊലിത്ത സ്വാഗതവും ഫാ. ഗീവറുഗീസ് തണ്ടായത്ത് നന്ദിയും പറഞ്ഞു.

## പ. പാത്രിയർക്കീസ് ബാവയെ അർമ്മേനിയൻ കാതോലിക്കോസ് സന്ദർശിച്ചു.





ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയെ അർമ്മേനിയൻ ഓർത്തഡോക്സ് സഭയുടെ പ. അരാം പ്രഥമൻ കാതോലിക്കാ ബാവയും, മെത്രാപ്പോലീത്താമാരും സഭാ പ്രതിനിധികളും അടങ്ങുന്ന സംഘം സന്ദർശിച്ച് ചർച്ചകൾ നടത്തി. അർമ്മേനിയൻ സംഘത്തിനും തനിക്കും നൽകിയ സ്നേഹബഹുമാനാദരവുകൾക്ക് പ. അരാം പ്രഥമൻ കാതോലിക്കോസ് നന്ദി പ്രകാശിപ്പിച്ചു. സുറിയാനി സഭയെ നയിക്കാൻ പ. പാത്രിയർക്കീസ് ബാവയ്ക്ക് ആയുസ്സും ആരോഗ്യവും ഉണ്ടാകട്ടെയെന്നും എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് പ. പാത്രിയർക്കീസ് ബാവ നൽകുന്ന നേതൃത്വം സ്തുത്യർഹമാണെന്നും പ. അരാം പ്രഥമൻ ബാവാ പറഞ്ഞു. അർമ്മേനിയൻ സഭ, സുറിയാനി സഭയുടെ സഹോദരീ സഭയാണെന്നും, അർമ്മേനിയൻ സഭയ്ക്ക് വിജയാശംസകൾ നേരാൻ ഈ അവസരം ഉപയോഗിക്കുന്നു എന്നും പ. പാത്രിയർക്കീസ് ബാവ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ഇരുസഭകളുടെയും ബന്ധത്തെപ്പറ്റി ചോദിച്ച ചോദ്യങ്ങൾക്ക് പ. ബാവാ മറുപടി നൽകി. പ. അരാം പ്രഥമൻ ബാവായുടെ ബഹുമാനാർത്ഥം പ. പാത്രിയർക്കീസ് ബാവാ ഒരുക്കിയ വിരുന്നിൽ എല്ലാവരും സംബന്ധിച്ചു.

## ബ്രിസ്റ്റോളിൽ വി. ബസേലിയോസ് യൽദോ ബാവയുടെ ഓർമപ്പെരുന്നാൾ ആഘോഷിച്ചു.





ബ്രിസ്റ്റോൾ : മോർ ബസേലിയോസ് യൽദോ യാക്കോബായ സുറിയാനി ഓർത്തഡോക്സ് പളളിയിൽ പരിശുദ്ധ ബസേലിയോസ് യൽദോ ബാവയുടെ ഓർമ്മപ്പെരുന്നാളും ഭക്തസംഘടനകളായ സൺഡേ സ്കൂൾ മർത്തമറിയം വനിതാ സമാജം എന്നിവയുടെ വാർഷികം നടത്തി.

ബ്രിസ്റ്റേൾ ഹെൻബറിലുളള സെന്റ് ആന്റണീസ് പളളിയിൽ എത്തിച്ചേർന്ന യു.കെ പാത്രിയർക്കീസ് വികാരി ഡോ. ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയെ വൈദികരും പളളി മാനേജിംഗ് കമ്മിറ്റിയംഗങ്ങളും വിശ്വാസികളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് സന്ധ്യാ പ്രാർത്ഥന നടത്തി. ഫാ. രാജു ചെറുവളളിലിന്റെ അധ്യക്ഷതയിൽ ചേർന്ന ഭക്ത സംഘടനകളുടെ വാർഷികം ഗീവർഗീസ് മോർ കൂറിലോസ് മെത്രപ്പൊലിത്ത ഉദ്ഘാടനം ചെയ്തു. ഗീവർഗീസ് തണ്ടായത്ത് ആശംസ പ്രസംഗം നടത്തി. തുടർന്ന് കുട്ടികളും മുതിർന്നവരുടേയും വിവിധ കലാപരിപാടികളും നടത്തി.

ഇടവകാംഗമായ അഖിൽ ജേക്കബിന്റ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഞായറാഴ്ച രാവിലെ പത്തിന് പ്രഭാത നമസ്കാരവും ഡോ. ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയുടെ കാർമികത്വത്തിൽ കുർബാനയും തുടർന്ന് അനുഗ്രഹ പ്രഭാഷണവും നടത്തി. തുടർന്ന് പ്രദക്ഷണം, ആശീർവാദം, കൈമുത്ത്, ആദ്യഫലലേലം, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് ഫാ. സജി ഏബ്രഹാം, ട്രസ്റ്റി നെൽസൺ, സെക്രട്ടറി ഷാജി, കൗൺസിൽ മെംബർമാരായ വർഗീസ് ജേക്കബ്, തങ്കച്ചൻ, ഷിജി എന്നിവർ നേതൃത്വം നൽകി.





# 5-ാംമത് മധ്യയൂറോപ്യൻ കുടുംബ സംഗമം ഭക്തി സാന്ദ്രമായി വിയന്നായിൽ സമാപിച്ചു

## എം.എസ്.ഒ.സി യൂറോപ്പ് പി.ആർ.ഒ കക്കാട്ട് വർഗീസ് തോമസ് (ബെന്നി)

മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയിലെ മധ്യയൂറോപ്പ് ഭദ്രാസനത്തിലെ 5-ാം മത് കുടുംബസംഗമം അനുഗ്രഹ നിറവിൽ വിയന്നായിൽ സമാപിച്ചു. സെപ്റ്റംബർ 18 -ന് വിയന്നായിലെ സമ്മേളന നഗരിയിൽ മധ്യയൂറോപ്പിന്റെ ഇടവക മെത്രപ്പെലിത്ത ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് പാത്രിയർക്ക പതാക ഉയർത്തിയതോടെ, മധ്യയൂറോപ്പിലെ യാക്കോബായ കുടുംബങ്ങളുടെ സംഗമത്തിന് തുടക്കം കുറിച്ചു. ജർമ്മനി, സ്വിറ്റ്സർലണ്ട്, ഇറ്റലി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിലെ ഇടവകകളിൽ നിന്നും എത്തിയ കുടുംബങ്ങളാണ് വിയന്നായിലെ (ഓസ്ട്രിയ) സിറിയൻ ഓർത്തഡോക്സ് കൾച്ചറൽ സെന്ററിൽ ഒന്നിച്ചു ചേർന്നത്.

മോർ തെയോഫിലോസ് മെത്രപ്പൊലിത്ത ഉത്ഘാടന പ്രസംഗത്തിൽ 'വിദേശരാജ്യങ്ങളിലായിരിക്കുമ്പോഴും വിശ്വാസ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയേപ്പറ്റിയും വരും തലമുറകൾക്ക് അത് പകർന്നു നൽകുന്നതിന് കുടുംബങ്ങളിൽ' സ്വീകരിക്കേണ്ട പ്രധാന മാർഗ്ഗങ്ങളെപറ്റിയും വിശദീകരിച്ചു. തുടർന്ന് കോർഎപ്പിസ്കോപ്പ ഡോ. ആദായി ജേക്കബ് ഫാമിലി കോൺഫറൻസിലെ പ്രധാന ചിന്താവിഷയമായ ''എന്നിൽ വിശ്വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും'' എന്ന വിഷയം അവതരിപ്പിച്ചു.

രണ്ടാം ദിവസം പ്രാർത്ഥനയോടെ തുടങ്ങിയ യോഗം മുതിർന്നവർക്കും, യുവജനങ്ങൾക്കും, കുട്ടികൾക്കും പ്രത്യേകം പ്രത്യേകമായിരുന്നു ക്ലാസുകൾ. ''വലുപ്പചെറുപ്പവ്യത്യാസമില്ലാതെ ഒരു ശരീരത്തിലെ അവയവങ്ങൾ ഒന്നിച്ചു പ്രവർത്തിയ്ക്കുമ്പോഴാണ് അതിന്റെ പ്രവർത്തനം പൂർണ്ണമാകുന്നത്... പിതൃ, പുത്ര, പരിശുദ്ധ റൂഹപോലെ ഒന്നിച്ചു നിൽക്കുന്നതായിരിക്കണം ഭാര്യാഭർതൃബന്ധവും, കുടുംബജീവിതവും. തണ്ടാകുന്ന ക്രിസ്തുവിനോട് ഒട്ടി ചേർന്ന് കുടുംബവും, കുടുംബാഗംങ്ങളും വളരണം. അപ്പോൾ കുടുംബത്തിൽ സർവ്വ ഐശ്വര്യ അനുഗ്രഹങ്ങളും ഉണ്ടാകും എന്ന സന്ദേശത്തോടെ അനുഗ്രഹ വർഷം ചൊരിഞ്ഞ മെത്രാപ്പൊലിത്തായുടെ ക്ലാസ്സ് സമാപിച്ചു. തുടർന്ന് ആദായി ജേക്കബ് കോർഎപ്പിസ്കോപ്പ ഡോ. തോമസ് ജേക്കബ് എന്നിവർ ക്ലാസ്സുകൾ എടുത്തു. തുടർന്ന് ''കക്കാട്ട് വറുഗീസ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫി''ക്കുവേണ്ടിയുള്ള വാശിയേറിയ ബൈബിൾ ക്വിസ് മത്സരം നടത്തി. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം പൊതു സമ്മേളനവും സാംസ്ക്കാരിക പരിപാടികളും നടന്നു. പൊതു സമ്മേളനത്തിൽ യാക്കോബ് പടിയ്ക്കക്കുടി സ്വാഗതമാശംസിച്ചു. ഇടവക മെത്രപ്പൊലിത്ത ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് നിലവിളക്ക് കൊളുത്തി യോഗത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. തുടർന്ന് 20-ാം വാർഷികം ആഘോഷിക്കുന്ന ആഥിധേയരരായ വിയന്നാ സെന്റ് മേരീസ് ഇടവക, വാർഷികത്തോടനുബന്ധിച്ച് പുറത്താക്കിയ സുവനിർ പ്രകാശനം ചെയ്തു. എഡിറ്ററായ എൽദോസ് പാൽപ്പാത്ത് ആദ്യപ്രതി സിറിയൻ ഓർത്തഡോക്സ് ചർച്ച് വികാരി ഐദിൻ കോർഎപ്പിസ്കോപ്പയ്ക്ക് സമ്മാനിച്ചു.



കുടുംബ സംഗമം ഡോ. കുറിയാക്കോസ് മോർ തെയോഫിലോസ് ഉദ്ഘാടനം ചെയ്യുന്നു

തുടർന്ന് കലാപരിപാടികൾ അരങ്ങേറി, സ്വിറ്റ്സർലണ്ട് ഇടവകയും വിയന്ന ഇടവകയും അവതരിപ്പിച്ച കലാപരിപാടികൾ പ്രത്യേകം എടുത്തു പറയേണ്ടവയും കാണികളുടെ മനം കവർന്നവയും ആയിരുന്നു. മൂന്നാം ദിവസം ഫാ. ജോമി ധ്യാനം നടത്തി. തുടർന്ന് മോർ തെയോഫിലോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാനയും, തുടർന്ന് മധ്യയൂറോപ്പ് ഭദ്രാസന പൊതുയോഗവും നടന്നു. പൊതുയോഗത്തിന് ജോർജ്ജ് പടിയ്ക്കക്കുടി സ്വാഗതമാംശസിച്ചു. പിന്നീട് മത്സര വിജയികൾക്കും, സൺഡേസ്കൂൾ കുട്ടികൾക്കും സമ്മാനദാനം നടന്നു. വിയന്നാ ഇടവക സെക്രട്ടറി സാജു മാത്യു ചേലപ്പുറത്ത് നന്ദി പറഞ്ഞു










## വിയന്നായിൽ മോർ ബസേലിയോസ് ബാവയുടെ നാമത്തിൽ പുതിയ കോൺഗ്രിഗേഷൻ

മധ്യയൂറോപ്പ് ഡയോസിസിന്റെ കീഴിൽ വിയന്നായിൽ പുതിയ ഇടവക ആരംഭിച്ചു. ഫാ. ഡോ. ബിജി ചിറത്തലാട്ടാണ് പുതിയ ദൈവാലയത്തിന്റെ വികാരി. വി കുർബ്ബാനയെ തുടർന്ന് നടന്ന യോഗത്തിൽ ഫാ. തോമസ് തണ്ടാപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ വിയന്നായിലെ മെത്രപ്പൊലിത്ത ആബാ ഗബ്രിയേൽ യോഗം ഉദ്ഘാടനം ചെയ്തു. ഡോ. ഇമ്മാനുവേൽ ഐഡീൽ കോർഎപ്പിസ്കോപ്പ, ജോസഫ് ഇലിയാ റമ്പാൻ എന്നിവർ ആശംസകൾ അർപ്പിച്ചു.





## യാക്കോബായ ഭദ്രാസന കൗൺസിലിന്റെ പുതിയ ഭാരവാഹികൾ

മലങ്കര യാക്കോബായ സുറിയാനി സഭയുടെ മധ്യയൂറോപ്യൻ ഭദ്രാസനാധിപൻ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത പ്രസിഡന്റായി ഭദ്രാസനത്തിന്റെ അടുത്ത 2 വർഷത്തേക്കുള്ള ജനറൽ കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തത്. ജർമ്മനി, സ്വിറ്റ്സർലണ്ട്, ഓസ്ട്രിയ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഇടവകാംഗങ്ങളാണ് പൊതുയോഗത്തിൽ പങ്കെടുത്തത്. ജനറൽ കൗൺസിൽ അംഗങ്ങൾ: ഫാ. തോമസ് ജേക്കബ് (വൈദിക സെക്രട്ടറി), ഫാ. ജോമി ജോസഫ്, ഫാ. ബിജു പാറേക്കാട്ടിൽ (വൈസ് പ്രസിഡന്റ്), ജോർജ്ജ് പടിയ്ക്കക്കുടി (ആൽമായ സെക്രട്ടറി), ബാബു മാത്യു (കാഷ്യർ), കക്കാട് വർഗീസ് തോമസ് (പി.ആർ.ഒ)

കൗൺസിൽ അംഗങ്ങൾ: ജോളി തുരുത്തുമ്മേൽ, ജേക്കബ് കലിംകൂട്ടിൽ, ചെറിയാൻ പുതുവാപ്പറമ്പിൽ. ഭക്തസംഘടനകളുടെ പ്രതിനിധികൾ: ഷെവ. കുര്യാക്കോസ് തടത്തിൽ (സൺഡേസ്കൂൾ ഡയറക്ടർ), സുമ കക്കാട്ട് (വനിതാ സമാജം സെക്രട്ടറി), സിജ പ്രദീപ് (വനിതാ സമാജം ജോ സെക്രട്ടറി), പ്രദീപ് പൗലോസ് (യൂത്ത് അസോസിയേഷൻ സെക്രട്ടറി). ഇതുകൂടാതെ മധ്യയൂറോപ് മർത്തമറിയം വനിതാ സമാജം വൈസ് പ്രസിഡന്റായി ഫാ. ജോമി ജോസഫിനെയും, യൂത്ത് അസോസിയേഷൻ മധ്യയൂറോപ് വൈസ് പ്രസിഡന്റായി ഫാ. ബിജു പാറേക്കാട്ടിലിനെയും തിരഞ്ഞെടുത്തു.



## ബിബ്ലിക്കൽ അക്കാഡമി തുമ്പമൺ ഭദ്രാസനത്തിലാരംഭിച്ചു.



തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് ബിബ്ലിക്കൽ അക്കാഡമി പ്രവർത്തനമാരംഭിച്ചു. ഒക്ടോബർ 17-ാം തീയതി പത്തനംതിട്ട സെന്റ് മേരീസ് കത്തീഡ്രലിൽ ഭദ്രാസന മെത്രപ്പൊലിത്ത യൂഹാനോൻ മോർ മിലിത്തോസ് അക്കാഡമിയുടെ ഉദ്ഘാടനം നിർവഹിച്ചു.

അക്കാഡമി ഡയറക്ടർ ഫാ. സാജൻ റ്റി.ജോൺ, കോർഎപ്പിസ്കോപ്പമാർ, വൈദികർ, ഡോ.ജോസ് ഡി കൈപ്പിള്ളിൽ തുടങ്ങി നിരവധി സഭാംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു ഒരു വർഷത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഡിറ്റിഎസ് ഡിപ്ലോമാ സർട്ടിഫിക്കറ്റ് നൽകും.

## എം.ജി.ജെ.സി എസം പ്രതിനിധികൾ ശ്രേഷ്ഠബാവയെ സന്ദർശിച്ചു.



യാക്കോബായ സഭയിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഭാരവാഹികളായ പ്രശോബ്, ജിജോ,സിബി, പോൾ എന്നിവർ ശ്രേഷ്ഠബാവ മെത്രപ്പൊലിത്തായെ സന്ദർശിച്ചു. പ്രസ്ഥാനത്തിന്റെ ഭാവിപ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ശ്രേഷ്ഠബാവയെ ധരിപ്പിച്ചു. മാത്യൂസ് മോർ അപ്രേം, കുറിയാക്കോസ് മോർ ക്ലീമ്മിസ് എന്നീ മെത്രപ്പൊലിത്താമാരേയും സഭാ സെക്രട്ടറി ബാർ ഈത്തോ മാഹീറോ തമ്പു ജോർജ് തുകലനേയും വിദ്യാർത്ഥി പ്രസ്ഥാന പ്രതിനിധികൾ സന്ദർശിച്ചു.

## രജതജൂബിലി കൺവൻഷൻ: റജിസ്ട്രേഷൻ കിക്കോഫ് നടത്തി



ഫിലദൽഫിയ: 2010 ജൂലൈ 22-25 വരെ ന്യൂജഴ്സിയിലെ സോമർസെറ്റിലുള്ള ഡാർഡൻ സ്റ്റേറ്റ് കൺവൻഷൻ സെന്ററിൽ നടക്കുന്ന മലങ്കര ആർച്ച് ഡയോസിസ് രജതജൂബിലി കൺവൻഷന്റെ റജിസ്ട്രേഷൻ കിക്കോഫ് നടത്തി. ഒക്ടോബർ 10ന് ഫിലദൽഫിയയിലെ സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പളളിയിൽ വച്ചായിരുന്നു പരിപാടി. വി. കുർബ്ബാനയ്ക്ക് ശേഷം ഭദ്രാസന ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ് മെത്രാപ്പോലിത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, ഡെലവർ, മെരിലാൻഡ് എന്നിവിടങ്ങളിൽ നിന്നായി നിരവധി വിശ്വാസികൾ പങ്കെടുത്തു.

ജൂബിലി കൺവൻഷൻ ജനറൽ കൺവീനർ ജോബി ജോർജ്ജ് കൺവൻഷൻ ക്രമീകരണങ്ങളെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് ഷെവ. ജയിംസ് ജോണിന്റെ സ്പോൺസർഷിപ്പും, ജോബി ജോണിൽ നിന്ന് പ്രഥമ റജിസ്ട്രേഷനും സ്വീകരിച്ചുകൊണ്ട് ബിഷപ്പ് യൽദോ മോർ തീത്തോസ് കിക്കോഫ് ഉദ്ഘാടനം ചെയ്തു. പിന്നീട് ഭദ്രാസന ഭാരവാഹികൾ, വൈദികർ, ജൂബിലി കൺവൻഷൻ കോർഡിനേറ്റർമാർ, വിവിധ ഇടവകകളിൽ നിന്നുള്ള കുടുംബങ്ങൾ എന്നിവർ റജിസ്റ്റർ ചെയ്തു. എഴുപത് കുടുംബങ്ങൾ റജിസ്റ്റർ ചെയ്ത കിക്കോഫ് വിജയമാക്കാൻ പരിശ്രമിച്ച ജോബി ജോർജ്ജിനെയും സഹപ്രവർത്തകരെയും ആർച്ച് ബിഷപ് അനുമോദിച്ചു.

ഭദ്രാസനത്തിലെ വിവിധ മേഖലകളിലായി പ്രത്യേക റജിസ്ട്രേഷൻ കിക്കോഫുകൾ നടക്കുന്നതാണെന്ന് ജനറൽ കൺവീനർ അറിയിച്ചു. ജോബി ജോർജ്ജ് (ജനറൽ കൺവീനർ), ജോർജ്ജ് കോരുത് (നാഷണൽ കോർഡിനേറ്റർ), ഡോ. ജോർജ്ജ് കട്ടക്കുഴി (റജിസ്ട്രേഷൻ), അലക്സ് മാത്യു (ഫിനാൻസ് - ഫണ്ട്റെയിസിംഗ്), കെ. സി. വർഗീസ് (അക്കോമഡേഷൻ, ഹോസ്പിറ്റാലിറ്റി), ജീമോൻ ജോർജ്ജ് (കൾച്ചറൽ പ്രോഗ്രാം, ബിജു ചെറിയാൻ (പബ്ലിസിറ്റി, പബ്ലിക് റിലേഷൻസ്), ബാബു സ്കറിയ, സ്പോർട്സ് - ഗെയിംസ്), റെജി ടി വർഗീസ് (ഫെസിലിറ്റീസ്), ഡോ. സി പി മാത്യു (പ്രൊഡക്ഷൻ), രാജു ഏബ്രഹാം (ട്രാൻസ്പോർട്ടേഷൻ), ഏബ്രഹാം പുതുശേരി (സെക്യൂരിറ്റി) എന്നിവർ കോർഡിനേറ്ററുമാരായി 101 അംഗ കമ്മറ്റി ജൂബിലി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

## സിഡ്നിയിൽ ഗാന്ധിജയന്ധി ആചരിച്ചു




സിഡ്നി: ഒക്ടോബർ 2 ഗാന്ധിജയന്ധി ദിനത്തിൽ യു എൻ ഡിക്ലയർ ചെയ്ത ഇന്റർനാറ്റയോണൽ നൊൺ വയലൻസ് ഡേ ഭാരതീയ വിദ്യാഭവന്റെയും ഗാന്ധി സെന്റർ ആസ്ട്രേലിയായുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ഗാന്ധി പീസ് സെന്റർ ആസ്ട്രേലിയായും ഗ്ലോബൽവിഷൻ ഹോളിസ്റ്റിക് സെന്റർ കൂടി നൽകുന്ന പീസ് ആൻഡ് ഹാർമണി അവാർഡ് നൽകപ്പെട്ടു. സിഡ്ണി സെന്റ് മേരീസ് യാക്കോബായ പളളി വികാരി ഫാ. ജോർജ്ജ് വയലിപ്പറമ്പിൽ ശ്രേഷ്ഠ കാതോലിക്ക ബാവാക്കുവേണ്ടി ലോറി ഫെർഗുസൻ എം പിയിൽ നിന്നും (പാർലിമെന്ററി സെക്രട്ടറി ഫോർ മൾടി - കൾച്ചറൽ അഫയേഴ്സ് ആൻഡ് സെറ്റിൽമെന്റ് സർവ്വീസ്) പീസ് ആൻഡ് ഹാർമണി അവാർഡ് സ്വീകരിച്ചു. പീസ് ആൻഡ് ഹാർമണി അവാർഡിന് അർഹനായ പ്രശസ്ത ആസ്ട്രേലിയൻ ഗാന്ധിയൻ ഗാർവ്വിൻ ബ്രൗൺ ചടങ്ങിൽ ആദരിക്കപ്പെട്ടു. ബഹു. ഇന്ത്യൻ വാദേശകാര്യ മന്ത്രി എസ് ശശി തരൂരും ഈ പ്രശംസാപത്രത്തിനു അർഹനായിട്ടുണ്ട്. ഡോ. എസ് ശശി തരൂരിനെ കേരളത്തിൽ വച്ചു അനുമോദിക്കും. വിവിധ കലാപരിപാടികളും പ്രശസ്ത സംഗീതജ്ഞ സുജാതാ കൗർ സംഗീതാലാപനം നടത്തി. ഫാ. ജോർജ്ജ് വയലിപ്പറമ്പിൽ പീസ് സന്ദേശം നൽകി. ആന്തോണി റോബെർട്ട്സ്, എം പി ഷാഡോ മിനിസ്റ്റർ ഫോർ സിറ്റിസൻഷിപ്പ്), ലോറി ഫെർഗുസൻ എം പി പാർലമെന്ററി സെക്രട്ടറി ഫോർ മൾടി - കൾച്ചറൽ അഫയേഴ്സ് ആൻഡ് സെറ്റിൽമെന്റ് സർവ്വീസ്), അബ്ബാസ് റാസ ആൽവീ ഡിറെക്ടർ ഓഫ് ഭാരതീയ വിദ്യാഭവൻ ആസ്ട്രേലിയ. വിജയ് സിഗൽ സെക്രട്ടറി ഹിന്ദു കൗൺസിൽ ഓഫ് ആസ്ട്രേലിയ. കൗൺസിലർ ദിലിപ് ചൊപ്ര, കൗൺസിലർ പ്രഭീർ, മോൺസിഞ്ഞോർ ശ്രോറ മാറോനൈറ്റ് കാത്തലിക് ചർച്ച് പാരമട്ട എന്നിവർ മുഖ്യ അതിഥികൾ ആയിരുന്നു.

## സന്ദർശിച്ചു



യാക്കോബായ സഭയുടെ നിരണം ഭദ്രാസന മെത്രാപ്പോലിത്ത ഡോ. ഗീവർഗീസ് മോർ കൂറിലോസ്, വേൾഡ് ക്രിസ്ത്യൻ കൗൺസിൽ സെക്രട്ടറി Rev.Dr. Olav Fykse Tveit നോടൊപ്പം

# ലൗജിഹാദ്

## ഫാ. ബോബി തോമസ്, ഫാ. ജോർജ്ജ് വയലിപ്പറമ്പിൽ

ഇന്ത്യയിൽ പ്രത്യേകിച്ചു കേരളത്തിൽ ഇന്നു വളരെ അധികം ചർച്ച ചെയ്യപ്പെടുന്ന ലൗജിഹാദ് അഥവാ റോമിയോ ജിഹാദ് അനേകരെ ഞെട്ടിക്കുന്ന വാർത്തയാണ്. ഇസ്ലാം മതം പോലെ തന്നെ സ്നേഹത്തിന്റെ ഭാവം നടിച്ചു നടത്തുന്ന എല്ലാ മതപരിവർത്തനങ്ങളെയും പ്രവർത്തനങ്ങളെയും ഒരു തരത്തിൽ "ലൗജിഹാദ്" ആയി മാത്രമേ നമുക്കു കാണുവാൻ കഴിയുകയുളളു. എന്താണ് ഈ ജിഹാദികളുടെ ലക്ഷ്യം തങ്ങളുടെ കൂട്ടത്തിൽ ആളുകളെ കൂട്ടുക എന്നുളളതിൽ ഉപരിയായി മറ്റൊരു ലക്ഷ്യവും ഈ ജിഹാദികൾക്കില്ല.

ലൗജിഹാദിന്റെ മറവിൽ നടത്തുന്ന ലൈഗീകചൂഷണ കഥകളും ഏകന്തമായ അവസ്ഥയും ആത്മഹത്യയും എല്ലാം ആണ് ഇന്നു സമൂഹത്തെ ബാധിച്ചിരിക്കുന്ന ഈ തിന്മക്കെതിരെ പ്രതികരിക്കുവാൻ സമൂഹ്യ മത മാധ്യമ പ്രവർത്തകരെ പ്രേരിപ്പിക്കുന്ന ഘടകം. സ്നേഹത്തിന്റെ മറവിൽ നടത്തുന്ന ഏതൊരു മത പരിവർത്തനത്തെയും ലൗജിഹാദ് എന്ന് വിശേഷിപ്പിക്കാം.

### ലൗജിഹാദികൾ മറ്റു മതങ്ങളിലും

ഇസ്ലാം ലൗജിഹാദികളെ പോലെ സ്നേഹത്തിന്റെ മായം ചേർത്തു വ്യക്തികളെ ബന്ധുക്കളിൽ നിന്നും സ്വന്തക്കാരിൽ നിന്നും അകറ്റി മതപരിവർത്തനം നടത്തുകയും, എല്ലായിടത്തും ഉളള അവരുടെ ആശ്രയം വിട്ടു കഴിയുമ്പോൾ ലൈംഗീക ചൂഷണത്തിനു ഇരയാക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇന്നത്തെ "ബന്തകോസ്റ്റൽ" വിഭാഗങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതു.

The main teaching of the founder of protestant uniting church was as follws

Rev. Moon would engage in sex with the female members of his church under the pretense of "purifying"them of the original sin, Since original sin first came through woman - Eve (Bjornstad, James, The Moon Is Not the sun, Minneapolis, MN: Bethany House, 1976, p. 31)

Please go through the follwing link

http:// www.armenianchurchlibrary.com/ files / wolves among us frkrikorandyeghiahairabedian.pdf

### കുടുംബ ബന്ധങ്ങളെ തകർക്കുന്ന കളള ഇടയന്മാർ

സ്വർഗമായ കുടുംബത്തിൽ ശിരസായ പുരുഷനുമായി ഉടമ്പടി ചെയ്യപ്പെട്ട പല അന്യസഭകളിലേയും മതങ്ങളിലേയും സ്ത്രീകൾ തങ്ങളുടെ പഴയ അക്രൈസ്തവീകമായ പാരംമ്പര്യങ്ങളെ തുടരുന്നു. പല ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ ഇടയന്മാരും സ്ത്രീകളെ ഇപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുന്നു. ഭർത്താക്കന്മാരും ഭാര്യമാരും രണ്ടായി ആരാധിക്കുന്നു രണ്ടു ദൈവാലയങ്ങളിൽ ആരാധിക്കുന്നു. ഇതു വളർന്നു വരുന്ന കുഞ്ഞുങ്ങളിൽ യഥാർത്ഥമായ മതബോധവും സ്വത്വബോധവും നഷ്ടപ്പെടുത്തുന്നു. ഇത്തരം പൈശാചിക പ്രവർത്തനങ്ങൾ ചെയ്യിക്കുന്ന കളള ഇടയന്മാരുടെ സുഖിപ്പിക്കുന്ന പഞ്ചാരവാക്കുകൾ സമാധാനത്തിനല്ല മറിച്ചു അവരുടെ ഉദരത്തെ പ്രതിയാണു. സ്നേഹത്തിന്റെ രൂപത്തിൽ ക്രിസ്തീയ കുടംബത്തെയും വ്യക്തികളെയും നശിപ്പിക്കുന്ന ഇത്തരം പ്രവർത്തികളെ ഒരു തരത്തിൽ ഉളള ജിഹാദായി കണക്കാക്കേണ്ടിയിരിക്കുന്നു.

### ലൗജിഹാദിന്റെ ചില ഞട്ടിക്കുന്ന സംഭവങ്ങൾ

തൃശൂർ മാനന്തവാടി ഭദ്രാസനങ്ങളിലെ കാതലിക് യാക്കോബൈറ്റ് ബിഷപ്പുമാരെ ഞെട്ടിച്ച ഒരു സംഭവം പുറം ലോകം അറിയാതെ മറച്ചുവെക്കപെടുമ്പോൾ, ഒരു നിയമം സഭസൃഷ്ടിക്കുവാൻ സംഭവം ഇങ്ങനെ സ്നേഹബന്ധത്തിലൂടെ അടുത്ത 2 വിത്യസ്ത സഭാംഗങ്ങളായ പെൺകുട്ടിയും ആൺകുട്ടിയും മാതാപിതാക്കൾ പോലും അറിയാതെ റെജിസ്റ്റർ ഉടമ്പടി ചെയ്തു. 2 വർഷത്തോളം വിദേശത്തു പഠനത്തിനായി വന്നു രണ്ടു വർഷത്തിനു ശേഷം നാട്ടിൽ സന്ദർശത്തിനു എന്നു പറഞ്ഞു പോകുകയും, തുടർന്നു വിദേശ ജോലിക്കാരനായ മറ്റൊരു പയ്യനുമായി വിവാഹം നടത്തി. വിവരം അറിഞ്ഞ 2 പയ്യന്മാരും അവളെ ഉപേക്ഷിച്ചു. കുറ്റബോധത്താൽ വലയുന്ന പെൺകുട്ടിയോടു ഇതിൽ ഏതെങ്കിലും ഒരു പുരുഷനുമായി ഒന്നിച്ചു ജീവിക്കാൻ സഭാപരമായി ക്രമീകരണം ചെയ്യാം എന്നു പറയുമ്പോൾ അതിനു 3 മത് മറ്റൊരാളെ തിരഞ്ഞു കൊടുക്കുവാൻ പുരോഹിതനോടു പറയുന്നു. ഇവിടെ വിവാഹം നടത്തിയ പുരോഹിതനും സമാധാനം ആശംസിക്കാൻ ചെന്ന പുരോഹിതനും 2 ചെറുപ്പകാരും ത്രിശങ്കിവിൽ ഇതും ഒരു ലൗജിഹാദ്...................

### മറ്റൊരു ജിഹാദ് ഇങ്ങനെ

അച്ചൊ ലക്ഷങ്ങൾ മുടക്കി ഞാൻ പഠിപ്പിക്കാൻ വിട്ട ഇവൾ ഇപ്പോൾ "ബന്തകോസ്തി "പാസ്റ്ററിന്റെ പിറകെ നടക്കുന്നു... എന്നെ വളർത്തുകയും എന്നെ രക്ഷിക്കുകയും ചെയ്ത എന്റെ സഭയെ ഞാൻ ഉപേക്ഷിക്കില്ല അച്ചാ ഇനി പാസ്റ്ററിന്റെ പിറകെ പോയാൽ എനിക്കു ഇവളുമായി യാതൊരു ബന്ധവും ഉണ്ടാകില്ല അച്ചാ.....

ദിവസങ്ങൾക്കു ശേഷം!!!

അച്ചോ അച്ചൻ പറഞ്ഞ വാക്കുകൾ എല്ലാം ഞാൻ അവൾക്കു പറഞ്ഞു കൊടുത്തു ബന്തകോസ്ത് പാസ്റ്റർ പറഞ്ഞു അവൻ നിന്നെ ഇട്ടേച്ചു പോയാലും കുഴപ്പമില്ല ഞാൻ നിന്നെ നോക്കികൊളളാം... ഇപ്പോൾ അവൾക്കു പാസ്റ്ററിന്റെ തനി സ്വഭാവം ബോധ്യമായി അച്ചാ......

മറ്റൊരു ലൗജിഹാദിന്റെ ഇര വിലഭിക്കുന്നു

കേരളം വിട്ടു വെളിയിൽ പ്രത്യേകിച്ചു ഇന്ത്യക്കു വെളിയിൽ പഠിക്കുവാനും ജോലിക്കുമായി പോകുന്ന പെൺകുട്ടികളെയും സ്ത്രീകളെയും കുറിച്ചു മാതാപിതാക്കന്മാർ വളരെ കരുതലുളളവരായിരിക്കണം................

സഭാനേതൃത്വം കക്ഷിവ്യത്യസമെന്യേ ഈ കാര്യത്തിൽ വളരെ കർശനമായ നിലപാടുകൾ എടുക്കണം.......................

മാതാപിതാക്കളിൽ നിന്നു അകന്നു ജീവിക്കുന്നവർ സമീപത്തുളള ദൈവാലയത്തിൽ നിന്നുമുളള പുരോഹിതന്മാരുടെ കത്തുമായി വരണമെന്നുളള കാര്യത്തിൽ കർശനമായ നിലപാടെടുക്കണം. മാതാപിതാക്കന്മാർ മക്കളെ അന്ധമായി വിശ്വസിക്കാതെ അവർ പോകിന്നിടത്തു ഒരു ലോക്കൽ ഗാർഡിയനെ കണ്ടെത്തുകയും മക്കളുടെ ചലനങ്ങളെ നിരീക്ഷിക്കുകയും ചെയ്യണം

ദുഃഖകരം എന്നു പറയട്ടെ കേരളത്തിനു വെളിയിലുളള ശുശ്രൂഷയിൽ മനസിലാക്കാൻ കഴിഞ്ഞ സത്യം ആൺകുട്ടികളേക്കാൾ ഉപരിയായി പെൺകുട്ടികൾ ദൈവാലയത്തിൽ നിന്നും സഭാകൂട്ടായ്മയിൽ നിന്നും അകന്നു മറ്റുളള കൾട്ടിക് സാറ്റാനിക് യോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്തുവരുന്നു.......

ഇവിടെ എല്ലാം സ്നേഹവും സഹായ വാഗ്ദാനങ്ങളും അതിലൂടെയുളള ചൂഷണങ്ങളുമാണു നടക്കുന്നതു....

സഭയും ആത്മീയ പ്രസ്ഥാനങ്ങളും ഇത്തരം പ്രശ്നങ്ങളെ വളരെ ഗൗരവതരമായി കാണേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട സക്കറിയ തേറമ്പിൽ അച്ചനോടൊന്നിച്ചു കഴിഞ്ഞ 3 വർഷമായി വയനാട്ടിലും കോട്ടയത്തുമായി നടത്തിയ ക്ലാസ്സുകളുടെയും ധ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ ബോധ്യമായിട്ടുളള കാര്യമാണ് 13 വയസ് തികയുമ്പോൾ ആദ്യ കുമ്പസ്സാര ഒരുക്ക ക്ലാസ്സുകളും സഭയുടെ കൂദാശകളെ കുറിച്ചുളള ക്ലാസ്സുകളും ക്രമീകരിച്ചു 7 ദിവസത്തിൽ കുറയാതെ ഉളള ഒരു പരിശീലനം നൽകണം. കേരളത്തിനു വെളിയിൽ വിദ്യാഭ്യാസത്തിനു ജോലിക്കുമായി പോകുന്ന വ്യക്തികളെ കോട്ടയത്തും വയനാട്ടിലും മറ്റു വിവധ ഭദ്രാസനങ്ങളിലും ഉളളതായ ധ്യാന കേന്ദ്രങ്ങളിൽ നിർബന്ധമായും അയച്ചു സഭയുടെ സത്യവിശ്വാസം എന്താണെന്നുളള പൂർണ്ണ ബോധ്യം നൽകുന്നതു "ബെന്തകൊസ്തി" പോലുളളതായ ലൗജിഹാദികളിൽ നിന്നും രക്ഷിക്കാൻ സഹായിക്കും.

മെത്രാപ്പോലീത്തന്മാരുടെ എണ്ണം സഭയിൽ അനുദിനം വർദ്ധിച്ചു വരുന്നതു കൂടുതൽ നല്ലതാണ്. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങളെ യഥാർത്ഥ ക്രിസ്തീയ മാർഗ്ഗത്തിൽ പരിശീലിപ്പിക്കാൻ ഉതകുന്ന വിധത്തിലുളള പരിശീലന പദ്ധതിക്കു സഭ പ്രാധാന്യം കൊടുക്കണം. ഫാമിലി അപോസ്റ്റൊലേറ്റ് സഭാ മിനിസ്ട്രിൽ വളരെ പ്രാധാനപ്പെട്ട കാര്യമാണ്. അതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സഭക്കു കഴിയണം. വിശുദ്ധരായ പിതാക്കന്മാരും സമർദ്ധരായ വൈദികരും പ്രശസ്തരായ അൽമായരും ഉളളതായ പരിശുദ്ധസഭ. അഭിവന്ദ്യ പിതാവായ മോർ ദിയസ്കോറോസ് തിരുമേനി പറയാറുളളതുപോലെ ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്തു മുൻപോട്ടു പോകേണ്ടിയിരിക്കുന്നു. ശ്രേഷ്ഠ ബാവ തിരുമനസിന്റെ പ്രർത്ഥനയോടും ദീർഘവീക്ഷണത്തോടും കൂടിയുളള ആത്മീയ നേതൃത്വം ഈ ലക്ഷ്യം എളുപ്പം സ്വയത്വമാക്കുവാൻ സഹായകരമാകും എന്നതിൽ സംശയമില്ല.

## അനുഗ്രഹീത നിമിഷം......



നെച്ചൂർ യാക്കോബായ സുറിയാനി പളളി ഹൈക്കോടതി വിധിയെ തുടർന്ന് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മോർ ഈവാനിയോസ് വി. കുർബ്ബാന അർപ്പിക്കുന്നു

Vol. 4 Issue - 4
2009 October 15

Published on behalf of Jacobite Syrian Literature Society, Valiyapally Kothamangalam.

Annual Subscription Rs. 130/- Registration for posting under Registration, Reg. No. 27457/75 Reg. No. KL/ALY/0052/2007-09 Rs. 11/-

# തൂത്തൂട്ടി മോർ ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി ചാപ്പലിൽ ചാത്തുരുത്തി മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും പിൽഗ്രിം സെന്ററിന്റെ കൂദാശയും

## 2009 നവംബർ 7,8 തീയതികളിൽ



കാൽ നൂറ്റാണ്ടോളം മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭാ നഭോമണ്ഡലത്തിൽ പ്രശോഭിച്ചിരുന്ന സുവർണ്ണ നക്ഷത്രമായിരുന്ന ഡോ. ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ ക്രാന്ത ദർശിത്വത്തിന്റെ ഫലമാണ് തുത്തൂട്ടി മോർ ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി ചാപ്പൽ. സഭയിലെ ഭിന്നതയുടെ കാലത്ത് അന്ത്യോഖ്യാ സിംഹാസന ഭക്തരായ ആളുകൾക്ക് നേതൃത്വം കൊടുത്തു കൊണ്ടിരുന്ന അഭിവന്ദ്യ പെരുമ്പിള്ളി തിരുമേനിയുടെ ചിന്തകളും പ്രവർത്തനശൈലികളും മനസ്സിലാക്കിയ അമയന്നൂർ വലിയ വീട്ടിൽ കുര്യച്ചൻ അവർകൾ തന്റെ സ്വത്തുക്കൾ സർവ്വസ്വവും പിതാവിന് ദാനം ചെയ്തു. അമയന്നൂർ തിരുവഞ്ചൂർ കരകളിൽ താമസിക്കുന്ന വിശ്വാസികൾക്ക് പ. പരുമല തിരുമേനിയോടുള്ള ഭക്ത്യാദരവുകൾ പരിഗണിച്ച് പെരുമ്പള്ളി തിരുമേനി, തനിക്ക് ദാനമായി ലഭിച്ച ഒന്നര ഏക്കർ സ്ഥലത്ത് പ. പരുമലതിരുമേനിയുടെ നാമത്തിൽ ഒരു ദൈവാലയം പണിയുന്നതിനുള്ള അനുവാദ കല്പന നൽകി.

1976 -ൽ, പ്രസ്തുത പ്രദേശത്തിലുള്ള വിശ്വാസികളുടെ പരിശ്രമവും പ്രാർത്ഥനയും മൂലം താത്കാലികമായി ഒരു ഷെഡ് പണിതുയർത്തപ്പെടുകയും തിരുമേനിയാൽ കൂദാശ നിർവ്വഹിക്കപ്പെട്ട് പ്രഥമ വി. ബലി അർപ്പിക്കപ്പെടുകയും ചെയ്തു. പിന്നീട്, 1987 -ൽ പ്രസ്തുത ഷെഡ് മാറ്റി ഇന്നു കാണുന്ന ദൈവാലയം നിർമ്മിക്കപ്പെടുകയും ആയതിന്റെ കൂദാശകർമ്മം പെരുമ്പിള്ളി തിരുമേനിയാൽ നിർവ്വഹിക്കപ്പെടുകയും പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് ദൈവാലയത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. പിന്നീട് വിശ്വാസികൾക്ക് തിരുശേഷിപ്പ് ദർശിച്ച് പ്രാർത്ഥിക്കുന്നതിനായി 2003 -ൽ മർക്കോസ് മോർ കൂറിലോസ് മെത്രാപ്പൊലിത്താ പള്ളിയുടെ പടിഞ്ഞാറ് വശത്തുള്ള കുരിശിൻ തൊട്ടിയിലേക്ക് ആയത് മാറ്റി സ്ഥാപിക്കുകയും അനേകർക്ക് ആശ്വാസവും അഭയകേന്ദ്രവുമായി പ്രസ്തുത തിരുശേഷിപ്പ് നിലകൊള്ളുകയും ചെയ്യുന്നു.

അമയന്നൂർ വായിത്രയിൽ പരേതനായ വി.ടി ഐപ്പ് ദാനമായി നൽകിയ സ്ഥലത്ത് പ.ഏലിയാസ് തൃതിയൻ ബാവയുടെ നാമത്തിലും പറമ്പുകര മരവത്ത് ജോസഫ് ഏബ്രഹാം ദാനമായി നൽകിയ സ്ഥലത്ത് വി. ദൈവമാതാവിന്റെ നാമത്തിലും ദൈവാലയത്തിന്റെ കിഴക്കുഭാഗത്തായി പ. പരുമല തിരുമേനിയുടെ നാമത്തിലും സ്ഥിതി ചെയ്യുന്ന കുരിശിൻ തൊട്ടികൾ വിശ്വാസികൾക്ക് ആശ്വാസകേന്ദ്രമായിരിക്കുന്നു.

ജീവിത മരുഭൂമിയിൽ ഉഴലുന്ന അനേകർക്ക് ആശ്വാസമരുളുന്ന ഒരു നീരൊഴുക്കായി ഈ സ്ഥലം പരിണമിക്കപ്പെടണമെന്ന് സ്ഥലം ദാനം നൽകിയ വ്യക്തിയും ദാനം സ്ഥീകരിച്ച പെരുമ്പിള്ളി തിരുമേനിയും ഒരു പോലെ ആഗ്രഹിച്ചിരുന്നു പെരുമ്പിള്ളി തിരുമേനിയുടെ പിൻഗാമിയായി വന്ന തോമസ് മോർ തിമോത്തിയോസ് മെത്രാപ്പൊലിത്ത തിരുമേനിയിലൂടെ ഈ സ്വപ്നം ഇന്ന് സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു.

ഈ ചാപ്പലിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് എന്നും താങ്ങും തണലുമായി മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ നില കൊള്ളുന്നു.

ഈ ചാപ്പലിന്റെ പ്രാരംഭഘട്ടത്തിൽ ആത്മീയ ശുശ്രൂഷകൾക്ക് ശക്തമായ നേതൃത്വം നൽകി ഇതിനെ വളർത്തിയ ദിവംഗതനായ മാത്യൂസ് കശ്ശീശ വടക്കേപ്പറമ്പിൽ ഈ ദേശത്ത് വിശ്വാസികളുടെ ഹൃദയങ്ങളിൽ എന്നും നിറഞ്ഞുനിൽക്കുന്നു. ചാപ്പലിന്റെ പ്രാരംഭകാലം മുതൽ ഇവിടെ ശുശ്രൂഷ ചെയ്ത് ആത്മീയമായി നേതൃത്വം നൽകി, ഇതിലൂടെ വളർന്ന് വന്ന വൈദിക ശ്രേഷ്ഠരാണ് ബഹു. ചെറിയാൻ കോട്ടയിൽ അച്ചനും ബഹു റോയി ചാക്കോ ഒറ്റപ്ലാക്കൽ അച്ചനും.

സഭയുടേയും സമൂഹത്തിന്റെയും ഈ പ്രദേശത്തുള്ള വിശ്വാസികളുടേയും ആത്മീയ ഉന്നതി ലക്ഷ്യമാക്കി കൊണ്ട് കോട്ടയം ഭദ്രാസന മെത്രാപ്പൊലിത്ത ഈ ചാപ്പലിനെ ഒരു റീജനൽ സെന്ററായി പ്രഖ്യാപിച്ചു. പിന്നീടുള്ള നാളുകളിൽ ഈ സെന്ററിന്റെ ത്വരിതഗതിയിലുള്ള പുരോഗതിക്ക് ദൈവം കൃപ നൽകി.

### മോർ ഗ്രിഗോറിയൻ ധ്യാന കേന്ദ്രം

സഭയുടെ സുവിശേഷീകരണവും, വിശ്വാസികളുടെ ആത്മീയ വളർച്ചയും മുന്നിൽ കണ്ട് ആരംഭിച്ച ധ്യാനകേന്ദ്രം, നൂറോളം പേർക്ക് താമസിച്ച് ധ്യാനത്തിൽ പങ്കെടുക്കുവാൻ തക്കവണ്ണം ഇന്ന് വികസിച്ചു. എല്ലാ ഞായറാഴ്ചയും നടക്കുന്ന ഏകദിന ധ്യാനവും എല്ലാ മാസവും നടക്കുന്ന താമസിച്ചുള്ള ധ്യാനവും അനേകരുടെ ജീവിതത്തിന് വഴിത്തിരിവായി. മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ദു:ശ്ശീലങ്ങളിൽ നിന്ന് മോചനം പ്രാപിച്ച അനേകർ ഈ ശുശ്രൂഷയോട് ചേർന്നു പ്രവർത്തിക്കുന്നു. താമസിച്ചുള്ള ധ്യാനങ്ങൾ ദൈവപരിപാലനയിൽ ആശ്രയിച്ച് സൗജന്യമായിട്ടാണ് നടത്തുന്നത്

### മോർ ഗ്രിഗോറിയോൻ ഷെയറിംഗ് മിനിസ്ട്രി

പരസഹായമില്ലാതെ തങ്ങളുടെ ജീവിത പന്ഥാവിൽ മുന്നോട്ടു പോകുവാൻ കെല്പില്ലാതെ തളർന്നു പോകുന്നവരെ ആവുന്നത്ര കണ്ടെത്തി അവർക്കാവശ്യമായ കൈതാങ്ങേകുക, എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മോർ ഗിഗോറിയൻ ഷെയറിംഗ് മിനിസ്ട്രി 100-ൽ അധികം നിർധന കുടുംബങ്ങൾക്ക് എല്ലാ ആഴ്ചയിലും അന്നദാനം ചെയ്തു വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഭവനരഹിതർക്ക് സഹായം, രോഗികൾക്ക് ചികിത്സാസഹായം, ദുരിതബാധിതർക്ക് സഹായം, വിവാഹസഹായം എന്നിവ എത്തിച്ചുകൊടുക്കുന്നതിൽ ശ്രദ്ധപതിപ്പിക്കുന്നു. റജിസ്റ്റേർഡ് സൊസൈറ്റിയായി പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനത്തിൽ 238 അംഗങ്ങളുണ്ട്. ആദായനികുതി വകുപ്പിൽ നിന്നും 80G റെജിസ്ട്രേഷൻ 2008 -ൽ ഈ മിനിസ്ട്രിക്ക് ലഭിച്ചു.

### മോർ ഗ്രിഗോറിയൻ കൗൺസിലിംഗ് സെന്റർ

ജീവിതഭാരത്താൽ കഷ്ടപ്പെടുന്നവരും ആദ്ധ്യാത്മീകജീവിതത്തിൽ തളർന്നു പോയവരുമായ ദൈവമക്കളെ സാന്ത്വനം നൽകി സമാധാന ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുവാൻ ഈ ശുശ്രൂഷവഴി സാധിക്കുന്നു. ബഹുമാനപ്പെട്ട വൈദികരുടെ മേൽനോട്ടത്തിൽ ഈ ശുശ്രൂഷ നടത്തിവരുന്നു.

### മോർ ഗ്രിഗോറിയൻ പെയ്ൻ ആൻഡ് പാലിയേറ്റീവ് മിനിസ്ട്രി

വൈദ്യശാസ്ത്രത്തിന് കാര്യമായി ഒന്നും ചെയ്യാനില്ലാതെ, മരണകിടക്കയിൽ നിരാശരായി കഴിയുന്ന രോഗികൾക്ക് സാന്ത്വനമേകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോൽസാഹനത്തിലും, ഈ ശുശ്രൂഷ നിറവേറ്റപ്പെടുന്നു. ഏകദേശം 50 രോഗികൾ കഴിഞ്ഞ കാലയളവിൽ സാന്ത്വനപരിചരണം ലഭിച്ച് മരണമടഞ്ഞിട്ടുണ്ട് 150 രോഗികളെ ഭവനങ്ങളിൽ എത്തി ആശ്വസിപ്പിക്കുന്നു 60 വോളന്റിയർമാരുടെ പിൻബലത്തോടെ ഈ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ സ്പന്ദനമാകുന്നു.

### മോർ ഗ്രിഗോറിയൻ ആംബുലൻസ് സർവ്വീസ്

നിർധനരായ രോഗികൾക്കുവേണ്ടി സൗജന്യസേവനം ചെയ്യുന്ന ഈ സർവ്വീസ് സാമൂഹ്യസ്നേഹികളായ അനേകം പേരുടെ സഹകരണത്തോടെ നടത്തിവരുന്നു.

### മോർ ഗ്രിഗോറിയൻ പാലിയേറ്റീവ് ക്ലിനിക്

എല്ലാ ബുധൻ, ശനി ദിവസങ്ങളിലും നിർധരായ കിടപ്പുരോഗികൾക്ക് സൗജന്യ ചികിത്സ നൽകുവാൻ തക്കവണ്ണം ക്രമീകരിച്ചിരിക്കുന്നു.

### മോർ ഗ്രിഗോറിയൻ ഹോംസ്

സ്വന്തം നാടിന് നൽകുവാൻ കഴിയാതെ പോയ സൗഭാഗ്യങ്ങൾ തേടി വിദേശരാജ്യങ്ങളിൽ വാസമുറപ്പിക്കേണ്ടി വരുന്ന നമ്മുടെ സഭാമക്കൾക്ക് അവരുടെ പ്രിയപ്പെട്ട വൃദ്ധമാതാപിതാക്കളുടെ സംരക്ഷണവും പരിപാലനവും ഏറെ ബുദ്ധിമുട്ടേറിയതാണല്ലോ. സുരക്ഷിതമല്ലാത്ത അന്തരീക്ഷത്തിൽ ഏകാന്തയിൽ കഴിയുന്ന മാതാപിതാക്കൾക്ക് ആത്മീയ അന്തരീക്ഷത്തിൽ വാസമൊരുക്കുക എന്ന ലക്ഷ്യത്തോടെ മോർ ഗ്രിഗോറിയൻ ഹോംസ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ബഹു: ഫാ. സഖറിയ തേറാമ്പിൽ, ബഹു: ഫാ.യൂഹാനോൻ വേലിക്കകത്ത്, ബഹു: ഫാ.തോമസ് കറുകപ്പടിയിൽ, ബഹു: ഫാ. കുര്യൻ പുതിയ പുരയിടത്തിൽ, ബഹു: ഫാ. ബിനോയ് കുന്നത്ത്, ബഹു: ഫാ.ജോഷി വെട്ടിക്കാട്ടിൽ, ബഹു: ഫാ. ജോർജ്ജ് കരിപ്പാൽ പുത്തൻപുരയിൽ എന്നീ വൈദിക ശ്രേഷ്ഠർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

വി. പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവയോടും ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയോടും പ. എപ്പിസ്കോപ്പൽ സുന്നഹദോസിനോടും ഇടവക മെത്രാപ്പൊലിത്ത തോമസ് മോർ തീമോത്തിയോസ് തിരുമേനിയോടുള്ള ഭക്ത്യാദരവും വിധേയത്വവും നിലനിർത്തികൊണ്ട് എക്കാലവും ഈ ചാപ്പൽ സ്ഥിതി ചെയ്യുന്നു.

പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥയിൽ അഭയപ്പെട്ടു കൊണ്ട് ഈ ദൈവാലയത്തിൽ വന്ന് കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന നാനാജാതി മതസ്ഥരായ വിശ്വാസികൾക്ക് അനേക അത്ഭുതങ്ങളും അനുഗ്രഹങ്ങളും ലഭിച്ച് മടങ്ങുന്നത് ഒരു നിത്യ കാഴ്ചയാണ്.

## പ്രോഗ്രാം

| | |
|---|---|
| 01.11.2009 ഞായർ | |
| 7.30 am | പ്രഭാത പ്രാർത്ഥന |
| 8.30 am | വി.കുർബ്ബാന |
| 10.30 am | കൊടിയേറ്റ് |
| 07.11.2009 ശനി | |
| 7.30 am | വി.മൂന്നിന്മേൽ കുർബ്ബാന |
| 5.00 pm | പിൽഗ്രിം സെന്ററിന്റെ കൂദാശ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സു കൊണ്ട് |
| 6.00 pm | സന്ധ്യാപ്രാർത്ഥന |
| 7.00 pm | ചാപ്പത്ത് കുരിശിൻ തൊട്ടിയിലേയ്ക്ക് റാസ |
| 08.11.2009 ഞായർ | |
| 7.30 am | പ്രഭാത പ്രാർത്ഥന |
| 8.30 am | വി. മൂന്നിന്മേൽ കുർബ്ബാന നിരണം ഭദ്രാസനാധിപൻ ഗീവർഗ്ഗീസ് മോർ കൂറിലോസ് തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ |
| 10.30 am | പറമ്പുകര കുരിശിൻതൊട്ടിയിലേയ്ക്ക് റാസ |
| 12.30 pm | ആശീർവ്വാദം നേർച്ച വിളമ്പ് |







സന്ദർശിക്കുന്ന സ്ഥലങ്ങൾ

ദമാസ്ക്കസ്, ഹോമസ്, ജോർദ്ദാനിലം നെബോ പർവ്വതം, കാനായിലെ കല്യാണവീട്, നസ്രത്ത്, മംഗളവാർത്ത ബസേലിക്ക, കഫർണാ ഹോം, ജോർദ്ദാൻ നദി, ഗലീലി ബോട്ട്യാത്ര, എൻകരീം, ഒലിവുമല, കാൽവരി, യേശുവിന്റെ കല്ലറ, ഗദ്സമൻ തോട്ടം, സെഹിയോൻ ഊട്ടുശാല, ഈജിപ്റ്റിലെ -പിരിമിഡ്, സൂയസ് കനാൽ, നൈൽ നദി തുടങ്ങിയ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു.

A Tour Cost
Rs 60000 + 270 USD

കൂടുതൽ വിവരങ്ങൾക്ക്:
ഫാ. സഖറിയ തേറമ്പിൽ,
ഡയറക്ടർ മോർ ഗ്രീഗോറിയോസ് ധ്യാനകേന്ദ്രം,
തൂത്തൂട്ടി, തിരുവഞ്ചൂർ, കോട്ടയം
Mob: 9446743942
0481-2545050, 2546494

ROYAL OMANIA
Royal Omania Tours & Travels Pvt. Ltd
Pala Towers, Ravipuram, M. G. Road, Cochin, Kerala, India, Pin- 682016
Tel: +91-484- 30777077 (12Lines), 2361136
Mob: 9447020055, Fax: +91-484-3077088
Email: omaniatours@sify.com, www.comaniatours.com,www.holytours.org


Publisher, Chief Editor : Chev. Bibby Abraham, Kadavumbhagom, Pulickalkavala P.O.,Vazhoor 686515, Kottayam, Kerala Ph: 0481- 2458198 (O), 9446921775, Printer: Chev. P. V. John Punnamattom, Circulation Manager: T. V. Mathai Thuruthumel, Pukkattupady, Edathala P.O., via Aluva, Eranakulam. Ph: 0484-2680267, 2685049, Mob: 9446611393 Printed at St. Francis Sales Press, College Road, Kottayam. E-mail: abrahambibby@yahoo.com, bibbyeditorvs@gmail.com